# ഉമ്പുക്കാട്ടു കുടുംബചരിത്രം


രചയിതാക്കൾ

കടപ്ലാമറ്റം

ശ്രീ. ജോസഫ് കെ. കുളിരാനി

ശ്രീ. തോമസ് ജെ. വെടിക്കുന്നേൽ

ഉമ്പുക്കാട്ടു  കുടുംബചരിത്രം
ശ്രീ. ജോസഫ് കെ. കുളിരാനി ശ്രീ. തോമസ് ജെ. വെടിക്കുന്നേൽ

Printed and Published by:
Mr. K.K. Joseph Kulirani
Mr. K.K. Joseph Kulirani Kadaplamattom P.O.
Kottayam Dt. Pin  686 571
Tele: 0482251325
Price: Rs. 50.00
Copy right:

രചയിതാക്കൾ
ശ്രീ. തോമസ് ജെ. വെടിക്കുന്നേൽ
ശ്രീ. ജോസഫ് കെ. കുളിരാനി

**ഉള്ളടക്കം**


| | |
|---|---|
| പ്രസ്താവന | ഗ്രന്ഥകർത്താവ് കെ.കെ. ജോസഫ് |
| ഒരു കൈവഴിയുടെ ചരിത്രം മുഖവുര | |
| | റവ. ഫാ. ജോൺ ബോസ്ക്കോ തോട്ടകര C.M.I |
| 1-ാം അദ്ധ്യായം | പൂർവ്വപിതാക്കന്മാരുടെ |
| 2-ാംഅദ്ധ്യായം | ഉമ്പുക്കാട്ടു കുടുംബം പ്രാരംഭ ചരിത്രം |
| 3-ാംഅദ്ധ്യായം | ഒന്നാം ശാഖ- കളത്തനാനിക്കൽ കുടുംബം |
| 4-ാംഅദ്ധ്യായം | രണ്ടാം ശാഖ- തെക്കേനെല്ലിക്കുന്നു കുടുംബം |
| 5-ാംഅദ്ധ്യായം | മൂന്നാം ശാഖ- വടക്കേനെല്ലിക്കുന്നു കുടുംബം |
| 6-ാംഅദ്ധ്യായം | നാലാം ശാഖ- കിഴക്കേനെല്ലിക്കുന്നു കുടുംബം |
| 7-ാംഅദ്ധ്യായം | അഞ്ചാം ശാഖ- വെടിക്കുന്നു കുടുംബം |
| 8-ാംഅദ്ധ്യായം | ആറാം ശാഖ- ഉമ്പുക്കാട്ടു തറവാട്ട് കുടുംബം |
| 9-ാംഅദ്ധ്യായം | ഉമ്പുക്കാട്ടു കുടുംബയോഗം<br>ചില സവിശേഷതകൾ |
| 10-ാം അദ്ധ്യായം | ഉമ്പുക്കാട്ടു കുടുംബയോഗം<br>1936-ൽ എഴുതിയ നിയമാവലി |
| 11-ാം അദ്ധ്യായം | 1984-ൽ പുനരെടുത്ത ഉമ്പുക്കാട്ടു<br>കുടുംബയോഗം നിയമാവലി |
| 12-ാം അദ്ധ്യായം | എഴുത്തുകളും ചാർട്ടുകളും |

## പ്രസ്താവന

മാനവരാശിയുടെ ആദിമചരിത്രമാണല്ലോ ക്രിസ്തീയ വിശുദ്ധ ഗ്രന്ഥമായ ബൈബിൾ പഴയനിയമത്തിൽ കാണുന്നത്. അതു കുടുംബ ങ്ങളുടെയും ഗോത്രങ്ങളുടെയും ചരിത്രമല്ലാതെ മറ്റൊന്നുമല്ല. ഈ പശ്ചാ ത്തലത്തിൽ വീക്ഷിക്കുമ്പോൾ കുടുംബചരിത്രങ്ങളുടെ പ്രസക്തി വ്യക്തമാകുന്നു. അങ്ങനെയെങ്കിൽ ജന്മം നൽകിയ കുടുംബത്തിന്റെ ചരിത്രം എഴുതിവയ്ക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന തോന്നലാണ് ഈ ചരിത്രഗ്രന്ഥമെഴുതാൻ എന്നെ പ്രേരിപ്പിച്ചത്. ഇതിൽ എന്നെ എല്ലാ കുടുംബാംഗങ്ങളും കാര്യമായി സഹായിച്ചിട്ടുണ്ട്. എന്നാൽ, അതി ശ്രീ. ജെ. തോമസ് വെടിക്കുന്നേലിന്റെയും ഫാ. ജോൺ പീറ്റർ കുളിരാനിയുടെയും പേരുകൾ പ്രത്യേകം പ്രസ്താവ്യമാണ്.

ഏതാണ്ട് രണ്ടുമൂന്നു നൂറ്റാണ്ടായി യാതൊരു സമ്പർക്കവുമില്ലാ യിരുന്ന ശ്രീമാൻ ഉമ്പുക്കാട്ടു ഈപ്പൻ കാരണവരുടെ മൂലകുടുംബമാണ് മീനച്ചിൽ താലൂക്കിൽ പൂഞ്ഞാർകരയിലുള്ള തോട്ടക്കര കുടുംബാംഗ ങ്ങളുമായി സമ്പർക്കം പുലർത്താനുംപൂർവ്വപിതാക്കന്മാരുടെ ചരിത്രവും ഇതിൽ ആമുഖമായിത്തന്നെ ചേർക്കാനും, അതിലെ ഒരു പ്രശസ്തവ്യക്തിയായ ഫാ. ജോൺ ബോസ്കോ C.M.I. തോട്ടക്കര യെക്കൊണ്ട് ഇതിന് മുഖവുര എഴുതിക്കാനും ഇടയായതു കാരണ വന്മാരുടെ പുണ്യപരിപാകംകൊണ്ട് എന്നേ പറയേണ്ടതുള്ളൂ.

തോട്ടക്കര തറവാട്ടിൽനിന്ന് ശ്രീമാൻ ഔസേപ്പ് മേവടകരയിൽ മണ്ണൂർ കുടുംബത്തിൽ ദത്തുപോയകാലം മുതൽക്കുള്ള ചരിത്രമാണ് ഇതിലെ മുഖ്യ പ്രതിപാദ്യവിഷയം.

തോട്ടക്കര കുടുംബത്തിലെ മറ്റൊരു ശാഖയായ തെള്ളിക്കുടുംബത്തിലെ ആളുകൾ നമ്മുടെ കാരണവന്മാരുമായി സമ്പർക്കം പുലർത്തിയിരുന്നു. കുടുംബചരിത്രമന്വേഷിച്ച നമ്മുടെ കാരണവന്മാർ പ്രസിദ്ധ വക്കീൽ റ്റി.ജെ. മാത്യു തെള്ളിയെ സന്ദർശിച്ചു ചർച്ച നടത്തിയിട്ടുണ്ട്.

ഒരു ചരിത്രഗ്രന്ഥകാരനു വളരെയേറെ വൈഷമ്യങ്ങൾ ഉണ്ടല്ലോ വസ്തുതകൾ സത്യസന്ധമായും കൃത്യമായും അവതരിപ്പിക്കേണ്ടിയി ക്കുന്നു. ഭാവനയ്ക്കു വലിയ സ്ഥാനമൊന്നുമില്ലാത്തതിനാൽ ചരിത്രം വിരസമായിത്തോന്നാം. എന്നാൽ, ചരിത്രപഠിതാക്കൾക്കും സത്യാന്വേ ഷികൾക്കും ഇതു രസകരമായിരിക്കും. കുടുംബാംഗങ്ങളുടെ

സാമ്പത്തിക സിദ്ധികളിലേക്ക് ഞാൻ പ്രവേശിച്ചിട്ടില്ലെങ്കിലും അവരുടെ കലാ-സാംസ്കാരിക, വിദ്യാഭ്യാസ സിദ്ധികളിലേക്കു വെളിച്ചം വീശിയിട്ടുണ്ട്.

കിട്ടാൻ സാധിച്ചിടത്തോളം ജനനമരണത്തീയതികൾ ചേർക്കാനും ശ്രമിച്ചിട്ടുണ്ട്. പെൺകുട്ടികളെ ഇന്ന കുടുംബങ്ങളിൽ ഇന്നാരെക്കൊണ്ടു വിവാഹം കഴിപ്പിച്ചയച്ചു എന്നല്ലാതെ അവരുടെ മക്കളുടെ ചരിത്രമൊന്നും ചേർത്തിട്ടില്ല.

ഈ കാലഘട്ടത്തിലെ ഈ പ്രദേശത്തുള്ള മറ്റു കുടുംബക്കാരെയും പുതുക്കിപ്പണിത ഇടവകപ്പള്ളിയായ സെന്റ് മേരീസ് ചർച്ച് കടപ്ലാമറ്റത്തെയും ഈ കാലഘട്ടത്തിൽ പണിതീർത്ത കടപ്ലാമറ്റം ആശുപത്രി, സെന്റ് ആന്റണീസ് ഇംഗ്ലീഷ് ഹൈസ്കൂൾ, നിലവിൽവന്ന കടപ്ലാമറ്റം പഞ്ചായത്ത് എന്നിവയുടെ ചരിത്രത്തിലേക്ക് എത്തി നോക്കിയിട്ടുണ്ട്.

'ആത്മസഞ്ജീവിനി' എന്ന പേരിൽ ഉമ്പുക്കാട്ടു കുടുംബക്കാർ 1921 മുതൽ നടത്തിപ്പോന്ന കുടുംബയോഗത്തിന്റെ 1936-ലെ പരിഷ്കരിച്ചെഴുതിയ നിയമാവലിയുടെയും 20 കൊല്ലക്കാലത്തെ ഇടവേളയ്ക്കുശേഷം 1984 മേയിൽ പുനരെടുത്ത കുടുംബയോഗത്തിന്റെയും നിയമാവലിയുടെയും പകർപ്പുകൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ, എളുപ്പത്തിൽ കുടുംബബന്ധം മനസ്സിലാക്കാൻ ഉതകുന്ന ചില ചാർട്ടുകളും ചേർത്തിരിക്കുന്നു.

എന്നാൽ, എല്ലാത്തരത്തിലും കുറ്റമറ്റ ഒരു ചരിത്രമാണിത് എന്നു പറഞ്ഞുകൂടാ. ഉമ്പുക്കാട്ട് കുടുംബത്തിൽപ്പെട്ട അനേകം വീട്ടുകാർ കുടിയേറ്റംമൂലം മലബാറിന്റെ വിവിധ ഭാഗങ്ങളിൽ താമസമാക്കിയവരാണ്. തിരുവിതാംകൂർ ഭാഗത്തു താമസക്കാരനായ എനിക്ക് അവരുടെ വിവരങ്ങൾ ശേഖരിക്കാൻ ഏറെ ബുദ്ധിമുട്ടുകൾ ഉണ്ടായി. 1980 മുതൽ ഏതാണ്ട് മൂന്നുനാലു കൊല്ലത്തെ നിരന്തരപരിശ്രമം ഇതിനു വേണ്ടിവന്നു. ഈ സാഹചര്യത്തിൽ ഇതിൽ വന്നുപോയിട്ടുള്ള പോരായ്മകൾ സഹോദരങ്ങൾ സ്നേഹബുദ്ധ്യാ ക്ഷമിക്കുമെന്നുള്ള ശുഭപ്രതീക്ഷയോടും ഈ കുടുംബചരിത്രം ഉമ്പുക്കാട്ടു കുടുംബക്കാരുടെ ആത്മാഭിമാനത്തിനും കൂട്ടായ്മയ്ക്കും പുരോഗതിക്കും നിദാനമായി ഭവിക്കട്ടെ എന്ന പ്രാർത്ഥനയോടും ഇതിനു സഹകരിച്ച എല്ലാവരോടും നന്ദി രേഖപ്പെടുത്തിക്കൊണ്ടും ഈ പ്രസ്താവന ഉപസംഹരിക്കുന്നു.

1984 നുശേഷമുള്ള കുടുംബചരിത്രം പിൻതലമുറക്കാർ എഴുതിച്ചേർക്കുമെന്നു പ്രത്യാശിക്കുന്നു.

ജോസഫ് കെ. കുളിരാനി

കടപ്ലാമറ്റം
5-5-1998

## മുഖവുര

### ഒരു കൈവഴിയുടെ ചരിത്രം

വളർന്നു പന്തലിച്ചു നിൽക്കുന്ന വടവൃക്ഷം, തണൽ, ദൃശ്യഭംഗി, സന്തുലിതാവസ്ഥ എന്നിവയ്ക്കെല്ലാം നിദാനമായിരിക്കുന്നു. തലമുറ തലമുറകളായി ശ്രദ്ധിക്കപ്പെടുന്ന ഒരാത്മകഥാകഥനംപോലാണിത്. ശാഖകളും ഉപശാഖകളും ചെറുശാഖകളുമായി വികസിച്ചു കഴിഞ്ഞിരിക്കുന്ന ഉമ്പുക്കാട്ട് കുടുംബത്തിന്റെ ചരിത്രവും ചിത്രവും പൂർത്തിയാവുന്നത്, അതിന്റെതന്നെ മൂലകുടുംബമായ തോട്ടക്കരച്ചരിത്രം വിരചിതമാവുമ്പോഴത്രേ.

മേവിട മണ്ണൂർ കുടുംബത്തിലെ ഈപ്പൻകാരണവർ, മാറിടം കരയിൽ സ്ഥലംവാങ്ങി വീടുവച്ചതോടെ കഥ ആരംഭിക്കുന്നു. (1) ഉമ്പുക്കാട് തറവാടും അവിടെ നിന്നു പിരിഞ്ഞ (2) കളത്തിനാനിയും 3,4,5 നെല്ലിക്കുന്നു ചേരിക്കലിന്റെ മൂന്നുഭാഗത്തായി ഉയർന്നുവന്നവയും (6) വെടിക്കുന്നേൽ രൂപപ്പെട്ടതുമായി ആകെ ആറു ശാഖാകുടുംബങ്ങൾ, കാലാകാലങ്ങളിലായി വികസിച്ചവയാണ് ഇന്ന് കടപ്ലാമറ്റം, മരങ്ങാട്ടുപിള്ളി, വയലാ, പൊൻകുന്നം, മണ്ണക്കനാട്, കട്ടപ്പന, ഉടുമ്പൻചോല ഉത്തരമലബാർ പ്രദേശങ്ങളിലധിവസിക്കുന്നവ. എല്ലാ വീട്ടുകാരും കുടുംബയോഗ നടത്തിപ്പിൽ ഔത്സുക്യം കാട്ടുന്നത് അങ്ങേയറ്റം സന്തോഷകരമത്രേ.

ഈപ്പന്റെ പിതാവ് ഔസേപ്പ് എന്ന പൂർവ്വജൻ പൂഞ്ഞാർ തോട്ടക്കര കുടുംബാംഗമായിരുന്നുവെന്ന പാരമ്പര്യം നിലനിന്നുപോരുന്നു. അദ്ദേഹത്തിന്റെ കാലശേഷം മൂത്തപുത്രൻ ഈപ്പൻ ബന്ധുസ്വാധീനത്തിൽ മാറിടത്തേക്കു മാറിത്താമസിച്ച് കർഷകപ്രമുഖനായതും ഏക സഹോദരൻ തര്യത് വൈദികനായി ഭരണപാടവം തെളിയിച്ചു സുസമ്മതനായിത്തീർന്നതും കടപ്ലാമറ്റം പള്ളിയെ ജീർണ്ണാവസ്ഥയിൽനിന്നുദ്ധരിച്ചതും അഭിമാനകരമാണ്. ബലിഷ്ഠനായ മൂത്തമകൻ ഔസേപ്പിനെ പള്ളിക്കടുത്ത് കളത്തനാനിക്കൽ ഈപ്പൻ പാർപ്പിച്ചത് പള്ളിയുടെ സംരക്ഷണത്തിനായിരുന്നു.

വടക്കേനെല്ലിക്കുന്നു ശാഖയിലെ ശ്രീ കെ.കെ. ജോസഫ് കുളിരാനി അവർകളാണു മറ്റു പലരോടുമൊത്ത് കുടുംബചരിത്രമെഴുതുന്നതിൽ ഉദ്യുക്തനായിരിക്കുന്നത്. 1984 ജൂൺ 22, ചരിത്രത്തിന്റെ ചുരുളുകൾ നിവർത്തിയെടുത്ത ദിവസമെന്ന നിലയിൽ സ്മരണീയമായിരിക്കുന്നു. അന്നാണ് പാലാ കർമ്മലീത്താ ആശ്രമത്തിൽ (C.M.I.) വച്ച് ഉമ്പുക്കാട്ട് കുടുംബയോഗഭാരവാഹികളായ ശ്രീമാന്മാർ കെ.ഒ. അഗസ്റ്റിൻ കിഴക്കേനെല്ലിക്കുന്നേലും കെ.കെ. ജോസഫ് കുളിരാനിയും വി.റ്റി. ജോസഫ് വെടിക്കുന്നേലുമൊത്ത് പൂഞ്ഞാർ മൂലകുടുംബത്തിലെ അംഗങ്ങളായ റവ. ഫാ. ജോൺ ബോസ്കോ തോട്ടക്കരയെയും റവ. ഫാ. എമ്മാനുവേൽ തെള്ളിയെയും പരിചയപ്പെടുകയും ചർച്ചചെയ്യുകയും ഭാവിപരിപാടികൾക്കു വഴിതെളിക്കകയും ചെയ്തത്. അടുത്ത ജൂലായ് 8-ന് ശ്രീ വി.റ്റി. ജോസഫ് വെടിക്കുന്നേലിന്റെ വസതിയിൽ സമ്മേളിച്ച് ഉമ്പുക്കാട്ടുകുടുംബ യോഗത്തിൽ, പ്രസ്തുത ഇരുവൈദികരും വന്നു സംബന്ധിച്ചത് എല്ലാവരിലും കൗതുകമുണർത്തി, പ്രചോദനവുമായിത്തീർന്നു. ശ്രീ. കെ.കെ. ജോസഫിന്റെ ഭാഷയിൽ തായ് നദിയിൽ നിന്നു പിരിഞ്ഞു ദീർഘദൂരം സഞ്ചരിച്ചശേഷം വീണ്ടും അതിൽത്തന്നെ വന്നു പതിക്കുന്ന ഒരു ശാഖാനദിയുടെ ചിത്രമാണ് നാമിവിടെ കാണുക. മാറിടം കരയിൽ ഉദിച്ചുയർന്നു പ്രശോഭിച്ചു നിൽക്കുന്നു ഉമ്പുക്കാട്, അതിന്റെ തായ് തടിയോ, പൂഞ്ഞാർ തോട്ടക്കരയും.

മുതലക്കോടം പാരമ്പര്യബോധമാണ് അവ്യക്തമായ പല ബന്ധങ്ങൾ പുതുക്കാൻ സഹായമായിത്തീർന്നത്. പൂഞ്ഞാർ ചുവടിനെപ്പറ്റി ശ്രീ. റ്റി.ജെ. മാത്യു തെള്ളിവഴി കൈമാറിക്കിട്ടിയ പാരമ്പര്യവൃത്താന്തമാണ്, പൂഞ്ഞാർവരെ ചികഞ്ഞുപോകാൻ കടപ്ലാമറ്റം കുടുംബാംഗങ്ങളെ പ്രേരിപ്പിച്ചത്. മേവിടെപ്പോയിപ്പാർത്ത പാരമ്പര്യത്തെപ്പറ്റി ഓർമ്മമുറിയാതെ പൂഞ്ഞാറ്റിൽനിന്നു പോന്നതിനാൽ, അന്വേഷണത്തിൽ, മേവിടയും മാറിടവും ബന്ധിക്കാനുതകുന്ന കണ്ണികളായി പ്രയോജനപ്പെട്ടു.

മുതലക്കോടം വിട്ടുപോന്നവർ എത്ര വലിയ സാഹചര്യസമ്മർദ്ദമായിരിക്കാം അഭിമുഖീകരിച്ചത്. അതിൽപ്പിന്നെ ശതാബ്ദങ്ങളിലൂടെ നടന്ന പരിശ്രമങ്ങൾ, പുതുവൽപ്രദേശത്തെ നാഗരികതയോടടുപ്പിച്ചു. സർവ്വസംഹാരംപോലെ വന്ന പടയോട്ടം ഒരു ലോകത്തിന്റെ അന്ത്യത്തേയും കുറിച്ചു. വിച്ഛേദിക്കപ്പെട്ട കുറ്റിയിൽനിന്നു മുളച്ചുപൊങ്ങി വീണ്ടും വൻമരമായി നിൽക്കുന്ന തോട്ടക്കര ഗോത്രത്തിന്റെ വൈപുല്യം അറിയാൻ, ഒരു പുതിയ കാനേഷുമാരിക്കുതന്നെ മുതിരണം.

പൂഞ്ഞാറിന് ഒരു സഹസ്രാബ്ദം പഴമ കല്പിക്കുന്നതിൽ അപാകതയില്ല. പൂർവ്വകാലചരിത്രങ്ങളെല്ലാംതന്നെ പാരമ്പര്യവാർത്ത ദൃഢപ്പെടുത്തിയ വയത്രേ, തോട്ടക്കരത്തറവാടിന, അറുനൂറിലേറെയും പൂഞ്ഞാർ പള്ളിക്ക്, എണ്ണൂറിലേറെ തൊള്ളായിരവരെയും കോയിക്കൽ കൊട്ടാരത്തിന് എണ്ണൂറിൽ താഴെയും ആദ്യം വച്ച വല്ല്യവീടിന് ആയിരവും വർഷം വീതം പഴക്കം കല്പിക്കാം. തപ്പിത്തടഞ്ഞ് അവിടെ എത്തിച്ചേരാൻ ഇനിയും കാലങ്ങൾ എടുക്കും.

സഹസ്രാബ്ദത്തിലേറെ പഴക്കമെത്തിയ പൂഞ്ഞാറിന് അതിന്റേതായ ചരിത്രം പറയാനുണ്ട്. രണ്ടാംഘട്ടത്തിലെ മൂലകുടുംബം ഇന്നും അതേ സ്ഥാനത്ത് അതേ പേരിൽ, മിക്കവാറും അതേ രൂപത്തിൽ തുടർന്നുപോരുന്നു എന്നത് അത്ഭുതാവഹംതന്നെ. ഐക്യം കണ്ട ത്തിയ സ്ഥിതിക്ക് എല്ലാവരുടെയും പ്രാതിനിധ്യസ്വഭാവമുള്ള ഒരു കയോഗം സംഘടിപ്പിക്കുക വെറും ആവശ്യംമാത്രമാണ്. ഉണ്ടാകാവുന്ന സൗകര്യങ്ങൾ. സൽഫലങ്ങൾ, കൂട്ടായ്മ എന്നിവ ഊഹാതീതവും. ഈ സൗകര്യമുള്ള ഒരു ദിവസം കുടുംബദിനമായി നിശ്ചയിച്ച് ആചരിക്കുകയും വേണം. പൂഞ്ഞാറ്റിൽ നിന്ന്, മേവിടവഴി, മാറിടത്തേയ്ക്ക നീങ്ങിയ കഥയാണു വരുന്ന പേജുകളിൽ കാണാൻ കഴിയുക.

ഫാ. ജോൺ ബോസ്കോ C.M.I.
തോട്ടക്കര
– മുത്തോലി ആശ്രമം

**അദ്ധ്യായം I**

കേരളാ സ്റ്റേറ്റിൽ കോട്ടയം ഡിസ്ട്രിക്റ്റിൽ മീനച്ചിൽ താലൂക്കിൽ, മാറിടം കരയിൽ ഉമ്പുക്കാട്ടു പുരയിടത്തിൽ താമസിച്ചിരുന്ന ശ്രീമാൻ ഔസേപ്പ് ഈപ്പന്റെ പൂർവ്വപിതാക്കന്മാരുടെ ചരിത്രം

ഉദ്ദേശം പത്തുനൂറ്റാണ്ടുകൾക്കുമുമ്പ് ഇപ്പോഴത്തെ കേരള സംസ്ഥാനം അനേകം നാട്ടുരാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും ഭരണത്തിൻകീഴിലായിരുന്നു. മുതലാളിത്ത – ജന്മി കുടിയാൻ – വ്യവസ്ഥിതി ആയിരുന്നു അന്നു നിലനിന്നിരുന്നത്. സാധാരണ ജനങ്ങൾ അടിമത്ത്വത്തിൽ കഴിഞ്ഞിരുന്നു.

തൊടുപുഴയ്ക്കടുത്തുള്ള മുതലക്കോടം അന്നു വടക്കുംകൂർ എന്ന രാജാവിന്റെ ഭരണസീമയിൽ ഉൾപ്പെട്ടിരുന്നു. ഈ മുതലക്കോടത്ത് ഒരു ക്രൈസ്തവ പ്രഭുകുടുംബം പ്രതാപത്തിലും പ്രശസ്തിയിലും കഴിഞ്ഞുപോന്നു. ഈ പ്രഭുവിനു ഭൗതികസമ്പത്തെന്നപോലെ സന്താനസമ്പത്തും ഉണ്ടായിരുന്നു. പ്രഭുവിനു 'കർത്തവ്യൻ' എന്നും പ്രഭിക്ക് "കർത്തവ്യാർ അമ്മ' എന്നും സ്ഥാനപ്പേരുകൾ രാജാവ് കല്പിച്ചനുവദിച്ചു. പള്ളിയിൽ അവർക്ക് പ്രത്യേകം സീറ്റും ലഭിച്ചിരുന്നു.

ഇങ്ങനെ കഴിഞ്ഞുവരവേ, നാട്ടിലുണ്ടായ ഏതോ കലാപത്തെത്തുടർന്ന് ഈ കൂടുംബക്കാർ സ്ഥലംവിടുകയും വിദൂരതയിൽ പലയിടങ്ങളിലായി താമസമുറപ്പിക്കുകയും ചെയ്തു.

അതിൽ ഒരാൾ തെക്കോട്ടുപോയി തെക്കുംകൂർ രാജാവിന്റെ ഭരണസീമയിൽ താമസമുറപ്പിച്ചു. അക്കാലത്തെ പ്രമുഖ പട്ടണങ്ങളിലൊന്നായ ഈരാറ്റിടവും (അരുവിത്തുറ) കടന്ന് വനഭാഗമാണവർ തിരഞ്ഞെടുത്തത്. പിൽക്കാലത്ത് പൂഞ്ഞാർ എന്ന പേരിൽ ആ ദേശം അറിയപ്പെടുകയും ചെയ്തു. ഇവർക്കു കൃഷിക്കു പുറമേ പാണ്ടിനാടുമായി വ്യാപാരവും അന്നുണ്ടായിരുന്നു. ഇവിടെയും അവർ പ്രമുഖരായിത്തീർന്നു. വലിയവീട്ടുകാർ എന്നുവിളിക്കപ്പെടുകയും ചെയ്തിരുന്നു. അരുവിത്തുറ പള്ളിയോഗത്തിലും ഇവർക്കു ഗണ്യമായ സ്ഥാനമുണ്ടായിരുന്നു. അക്കാലത്ത് ദേശത്തുപട്ടക്കാരും യോഗക്കാരും ഉൾപ്പെട്ട ഇടവകപ്പള്ളിയോഗം പള്ളിയുടെ ഭൗതികമായ എല്ലാക്കാര്യങ്ങളും നടത്തിയിരുന്നു. പള്ളിവകസ്വത്തുക്കളുടെ ഉടമസ്ഥരും ആയിരുന്നു. മെത്രാന്മാർക്ക് ആദ്ധ്യാത്മിക മേൽക്കോയ്മയേ ഉണ്ടായിരുന്നുള്ളൂ.

കാലക്രമേണ അരുവിത്തുറ പള്ളിയോഗത്തിൽ അനൈക്യം ഉണ്ടായി. ഇഞ്ചക്കാട് എന്നൊരു കുടുംബക്കാർ അരുവിത്തുറ ഇടവക

വിടുകയും പൂഞ്ഞാറ്റിൽ നേരത്തേ താമസമാക്കിയിരുന്ന വലിയ വിട്ടിൽക്കാരുമായി ഒത്തൊരുമിച്ചു സ്വന്തമായി ഒരു പള്ളി കിഴക്കോട്ടുമാറി പൂഞ്ഞാർ ഭാഗത്തു വയ്ക്കുന്നതിനു പ്ലാനിടുകയും ചെയ്തു. മാതൃപള്ളിയായ അരുവിത്തുറയിൽനിന്ന് വൈദികനെ ക്ഷണിക്കാതെ, ഭരണങ്ങാനം പള്ളിയിൽനിന്ന് ഒരു വൈദികനെ വേഷം മാറ്റിക്കൊണ്ടു പോയി പൂഞ്ഞാർ പള്ളിയുടെ ശിലാസ്ഥാപനം നടത്തിച്ചു എന്നാണ്ഐതിഹ്യം.

വലിയ വീട്ടിൽ കുടുംബക്കാർക്ക് ഈ കാലങ്ങളിലും പാണ്ടിനാടുമായി ബിസിനസ്സും വ്യാപാരവും ഉണ്ടായിരുന്നു. യുദ്ധത്തിൽ പരാജി തനാകയാൽ പ്രവാസജീവിതം കഴിച്ചിരുന്ന ഒരു മധുര നാട്ടുരാജാവിനെ ഒരിക്കൽ കണ്ടുമുട്ടുകയും സംരക്ഷണം നൽകിക്കൊണ്ടുവന്ന് പൂഞ്ഞാറ്റിൽ തെക്കുംകൂർ രാജാവറിയാതെ ഒളിവിൽ താമസിപ്പിക്കയും ചെയ്തു. രാജകുടുംബം പാർത്തിരുന്ന സ്ഥലം എടത്തുംപറമ്പിൽ എന്നാണിപ്പോഴും അറിയപ്പെടുന്നത്. പിന്നീട് അനുകൂലമായ സാഹചര്യത്തിൽ തെക്കുംകൂർ രാജാനുമതിയോടെ പനച്ചിപ്പാറ എന്ന സ്ഥലത്തു സൗകര്യപ്രദമായ സംവിധാനങ്ങളുണ്ടാക്കി പ്രവേശിപ്പിക്കയും അങ്ങനെ വലിയവീട്ടിൽ കുടുംബക്കാരുടെ പിൻബലത്തോടെ പൂഞ്ഞാർ രാജകുടുംബം നിലവിൽ വരികയും ചെയ്തു എന്നാണ് പാരമ്പര്യം പറയുന്നത്. വലിയവീട്ടിൽ കുടുംബക്കാരോട് പൂഞ്ഞാർ തമ്പുരാക്കന്മാർ (രാജാവ്) എക്കാലത്തും പ്രതിനന്ദിയുള്ളവരുമായിരുന്നു. ഈ വീടുകളിലെ പുരുഷന്മാർ വിവാഹിതരാവുമ്പോൾ അവർക്ക് രാജാവ് ഒരു വാളും പരിചയും നൽകുക പതിവായിരുന്നു.

കാലാന്തരത്തിൽ പൂഞ്ഞാർ രാജാക്കന്മാർ ശക്തന്മാരായിത്തീരുകയും പനച്ചിപ്പാറയുടെ അതിർത്തി കുറെക്കൂടി കിഴക്കോട്ടു വിസ്തൃതമാക്കുന്നതിനു ശ്രമിക്കുകയും ചെയ്തു. അതിർത്തി ലംഘിച്ചതിൽ കുപിതനായ തെക്കുംകൂർ രാജാവ് പട്ടാളത്തെ അയച്ച് പൂഞ്ഞാർ രാജകൊട്ടാരവും പൂഞ്ഞാർ പള്ളിയും വീടുകളുമെല്ലാം കൈയ്യടക്കി. പടപേടിച്ച് ആളുകൾ നാലുദിക്കിലെക്കും ചിതറി.

എന്നാൽ, വലിയവീട്ടിൽ കുടുംബാംഗമായ ഒരാൾ പള്ളിക്കു കിഴക്കുവശമുള്ള കാട്ടിൽ തോട്ടിനക്കരെ വീടുവച്ചു. ഈ കുടുംബമാണത്രേ 'തോട്ടക്കര' യായിത്തീർന്നത്. ഈ കുടുംബക്കാരുടെ ചരിത്രം സാമാന്യം വ്യക്തമാണ്.

തെക്കംകൂർ ആക്രമണത്തിനുമുമ്പ് വലിയവീട്ടിൽ കുടുംബത്തിന്റെ ശാഖകളായി പിരിഞ്ഞ കുടുംബങ്ങളാണ് ഇന്നുള്ള

പുത്തൻപുരയും ശാഖാകുടുംബങ്ങളും. അന്യം നിന്നുപോകയോ നാടുവിട്ടുപോകയോ ചെയ്തു മറ്റു കുടുംബങ്ങൾ പടികര, കരിയന്തോട് എന്നിവയാണ്. ഒരുപക്ഷേ, അത്രയും പഴക്കമുള്ള വേറൊരു ശാഖയാകാം തോട്ടുങ്കൽ കുടുംബം.

തോട്ടക്കരകുടുംബശാഖകളിൽ പഴക്കമേറിയതാണ് 'കണ്ടമ്പറമ്പിൽ.' അതിൽനിന്നു പിരിഞ്ഞുപോയവ കല്ലാറ്റ്, ആഴാത്ത് തുടങ്ങിയ കുടുംബങ്ങളും. അവയ്ക്ക് ഒരുപക്ഷേ, പത്തിലധികം തലമുറകളുടെവരെ അകല്ച കണ്ടേക്കാം. ഏഴെട്ടു തലമുറകൾക്കു മുമ്പു പിരിഞ്ഞുപോയ ശാഖകൾ, വാണിയപ്പുര, വെള്ളാപ്പാട്ട്, ഉമ്പുക്കാട്ട് തുടങ്ങിയ കുടുംബങ്ങളാണ്. അതിൽ, പിന്നെ പിരിഞ്ഞകന്ന കുടുംബങ്ങൾ, തെള്ളി, പടികരക്കരോട്ട് എന്നിവയും 150 വർഷങ്ങൾക്കുമുമ്പ് തോട്ടക്കരനിന്നു മാറിപ്പാർത്ത കുടുംബങ്ങൾ ചവരൻപിലാക്കൽ, മാത്തൻകുന്നേൽ, വയലിൽ എന്നിവയുമാണ്.

ഏഴെട്ടുതലമുറക്കുമുമ്പ് തോട്ടക്കര തറവാട്ടിൽ നാല് ആൺമക്കൾ ഉണ്ടായിരുന്നു. മൂത്തയാളിനെ താഴത്തെ തൊട്ടിയിലുണ്ടായിരുന്ന വാണിഭപ്പുരയിലേക്കു മാറ്റി. ഇവരത്രേ വാണിയപ്പുര കുടുംബക്കാർ. രണ്ടാമൻ ഔസേപ്പിനെ മേവടക്കരയിൽ മണ്ണൂർ കുടുംബത്തിൽ ദത്തുപുത്രനായി അയച്ചു. ഈ ഔസേപ്പിന് ഈപ്പനെന്നും തര്യനെന്നും പേരുള്ള രണ്ടാൺമക്കൾ ഉണ്ടായി. ഈപ്പൻ മാറിടം കരയിൽ പൊതീട്ടയിൽ കുടുംബത്തിൽനിന്നു വിവാഹം കഴിച്ചിരുന്നു. അദ്ദേഹം ക്രമേണ ഭാര്യാവീടിനു തൊട്ടുപടിഞ്ഞാറുവശമുള്ള ഉമ്പുക്കാട്ടു പുരയിടം വാങ്ങി മേവടനിന്നു മാറിടം കരയിലേക്കു മാറി. അദ്ദേഹത്തിന്റെ സന്താനങ്ങ ളാണ് ഉമ്പുക്കാട്ടു കുടുംബക്കാർ. ഈപ്പന്റെ സഹോദരനായ തര്യൻ വൈദികനായിരുന്നു. മൂന്നാമൻ വെള്ളാപ്പാട്ടു കുടുംബ സ്ഥാപകൻ. നാലാമൻ തോട്ടക്കരത്തറവാട്ടിലും.

തോട്ടക്കരത്തറവാട്ടിലെയും മറ്റു ശാഖകളിലെയും പൂർവ്വികരായ പ്രശസ്തവ്യക്തികളുടെ സംക്ഷിപ്തചരിത്രം.

### 1. ഫാ. ജോൺ ബോസ്കോ. B.A; C.M.I.

തോട്ടക്കര കുടുംബത്തിൽ ആധുനികകാലത്തുണ്ടായ ആദ്യത്തെ വൈദികനാണ് ശ്രീ. ഉലഹന്നൻ ചാക്കോയുടെ പുത്രൻ, റവ. ഫാ. ജോൺ ബോസ്കോ B.A; C.M.I. ജനനം 1920-ൽ. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം C.M.I. സഭയിൽ ചേർന്നു വൈദികപഠനം നടത്തി 1947-ൽ ഗുരുപ്പട്ടം സ്വീകരിച്ചു. ഇദ്ദേഹം ആലുവാ, ചമ്പക്കുളം,

ഏൽത്തുമുത്ത്, മണിമല, കുര്യനാട്, മുത്തോലി, തിരുവനന്തപുരം എന്നീ ആശ്രമങ്ങളിൽ സേവനം ചെയ്തിട്ടുണ്ട്. നെയ്യാറ്റിൻകരയിലെ മായം അമ്പൂരി കുടിയേറ്റപ്രദേശത്തും ഇടവകസേവനം നടത്തിയിട്ടുണ്ട്. 'നവജീവപരിഷത്ത്' എന്ന സാംസ്കാരികസംഘടനയ്ക്കു രൂപം നൽകിയത് ഇദ്ദേഹമാണ്. സമുദായത്തെ സംഘടിപ്പിക്കാനും സഭാനവീകരണം സാധിക്കാനുമുള്ള പ്രയത്നംവഴി രണ്ടാം വത്തിക്കാൻ കൗൺസിലിലെ പൗരസ്ത്യ ഡിക്രികൾ സാദ്ധ്യമാക്കിത്തീർത്തു. മുത്തോലി സ്കൂൾ, ബോർഡിംഗ്, മണിമല, കരിക്കാട്ടൂർ ആശ്രമം എറണാകുളം പ്രയോ ജനറൽ ഹൗസ്, മദ്ധ്യപ്രദേശ് മിഷൻ എന്നീ രംഗങ്ങളിലും ജോലി ചെയ്തിട്ടുണ്ട്. അംബികാപൂർ അപ്പസ്തോലിക്ക് സ്കൂൾ നിയതാവായും അദ്ധ്യാപകനായും പ്രയത്നിച്ചിട്ടുണ്ട്. പാലാ സെന്റ് വിൻസന്റ് ഇംഗ്ലീഷ് മീഡിയം സ്കൂളിലും കുറെക്കാലം പഠിപ്പിച്ചു. പിന്നീട് അമനകര, കൂത്താട്ടുകുളം എന്നീ ആശ്രമങ്ങളിലായിരുന്നു ജോലി. കൂത്താട്ടുകുളം മേരിഗിരി കോളജ്, മുത്തോലി സെമിനാരി എന്നിവിടങ്ങളിലും പഠിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ പാലാ സെന്റ് വിൻസന്റ് ആശമാംഗമാണ്.

**2. ഫാദർ ഹൊണോറിയസ് C.M.I**

തോട്ടക്കര കുടുംബത്തിൽ നിന്നു മാറിത്താമസിച്ച വാണിയപ്പുര കുടുംബത്തിൽനിന്നും പ്രസിദ്ധനായ ഫാദർ ഹൊണോറിയസ് C.M.I. ഇദ്ദേഹം പുരോഹിതനായത് 1935-ലായിരുന്നു. ആർച്ച്ബിഷപ് മാർ ഇവാനിയോസിന്റെ ഭരണസീമയിൽപ്പെട്ട തമിഴ്നാട് നെല്ലിക്കാക്കുഴി, പൂവാർ മുതലായ സ്ഥലങ്ങളിൽ ഇദ്ദേഹം കാര്യമായ മിഷനറി പ്രവർത്തനം നടത്തിയിട്ടുണ്ട്. ഹൈറേഞ്ച് പ്രദേശത്തു മിഷനറി പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കവേ കട്ടപ്പന ആശുപത്രിയിൽ 1978 ഓഗസ്റ്റ് മാസത്തിൽ നിര്യാതനായി. പൂഞ്ഞാർ ആശ്രമത്തിൽ കബറടക്കിയിരിക്കുന്നു.

**3. ഫാ. ജേക്കബ് വാണിയപ്പുര S.D.B. Ph.D**

രണ്ടു കുടുംബത്തിലെതന്നെ മറ്റൊരു വൈദികനാണ് ഫാ. ജേക്കബ് വാണിയപ്പുര S.D.B. Ph.D ഇദ്ദേഹം 1963-ൽ നവപൂജ സമർപ്പിച്ചു. മദ്രാസിൽ പൂനമലി സെമിനാരിയിൽ പഠിപ്പിക്കുന്നു. ഇദ്ദേഹം അറിയപ്പെടുന്നത് സ്വാമി വിക്രാന്ത് എന്ന പേരിലാണ്.

**4. യാക്കോബ് കത്തനാർ**

തെള്ളി കുടുംബശാഖയിലെ മത്തായി മകൻ യാക്കോബ് കത്ത

നാർ ഏതാണ്ട് 20–ാമത്തെ വയസ്സിൽ വൈദികപട്ടം സ്വീകരിച്ച ആളാണ്. പഠനത്തിൽ അതിസമർത്ഥനായിരുന്നു. വിവിധ പള്ളികളിൽ വികാരിയും ലവീഞ്ഞ്, മാതീൽ, കുര്യാളശേരി എന്നീ മെത്രാന്മാരുടെ കാലത്ത് ഉപദേഷ്ടാവായും കാര്യമായ സമുദായസേവനം അനുഷ്ഠിച്ചിട്ടുണ്ട്. അക്കാലത്തു നിലവിലിരുന്ന മുതലാളിത്തവ്യവസ്ഥിതിയെ ചോദ്യം ചെയ്യുകയും സമരങ്ങളും മറ്റും നയിച്ച് ഈ വ്യവസ്ഥിതിക്കു വിരാമമിടാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ഒരിക്കൽ ഒരു സന്നദ്ധസേനയെ നാട്ടുകാരിൽനിന്നും സ്വന്തക്കാരിൽനിന്നും സജ്ജമാക്കി പൂഞ്ഞാറ്റിൽനിന്നും തിരുവനന്തപുരത്തേയ്ക്കു കാൽനടയായി നയിക്കുകയും മഹാരാജാവ് (ശ്രീമൂലം) ആറാട്ടിനെഴുന്നെള്ളിയ വഴിയിൽ പിക്കറ്റു ചെയ്യുകയും പോലീസ് ഇടപെട്ടപ്പോൾ, മഹാരാജാവു കാരണം തിരക്കി നിവേദനം സ്വീകരിക്കയും അങ്ങനെ ഉദ്ദേശിച്ച കാര്യം നേടുകയും ചെയ്തു. അക്കാലത്തു വ്യവഹാരസംബന്ധമായി മദ്രാസ് കോടതിവരെപോയിട്ടുണ്ട്. ഫാ. മാണി നിധീരി തുടങ്ങിയ നസ്രാണിസമുദായനേതാക്കന്മാരുടെ ചേരിയിൽ ഗണനീയനായിരുന്നു ഫാ. ജേക്കബ് തെള്ളിയും. അവസാനനാളുകൾ ഇടവകയായ പൂഞ്ഞാർ പള്ളിയിൽ വിശ്രാമാർത്ഥം ചെലവഴിച്ചു. ഏതാനും വർഷത്തെ അസുഖത്തിനുശേഷം അനുജന്റെ ഭവനത്തിൽ വച്ച് 1931 ജനുവരി 15–ാം തീയതി ചരമമടഞ്ഞു.

### 5. ഫാ. എമ്മാനുവേൽ തെള്ളി C.M.I.

ഈ കുടുംബശാഖയിലെ അടുത്ത വൈദികനാണ് ഫാ. എമ്മാനുവേൽ തെള്ളി C.M.I. ശ്രീ ഔസേപ്പ് കുഞ്ഞാക്കോയുടെ പുത്രനായി ഇദ്ദേഹം ജനിച്ചത് 1925 ലാണ്. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം C.M.I. സഭയിൽ ചേർന്നു വൈദികവിദ്യാഭ്യാസം നടത്തി. 1953 ഡിസംബർ 8–ന് കർദ്ദിനാൾ ടിസറാന്റിൽനിന്നും വൈദികപട്ടം സ്വീകരിച്ചു. മാന്നാനം സെമിനാരിയിൽ 10 വർഷം സുറിയാനി പഠിപ്പിച്ചു. അനന്തരം ഇറാക്ക് മിഷനിൽ രണ്ടര വർഷത്തോളം സെമിനാരിയിൽ പഠിപ്പിക്കയും പിന്നീട്, മാന്നാനം, ദേവഗിരി കോളജുകളിലും മുത്തോലിയിലും സുറിയാനി പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സുറിയാനിഭാഷയ്ക്ക് ഒരു വ്യാകരണഗ്രന്ഥം നിർമ്മിക്കാനും ഇദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. പൂഞ്ഞാർ കൊവേന്തയിലും അമനകര കൊവേന്തയിലും സേവനം ചെയ്തിട്ടുണ്ട്. അമനകര I.T.C. (ട്രെയിനിംഗ് സെന്റർ) പ്രിൻസിപ്പലായി മൂന്നരകൊല്ലം സേവനത്തിനുശേഷം ഇപ്പോൾ

പാലായിൽ സെന്റ് വിൻസന്റ് മൊണാസ്റ്ററിയിൽ താമസം. മലയാളഭാഷാപണ്ഡിതനായ ഇദ്ദേഹം മലയാളപദ്യങ്ങളും എഴുതാറുണ്ട്. ഇദ്ദേഹം ഹോമിയോ ചികിത്സയിലും പ്രാവീണ്യം നേടിയിട്ടുണ്ട്.

ഫാ. എമ്മാനുവേലിന്റെ സഹോദരരാണ് അഡ്വക്കേറ്റ് ജോസഫ് സി. തെള്ളി B.A., B.L. ഉം ജേക്കബ് സി. തെള്ളി B.Com, B.L. യും. ജോസഫ് പാലായിലും കോട്ടയത്തും ജേക്കബ് ആലപ്പുഴയിലും - പ്രാക്റ്റീസ് ചെയ്തിരുന്നെങ്കിലും ഇപ്പോൾ കർഷകരാണ്. ഇവരുടെ വേറൊരു സഹോദരനാണ് ഡോ. തോമസ് തെള്ളി M.D.S; D.P.H; R.C.S. തിരുവനന്തപുരം, ഗവ. ഡെന്റൽ കോളജിൽ സാറായി റിട്ടയർ ചെയ്തശേഷം ഇപ്പോൾ, സുഡാനിൽ ഡെന്റൽ കോളജിൽതന്നെ ജോലി ചെയ്യുന്നു. ഇവരുടെ ഒരു സഹോദരി Sr. വിസിറ്റേഷൻ S.A.B.S. B.A., B.Lib. ഡിഗ്രിയെടുത്ത് അസംപ്ഷൻ കോളജിൽ ലൈബ്രേറിയനായി ജോലി ചെയ്യുന്നു.

**ഫാ. ജോസഫ് തെള്ളി M.A.** B.cr

തിടനാട്ടിൽ താമസിക്കുന്ന മി. മാത്യു തെള്ളിയുടെ മകൻ ഫാ. ജോസഫ് തെള്ളി M.A. B.cr, പാലാ രൂപതയ്ക്കുവേണ്ടി മംഗലാപുരം സെമിനാരിയിൽ പഠിച്ച് 1958-ൽ നവപൂജ അർപ്പിച്ചു. നീലൂർ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ അദ്ധ്യാപകനായി പത്തു കൊല്ലം സേവനം അനുഷ്ഠിച്ചശേഷം കെനിയാ രൂപതയിൽപ്പെട്ട എൽഡോററ്റിൽ ജോലി ചെയ്യുന്നു. ഈ ശാഖകൾ പലതിലും അനേകം കന്യാസ്ത്രീകളുമുണ്ട്.

മുകളിൽ പ്രസ്താവിച്ചിട്ടുള്ള യാക്കോബു കത്തനാരുടെ സഹോദരപുത്രനായ ശ്രീ. റ്റി.ജെ. മാത്യു തെള്ളി B.A., BL അക്കാലത്തെ അഭിഭാഷകഗണത്തിൽ അദ്വിതീയനായിരുന്നു. ഇദ്ദേഹം ഡലിഗറ്റുവരെയുള്ള ക്രിസ്തീയ വൈദികമേലദ്ധ്യക്ഷന്മാരുടെ നിയമോപദേഷ്ടാവായിരുന്നുവെന്നതും പ്രസ്താവ്യമാണ്. ഇപ്പോഴത്തെ കോട്ടയം കളക്ടറേറ്റിന് എതിർവശം പെറ്റി സെമിനാരിക്കടുത്തുള്ള വീട്ടിലാണ് അദ്ദേഹം താമസിച്ചിരുന്നത്. 1941 ഡിസംബറിൽ കോട്ടയം പെറ്റിസെമിനാരിയിൽ വച്ച് ചങ്ങനാശേരി രൂപതയുടെ അഭിവന്ദ്യ മെത്രാൻ ജയിംസ് കാളാശേരിയിൽ നിന്നും കുളിരാനിയിൽ കുര്യാക്കോസ് ശെമ്മാശൻ ഗുരുപ്പട്ടം സ്വീകരിച്ച അവസരത്തിൽ സി. റ്റി.ജെ. മാത്യു തെള്ളിയും സംബന്ധിക്കയും സ്വകുടുംബക്കാരനായ നവവൈദികനെ അനുമോദിക്കുകയും ഫോട്ടോയ്ക്കിരിക്കയും ചെയ്തു.

ഇപ്രകാരം കാർഷികവും വ്യവസായികവും സാമുദായികവും രാഷ്ട്രീയവും മതപരവുമായ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള അനേകം പ്രമുഖർ തോട്ടക്കര കുടുംബശാഖകളിൽ ഉണ്ടായിട്ടുണ്ടെന്നു കാണാം.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ, വീരസേനാനികളുടെ ഗണത്തിൽ പെട്ടവരാണ് മി. സി. ജോൺ തോട്ടക്കരയും (ബോസ്കോ അച്ചന്റെ സഹോദരൻ) മി. റ്റി.വി. ജോസഫ് തെള്ളിയും (നാത്തനാൽ കുഞ്ഞേട്ടൻ). അദ്ദേഹത്തിന്റെ അനുജൻ മി. മാത്യു തെള്ളി കർഷക യൂണിയൻ (കിസാൻ) നേതാവാകയും അറസ്റ്റു വരിക്കയും ചെയ്തിട്ടുണ്ട്.

മേൽ വിവരിച്ച നേതാക്കന്മാർ സ്റ്റേറ്റ് കോൺഗ്രസിന്റെ ആരംഭം മുതൽ സജീവപ്രവർത്തകരും നേതാക്കന്മാരും ആയിരുന്നു. മലനാടു കർഷക പ്രസ്ഥാനകാലത്ത് മി. സി. ജോസഫ് തെള്ളി B.A., B.L. നേതൃത്വം കൊടുത്തിരുന്നു.

ഇപ്രകാരം പുരാതനവും പ്രശസ്തവുമായ തോട്ടക്കര കുടുംബാംഗമാണ് മാറിടംകരയിൽ ഉമ്പുക്കാട്ട് താമസമാക്കിയ നമ്മുടെ പിതാമഹൻ ശ്രീമാൻ ഈപ്പൻ. അദ്ദേഹത്തിന്റെ അമ്മവഴിക്കാരാണത്രേ മേവടകര യിലുള്ള മണ്ണൂർ കുടുംബക്കാർ. ഈ കുടുംബത്തിലും പ്രശസ്ത വ്യക്തികളും പല വൈദികരും കന്യാസ്ത്രീകളുമുണ്ട്.

## അദ്ധ്യായം 2

### ഉമ്പുകാട്ടുകുടുംബം – പ്രാരംഭചരിത്രം

മുൻ അദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ളതുപോലെ മീനച്ചിൽ താലൂക്കിന്റെ കിഴക്കുഭാഗത്തുള്ള പൂഞ്ഞാറ്റിൽ തോട്ടക്കരക്കുടുംബത്തിലെ രണ്ടാമത്തെ സന്താനമായ ശ്രീമാൻ ഔസേപ്പ്, ഏതാണ്ട് നാലു നൂറ്റാണ്ടുകൾക്കുമുമ്പ് മേവടകരയിൽ മണ്ണൂർ കുടുംബത്തിൽ ദത്തുപുത്രനായി വന്നു. ഭാര്യയുടെ പേര് മേരി എന്നായിരുന്നു.

അദ്ദേഹത്തിന് ഈപ്പൻ എന്നും തര്യത് എന്നും രണ്ടു പുത്രന്മാരും രണ്ടു പുത്രിമാരുമുണ്ടായിരുന്നു. പ്രായപൂർത്തിയായപ്പോൾ ഈപ്പനെക്കൊണ്ട് മാറിടം കരയിൽ പൊതീട്ടയിൽ മറിയത്തിനെ വിവാഹം കഴിപ്പിച്ചു. ഈപ്പന് സാമാന്യവിദ്യാഭ്യാസം സിദ്ധിച്ചിരുന്നു.

**തര്യതു കത്തനാർ**

സമർത്ഥനായ കൃഷിക്കാരനുമായിരുന്നു തര്യത്. പഠനത്തിൽ സമർത്ഥനായിരുന്നതിനാൽ വൈദികപഠനത്തിനയച്ചു. അദ്ദേഹം പഠനത്തിൽ മുന്നേറി വൈദികനായിത്തീരുകയും ചെയ്തു. അദ്ദേഹം ഏതെല്ലാം പള്ളികളിൽ ജോലി ചെയ്തു എന്നുള്ളതിനു രേഖകളില്ലെങ്കിലും വടകര പള്ളിയിൽ ജോലിയിലിരിക്കുമ്പോൾ വയറുകടി പിടിപെടുകയാൽ ജോലിയിൽനിന്നു വിരമിക്കേണ്ടി വന്നുവെന്നും വിശ്രമത്തിനും ചികിത്സയ്ക്കുമായി ജ്യേഷ്ഠന്റെ ഇടവകയായ ചേർപ്പുങ്കൽ പള്ളിയിൽ വന്നു താമസിച്ചു എന്നും പറയപ്പെടുന്നു. അങ്ങനെ താമസിച്ചിരുന്ന കാലഘട്ടത്തിൽ ജീർണ്ണാവസ്ഥയിലായിരുന്നതും ചേർപ്പുങ്കലിന്റെ മേൽനോട്ടത്തിലുള്ളതുമായ കടപ്ലാമറ്റം പള്ളിയെ പുനരുദ്ധരിക്കാൻ അദ്ദേഹം പരിശ്രമിച്ചു. ഭരണസമർത്ഥനായിരുന്നതിനുപുറമെ അദ്ദേഹം ഒരു സംഗീതജ്ഞനുമായിരുന്നു. അദ്ദേഹത്തിന്റെ വക ഒരു ഫിഡിലും പെട്ടിയും സഹോദരപുത്രൻ തെക്കേനെല്ലിക്കുന്നേൽ വർക്കി സൂക്ഷിച്ചുപോന്നു. അദ്ദേഹത്തിന്റെ വക വളരെ വട്ടമുള്ള ഒരു കുരണ്ടിയും അവിടെ ഉണ്ടായിരുന്നു. ഏതാണ്ട് മദ്ധ്യപ്രായത്തിൽതന്നെ അദ്ദേഹം മരിക്കുകയും ചേർപ്പുങ്കൽ പള്ളിയിൽ കബറടക്കം നടത്തപ്പെടുകയും ചെയ്തു എന്നാണറിയുന്നത്.

മേവടയിൽ മണ്ണൂർ കുടുംബത്തിലെ മാതാപിതാക്കന്മാരുടെ മരണശേഷം ചെട്ടികളുടെ ശല്യംമൂലം ഈപ്പൻ മാറിടംകരയിൽ ഭാര്യവീടിനടുത്തേക്കു താമസം മാറ്റുന്നതിനു തീരുമാനിച്ചു.

ഭാര്യവീട്ടുകാരായ പൊതീട്ടയിൽക്കാരുടെ സഹായത്തോടെ അവർക്കടുത്ത് മാറിടത്ത് ജന്മിയായിരുന്ന ചാലത്തുരുത്തി മനയ്ക്കൽ നമ്പൂതിരിയെ സമീപിച്ചു കുടിപ്പാർപ്പിനായി കുറേസ്ഥലം ചോദിച്ചു. അക്കാലത്ത് വസ്തുക്കൾ അധികവും ഓരോ ജന്മികളുടെ അധീനതയിലായിരുന്നു. തിരുമേനി (നമ്പൂതിരി) 'ഉറുമ്പുകാട്' എന്ന ചേരിക്കൽ ഈപ്പനു പാർക്കാൻ സന്തോഷമായി നൽകി. ഈപ്പൻ അതിനു നൽകിയ പ്രതിഫലം ഒരു റാത്തൽ പുകയിലമാത്രമായിരുന്നു. ഈ സ്ഥലത്തു ഉറുമ്പുകല്ലിൻകൂട്ടങ്ങൾ ധാരാളം ഉണ്ടായിരുന്നതിനാൽ ഈ ചേരിക്കലിനെ ഉറുമ്പുകാട്ട് എന്നു വിളിച്ചുവരികയും ഭാവിയിൽ അതു ലോപിച്ച് 'ഉമ്പുക്കാട്' ആയിത്തീരുകയും ചെയ്തു.

കടപ്ലാമറ്റം കുമ്മണ്ണൂർ റോഡ് സൈഡിലുള്ള പുത്തൻകുളത്തിൽ നിന്ന് അല്പം തെക്കുമാറി റോഡിനു കിഴക്കുവശം ഈ പുരയിടം ഇപ്പോഴും ഉമ്പുക്കാട് എന്നപേരിൽ അറിയപ്പെടുന്നു. അതിപ്പോൾ ഒരു നായർ കുടുംബത്തിന്റെ കൈവശമാണ്.

ശ്രീമാൻ ഈപ്പനും മറിയവും മാറിടം കരയിൽ ഉമ്പുക്കാട്ടുപുരയിടത്തിലേക്കു മാറിത്താമസിക്കുന്ന കാലത്ത് അവർക്ക് ആറ് ആൺകുട്ടികളും രണ്ടു പെൺകുട്ടികളുമുണ്ടായിരുന്നു. ശുഭവസ്ത്രങ്ങൾ ധരിക്കുന്നതിൽ നിഷ്കർഷ കാണിച്ചിരുന്ന ഈപ്പൻ ദൈവഭക്തനും ബുദ്ധിമാനും ആഢ്യത്വമുള്ളവനുമായിരുന്നു. അക്കാലത്തു പുരുഷന്മാർ സാധാരണ പാളത്തൊപ്പി ധരിച്ചു നടന്നിരുന്നുവെങ്കിലും ഈപ്പൻ തലയിൽ തോർത്തുപയോഗിച്ച് തലപ്പാവ് കെട്ടിയാണു നടന്നിരുന്നത്. മക്കളെല്ലാവരും ആരോഗ്യവാന്മാരും പരിശ്രമികളും നല്ല കർഷകരുമായിരുന്നതിനാൽ വളരെ വേഗം അവർ സാമ്പത്തികമായി പുരോഗമിച്ചു.

പ്രായപൂർത്തിയായ മക്കളെ വിവാഹം കഴിപ്പിക്കുന്നതിനും മാറ്റിപാർപ്പിക്കുന്നതിനും പിതാവായ ഈപ്പൻ ശ്രദ്ധിച്ചിരുന്നു, അദ്ദേഹം വാങ്ങിച്ച പുരയിടങ്ങളാണ് തെക്കേനെല്ലിക്കുന്ന്, വടക്കേനെല്ലിക്കുന്ന്, കിഴക്കേനെല്ലിക്കുന്ന് തുടങ്ങിയവ. ഇവ ഉമ്പുക്കാട്ടുനിന്നു വടക്കോട്ടു മാറി കടപ്ലാമറ്റം പള്ളിക്കടുത്തായിരുന്നു.

കടപ്ലാമറ്റം വളരെ പുരാതനകാലം മുതൽക്കേ ഒരു പ്രാർത്ഥനാകേന്ദ്രമായിരുന്നു. ചേർപ്പുങ്കൽ പള്ളിയുടെ കുരിശുപള്ളിയായി ഇതിനെ അംഗീകരിക്കുകയും ഞായറാഴ്ചകളിൽ ചേർപ്പുങ്കൽനിന്ന് ബഹു. അച്ചന്മാർ വന്നു ബലി അർപ്പിക്കയും ചെയ്തുപോന്നു. ഈ പള്ളിയുടെ പരിപാലനയിലും നടത്തിപ്പിലും സഹോദരനായ തര്യതു കത്തനാ

രോടൊപ്പം ഈപ്പൻ വളരെ ശ്രദ്ധ കാണിച്ചിരുന്നു. മൂത്തമകനും ബലവാനുമായിരുന്ന ഔസേപ്പിനെ പള്ളിക്കു സമീപമുള്ള കളത്ത നാനിക്കൽ പുതുവലിലേക്കു മാറ്റി പാർപ്പിച്ചത് പള്ളിയുടെ സംരക്ഷ ണത്തിനും രക്ഷയ്ക്കും കൂടിയായിരുന്നു എന്നുള്ളത് ഇതിനു തെളിവാണ്.

ഈപ്പൻ കാരണവരുടെ അഞ്ചാം തലമുറക്കാർവരെയുള്ളവരുടെ ചരിത്രം ഉമ്പുക്കാട്ടു കുടുംബത്തിന്റെ 1984-വരെയുള്ള ചരിത്രത്തിൽ എത്തിക്കുന്നു.

**മൂപ്പുമുറക്ക് ആൺവഴിക്കാർ**

| | | |
|---|---|---|
| 1-ാം ശാഖ | കളത്തനാനിക്കൽ | ഔസേപ്പ് അന്ന |
| 2-ാം ശാഖ | തെക്കെനെല്ലിക്കുന്നേൽ | വർക്കി ഏലി |
| 3-ാം ശാഖ | വടക്കെനെല്ലിക്കുന്നേൽ | തൊമ്മൻ റോസ |
| 4-ാം ശാഖ | കിഴക്കെ നെല്ലിക്കുന്നേൽ | കുര്യാള റോസ |
| 5-ാം ശാഖ | വെടിക്കുന്നേൽ | മത്തായി ഏലി |
| 6-ാം ശാഖ | ഉമ്പുക്കാട്ട് (തറവാട്) | ഉലഹന്നാൻ ത്രേസ്യാമ്മ |

പെൺവഴിക്കാർ

1. മറിയം, മാറിടം കരയിൽത്തന്നെ വടക്കേൽ കുടുംബത്തിൽ വിവാഹം കഴിപ്പിച്ചു.
2. അന്ന, മാറിടം കരയിൽത്തന്നെ ചെറച്ചാത്തൂർ കുടുംബത്തിൽ വിവാഹം കഴിപ്പിച്ചു.

## അദ്ധ്യായം 3

### ഒന്നാം ശാഖ

### കളത്തനാനിക്കൽ ഔസേപ്പ് അന്ന

ശ്രീമാൻ ഔസേപ്പ് വയലാ കരയിൽ ഞരളപ്പുഴ പാറയ്ക്കടുത്തുള്ള എമ്പ്രാപുറത്ത് അന്നയെ വിവാഹം കഴിച്ചു. അക്കാലത്തു പുതുവയലായിരുന്നതും കടപ്ലാമറ്റം പള്ളിക്കു തൊട്ടടുത്തുള്ളതുമായ കളത്തനാനിക്കൽ ചേരിക്കലിലേക്ക് അദ്ദേഹത്തെ പിതാവായ ഈപ്പൻ മാറ്റിപ്പാർപ്പിച്ചു. കടപ്ലാമറ്റം പള്ളിയുടെ പുനരുത്ഥാന കാലമായിരുന്നതിനാൽ അതിന്റെ സംരക്ഷണത്തിനു കൂടിയാണ് തന്റേടിയായിരുന്ന മൂത്തമകൻ ഔസേപ്പിനെ ഈപ്പൻ കാരണവർ കളത്തനാനിക്കലേക്കു മാറ്റിത്താമസിപ്പിച്ചത്.

ഔസേപ്പിന് ആൺമക്കൾ ഉണ്ടായില്ല. മറിയം എന്ന പേരിൽ ഒരു മകൾമാത്രം. മറിയത്തിനെ മരങ്ങാട്ടുപള്ളി കരയിൽ ചാമോലിൽ ഔസേപ്പിനെക്കൊണ്ടു കല്യാണം കഴിപ്പിച്ചു ദത്തുനിർത്തി. അവർക്കും ആൺസന്താനം ഉണ്ടായില്ല. രണ്ടു പെൺകുട്ടികൾ മറിയാമ്മ, ഏലി. മറിയാമ്മയെ കളത്തൂർകാരൻ തോമാ കല്യാണം കഴിച്ചു. അവർക്കു പൈലോ എന്നൊരു മകൻ ഉണ്ടായി. പൈലോച്ചൻ കല്യാണം കഴിച്ച് കുടുംബസമേതം കങ്ങഴെ താമസിക്കുന്നു. കൃഷികാര്യങ്ങൾക്കു പുറമെ സമർത്ഥനായ ഒരു ബ്രോക്കർകൂടിയാണ് പൈലോച്ചൻ. മക്കൾ നല്ല വിദ്യാഭ്യാസമുള്ളവരുമാണ്.

രണ്ടാമത്തവൾ ഏലിയെ തെക്കേക്കുറ്റു മത്തായി (കടപ്ലാമറ്റം കപ്യാർ) കല്യാണം കഴിച്ചു. അവർക്ക് വർക്കി, ചാക്കോ എന്നു രണ്ടാൺമക്കളും, മാമ്മി, കുഞ്ഞുപെണ്ണ് എന്ന് രണ്ടു പെൺമക്കളും ഉണ്ടായി.

വർക്കി കടപ്ലാമറ്റത്തുനിന്നു മറ്റക്കരയ്ക്കു കുടികയറിപ്പാർത്തു. നല്ല കൃഷിക്കാരനാണ്.

കുഞ്ഞാക്കോ കടപ്ലാമറ്റം ഗവൺമെന്റ് ആശുപത്രിയിൽ പ്യൂൺജോലിയിൽ പ്രവേശിക്കയും കടപ്ലാമറ്റത്തുതന്നെ താമസിക്കയും ചെയ്തു. പെൻഷൻ പറ്റിയപ്പോൾ സ്ഥലം വിറ്റ് വയലാകരയിൽ, നാലൊന്നുകാട്ടിൽ പുരയിടം വാങ്ങി കുടികയറി താമസിക്കുന്നു.

അവിടെവച്ച് ഏകമകൻ മരിച്ചുപോയി. കൊച്ചുമക്കളുമൊത്ത് കുഞ്ഞാക്കോയും ഭാര്യയും വസിക്കുന്നു.

തെക്കേക്കുറ്റു മത്തായിയുടെ പെൺമക്കളിൽ മാമ്മിയെ മരങ്ങാട്ടുപള്ളി ഇടവക മേനാമ്പുറത്ത് മത്തായി കല്യാണം കഴിച്ചു. അവർക്ക് പാപ്പച്ചൻ (മത്തായി) ചാക്കോച്ചൻ എന്ന് രണ്ട് ആൺമക്കൾ ഉണ്ടായി. പാപ്പച്ചൻ (മത്തായി) കടപ്ലാമറ്റത്ത് എടവത്തൊട്ടി പുരയിടത്തിൽ താമസിക്കുന്നു. കടപ്ലാമറ്റം സെന്റ് ആന്റണീസ് ഹൈസ്ക്കൂളിൽ പ്യൂൺ ജോലിയാണ്.

പാപ്പച്ചന്റെ ഏക സഹോദരൻ ചാക്കോച്ചൻ കടപ്ലാമറ്റത്ത് ആനകുഴിച്ചിട്ടമറ്റത്തിൽ താമസിക്കുന്നു. കടപ്ലാമറ്റത്തുതന്നെ വ്യാപാരിയുമാണ്.

തെക്കേക്കുറ്റു മത്തായിയുടെ രണ്ടാമത്തെ മകൾ കുഞ്ഞുപെണ്ണിനെ, കടപ്ലാമറ്റം പള്ളി ഇടവക പള്ളിപറമ്പേൽ കോര കല്യാണം കഴിച്ചു. അവർക്കു മൂന്ന് ആൺമക്കളും മൂന്നു പെൺമക്കളുമുണ്ട്. കോര മദ്ധ്യപ്രായത്തിൽ മരിച്ചുപോയി. ആൺമക്കളിൽ ഒരാൾ കടപ്ലാമറ്റത്തും മറ്റുള്ളവർ മലബാറിലും കുടിപാർക്കുന്നു.

(സമാപം)

അദ്ധ്യായം 4

## രണ്ടാം ശാഖ

## തെക്കേനെല്ലിക്കുന്നേൽ വർക്കി

അദ്ദേഹം പൈങ്ങളം തെക്കുംമുറിക്കരയിൽ ജീരകത്ത് അന്നയെ കല്യാണം കഴിച്ചു. ഇവർക്ക് ഏഴ് ആൺമക്കളും ഒരു പെൺകുട്ടിയും ഉണ്ടായിരുന്നു.

A. മക്കളിൽ ഒന്നാമൻ പനച്ചകം കരോട്ടുമലേൽ ഔസേപ്പ്

കൂടല്ലൂർകരയിൽ കാഞ്ഞിരത്തുംമൂട്ടിൽ മറിയത്തിനെ വിവാഹം കഴിച്ചു. അവർക്ക് ദേവസ്യ എന്നൊരു പുത്രനും റോസ, മറിയം എന്ന രണ്ടു പെൺമക്കളുമുണ്ടായി. ദേവസ്യാ കുടക്കച്ചിറപ്പള്ളി ഇടവകയി നിന്ന് ഉണ്ണിക്കുന്നേൽ മറിയത്തിനെ വിവാഹം കഴിച്ചു. അവർക്ക് വർക്കി. ഔസേപ്പ്, കുട്ടി എന്ന് മൂന്നാൺമക്കളും മൂന്നു പെൺമക്കളും ഉണ്ടായി. അവർ ജീവിതസൗകര്യം മുൻനിർത്തി സ്ഥലം വിറ്റ് തൊടുപുഴയ്ക്കു കുടിയേറിപ്പാർത്തു. കുറെക്കാലം കഴിഞ്ഞ് അവിടുത്തെ ഒരു പ്രബലകുടുംബക്കാരായ കുരുവിനാക്കുന്നേൽക്കാരുമായി വസ്തു തർക്കം ഉണ്ടാകയാൽ അവിടെനിന്നു സ്ഥലംവിറ്റ് മലബാറിൽ ഇരുട്ടിയിൽ താമസമാക്കി. ഇപ്പോഴും മക്കൾ അവിടെത്തന്നെ പാർക്കുന്നു. ദേവസ്യാ സംഗീതവാസനയുള്ളവനും വൈദ്യനുമായിരുന്നു. വെടിവെയ്പ്പിലും താത്പര്യമുണ്ടായിരുന്നു. മക്കൾ എല്ലാവരുംതന്നെ നല്ല കൃഷിക്കാരാണ്. മക്കളിൽ റോസയെ ചേനപ്പാടിയിലും മറിയത്തെ കുടകനാടിയിലും വിവാഹം കഴിച്ചു.

B. രണ്ടാമൻ പെരികലത്തിൽ ദത്തുപോയി താമസമാക്കിയ അബ്രാഹമായിരുന്നു. അദ്ദേഹത്തിന് ആൺമക്കൾ ഉണ്ടായില്ല. ഏലി എന്നൊരു മകൾമാത്രം ഉണ്ടായി. അവൾക്കും ആൺമക്കൾ ഉണ്ടായില്ല. ദത്തുവഴിക്കാർ തുടരുന്നു.

C. മൂന്നാമൻ പനച്ചകം പുരയിടത്തിൽ താമസമാക്കിയത് വറുഗീസ്സായിരുന്നു. വിവാഹം കഴിച്ചിരുന്നത് കാഞ്ഞിരമറ്റം കരയിൽ പാറശ്ശേരിൽ അന്നയെയാണ്. ഔസേപ്പ്, കുഞ്ചെറിയാ, കുഞ്ഞുവർക്കി എന്നു മൂന്നാൺമക്കൾ ഉണ്ടായി.

1) അതിൽ ഒന്നാമൻ ഔസേപ്പ് കളത്തൂർക്കരയിൽ കളപ്പുരയ്ക്കൽ കൊച്ചേലിയെ വിവാഹം കഴിച്ചു. പനച്ചകം കുളിരാനിയിൽ പാർത്തു. ഔസേപ്പിന് കുഞ്ഞുമത്തായി, കുഞ്ഞുവർക്കി എന്ന് രണ്ടാൺമക്കളും കൊച്ചുപെണ്ണ്, മാമ്മി എന്നു രണ്ടു പെൺമക്കളും ഉണ്ടായി. ഔസേപ്പ്, മരത്തിൽനിന്നു മുളകു പറിക്കുമ്പോൾ വീണു

നട്ടെല്ലിന് ഒടിവു പറ്റി. ഏതാണ്ട് പതിമൂന്നു വർഷം കിടപ്പിലായിരുന്ന ശേഷം മരിച്ചു. പിതാവിന്റെ മരണശേഷം മക്കൾ മലബാറിൽ എടൂരിൽ താമസമാക്കി. അവിടെനിന്നും കുഞ്ഞുവർക്കി മണക്കടവിൽ താമസമാക്കി. കുഞ്ഞുവർക്കി വിവാഹം കഴിച്ചത് കൂടല്ലൂർ കരയിൽ തെക്കേത്തൊട്ടിയിൽ അന്നയെയാണ്. എടൂരിൽ താമസമാക്കിയ മത്തായിയുടെ മകനാണ് ഫാദർ ജോസ് കുളിരാനി. ഫാ. ജോസ് കുളിരാനിയുടെ മാതാവ് വയലാകരയിൽ കണിയാരവേലിക്കൽ അന്നയാണ്.

**ഫാ. ജോസ് കുളിരാനി**

ഫാ. ജോസ് കുളിരാനി എടൂർ ഹൈസ്കൂളിൽനിന്ന് എസ്.എസ്. എൽ.സി. പാസ്സായി തലശ്ശേരി മൈനർ സെമിനാരിയിലും മംഗലപ്പുഴ മേജർ സെമിനാരിയിലുമായി വൈദികപഠനം പൂർത്തിയായി. 1969–ൽ വൈദികപട്ടം സ്വീകരിക്കുകയും എടൂരുള്ള ഇടവകപ്പള്ളിയിൽ നവപൂജ അർപ്പിക്കുകയും ചെയ്തു. മാനന്തവാടി രൂപതയിൽപ്പെട്ട നടവയൽ, തലശ്ശേരി രൂപതയിൽപ്പെട്ട ജഡിക്കൽ, കബനിഗിരി എന്നീ പള്ളികളിൽ സേവനമനുഷ്ഠിച്ചശേഷം ഇപ്പോൾ കർണ്ണാടകയിൽ ചിക്ക് മാംഗ്ലൂർ ജില്ലയിലുള്ള നരസിംഹരാജപുരത്ത് വികാരിയായി സേവനം ചെയ്യുന്നു. അദ്ദേഹത്തിന്റെ സഹോദരിമാരിൽ രണ്ടുപേർ സിസ്റ്റേഴ്സാണ്. മൂത്തവൾ സി. ആൻമേഴ്സിയും ഇളയവൾ സി. ബറ്റീനയുമാണ്. ഇവരെ കൂടാതെ മത്തായിക്ക് ഒരു മകനും ഒരു മകളുംകൂടിയുണ്ട്. മത്തായിയുടെയും വർക്കിയുടെയും മാതാവ് 100 വയസ്സായ ഔസേപ്പ് അന്ന ഇപ്പോഴും ആരോഗ്യവതിയായി ജീവിച്ചിരിക്കുന്നു.

2) കുഞ്ഞേറിയ – കുമ്മണ്ണൂർകരയിൽ മൂഴിക്കൽനിന്നു കല്യാണം കഴിച്ചു. ദീർഘകാലം രോഗിയായിക്കിടന്നു. മക്കളില്ലാതെ മരിച്ചു.

3) കുഞ്ഞുവർക്കി – നടുവിലേടത്ത് ഏലിയെ വിവാഹം കഴിച്ചു. അദ്ദേഹവും മക്കളില്ലാതെ മരിച്ചു.

ആദ്യഭാര്യ മരിച്ചുപോയതിനാൽ വറുഗീസ് വയലാക്കരയിൽ കുഴിവേലിൽ ഏലിയെ രണ്ടാം കല്യാണം കഴിച്ചു. അതിൽ കുഞ്ഞു കൊച്ച്, കുഞ്ഞാക്കോ, മാത്തച്ചൻ എന്നീ മൂന്നാൺ മക്കളും കൊച്ചു പെണ്ണ്, റോസ്, മാമ്മി എന്നീ മൂന്നു പെൺമക്കളും ഉണ്ടായി.

i) കുഞ്ഞുകൊച്ച് – കുടക്കച്ചിറ പ്ലാശനാൽനിന്നു കത്രിനയെ കല്യാണം കഴിച്ചു. കുഞ്ഞ്, കുഞ്ഞേപ്പ്, പാപ്പച്ചൻ എന്ന് മൂന്നാൺമക്കളും പെണ്ണ്, കത്രിക്കുട്ടി എന്ന് രണ്ടു പെൺമക്കളും ഉണ്ടായി. കുഞ്ഞന്ന

കൊച്ച് ഏതാണ്ട് മദ്ധ്യപ്രായത്തിൽതന്നെ മരിച്ചുപോയി. സ്ഥലംവിറ്റ് മലബാറിൽ പുല്പള്ളി ഭാഗത്തു കുടിയേറിപ്പാർക്കുന്നു.

കുഞ്ഞ് (വർക്കി) – ചിറ്റാർ പള്ളി ഇടവക കുര്യത്തുകിഴക്കേതിൽ കുര്യന്റെ മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഈ വിവാഹത്തിൽ ഈ ദമ്പതികൾക്ക് വർക്കിച്ചൻ എന്ന ഒരു മകനുണ്ടായി. സാമാന്യ വിദ്യാഭ്യാസത്തിനുശേഷം വർക്കിച്ചൻ ചേർപ്പുങ്കൽ പള്ളി ഇടവകാംഗ മായ കലേക്കാട്ടിൽ മേരിയെ വിവാഹം കഴിച്ചു. പിതാവായ വർക്കിയും വർക്കിച്ചനും ഇപ്പോൾ പുല്പള്ളിൽ താമസിക്കുന്നു.

ആദ്യഭാര്യ മഞ്ഞപ്പിത്തരോഗത്താൽ ചരമം പ്രാപിക്കയാൽ കുഞ്ഞ് (വർക്കി) ചെങ്ങളം പള്ളി ഇടവക പുതുപ്പള്ളിൽ വർക്കി മകൾ ഏലികുട്ടിയെ പുനർവിവാഹം നടത്തി. ഈ വിവാഹത്തിൽ ബേബി (മാത്യു), ജോസ്, ജേക്കബ്, സജി (തോമസ്) എന്ന് നാല് ആൺമക്ക ളും വത്സമ്മ, മേഴ്സി, ഷിജി എന്നു മൂന്നു പെൺകുട്ടികളും ഉണ്ടായി ഇവരിൽ ബേബി, ജോസ്, തോമസ് എന്നിവർക്ക് ഹൈസ്കൂൾ വിദ്യഭ്യാസവും ജേക്കബിന് ബി.എ. ഡിഗ്രിയുമുണ്ട്.

കുഞ്ഞേപ്പ് – മരങ്ങാട്ടുപിള്ളി ഇടവക എങ്കിൽ മത്തന്റെ മകൾ മറിയത്തിനെ വിവാഹം കഴിച്ചു. ഒരു പെൺകുട്ടി ഉണ്ടായപ്പോൾ കുഞ്ഞപ്പ് ഇളംപ്രായത്തിൽ ചരമം പ്രാപിച്ചു.

പാപ്പച്ചൻ – സ്കൂളിൽ പഠിച്ചുകൊണ്ടിരുന്ന പ്രായത്തിൽ മരിച്ചുപോയി

കുഞ്ഞിന്റെ സഹോദരിമാരിൽ കുഞ്ഞുപെണ്ണിനെ ചേർപ്പുങ്കൽ പള്ളി ഇടവക ചെമ്പിളാവ് മഠത്തിൽ ദേവസ്യായുടെ മകൻ തോമസ് വിവാഹം കഴിച്ചു.

കത്രിക്കുട്ടിയെ പൈങ്ങളം പള്ളി ഇടവകയിൽ മുല്ലമംഗലത്ത് പാപ്പന്റെ മകൻ സെബാസ്റ്റ്യൻ വിവാഹം കഴിച്ചു. ഇപ്പോൾ മലബാറിൽ ചിറ്റാരിക്കാൽ ഭാഗത്തു കുടിയേറിപ്പാർക്കുന്നു.

ii) കുഞ്ഞാക്കൊ – മരങ്ങാട്ടുപള്ളി കരയിൽ വലിയമ്യാലിൽ മറിയാമ്മയെ കല്യാണം കഴിച്ചു. അന്തോണി, പാപ്പച്ചൻ, മത്തച്ചൻ, ഐപ്പ് എന്നിങ്ങനെ നാലാൺമക്കളും ഏലിക്കുട്ടി, മാമ്മി എന്നിങ്ങനെ രണ്ടു പെൺമക്കളും അവർക്കുണ്ടായിരുന്നു. പനച്ചകം പുരയിടത്തിൽ താമസിച്ചിരുന്ന കുഞ്ഞാക്കൊ, സ്ഥലം നെല്ലിക്കുന്നുകാർക്കു വിറ്റ് മലബാറിൽ കിളിയന്തറ ഭാഗത്തു താമസമാക്കി. മക്കൾ ഇപ്പോഴും അവിടെത്തന്നെ പാർക്കുന്നു.

iii) മത്തച്ചൻ ആദ്യം കല്യാണം കഴിച്ചിരുന്നത് തറപ്പേൽ

പാപ്പച്ചന്റെ പെങ്ങൾ മറിയാമ്മയെ ആയിരുന്നു. അതിൽ പാപ്പു എന്നൊരു മകനും ഏലിക്കുട്ടി എന്നൊരു മകളുമുണ്ട്. ഇരുവരും മലബാറിൽ താമസം. ആദ്യഭാര്യ മരിച്ചുപോയതിനാൽ മത്തച്ചൻ മറ്റക്കര വട്ടമറ്റ നിൽ അന്നമ്മയെ പുനർവിവാഹം കഴിച്ചു. അതിൽ മാത്യു എന്നൊരു മകനുണ്ട്. മത്തച്ചനും മലബാറിൽ കുടിയേറിയെങ്കിലും അവസാനം പ്ലാമറ്റത്തുനിന്നു തിരിച്ചുവന്ന് മാത്യുവിന്റെ സംരക്ഷണയിൽ കഴിയുകയും ക്യാൻസർ രോഗത്താൽ മരിക്കുകയും ചെയ്തു. മാത്യു കടപ്ലാമറ്റത്ത് ഒരു വ്യാപാരിയാണ്. മറ്റക്കരപ്പള്ളി ഇടവക പ്ലാക്കുഴിയിൽ അബ്രാഹത്തിന്റെ മകൾ ത്രേസ്യാമ്മയെ കല്യാണം കഴിച്ച് മറ്റക്കരയിൽ താമസമാക്കി.

വറുഗീസ് കാരണവരുടെ രണ്ടാം വിവാഹത്തിലെ പെൺമക്കളിൽ മൂത്തവളായ കൊച്ചുപെണ്ണിനെ മാറിടം കരയിൽ അരുമായിൽ മാണി വിവാഹം കഴിച്ചു. രണ്ടാമത്തവൾ റോസയെ മരങ്ങാട്ടുപള്ളിയിൽ പട്ടിയാശ്ശേരിൽ ഫ്രഞ്ചി വിവാഹം കഴിച്ചു. മൂന്നാമത്തവൾ മാമ്മിയെ ചേർപ്പുങ്കൽ ആണ്ടുത്താഴെ കുടുംബത്തിൽ മത്തായി കല്യാണം കഴിച്ചു.

D. നാലാമൻ തടത്തിൽ കുര്യാക്കോ – വലവൂർക്കരയിൽ കോയിക്കാട്ടിൽനിന്ന് അന്നയെ വിവാഹം കഴിച്ചു. അവർക്ക് ഒരു മകനും ഒരു മകളും ഉണ്ടായി. മകൻ വർക്കി കുമ്മണ്ണൂർ കരയിൽ കോട്ടയിൽനിന്നു കൊച്ചേലിയെ കല്യാണം കഴിച്ചു. ഏകമകൻ കുര്യാക്കോ പാപ്പച്ചൻ) കാണേക്കാട്ടിൽനിന്നും കുഞ്ഞേലിയെ വിവാഹം കഴിച്ചു. മാതാപിതാക്കളുടെ മരണശേഷം കടപ്ലാമറ്റത്തുനിന്നു സ്ഥലംവിറ്റ് പാപ്പൻ മലബാറിൽ കാഞ്ഞങ്ങാട്ട് കുടിയേറിപ്പാർത്തു.

കാരണവർ കുര്യാക്കോയുടെ ഏക മകളെ മരങ്ങാട്ടുപള്ളിയിൽ പൂതക്കാട്ടിൽ കുഞ്ഞുമത്തൻ കല്യാണം കഴിച്ചു.

E. അഞ്ചാമൻ വെച്ചുകട്ടിയേൽ പൊൻപാറക്കൽ തൊമ്മൻ രങ്ങാട്ടുപള്ളിക്കരയിൽ മരുതൂർ മറിയത്തിനെ കല്യാണം കഴിച്ചു. രണ്ടാൺ മക്കൾ ഉണ്ടായി. മൂത്തമകൻ വർക്കി കോതനല്ലൂർ പള്ളിക്കു സമീപത്ത് മൈലപ്പറമ്പിൽനിന്നു കല്യാണം കഴിച്ചു ദത്തുപോയി. വർക്കിയും ഭാര്യയും മരിച്ചുപോയി. മക്കൾ നല്ലനിലയിൽ കഴിയുന്നു. രണ്ടാമത്തെ മകൻ തൊമ്മൻ വച്ചുകട്ടിയേൽ പൊൻപാറക്കൽ തറവാട്ടിൽ തന്നെ താമസിച്ചിരുന്നു. വിവാഹം കഴിച്ചിരുന്നത് ചിറ്റാരക്കരയിൽ അന്നയെ ആണ്. അവർക്ക് മൂന്നാൺമക്കളും ഒരു മകളും ഉണ്ടായി. തൊമ്മൻ വസ്തുക്കൾ കുളിരാനിയിൽ കുര്യാക്കോ ജോസഫിനു വിറ്റ് കട്ടപ്പനയ്ക്കു മാറിത്താമസിച്ചു. കുറെ വർഷങ്ങൾക്കുശേഷം അവിടെ

നിന്നും വിറ്റ് തിരുവിതാംകൂർ ഭാഗത്ത് വെള്ളത്തൂവലിലും ഇടുക്കിയിലുമായി സ്ഥലമെടുത്തു. തൊമ്മനും ഭാര്യയും മരിച്ചുപോയി. മക്കൾ സുസ്ഥിതിയിൽ കഴിയുന്നു.

F. ആറാമൻ കുളിരാനിയിൽ മത്തായി – കുരുവിനാൽനിന്നും വെമ്പാലവീട്ടിൽ ഏലിയെ വിവാഹം കഴിച്ചു. വർക്കി, തൊമ്മൻ എന്ന് രണ്ടാൺമക്കളും കൊചേലി, കുഞ്ഞുപെണ്ണ്, മറിയാമ്മ എന്ന് മൂന്നു പെൺമക്കളും ഉണ്ടായിരുന്നു.

1) വർക്കി വിവാഹം കഴിച്ചിരുന്നത് മരങ്ങാട്ടുപള്ളി ഇടവക കവളനാൽ വീട്ടിൽ കുഞ്ഞേലിയെയാണ്. അവർക്ക് മത്തച്ചൻ, അവിരാച്ചൻ, കുഞ്ഞുലോനൻ (ഫാ. ജോൺ പീറ്റർ) കുഞ്ഞേപ്പ് എന്ന് നാല് ആൺമക്കളും മറിയം, ത്രേസ്യാമ്മ, കത്രി, റോസമ്മ എന്നു നാലു പെൺമക്കളുമുണ്ടായി. ശ്രീമാൻ വർക്കി, കൂട്ടുകാരൻ പാലാന്തട്ടേൽ ദേവസ്യായുമൊത്ത് ഫിഡിൽ വായനയോടുകൂടി ദീർഘനാൾ കടപ്ലാമറ്റം പള്ളിയിൽ പാട്ടുകാരനായി ദിവ്യബലിയിൽ സഹായിച്ചിട്ടുണ്ട്. 1981 മാർച്ച് 8–ാം തീയതി പരേതനായി.

i. മൂത്തമകൻ മത്തച്ചൻ മരങ്ങാട്ടുപള്ളി ഇടവക തെക്കേൽ കുടുംബത്തിൽ അന്നയെ കല്യാണം കഴിച്ചു. അവർ മലബാറിൽ തൃശ്ശിലേരിയിൽ കുടിയേറിപ്പാർത്തു. അവർക്ക് വറുഗീസ്, തോമസ്സ്, മാത്യു, ജോസഫ് എന്ന് നാല് ആൺമക്കളും രണ്ടു പെൺമക്കളുമുണ്ട്. ഇതിൽ മാത്യു B.A., B.Ed പാസ്സായി അവിടെ അദ്ധ്യാപകനാണ്. ഒരു മകൾ സെന്റ്. ആൻസ് മിഷനറി സിസ്റ്റേഴ്സിൽ ചേർന്ന് സി. മോനിക്ക എന്ന പേരിൽ അറിയപ്പെടുന്നു.

ii. അവിരാച്ചൻ – കളത്തൂർകരയിൽ ഒഴക്കനാട്ടു വർക്കിയുടെ മകൾ റോസയെ കല്യാണം കഴിച്ചു. അവരും മലബാറിൽ തൃശ്ശിലേരിയിൽ താമസമാക്കി. ഇവർക്ക് വറുഗീസ്, ജോസഫ് എന്ന് രണ്ടാൺ മക്കളും മൂന്നു പെൺമക്കളുമുണ്ട്. വറുഗീസും ജോസഫും എസ്.എസ്.എൽ.സി പാസ്സായി. പെൺമക്കളിൽ എലിക്കുട്ടി നഴ്സായി സൗദി അറേബ്യയിൽ ജോലി നോക്കുന്നു. മറ്റു രണ്ടുപേരും വിവാഹിതരാണ്.

iii. ഫാ. ജോൺ പീറ്റർ

കുഞ്ഞലോനൻ – (ഫാ. ജോൺ പീറ്റർ) പ്രൈമറി, മിഡിൽ വിദ്യാഭ്യാസം കടപ്ലാമറ്റത്തു പൂർത്തിയാക്കി ഗബ്രിയേൽ ബ്രദർ സഭയിൽ ചേർന്നു. മദ്രാസ് ലയോള കോളജിൽനിന്നും ബി.എ. ഡിഗ്രിയെടുത്തു. സഭയിൽ പറഞ്ഞൊപ്പുകൾ പൂർത്തിയാക്കി. കുരൂരിൽ സെന്റ് ആന്റണീസ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി സേവനമനുഷ്ഠിച്ചു വരവെ

ഊട്ടി രൂപതയിൽ ചേർന്ന് വൈദികപഠനം നടത്തി. ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷൻ ഡോ. ആന്റണി പടിയറ തിരുമേനിയിൽനിന്ന് കുർബാനപ്പട്ടം സ്വീകരിച്ച് ഫാ. ജോൺ പീറ്ററായി 1970–ൽ കടപ്ലാമറ്റത്തു നവപൂജ അർപ്പിക്കുകയും ചെയ്തു. ഊട്ടി സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചുവരവേ 1984–ൽ റിട്ടയർ ചെയ്തു. ഇപ്പോൾ അവിടെ സെന്റ് മേരീസ് പള്ളി വികാരിയായി സേവനം തുടരുന്നു.

vi. കുഞ്ഞേപ്പ് (ജോസഫ്) – മറ്റക്കര ഈയലേൽ ജോസഫ് മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. അവർക്ക് ആറ് ആൺമക്കളും ഒരു പെണ്ണും ഉണ്ട്. മകൾ ആലീസ് പാലാ അൽഫോൻസാ കോളേജിൽനിന്നും പി.ഡി.സി. ഫസ്റ്റ് ക്ലാസിൽ പാസ്സായശേഷം കോഴിക്കോട് മേരിക്കുന്നു ഹോസ്പിറ്റലിൽനിന്നു നഴ്സിംഗ് ഫസ്റ്റ് ക്ലാസിൽ പാസ്സായി ഇപ്പോൾ സൗദി അറേബ്യയിൽ ജോലി നോക്കുന്നു. ആൺമക്കളിൽ മൂത്തവനായ ജോർജ്ജ് മുട്ടുചിറയിൽ പുഞ്ചയിൽനിന്നു വറുഗീസ് മകൾ റോസമ്മയെ വിവാഹം കഴിച്ചു. ജോർജ്ജ് ഉഴവൂർ കോളജിൽനിന്നു പി.ഡി.സി. പാസ്സായിട്ടുണ്ട്. മറ്റ് ഇളയവർ ജോസ്, ജോണി, ബെന്നി, ബാബു, ടോമി എന്നിവരാണ്. ബെന്നിയും ബാബുവും സെന്റ് തോമസ് കോളജിൽ ഡിഗ്രിക്കും ഇളയവനായ ടോമി ഉഴവൂർ കോളജിൽ പി.ഡി.സിക്കും പഠിക്കുന്നു. ബാബു ഇപ്പോൾ സെന്റ് തോമസ്സ് മിഷനറി സൊസൈറ്റിയിൽ ചേർന്ന് വൈദികപഠനം നടത്തുന്നു. വർക്കി കാരണവരുടെ പെൺമക്കളിൽ മൂത്തവളായ മറിയം അവിവാഹിതയാണ്. ത്രേസ്യാമ്മയെ അയർക്കുന്നത്ത് (പുന്നത്തറ) വാതല്ലൂർ ചെറിയാൻ വിവാഹം കഴിച്ചു. ഇവർ ഇപ്പോൾ മലബാറിൽ നീലേശ്വരം അടുത്തുള്ള മണ്ടപത്തു താമസിക്കുന്നു. കത്രിയെ നെടുംപുഴ തുരുത്തിമറ്റത്തിൽ സൈമൺ (ആയുർവേദ കമ്പൗണ്ടർ) വിവാഹം കഴിച്ചു. കത്രിക്കു നല്ല സംഗീതവാസനയുണ്ട്. ഇപ്പോൾ മലബാറിൽ പുൽപ്പള്ളി ഭാഗത്തു താമസിക്കുന്നു. റോസമ്മയെ ചക്കാമ്പുഴ പുന്നത്താനത്തു ദാനി വിവാഹം കഴിച്ചിരിക്കുന്നു.

2. മത്തായി കാരണവരുടെ രണ്ടാമത്തെ മകൻ തൊമ്മൻ വിവാഹം കഴിച്ചത് ചിറ്റാമകരയിൽ ചാലിൽ ഏലിയെയാണ്. ഇവർ കടപ്ലാമറ്റത്തുനിന്നു മലബാറിൽ ചെമ്പേരിയിൽ കുടിയേറി പാർത്തു. അവർക്ക് കുഞ്ഞൂട്ടി, കുഞ്ഞാഗസ്തി, വർക്കിയച്ചൻ, ജോസ് എന്ന് നാല് ആൺമക്കളും മേരി, റീത്ത എന്ന് രണ്ടു പെൺമക്കളുമുണ്ട്.

i. കുഞ്ഞൂട്ടി കുറുവനാൽ കരയിൽ പരത്തനാൽ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. അവർക്ക് തോമ്മാച്ചൻ. ബെന്നി, സജി എന്ന് മൂന്നാൺമക്കളും ഏലി, അന്ന, മറിയം, കൊച്ചുറാണി, റീത്താമ്മ എന്ന

അഞ്ചുപെൺമക്കളുമുണ്ട്. രണ്ടാമത്തെ മകളായ അന്ന സന്ന്യാസി നിയായി (സി. ആനി). കുഞ്ഞൂട്ടി മദ്ധ്യപ്രായത്തിൽ മരിച്ചുപോയി.

ii. കുഞ്ഞാഗസ്തി – മലബാറിൽ മണ്ണാർക്കാട് കുന്നത്ത് ഏലി വിവാഹം കഴിച്ചു. ടോമി, സണ്ണി, സിറിയക്ക്, ആഗസ്തി എന്ന ആൺമക്കളും ഗ്രേസ്സി, വത്സ എന്ന് രണ്ടുപെൺമക്കളുമുണ്ട്. ടോമി സെന്റ് തോമസ് മിഷനറി സൊസൈറ്റിയിൽ ചേർന്ന് കോട്ടയം വടവാതൂർ സെമിനാരിയിൽ വൈദികപഠനം നടത്തുന്നു.

iii. വർക്കിയച്ചൻ കിളിയന്തറ പുത്തൻപുരയ്ക്കൽ മേരിയെ വിവാഹം കഴിച്ചു. ബിനു എന്ന ഒരു പെൺകുട്ടിയും വിനോദ്, ഔസേപ്പ് എന്ന് രണ്ടാൺകുട്ടികളും ഉണ്ട്.

iv. ജോസ് വിവാഹം കഴിച്ചത് ആലക്കോട് പുത്തൻപുരയ്ക്കൽ മേരിയെയാണ്. അവർക്ക് ബിനു, ബിജു, ഷിബു, ഷിനോ എന്ന നാലാൺമക്കൾ ഉണ്ട്.

തൊമ്മന്റെ പെൺമക്കളിൽ മേരിയെ ചെമ്പേരിയിൽ തെങ്ങനക്കുന്നേൽ ജോർജ്ജ് B.Sc. B.Ed വിവാഹം കഴിച്ചു. റീത്തായെ പുൽക്കറുമ്പുകൊല്ലിയിൽ ചാക്കോച്ചൻ വിവാഹം കഴിച്ചു.

മത്തായി കാരണവരുടെ മൂത്തമകൾ കൊച്ചേലിയെ അതിരമ്പുഴ തോട്ടപ്പള്ളിയിൽ തൊമ്മൻ വിവാഹം കഴിച്ചു. അധികകാലം കഴിയുന്നതിനുമുൻപ് അവർ സ്ഥലംവിറ്റ് കടപ്ലാമറ്റത്തുനിന്ന് കുന്നുക്കൽ പാറയ്ക്കു സമീപം പച്ചപ്പാളിയിൽ സ്ഥലംവാങ്ങി താമസമാക്കി പാപ്പച്ചൻ, കുഞ്ഞൂട്ടി എന്നു രണ്ടാൺമക്കളും, കൊച്ചേലി, ത്രേസ്യാമ്മ എന്നു രണ്ടു പെൺമക്കളും ഉണ്ട്. അവരിൽ പാപ്പച്ചനും ത്രേസ്യാമ്മയും മലബാറിൽ കുടിയേറി. രണ്ടാമത്തെ മകൾ കൊച്ചുപെണ്ണിനെ പരിയാരമംഗലം കരയിൽ ആനിക്കുഴിക്കാട്ടിൽ ലൂക്കാ കല്യാണം കഴിച്ചു. ലൂക്കാച്ചൻ, തൊമ്മച്ചൻ, ജോസ്, മത്തായി എന്ന് നാലാൺമക്കൾ ഉണ്ടായി. അവരിൽ ലൂക്കാച്ചനും മത്തായിയും ദേവികുളത്ത് താമസമാക്കി. ലൂക്കാച്ചന്റെ 14 മക്കളിൽ 4 വൈദികരും രണ്ടു കന്യാസ്ത്രീകളുമുണ്ട്. തോമാച്ചന്റെ ഒരു മകൻ ടോമി 1983 ഡിസംബറിൽ നവപൂജ അർപ്പിച്ചു. അദ്ദേഹം സലേഷ്യൻ സഭാംഗമാണ്. മൂന്നാമത്തെ മകൾ മറിയാമ്മയെ പാലക്കാട്ടുമല കരയിൽ പറത്താനത്തു കല്യാണം കഴിച്ചു. രണ്ടാൺമക്കളും രണ്ടു പെൺമക്കളുമുണ്ട്. ആൺമക്കൾ രണ്ടുപേരും മലബാറിൽ ആലക്കോടിനു കുടിയേറി. പെൺമക്കളിൽ മൂത്തവളെ കുരുവിനാൽ പള്ളി ഇടവകയിലും നഴ്സായ രണ്ടാമത്തെ മകളെ ഒരു കോളജ് അദ്ധ്യാപകനും കല്യാണം കഴിച്ചു.

G. ഏഴാമൻ തെക്കേനെല്ലിക്കുന്നേൽ താമസിച്ച് ഉലഹന്നാൻ

വിവാഹം കഴിച്ചത് ചിറ്റാർ കരയിൽ ചാലിൽ എലിയെയാണ്. കൊച്ച്, (വർക്കി) കൊച്ചേപ്പ്, മത്തക്കുട്ടി, കുഞ്ഞാക്കൊ എന്ന് നാല് ആൺമക്കളും ഏലി എന്നൊരു പെണ്ണും ഉണ്ട്.

1. മൂത്തമകൻ വർക്കി മാറിടത്ത് പെണ്ണാപറമ്പിൽ ത്രേസ്യാമ്മയെ വിവാഹം കഴിച്ചു. കുട്ടി, വർക്കിച്ചൻ, ജോസഫ്, കുഞ്ഞ്, മാത്തുക്കുട്ടി എന്ന് നാല് ആൺമക്കളും മറിയക്കുട്ടി, റോസമ്മ, അന്നാമ്മ, ഏലിക്കുട്ടി എന്ന് നാല് പെൺകുട്ടികളുമുണ്ട്.

i. കുട്ടി എന്നറിയപ്പെടുന്ന ജോൺ തെക്കുംമുറിയിൽ തേവർ കുന്നേൽ ഏലിയെ വിവാഹം കഴിച്ചു. ബാബു, സിജു, മനോജ്, ദിലീപ് എന്ന് നാല് ആൺമക്കളും, ആനിയമ്മ, ജൈനമ്മ, സിൽവി, ദീപ, സിവിൾ, ഷെറിൻ എന്ന് 6 പെൺമക്കളുമുണ്ട്. പെൺമക്കളിൽ ആനിയമ്മ B.Sc, B.Ed അദ്ധ്യാപികയായി ഇടുക്കിയിൽ ജോലിനോക്കുന്നു. ജൈനമ്മ നഴ്സാണ്. ജോൺ കുടുംബസമേതം ഇടുക്കിയിൽ മരിയാപുരത്തു താമസിക്കുന്നു.

ii. വർക്കിച്ചൻ - കുണിഞ്ഞിയിൽ കൊച്ചുവാങ്കുന്നേൽ മേരിയെ വിവാഹം കഴിച്ചു. രാജി, സജീവ്, അജീഷ്, അനീഷ് എന്ന് നാല് ആൺകുട്ടികളും (ഇവരിൽ അനീഷും നിഷ എന്ന പെൺകുട്ടിയും ഇരട്ടയാണ്.) ഇവരും ഇടുക്കിയിൽ മരിയാപുരത്തു താമസമാണ്.

iii. ജോസഫ് - കൂടല്ലൂർ ഇടവക ഞാറ്റുകാലായിൽ മേരിയെ വിവാഹം കഴിച്ചു.

iv. കുഞ്ഞ് - മദ്രാസിൽ ഒരു Wood factory യിൽ ജോലിയാണ്. ഇവർക്ക് ഒരാൺകുട്ടിയും ഒരു പെൺകുട്ടിയുമുണ്ട്.

v. മാത്തുക്കുട്ടി - അതിരമ്പുഴ വെള്ളിമംഗലത്തു ചിന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ഷാലറ്റ്, ആൻസി എന്ന് രണ്ടു പെൺകുട്ടികളുണ്ട്.

വർക്കിയുടെ പെൺമക്കളിൽ മറിയക്കുട്ടിയെ അതിരമ്പുഴപള്ളിയിടവക പേന്മല പി.റ്റി. വരനായി കല്യാണം കഴിച്ചു. രണ്ടാമത്തെ മകൾ റോസമ്മ (മേരിയെ) വെട്ടിമുകൾ ഇടവക തേവറോലിയിൽ (അമ്പലത്തുരുത്തേൽ) വറുഗ്ഗീസ് കല്യാണം കഴിച്ചു. ഏലിക്കുട്ടിയും അന്നമ്മയും അവിവാഹിതരായി തറവാട്ടിൽ കഴിയുന്നു. ഇവരുടെ പിതാവായ കൊച്ച് (വർക്കി) 1974 മാർച്ച് 24-ാം തീയതി നിര്യാതനായി.

2. രണ്ടാമൻ കൊച്ചേപ്പ് - മരങ്ങാട്ടുപള്ളികരയിൽ കുന്നത്തുതറപ്പേൽ റോസ (മാമ്മി) യെ വിവാഹം കഴിച്ചു. അവർക്ക് രണ്ടാൺ മക്കളും ഏഴുപെൺമക്കളുമുണ്ട്.

i. കൊച്ചേപ്പിന്റെ മകൻ ജോൺ പാലക്കാട്ടുമല കുഴുമുള്ളിൽ ലീലാമ്മയെ വിവാഹം കഴിച്ചു. അവർക്ക് ബൈജു, ഷിജി, ഷിന എന്നു മൂന്നാൺമക്കളുണ്ട്.

ii. രണ്ടാമത്തെ മകൻ ജോർജ്ജ് വെട്ടിമുകൾ പള്ളിയിടവക പൂച്ചവാലേൽ മേരിയെ വിവാഹം ചെയ്തു. ജോർജ്ജ് കടപ്ലാമറ്റം പള്ളിക്കു വടക്കുവശം പടിഞ്ഞാറെ പറമ്പിൽ മാറിത്താമസിക്കുന്നു.

പെൺമക്കളിൽ മൂത്തവളായ ഏലിക്കുട്ടിയെ മരങ്ങാട്ടുപള്ളി എച്ചിപ്പുഴ (കൊച്ച്) വിവാഹം കഴിച്ചു. മറിയക്കുട്ടി എന്ന രണ്ടാമത്തെ മകൾ 14-ാമത്തെ വയസ്സിൽ മരിച്ചുപോയി. മൂന്നാമത്തവൾ ത്രേസ്യാമ്മയെ മരങ്ങാട്ടുപള്ളി ഇടവക കളത്തൂർ കുഞ്ഞേപ്പ് വിവാഹം കഴിച്ചു ഇപ്പോൾ ഇവർ കടപ്ലാമറ്റത്തു താമസിക്കുന്നു. നാലാമത്തവൾ റോസമ്മ ചുണങ്ങുംവേലി മഠത്തിൽ ചേർന്നു Sr. Stani എന്ന പേരിൽ അറിയപ്പെടുന്നു. തിരുവനന്തപുരം ശ്രീചിത്തിരായിൽ നഴ്സായി ജോലിനോക്കിയിട്ടുണ്ട്. ഇപ്പോൾ കോട്ടയം മെഡിക്കൽകോളജിൽ സേവനമനുഷ്ഠിക്കുന്നു. അഞ്ചാമത്തവൾ മറിയാമ്മയെ കൂടരഞ്ഞി ഇടവക പെണ്ണാപറമ്പിൽ മാത്യു വിവാഹം കഴിച്ചു. ആറാമത്തവൾ മേരിയെ മലബാറിൽ ചെമ്പേരിയിടവക കടുക്കുന്നേൽ തോമസ് വിവാഹം കഴിച്ചു. ഏഴാമത്തവൾ ജസി (ബർനർദിത്ത) സഹോദരിയോടൊപ്പം ചുണങ്ങുംവേലിമഠത്തിൽ ചേർന്ന് Sr. Ida (ഐഡാ) എന്ന പേരു സ്വീകരിച്ചു.

3. മൂന്നാമൻ മത്തക്കുട്ടി - പാറപ്പള്ളി ഭരണങ്ങാനത്തു വെട്ടത്തു വീട്ടിൽ മറിയമ്മയെ വിവാഹം കഴിച്ചു ദത്തുപോയി. എങ്കിലും കുറെ ക്കാലത്തിനുശേഷം പനച്ചകം പുരയിടം വാങ്ങി കടപ്ലാമറ്റത്തുതന്നെ താമസമാക്കി. മത്തക്കുട്ടിക്ക് ഏഴാൺമക്കളും ഒരു പെൺകുട്ടിയും ഉണ്ട്.

i. മൂത്തമകൻ പാപ്പച്ചൻ (ജോസഫ്) - രാമപുരത്തു ചെറുനില ത്തുവീട്ടിൽ ഏലിക്കുട്ടിയെ വിവാഹം കഴിച്ചു. അവർക്ക് ജോയി, ഔസേപ്പച്ചൻ, ബെന്നി, ജോൺസൺ, ബിനോയ് എന്ന് 5 ആൺമക്കളും വത്സമ്മ, മേരി എന്നു രണ്ടു പെൺമക്കളുമുണ്ട്.

ii. രണ്ടാമൻ വർക്കിയച്ചൻ - രാമപുരത്തു പുതിയടത്തുചാലിൽ വീട്ടിൽനിന്ന് അന്നക്കുട്ടിയെ കല്യാണം കഴിച്ചു. ബേബി, കുഞ്ഞു മാണി. തങ്കച്ചൻ, ജോജോ എന്നു നാലാൺമക്കളുണ്ട്.

iii. മൂന്നാമൻ കുട്ടിയച്ചൻ (ജോൺ) - അരുവിത്തുറപള്ളി ഇടവക ലീലാമ്മയെ (ഏലി) വിവാഹം കഴിച്ചു. ജാസ്മിൻ, സിമി, സീനു എന്നു മൂന്നുപെൺമക്കളുണ്ട്.

iv. നാലാമൻ അപ്പച്ചൻ (മാത്യു) – വയലായിൽ വലിയ വെള്ളാക്കൽ ഏലിയാമ്മയെ വിവാഹം കഴിച്ചു. അപ്പച്ചൻ B.Sc, HD C പാസ്സായി CoOperative Society സീനിയർ Inspector ആയി പാലായിൽ ജോലി നോക്കുന്നു. ഭാര്യ ഏലിയാമ്മ ഇപ്പോൾ കടപ്ലാമറ്റം ഗവ. ആശുപത്രിയിൽ ഹെഡ് നേഴ്സായി ജോലി നോക്കുന്നു. ടെൻസൺ എന്നൊരുമകനും, ടെൻസി, റ്റെനി എന്നു രണ്ടുപെൺമക്കളുമുണ്ട്.

v. അഞ്ചാമൻ ചാക്കോച്ചൻ – രാമപുരത്തുനിന്നു ലില്ലിയെ വിവാഹം കഴിച്ചു. B. Com പാസ്സായി D.S.P. ഓഫീസിൽ പാലക്കാട്ട് ക്ലർക്കായി ജോലി നോക്കുന്നു. ലില്ലി പാലക്കാട്ട് അദ്ധ്യാപികയാണ്.

vi. ആറാമൻ തോമസ് – പാലാ സെന്റ് തോമസ് കോളജിൽ നിന്നും B.Sc പാസ്സായി. ഏറെനാൾ കഴിയുന്നതിനു മുൻപ് 1980 മെയ് മാസം മരിച്ചുപോയി.

vii. ഏഴാമൻ ജോയി – പി.ഡി.സി. പാസ്സായി. വാഴക്കുളത്തു നിന്നും ജോസിയെ വിവാഹം കഴിച്ചു. ഇവർക്ക് ഒരു പെൺകുട്ടിയുണ്ട്

viii. ഏകമകൾ ഏലിയാമ്മയെ കുടക്കച്ചിറ നാടുകാണിയിൽ കുഞ്ഞ് വിവാഹം കഴിച്ചു.

4. നാലാമൻ കുഞ്ഞാക്കൊ – ആദ്യവിവാഹം കുറിച്ചേൽ അവിരാമകൾ ഏലിയെ ആയിരുന്നു. ആ വിവാഹത്തിൽ ജോൺ, ബേബി, ജോർജ്ജ് എന്നു മൂന്നാൺമക്കളും, ലീലാമ്മ, മേരിക്കുഞ്ഞ്, വത്സമ്മ എന്നു മൂന്നു പെൺമക്കളുമുണ്ട്. ആദ്യ ഭാര്യ മരിച്ചതിനുശേഷം രണ്ടാം വിവാഹം കഴിച്ചു. രാമപുരത്തു കുഴുമ്പിൽ കുഞ്ഞേപ്പിന്റെ മകൾ ഏലിക്കുട്ടിയെ വിവാഹം കഴിച്ചു. അധികനാൾ കഴിയുന്നതിനു മുമ്പ് വസ്തുക്കൾ സഹോദരൻ മത്തക്കുട്ടിക്കുതന്നെ വിറ്റ് മലബാറിൽ വയനാട്ടിൽ മക്കിയാട്ട് കുടിയേറിപ്പാർത്തു. കുഞ്ഞാക്കോയ്ക്ക് രണ്ടാം വിവാഹത്തിൽ ആറു മക്കൾ ഉണ്ട്. കുട്ടിയച്ചൻ. ജോയി, ജയിംസ്, സണ്ണി എന്ന് നാല് ആൺമക്കളും ലൂസി, ടെസ്സി എന്നു രണ്ടു പെൺമക്കളും.

ഉലഹന്നൻ കാരണവരുടെ ഏകമകൾ ലില്ലിക്കുട്ടിയെ കുടകനാടിയിൽ ഇച്ചിപ്പുഴ ഫ്രാൻസിസ് വിവാഹം കഴിച്ചു. അവരുടെ പുത്രനാണ് ഫാ. ജോൺ തോണിപ്പാറ C.M.I

തെക്കേനെല്ലിക്കുന്നേൽ വർക്കി (ഉലഹന്നാന്റെ പിതാവ്) കാരണവരുടെ ഏകമകൾ ഏലിക്കുട്ടിയെ ചേർപ്പുങ്കൽ പള്ളിയിടവക പനയ്ക്കാതോട്ടത്തിൽ വിവാഹം കഴിച്ചിരിക്കുന്നു. അവർക്ക് ഇത്താക്ക്, മത്തായി, വർക്കി, ഔസേപ്പ്, ചുമ്മാർ എന്ന് അഞ്ചാൺമക്കളും ഏലിക്കുട്ടി എന്നൊരു മകളുമുണ്ട്.

(രണ്ടാം ശാഖ സമാപ്തരം )

**അദ്ധ്യായം 5**

**മൂന്നാം ശാഖ –**

**വടക്കെ നെല്ലിക്കുന്നേൽ തൊമ്മൻ**

തൊമ്മൻകാരണവർ വിവാഹം കഴിച്ചിരിക്കുന്നത് മുത്തോലി കരയിൽ നാഗനൂലിൽ റോസയെയാണ്. റോസയുടെ പിതാവ് ചെറുപ്പ ത്തിലെ മരിച്ചുപോയതിനാൽ അമ്മവീടായ മാറിടം കരയിൽ അമ്പാട്ടു കുടുംബത്തിലാണ്, അമ്മയോടൊപ്പം റോസ താമസിച്ചിരുന്നത്. റോസയെ വിവാഹം കഴിപ്പിച്ചതും അമ്പാട്ടുകാരാണ്. തൊമ്മനും റോസയ്ക്കുംകൂടി (1) ഔസേപ്പ്, (2) തൊമ്മൻ, (3) മത്തായി, (4) കുര്യാക്കോ, (5) വർക്കി എന്ന് ആൺമക്കളും ഏലി, റോസ്, അന്ന, മറിയം 7. നാലു പെൺമക്കളും ഉണ്ടായി. എന്ന പിതാവായ തൊമ്മൻ വിഷഭയത്താൽ മദ്ധ്യപ്രായത്തിൽ മരിച്ചുപോയി. റോസ നല്ല പ്രായത്തോളം ഇളയമകനായ നെല്ലിക്കുന്നേൽ തൊമ്മൻ വർക്കിയുടെ സംരക്ഷണയിൽ ജീവിച്ചു മരിച്ചു.

**A. മൂന്നാം ശാഖ ഒന്നാമൻ പടിഞ്ഞാറെ തൊണ്ടിക്കൽ തൊമ്മൻ ഔസേപ്പ്**

തൊമ്മൻ കാരണവരുടെ മൂത്തമകനായ ഔസേപ്പ് ചെറുപ്പത്തിൽ തന്നെ സൽസ്വഭാവിയും അദ്ധ്വാനശീലനും പരോപകാരിയും പൊതു ജനസമ്മതനുമായിരുന്നു.

സൽസ്വഭാവിയും ആദ്യജാതനുമായ ഔസേപ്പ് സ്വപിതാവിനെ നന്നേ ചെറുപ്പത്തിൽത്തന്നെ വീട്ടുകാര്യങ്ങളിൽ സഹായിച്ചു പോന്നിരുന്നു. കേവലം പന്ത്രണ്ടുവയസ്സുള്ളപ്പോൾ മുതൽ ശ്രീമാൻ ഔസേപ്പ് കയ്യാലവയ്ക്കുമായിരുന്നു. വിവാഹം കഴിച്ചിരുന്നത് മാറിടം കരയിൽ കൊച്ചിറയ്ക്കൽ വീട്ടിൽ റോസയെ ആയിരുന്നു. പിതാവായ തൊമ്മനെ മദ്ധ്യപ്രായത്തിൽ വിഷം തീണ്ടി. അപകടാവസ്ഥ മനസ്സിലാ ക്കിയ അദ്ദേഹം മൂത്തമകനായ ഔസേപ്പിനെ തന്റെയരികിൽ വിളിച്ച് സഹോദരങ്ങളുടെയും അമ്മയുടെയും ചുമതല ഏല്പിച്ചുകൊടുത്തു.

വർദ്ധിച്ച കുടുംബഭാരം സസന്തോഷം ഏറ്റെടുത്ത ഔസേപ്പ് തന്റെ അനുജന്മാരെ എല്ലാവരെയും തന്നെപ്പോലെതന്നെ കരുതുകയും അവർക്ക് ആവശ്യമായ വസ്തുവകകൾ സമ്പാദിച്ചുകൊടു ക്കുകയും കല്യാണം കഴിപ്പിക്കുകയും പുരപണിതു വേറേ താമസിപ്പി ക്കുകയും ചെയ്തു. ഒരു പിതാവിന്റെ സ്ഥാനത്തുനിന്നെന്നതുപോലെ

തന്നെ തന്റെ നാലു പെങ്ങന്മാരെ നല്ലനിലയിൽ കല്യാണം കഴിപ്പിച്ച് അയയ്ക്കുകയും ചെയ്തു. അങ്ങനെ സ്വപിതാവിനോടുള്ള വാക്ക് അദ്ദേഹം പാലിക്കുകയും ചെയ്തു. അദ്ദേഹത്തിന് മത്തായി, കുര്യൻ, തൊമ്മൻ എന്ന മൂന്നാൺമക്കളും റോസ എന്നൊരു പെൺകുട്ടി യുമുണ്ടായി. സ്വസഹോദരങ്ങളുടെ ചുമതലകൾക്കുപുറമെ സ്വന്തം മക്കളുടെ ചുമതലകളും സ്തുത്യർഹമാം വിധം നിറവേറ്റുകയും ചെയ്തു. നെടുമ്പുറത്തു കെട്ടിച്ചയച്ച സഹോദരി റോസയുടെ പുത്രി റോസയെ നീലിയാടി കടിയംകുറ്റിയിൽ കെട്ടിച്ചയച്ചതും അദ്ദേഹമാണ്.

അക്കാലത്തു നടന്നുപോന്നിരുന്ന ഉമ്പുക്കാട്ട് കുടുംബയോഗത്തിന്റെ പ്രസിഡന്റും സ്ഥിരാദ്ധ്യക്ഷനുമായി അദ്ദേഹം ഇരുന്നിട്ടുണ്ട്. ഈ കാലഘട്ടത്തിലാണ് ഉമ്പുക്കാട്ടു കുടുംബക്കാർ കുടുംബയോഗഫണ്ടുപയോഗിച്ചു പണിതീർത്ത പൊന്നിൻകുരിശ് കടപ്ലാമറ്റം പള്ളിക്കു ദാനമായി നൽകിയത്.

ഉമ്പുക്കാട്ടു കുടുംബക്കാരിൽ പ്രഗല്ഭനായിരുന്ന പടിഞ്ഞാറെ തൊണ്ടിക്കൽ ഔസേപ്പിന്റെ മാതൃകാപരമായ ജീവിതാന്ത്യം 1941 ജനുവരി 8-ാം തീയതി ആയിരുന്നു. സഹോദരപുത്രനായിരുന്ന കുളി രാനിയിൽ ബഹുമാനപ്പെട്ട കുര്യാക്കോസച്ചന്റെ പ്രധാന കാർമ്മികത്വ ത്തിൽ കടപ്ലാമറ്റം പള്ളി സിമിത്തേരിയിൽ 9-ാം തീയതി സംസ്കരി ക്കുകയും ചെയ്തു.

**1. ഔസേപ്പിന്റെ മൂത്തപുത്രൻ മത്തായി**

പിതാവായ ഔസേപ്പിനെ അദ്ദേഹത്തിന്റെ ഭാരിച്ച കുടുംബച്ചു മതലകളിൽ മത്തായി ഗണ്യമായി സഹായിച്ചിരുന്നു. അദ്ദേഹം ഒരു നല്ല കൃഷിക്കാരനും അദ്ധ്വാനിയുമായിരുന്നു. വിവാഹം കഴിച്ചിരുന്നത് ഏറ്റുമാനൂർ കരയിൽ അതിരമ്പുഴ ഫൊറോന പള്ളിയിടവക പുളിഞ്ഞാപള്ളി വീട്ടിൽ മറിയത്തിനെയായിരുന്നു.

അവർക്ക് ജോസഫ് (കുഞ്ഞൂഞ്ഞ്) എന്നൊരാൺകുട്ടിയും മറിയം എന്നൊരു പെൺകുട്ടിയുമുണ്ടായി. ജോസഫിന് ഏഴും മറിയ ത്തിന് പതിനൊന്നും വയസ്സുള്ളപ്പോൾ മാതാവായ മറിയം പിത്തരോഗം മൂലം നിര്യാതയായി. മത്തായി രോഗശയ്യയിൽ ആകുന്നതുവരെ കാർഷികവൃത്തിയിൽ ഏർപ്പെട്ടിരുന്നു. 1962 മാർച്ചുമാസം 18-ാം തീയതി തന്റെ 82മാത്തെ വയസ്സിൽ നിര്യാതനായി. ശവസംസ്കാരം 19-ാം തീയതി കടപ്ലാമറ്റം പള്ളി സിമിത്തേരിയിൽ റവ. ഫാദർ കുര്യാക്കോസ് കുളിരാനിയുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

**i. മത്തായിയുടെ മകൻ ജോസഫ് (കുഞ്ഞൂഞ്ഞ്)**

വിവാഹം കഴിച്ചിരുന്നത് പൈങ്ങളം പള്ളി ഇടവക പേഴത്തനാൽ മത്തായി മകൾ അന്നമ്മയെയായിരുന്നു. ഇവർക്ക് മത്തായി തൊമ്മൻ, കുഞ്ഞേപ്പ്, ദേവസ്യാച്ചൻ, ചാക്കോച്ചൻ, അവിരാച്ചൻ, മാമച്ചൻ എന്ന് ഏഴ് ആൺകുട്ടികളും, മറിയാമ്മ, കുഞ്ഞേലി, കുഞ്ഞാമ്മി കുഞ്ഞു പെണ്ണ്, റോസമ്മ എന്ന് അഞ്ചു പെൺകുട്ടികളുമുണ്ടായി. മാതാവായ അന്നമ്മ 1966 ഡിസംബർ 24-ാം തീയതി 56-ാമത്തെ വയസ്സിൽ നിര്യാതയായി. ശവസംസ്കാരം 25-ാം തീയതി റവ. ഫാദർ എബ്രാഹാം തൊണ്ടിക്കലിന്റെ പ്രധാന കാർമ്മികത്വത്തിൽ കടപ്പമറ്റം പള്ളി സിമിത്തേരിയിൽ നടത്തപ്പെട്ടു.

**a. ജോസഫിന്റെ മൂത്ത പുത്രൻ മത്തായി**

വിവാഹം കഴിച്ചിരിക്കുന്നത് പാലാ ഫൊറോന. പള്ളിയിടവക പുത്തേട്ട് മത്തായിയുടെ മകൾ മാമ്മി (അന്നമ്മ) യെയാണ്. ഇവർക്ക് ജോസ്, സിബിൾ എന്ന രണ്ടാൺകുട്ടികളും കുട്ടിയമ്മ, മോളി, മേഴ്സി, ഇന്ദിര ജോൺസി എന്ന അഞ്ച് പെൺമക്കളുമുണ്ട്. വിവാഹാനന്തരം ഏതാണ്ട് പത്തു വർഷത്തിനുശേഷം മത്തായിയും കുടുംബവും നടുക്കര തൊണ്ടിക്കൽനിന്നു മണ്ണാർകാട്ട് സ്ഥലം വാങ്ങി മാറി താമസമാക്കി.

**b. രണ്ടാമൻ തോമസ്**

വിവാഹം കഴിച്ചിരിക്കുന്നത് കാളികാവ് പള്ളിയിടവക നരിക്കുഴിയിൽ മാണി മകൾ അന്നമ്മയെയാണ്. ഇവർക്ക് ജോസ്, ജോണി, പോളിച്ചൻ എന്നീ മൂന്നാൺമക്കളും ജസ്മോൾ എന്നൊരു പെൺകുട്ടിയുമുണ്ട്. തോമസ് വിവാഹാനന്തരം തറവാട്ടിൽ നിന്ന് കാസർഗോട്ടുള്ള ഭീമനടിയിൽ സ്ഥലം വാങ്ങി മാറിത്താമസിക്കുന്നു.

**c. മൂന്നാമൻ കുഞ്ഞപ്പ്**

ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം അതിരമ്പുഴ ഫൊ. പള്ളിയിടവക വെട്ടൂർ തോമസ് മകൾ റോസമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് സജി (ജോസഫ്), ബിജു എന്നീ രണ്ടാൺകുട്ടികളും ജാൻസമ്മ, സോണിയ, ജിൻസി എന്നീ മൂന്ന് പെൺകുട്ടികളും ഉണ്ട്.

സജി (ജോസഫ്) കടപ്ലാമറ്റം സെന്റ് ആന്റണീസ് ഹൈസ്കൂളിൽനിന്നു എസ്.എസ്.എൽ.സി. പാസ്സായി ഇപ്പോൾ പി.ഡി.സി. പഠിക്കുന്നു.

2. ബിജു കടപ്ലാമറ്റം സെന്റ് ആന്റണീസ് ഹൈസ്കൂളിൽ 9-ാം സ്റ്റാൻഡേർഡിൽ പഠിക്കുന്നു.

**കുഞ്ഞേപ്പിന്റെ പെൺമക്കൾ**

ജാൻസമ്മ – കടപ്ലാമറ്റത്തുനിന്ന് എസ്.എസ്.എൽ.സി പാസ്സായി ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളജിൽ പി.ഡി.സി.ക്ക് പഠിക്കുന്നു. സോണിയാമ്മ – കടപ്ലാമറ്റം സെന്റ് ആന്റണീസ് ഹൈസ്കൂളിൽ 8–ാം സ്റ്റാൻഡേർഡിൽ പഠിക്കുന്നു. ജിൻസി – 5–ാം സ്റ്റാൻഡേർഡിൽ പഠിക്കുന്നു.

### d. നാലാമൻ ദേവസ്യാച്ചൻ

ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം നടുക്കരതൊണ്ടിക്കൽനിന്നും മൈസൂറിൽ സ്ഥലംവാങ്ങി മാറി താമസിക്കുന്നു. ദേവസ്യാച്ചൻ അവിവാഹിതനാണ്.

### e. അഞ്ചാമൻ ചാക്കോച്ചൻ

എസ്.എസ്.എൽ.സി വിദ്യാഭ്യാസാനന്തരം പുറപ്പുഴ പള്ളി ഇടവക കട്ടക്കയത്തിൽ കുര്യാക്കോസിന്റെ മകൾ പെണ്ണമ്മയെ (അന്നമ്മ) വിവാഹം കഴിച്ചു. ഇവർക്ക് സോണി, ഷൈനി എന്ന രണ്ടു പെൺകുട്ടികൾ ഉണ്ട്. ചാക്കോച്ചൻ തറവാട്ടിൽനിന്ന് മങ്ങരപുരയിടത്തിലേക്കു മാറിത്താമസിക്കുന്നു. 1984–ൽ എസ്.എസ്.എൽ.സി. ഫസ്റ്റ് ക്ലാസിൽ പാസ്സായ സോണിയ 600–ൽ 477 മാർക്കുവാങ്ങി. ഉമ്പുക്കാട്ടു കുടുംബയോഗം നൽകിവരുന്ന 101 രൂപയുടെ ക്യാഷ് അവാർഡ് കരസ്ഥമാക്കി. ഇപ്പോൾ പാലാ അൽഫോൻസാ കോളജിൽ പി.ഡി.സി.ക്കു പഠിക്കുന്നു. ഷൈനി കടപ്ലാമറ്റം സെന്റ് ആന്റണീസ് ഹൈസ്കൂളിൽ 8–ാം സ്റ്റാൻഡേർഡിലും പഠിക്കുന്നു. ചാക്കോച്ചൻ ഒരു കർഷകനായി കഴിയുന്നു.

### f. ആറാമൻ അവിരാച്ചൻ

എസ്.എസ്.എൽ.സി. വിദ്യാഭ്യാസത്തിനുശേഷം ചേർപ്പുങ്കൽ പള്ളിയിടവക ആട്ടുകിഴക്കേൽ തോമസിന്റെ മകൾ മേരിയെ വിവാഹം കഴിച്ചു. ഇവർക്ക് ഷിൽജി, ഷീലു എന്ന രണ്ടു പെൺകുട്ടികളും ഷിബു (ജോസുകുട്ടി) എന്നൊരു ആൺകുട്ടിയുമുണ്ട്. ഷിൽജി കടപ്ലാമറ്റം സെന്റ് ജോസഫ് എൽ.പി. സ്കൂളിൽ 3–ാം സ്റ്റാൻഡേർഡിലും ഷീലു 1–ാം സ്റ്റാൻഡേർഡിലും പഠിയ്ക്കുന്നു. നടുക്കര തൊണ്ടിക്കൽ തറവാട്ടിൽ താമസിക്കുന്ന അവിരാച്ചൻ ഒരു കർഷകനായി കഴിയുന്നു.

### g. ഏഴാമൻ മാമ്മച്ചൻ

എസ്.എസ്.എൽ.സി. വിദ്യാഭ്യാസാനന്തരം ചേർപ്പുങ്കൽ പള്ളിയിടവക മറ്റത്തിൽ തോമസിന്റെ മകൾ മേരിയെ വിവാഹം കഴിച്ചു. ഇവർക്ക്

മഞ്ചു, മായ എന്ന രണ്ടു പെൺകുട്ടികൾ ഉണ്ട്. മഞ്ചു കടപ്ലാമറ്റം എൽ.പി സ്കൂളിൽ 1–ാം സ്റ്റാൻഡേർഡിലും മായ നേഴ്സറിസ്കൂളിലും പഠിക്കുന്നു. മാമ്മച്ചൻ ഒരു കർഷകനാണ്. നടുക്കര തൊണ്ടിയ്ക്കൽ പുരയിടത്തിൽ തന്നെ മാറിത്താമസിക്കുന്നു.

**ജോസഫിന്റെ പെൺമക്കൾ**

1. മറിയാമ്മ – കരിങ്കുന്നം പള്ളിയിടവക കാവപ്പുരയ്ക്കൽ തൊമ്മൻ മകൻ ദേവസ്യാച്ചനാണ് മറിയാമ്മയെ വിവാഹം കഴിച്ചിരിക്കുന്നത്.

2. കുഞ്ഞേലി – കുറിച്ചിത്താനം പള്ളിയിടവക വടക്കേടത്ത് മത്തൻ മകൻ ഫിലിപ്പാണ് കുഞ്ഞേലിയെ വിവാഹം കഴിച്ചിരിക്കുന്നത്.

3. കുഞ്ഞാമ്മി – വലവൂർ കരയിൽ കുടക്കച്ചിറ പള്ളിയിടവക മറ്റത്തിൽ വർക്കി മകൻ മാണിയാണ് കുഞ്ഞാമ്മിയെ വിവാഹം കഴിച്ചിരിക്കുന്നത്.

4. ചിന്നമ്മ (കുഞ്ഞുപെണ്ണ്)–കടപ്ലാമറ്റത്തുനിന്ന് എസ്.എസ്. എൽ.സി.യും മദ്ധ്യപ്രദേശിലെ ഇൻഡോറിൽനിന്ന് നേഴ്സിംഗും പാസ്സായി. ഇപ്പോൾ ദേവാസ്സിൽ മഹാത്മാഗാന്ധി ഹോസ്പിറ്റലിൽ ജോലി നോക്കുന്നു. അവിടെത്തന്നെ വിവാഹം കഴിച്ചു താമസിക്കുകയും ചെയ്യുന്നു.

5. റോസമ്മ – കടപ്ലാമറ്റത്തുനിന്ന് എസ്.എസ്.എൽ.സി.യും പാലാ അൽഫോൻസാ കോളജിൽനിന്ന് പി.ഡി.സി.യും പാസ്സായി. വിവാഹം കഴിച്ചിരിക്കുന്നത് പൈക പള്ളിയിടവക കിഴക്കേടത്ത് തോമസിന്റെ മകൻ ചാക്കോച്ചനാണ്.

2. നടുക്കര തൊണ്ടിക്കൽ മത്തായി കാരണവരുടെ ഏക മകൾ മറിയത്തിനെ മണ്ണയ്ക്കനാട്ടു കരയിൽ മരങ്ങാട്ടുപള്ളിയിടവക കൊടക നാടിയിൽ ഫ്രാൻസീസ് വിവാഹം കഴിച്ചു.

തൊണ്ടിക്കൽ ഔസേപ്പ് കാരണവരുടെ രണ്ടാമത്തെ മകൻ കുര്യൻ – കൊഴുവനാൽ പള്ളി ഇടവക പന്തലാനിക്കൽ ഏലിയെ വിവാഹം കഴിച്ചു. ഏതാനും വർഷം കഴിഞ്ഞപ്പോൾ മരങ്ങാട്ടുപള്ളി കരയിൽ വലിയതോട്ടം എന്ന പുരയിടം വാങ്ങി മാറിത്താമസിച്ചു. ഒരു നല്ല കൃഷിക്കാരനും ബുദ്ധിമാനുമായിരുന്നു. അവർക്ക് ഔസേപ്പ് (കുഞ്ഞൂഞ്ഞ്) അവിരാച്ചൻ, ചാക്കോ, തോമസ് (കുഞ്ഞൂട്ടി) കുഞ്ഞു മത്തായി എന്ന് അഞ്ചാൺമക്കളും അന്നമ്മ, ത്രേസ്യാമ്മയെന്നു രണ്ടു പെൺമക്കളും ഉണ്ടായി.

**1. മക്കളിൽ ഒന്നാമൻ ഔസേഫ് (കുഞ്ഞൂഞ്ഞ്)**

വയലാകരയിൽ തടത്തിൽ (പാണ്ടംതടം) വർക്കി മകൾ മറിയത്തിനെ വിവാഹം കഴിച്ചു. ഔസേപ്പ് മണ്ണക്കനാട്ടിൽ സ്ഥലം വാങ്ങി വലിയതോട്ടത്തിൽനിന്ന് മാറിത്താമസിച്ചു. ഇവർക്ക് കുര്യാച്ചൻ, ജോർജ് (കൊച്ച്), ജോസഫ് (കുഞ്ഞേപ്പ്) എന്നു മൂന്നാൺമക്കളും ഏലിക്കുട്ടി, അന്നമ്മ, ത്രേസ്യാമ്മ, മേരി, ഫിലോമിന എന്ന് അഞ്ചു പെൺകുട്ടികളുമുണ്ട്. കുഞ്ഞൂഞ്ഞ് 1983 ഫെബ്രുവരി 15-ാം തീയതി 78-ാംവയസ്സിൽ നിര്യാതനായി.

a. മക്കളിൽ ഒന്നാമനായ വി.ജെ. കുര്യൻ, തൊണ്ടിക്കൽ (മണ്ണക്കനാട്) പാലാ സെന്റ് തോമസ് കോളജിൽനിന്നു ബി.കോം ഡിഗ്രിയെടുത്തു. താമസിയാതെ നെല്ലിത്താനത്തു മലകരയിൽ കുഴിമുള്ളോരം ഔസേപ്പ് മകൾ കെ.ജെ. അന്നക്കുട്ടിയെ വിവാഹം കഴിച്ചു. വി.ജെ. കുര്യൻ പാലായിൽ കോ ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിൽ ഓഡിറ്ററാണ്. ഭാര്യ അന്നക്കുട്ടി, കുറിച്ചിത്താനം ഗവൺമെന്റ് എൽ.പി സ്കൂൾ അദ്ധ്യാപികയുമാണ്.

ഇവരുടെ മൂത്തമകൻ സജി ജെ. സിറിയക് എറണാകുളം മഹാരാജാസ് കോളജിൽ ഫിസിക്സ് M.Sc ക്കു പഠിക്കുന്നു. രണ്ടാമൻ സിബി സിറിയക് (സെബാസ്റ്റ്യൻ) കുറവിലങ്ങാട് ദേവമാതാ കോളജിൽ 2nd B.Sc ക്കു പഠിക്കുന്നു. മൂന്നാമൻ സുനിൽ സിറിയക് (അബ്രാഹം) പാലാ രൂപതാ മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥിയാണ്.

ഏക മകൾ സുമ സിറിയക് (മേരി) 9-ാം സ്റ്റാൻഡേർഡിൽ പഠിക്കുന്നു.

b. കുഞ്ഞൂഞ്ഞിന്റെ രണ്ടാമത്തെ മകൻ ജോർജ്ജ് (കൊച്ച്) അസുഖമായി വീട്ടിൽ കഴിയുന്നു.

c. മൂന്നാമത്തെ മകൻ റ്റി.ജെ. ജോസഫ് (കുഞ്ഞേപ്പ്) പി.ഡി.സി. വരെ വിദ്യാഭ്യാസം ചെയ്തു. അനന്തരം കയ്യൂർ പള്ളി ഇടവക പാറപ്ലാക്കൽ അച്ചാമ്മ (ത്രേസ്യാമ്മ) യെ വിവാഹം കഴിച്ചു. അവർക്ക് ലിജോ, ലിൻസ് എന്നു രണ്ടാൺകുട്ടികളും, ലിജി, ലീന, ലിഷമ്മ എന്നു മൂന്നു പെൺകുട്ടികളുമുണ്ട്. എല്ലാവരും വിദ്യാഭ്യാസം ചെയ്യുന്നു.

റ്റി.ജെ. ജോസഫ് ഒരു മാതൃകാകൃഷിക്കാരനാണ്. സ്ഥിരപരിശ്രമിയും.

**പെൺമക്കൾ**

1. ഏലിക്കുട്ടിയെ നീറന്താനം പള്ളി ഇടവക വടക്കേടത്തു മാണി വറുഗീസ് വിവാഹം കഴിച്ചു.
2. അന്നമ്മയെ വയലാപ്പള്ളി ഇടവക ചാർത്താംകണ്ടത്തിൽ വർക്കി കല്യാണം കഴിച്ചു.
3. ത്രേസ്യാമ്മ അസുഖമായി വീട്ടിൽ കഴിയുന്നു.
4. റ്റി.ജെ. മേരി ബി.എ. മണ്ണക്കനാട്ട് ഗവൺമെന്റ് യു.പി. സ്കൂൾ അദ്ധ്യാപികയാണ്. വിവാഹം കഴിച്ചിരിക്കുന്നത് വിളയംകോട്ട് സ്കൂൾ അദ്ധ്യാപകനായ മാപ്പിളപ്പറമ്പിൽ എം.കെ. കുര്യൻ അവർകളാണ്.
5. ഫിലോമിനായെ മണ്ണക്കനാട്ട് കരയിൽ കൊടകനാടി തുണ്ടത്തിൽ സെബാസ്റ്റ്യൻ (അപ്പച്ചൻ) വിവാഹം കഴിച്ചിരിക്കുന്നു.

**ii. രണ്ടാമത്തെ മകനായ അവിരാച്ചൻ (ഫാ. റ്റി.കെ. അബ്രാഹം)**

വയലാ ഈസ്റ്റ് ഗവൺമെന്റ് എൽ.പി. സ്കൂളിൽ 5-ാം ക്ലാസു വരെയും മരങ്ങാട്ടുപിള്ളി വി.എം. സ്കൂളിൽ 7-ാം ക്ലാസുവരെയും പഠിച്ചു. പാലാ സെന്റ് തോമസ് ഹൈസ്കൂളിൽനിന്ന് ഇ.എസ്. എൽ.സി. പാസ്സായി. ചങ്ങനാശേരി എസ്.ബി. കോളജിൽനിന്ന് കണക്കു മെയിൻ എടുത്ത് ബി.എ. ഡിഗ്രിയുമെടുത്തു. പിന്നീടദ്ദേഹം വൈദികപഠനത്തിനായി കോട്ടയം പെറ്റി സെമിനാരിയിൽ ചേരുകയും തുടർന്ന് ആലുവാ മംഗലപ്പുഴ മേജർ സെമിനാരിയിൽ ഏഴുവർഷത്തെ വൈദികപഠനം പൂർത്തിയാക്കി 1944 ൽ മരങ്ങാട്ടുപള്ളി പള്ളിയിൽ പ്രഥമദിവ്യബലി അർപ്പിക്കുകയും ചെയ്തു.

താമസിയാതെ ഭരണങ്ങാനം ഫൊ. പള്ളി അസിസ്റ്റന്റ് വികാരി യായി നിയമിതനായി. 23-05-1945-ൽ അവിടെയുള്ള സെന്റ്. മേരീസ് ഹൈസ്കൂളിൽ അദ്ധ്യാപകനായി നിയമിക്കപ്പെട്ടു. ഭരണങ്ങാനത്തെ ആറുവർഷത്തെ അദ്ധ്യാപകവൃത്തിക്കുശേഷം ഹൈസ്കൂളായി ഉയർത്തിയ മരങ്ങാട്ടുപിള്ളി സ്കൂളിന്റെ ഹെഡ്മാസ്റ്ററായി നിയമിക്കപ്പെട്ടു. അടുത്തവർഷം തിരുവനന്തപുരം ഗവൺമെന്റ് ട്രെയിനിംഗ് കോളജിൽനിന്ന് ബി.റ്റി. ഡിഗ്രിയും എടുത്തു. മരങ്ങാട്ടു പിള്ളിയിൽ ഒമ്പതുകൊല്ലത്തെ സേവനത്തിനുശേഷം തുടങ്ങനാട്ടു സെന്റ്. തോമസ് ഹൈസ്കൂളിലേക്കു സ്ഥലം മാറുകയും അവിടെയും ഏതാണ്ട് ഏഴു കൊല്ലത്തെ സേവനത്തിനുശേഷം പാലാ സെന്റ്. തോമസ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി നിയമിതനാവുകയും ചെയ്തു.

അവിടെയും മൂന്നു കൊല്ലത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം 31-03-1967-ൽ റിട്ടയർ ചെയ്തു.

തുടർന്നു പാലാ ബിഷപ് മാർ. സെബാസ്റ്റ്യൻ വയലിൽ അവർ കളുടെ കോർപ്പറേറ്റ് മാനേജുമെന്റിലുള്ള സ്കൂളുകളുടെ സെക്രട്ടറി യായി അദ്ദേഹം നിയമിതനാവുകയും സുദീർഘമായ പന്ത്രണ്ടു വർഷ ക്കാലം ആ ജോലി വിജയകരമായി നിർവ്വഹിക്കവേ ശരീരാസ്വാസ്ഥ്യം മൂലം വിരമിക്കയും ചെയ്തു. നാലുവർഷത്തോളം സ്വഭവനത്തിൽ വിശ്രമജീവിതവും ചികിത്സയുമായി കഴിയുകയും പെട്ടെന്നൊരു ദിവസം രോഗം മൂർച്ഛിച്ച്, അരുണാപുരം മരിയൻ മെഡിക്കൽ സെന്ററിൽ വച്ച് 1984 മേയ് 15-ാം തീയതി ദിവംഗതനാവുകയും ചെയ്തു. 16-ാം തീയതി മരങ്ങാട്ടുപള്ളി പള്ളി സിമിത്തേരി ചാപ്പലിൽ, പാലാ രൂപതാ മെത്രാൻ മാർ ജോസഫ് പള്ളിക്കാപറമ്പിലിന്റെ പ്രധാന കാർമ്മികത്വത്തിൽ കബറടക്കവും നടത്തി. വൈദികർ, കന്യാസ്ത്രീകൾ, സഹപ്രവർത്തകർ, ബന്ധുക്കൾ, സുഹൃത്തുക്കൾ തുടങ്ങി ആയിരക്കണക്കിനാളുകൾ ഫാ. അബ്രാഹത്തിന്റെ ശവസംസ്കാരച്ചടങ്ങിൽ പങ്കെടുത്തു. കേരള ധന കാര്യമന്ത്രി ശ്രീ കെ.എം. മാണിയുടെ സാന്നിദ്ധ്യം എടുത്തു പറയേണ്ടതാണ്. തുടർന്ന് പാലാ രൂപതാ മെത്രാൻ മാർ ജോസഫ് പള്ളിക്കാ പറമ്പിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന അനുശോചനയോഗ ത്തിൽ മന്ത്രി ശ്രീ കെ.എം. മാണി, ഇലയ്ക്കാട് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ അബ്രാഹം മാത്യു, മരങ്ങാട്ടുപിള്ളി ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ സി.റ്റി. തോമസ് തുടങ്ങിയവർ അനുശോചനപ്രസംഗങ്ങൾ നടത്തി.

ഒരു പ്രഗല്ഭ അദ്ധ്യാപകനായി ദീർഘകാലം സേവനം ചെയ്ത ഫാ. അബ്രാഹം തന്റെ മാതൃകാപരമായ ജീവിതത്താൽ ആയിരക്കണ ക്കായ തന്റെ ശിഷ്യഗണത്തിനു സന്മാതൃക നൽകിപ്പോന്നു. പാലാ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിൽ ഇദംപ്രദമമായി ഒരു അക്കാഡമിക്ക് കൗൺസിൽ രൂപീകരിക്കുന്നതിനും അതിന്റെ പ്രസിഡന്റു പദത്തിൽ ഇരുന്ന് ആ സംഘടനയെ വളരെക്കാലം നയി ക്കുന്നതിനും കഴിഞ്ഞു എന്നുള്ളത് അദ്ദേഹത്തിന്റെ സംഘടനാപാടവം തെളിയിക്കുന്നു. അക്കാഡമിക് കൗൺസിലിന്റെ കീഴിലുള്ള സ്കൂളു കളിൽ ഒരു സന്മാർഗ്ഗ പാഠാവലി തയാറാക്കുന്നതിനു നിയുക്തമായ പത്തംഗ ടെക്സ്റ്റ് കമ്മറ്റി പ്രസിഡന്റായും അദ്ദേഹം സേവനം ചെയ്തി ട്ടുണ്ട്. കോർപ്പറേറ്റ് മാനേജരുടെ സുസമ്മതനായ സെക്രട്ടറിയായി അവിരാച്ചൻ ശോഭിച്ചത് സ്വജനപക്ഷപാതമോ ദ്രവ്യാഗ്രഹമോ ഇല്ലാതി രുന്നതിനു തെളിവാണ്.

### iii. മൂന്നാമൻ ചാക്കോ

അതിരമ്പുഴ പള്ളി ഇടവക ഇടവഴിക്കൽ ജോസഫ് മകൾ മറിത്തിനെ വിവാഹം കഴിച്ചു. അവർക്ക് ഒരാണും ആറ് പെൺമക്കളുണ്ട്. 1963 ജൂൺ 13-ന് 49-ാം വയസ്സിൽ ചാക്കോ നിര്യാതനായി. ഏക മകൻ കുര്യൻ (കൊച്ച്) പ്രൈമറി, ഹൈസ്കൂൾ വിദ്യാഭ്യാസ മരങ്ങാട്ടുപള്ളിയിൽ പൂർത്തിയാക്കി. വിവാഹം കഴിച്ചിരിക്കുന്ന വെള്ളിയാമറ്റം പള്ളി ഇടവക കിഴക്കേക്കര ചെറിയാൻ മകൾ മേരിയാണ്.

മക്കൾ

a. മേഴ്സി

ഹൈസ്കൂൾ വിദ്യാഭ്യാസം മരങ്ങാട്ടുപള്ളിയിൽ പൂർത്തിയാക്ക പി.ഡി.സി.ക്കു പഠിക്കുന്നു.

b. ജെയിംസ്

ഹൈസ്കൂൾ വിദ്യാഭ്യാസം മരങ്ങാട്ടുപള്ളിയിൽ പൂർത്തിയാക്കുമൻ സെന്റ് തോമസ് കോളജ് പാലായിൽ പി.ഡി.സി.ക്കു പഠിക്കുന്നു.

c. പ്രസാദ്

മരങ്ങാട്ടുപള്ളിയിൽ 7-ാം സ്റ്റാൻഡേർഡിൽ പഠിക്കുന്നു.

d. ലിൻസി

മരങ്ങാട്ടുപള്ളിയിൽ 4-ാം സ്റ്റാൻഡേർഡിൽ പഠിക്കുന്നു.

ചാക്കോയുടെ പെൺമക്കൾ

1 ഏലിയാമ്മയെ മാനത്തൂർ പള്ളി ഇടവക കാവാലത്ത് കുര്യൻ മകൻ മാത്യു വിവാഹം കഴിച്ചു.

2 റോസമ്മ (സി. ആഗ്നസ്സ് മരിയാ) എസ്.എസ്.എൽ.സി. വിദ്യാഭ്യാസത്തിനുശേഷം ആരാധനമഠത്തിൽ ചേർന്നു.

3 അന്നമ്മ (സി. ആൻസി) എസ്.എസ്.എൽ.സിക്കുശേഷം ആരാധനാമഠത്തിൽ ചേർന്നു. ഉപരിപഠനം ഇറ്റലിയിൽ പാദുവാ എന്ന സ്ഥലത്തു നടത്തി. M.B.B.S, MD എടുത്തു ഡോക്ടർ ആയി മഠംവക ഉജ്ജയിനിൽ ഉള്ള ഒരു ആസ്പത്രിയിൽ സേവനം ചെയ്യുന്നു.

4 മേരിക്കുട്ടി (സി. സോഫി) എസ്.എസ്.എൽ.സിക്കുശേഷം കർമ്മലീത്താമഠത്തിൽ ചേർന്നു സിസ്റ്ററായി നഴ്സറി ട്രെയിനിംഗ് കഴിഞ്ഞ് ആന്ധ്രായിൽ സേവനം ചെയ്യുന്നു.

5 ഗ്രേസി

എസ്.എസ്.എൽ.സി കഴിഞ്ഞതിനുശേഷം കുറുമണ്ണു പള്ളി ഇടവക കിഴക്കേൽ ചാക്കോ മകൻ ജോസഫ് വിവാഹം കഴിച്ചു.

6 ആഗ്നസ്

എസ്.എസ്.എൽ.സി മരങ്ങാട്ടുപള്ളിയിൽ കഴിച്ചതിനുശേഷം പെരുങ്ങളം പള്ളി ഇടവക മണിയാക്കുപാറ സെബാസ്റ്റ്യൻ മകൻ സണ്ണി വിവാഹം കഴിച്ചു.

iv. നാലാമൻ കുഞ്ഞൂട്ടി (തോമസ്)

വിവാഹം കഴിച്ചിരിക്കുന്നത് പാലാപ്പള്ളി ഇടവക ചിലമ്പിക്കുന്നേൽ ആഗസ്തി മകൾ മോനിക്കായെയാണ്. ഇവർക്ക് രണ്ടാൺമക്കളും ആറു പെൺമക്കളും ഉണ്ട്. ഒന്നാമൻ കുര്യാക്കോസ് (ബേബി മരങ്ങാട്ടുപള്ളി ഹൈസ്കൂളിൽ എസ്.എസ്.എൽ.സി. പഠിച്ചു. രണ്ടാമൻ ആഗസ്തി സൺജോ 9-ാം സ്റ്റാൻഡേർഡിൽ പഠിക്കുന്നു.

1. ആലീസ് എസ്.എസ്.എൽ.സി പാസ്സായതിനുശേഷം കടപ്ലാമ പള്ളി ഇടവക എടവത്തൊട്ടിൽ തറപ്പേൽ സ്കറിയാ മകൻ വർക്കിയെ വിവാഹം കഴിച്ചു.

2. മേരി (ലിസമ്മ) എസ്.എസ്.എൽ.സി. വിദ്യാഭ്യാസം മരങ്ങാട്ടു പിള്ളിയിൽ പൂർത്തിയാക്കി.

3. മോനിക്ക (മോളി) എസ്.എസ്.എൽ.സിക്കു ശേഷം പാലാ അൽഫോൻസാ കോളജിൽ പി.ഡി.സി. ക്കു പഠിക്കുന്നു.

4. അന്നമ്മ (ജിനിയാമ്മ) 8-ാം സ്റ്റാൻഡേർഡ് വരെ പഠിച്ചു.

5. ത്രേസിയാമ്മ എസ്.എസ്.എൽ.സി പാസ്സായതിനുശേഷം പാലാ അൽഫോൻസായിൽ പി.ഡി.സി എടുത്തു പാറ്റ്നാ ഹോളി ഫാമിലി ഹോസ്പിറ്റലിൽ നഴ്സിംഗ് പഠിക്കുന്നു.

6. ക്ലാരമ്മ (ജയ്സി) പാലാ സെന്റ് മേരീസ് ഹൈസ്കൂളിൽ പത്താം സ്റ്റാൻഡേർഡ് പാസ്സായി. ഇപ്പോൾ പാലാ അൽഫോൻയിൽ പി.ഡി.സി. ക്കു പഠിക്കുന്നു.

**v. അഞ്ചാമൻ കുര്യൻ മത്തായി**

എസ്.എസ്.എൽ.സി വിദ്യാഭ്യാസത്തിനുശേഷം മത്തായി വിവാഹിതനായി. ഭാര്യ കുറിച്ചിത്താനം പള്ളി ഇടവക തുലാമറ്റത്ത് ഉലഹന്നാൻ മകൾ ത്രേസ്യാമ്മയാണ്.

ആൺമക്കളിൽ 1–ാമൻ കുര്യൻ (സിറിയക്)

a. മരങ്ങാട്ടുപള്ളി സ്കൂളിൽ പ്രൈമറിയും ഹൈസ്കൂൾ വിദ്യഭ്യാസവും പൂർത്തിയാക്കിയിട്ടുണ്ട്.

b ജോൺ (ജോണി)

മരങ്ങാട്ടുപള്ളിയിൽ എസ്.എസ്.എൽ.സിക്കുശേഷം കോളജി ചേർന്ന് പി.ഡി.സി.യും എടുത്തു.

c. ജോസഫ് (ബാബു)

എസ്.എസ്.എൽ.സി.ക്കു ശേഷം പാലാ ടെക്നിക്കൽ സ്കൂളിൽ പഠിക്കുന്നു.

d. എബ്രാഹം (സാജു)

മരങ്ങാട്ടുപള്ളിയിൽ എസ്.എസ്.എൽ.സിക്കു പഠിക്കുന്നു.

e. ഫ്രാൻസിസ് (പ്രകാശ്)

മരങ്ങാട്ടുപള്ളി ഹൈസ്കൂളിൽ എസ്.എസ്.എൽ.സിക്കു പഠിക്കുന്നു.

f. തോമസ് (ചാർലി)

കുറവിലങ്ങാട് നസ്രത്ത് ഹിൽ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ 4–ാം സ്റ്റാൻഡേർഡിൽ പഠിക്കുന്നു.

പെൺകുട്ടികൾ

1. ഏലിയാമ്മ (സി. വിനീത) മരങ്ങാട്ടുപള്ളിയിൽനിന്ന് എസ്.എസ്.എൽ.സിയും കുറവിലങ്ങാട് ദേവമാതാ കോളജിൽനിന്ന് പി.ഡി.സി.യും പാസ്സായി. കർമ്മലമഠത്തിൽ ചേർന്നു സിസ്റ്ററായി. ആന്ധ്രായിൽ സേവനം ചെയ്യുന്നു.

2. ഗ്രേസി (മോളി) എസ്.എസ്.എൽ.സി കഴിഞ്ഞു പാലാ അൽഫോൻസാ കോളജിൽ പി.ഡി.സി. പഠിച്ചു പാസ്സായതിനുശേഷം ഹോളിക്രോസ് കോൺവന്റിൽ ചേർന്ന് നാഗർകോവിൽ പഠിക്കുന്നു.

3 . മറിയം(മഞ്ചു)മരങ്ങാട്ടുപള്ളി 8–ാം ക്ലാസിൽ പഠിക്കുന്നു.

4. അന്നമ്മ (ആൻസി) അവിടെത്തന്നെ മൂന്നാം സ്റ്റാൻഡേർഡിൽ പഠിക്കുന്നു.

ഔസേപ്പ് കുര്യന്റെ പെൺമക്കളിൽ അന്നമ്മയെ കരൂർ പള്ളി ഇടവക ആണ്ടുക്കുന്നേൽ (ഞാവള്ളിൽ) ഉതുപ്പു മകൻ സ്കറിയാ വിവാഹം കഴിച്ചു. ത്രേസ്യാമ്മയെ എളങ്ങുളം പള്ളി ഇടവക ചീരാങ്കുഴി യിൽ കുരുവിള മകൻ ജോസഫും വിവാഹം കഴിച്ചിരിക്കുന്നു.

**3. തൊമ്മൻ**

ഔസേപ്പു കാരണവരുടെ ഇളയ മകനായ തൊമ്മൻ സ്വപിതാവി നോടുകൂടി തറവാട്ടിലാണ് താമസിച്ചിരുന്നത്. അദ്ദേഹം വിവാഹം ചെയ്തിരുന്നത് കാഞ്ഞിരമറ്റം കരയിൽ നെടുന്തകിടിയേൽ സ്കറിയാ മകൾ അന്നയെയായിരുന്നു. അതിൽ ഔസേപ്പ് (കുട്ടപ്പൻ) സ്കറിയാ എന്ന രണ്ടാൺമക്കളും അന്നമ്മ, ത്രേസ്യാമ്മ എന്ന രണ്ടു പെൺമക്കളു മുണ്ടായി.

സ്വപിതാവിന്റെ സംരക്ഷണം വേണ്ടവിധം നിർവ്വഹിച്ച തൊമ്മൻ പൊതുക്കാര്യപ്രസക്തനും ജനസമ്മതനുമായിരുന്നു. അദ്ദേഹം അറിയപ്പെടുന്ന ഒരു മഞ്ഞപ്പിത്ത ചികിത്സാവിദഗ്ദ്ധനായിരുന്നു. ഡോക്ടർമാർ കൈയൊഴിഞ്ഞ പല രോഗികളെയും ആയുർവ്വേദ ചികിത്സകൊണ്ടു സുഖപ്പെടുത്തിയിട്ടുള്ള അദ്ദേഹം നാടിനു പുറത്തും അറിയപ്പെട്ടിരുന്നു. പ്രതിഫലേച്ഛകൂടാതെ ചികിത്സ നടത്തിയിരുന്ന അദ്ദേഹം ജനങ്ങൾക്കിടയിൽ ആദരണീയനായിരുന്നു.

കടപ്ലാമറ്റത്തുള്ള പള്ളി, മഠം, ആശുപത്രി തുടങ്ങിയ പൊതുസ്ഥാപനങ്ങളുടെ നിർമ്മാണത്തിൽ സ്മരണീയമായ പങ്കു വഹിച്ചിട്ടുള്ള അദ്ദേഹം ഉമ്പുക്കാട്ടു കുടുംബത്തെ പ്രതിനിധീകരിച്ച് പള്ളിയോഗ പ്രതിനിധിയായും കൈക്കാരനായും സേവനമനുഷ്ഠി ച്ചിട്ടുണ്ട്. 1969 ഏപ്രിൽ 4-ാം തീയതി അദ്ദേഹം തന്റെ 68-ാം വയസ്സിൽ സ്വഗൃഹത്തിൽ നിര്യാതനായി. ശവസംസ്കാരം സഹോദരപുത്രൻ തൊണ്ടിക്കൽ ബഹു. അബ്രാഹമച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ കടപ്ലാമറ്റം പള്ളി സിമറ്ററിയിൽ നടത്തപ്പെട്ടു.

i. ജോസഫ് (കുട്ടപ്പൻ)

തൊമ്മൻ കാരണവരുടെ മൂത്തമകനായ കുട്ടപ്പൻ സാമാന്യ വിദ്യാഭ്യാസത്തിനുശേഷം മറ്റക്കര പള്ളിയിടവക ചാത്തനാട്ട് റോസയെ വിവാഹം കഴിച്ചു. സ്വപിതാവിനെ കാർഷികവൃത്തികളിൽ സഹായിച്ചു പോന്നിരുന്ന അദ്ദേഹം വിദഗ്ദ്ധനായ ഒരു കൃഷിക്കാരനാണ്. തറവാട്ടിൽ നിന്ന് ഐക്കര കാനാപുരയിടത്തിലേക്കു മാറി താമസിച്ചു. അദ്ദേഹ ത്തിന് ചിന്നമ്മ, ആലീസ് എന്നു രണ്ടു പെൺമക്കളുണ്ടായി.

a. ചിന്നമ്മ - ജോസഫിന്റെയും റോസമ്മയുടെയും മൂത്തമകളായ ചിന്നമ്മയെ സാമാന്യവിദ്യാഭ്യാസാനന്തരം വയലാപള്ളിയിടവക ഐക്കര കാനായിൽ പാപ്പച്ചൻ വിവാഹം ചെയ്തു. അവർ ഇപ്പോൾ മലബാറിൽ മണക്കടവിൽ താമസിക്കുന്നു.

b. ആലീസ് – രണ്ടാമത്തെ മകളായ ആലീസിനെ സാമാന്യ വിദ്യാഭ്യാസാനന്തരം വില്ലൂന്നി പള്ളിയിടവക എട്ടുകാട്ടിൽ ലൂക്കായുടെ മകൻ ജോൺ വിവാഹം കഴിച്ചു. മിലിട്ടറിയിൽ പതിനെട്ടു വർഷത്തെ സേവനത്തിനുശേഷം റിട്ടയറായ ജോൺ കുടുംബസമേതം ആർപ്പൂക്കരയ്ക്കടുത്ത് കുട്ടോമ്പുറത്തു താമസിക്കുന്നു.

ഭാര്യ റോസമ്മയുടെ മരണശേഷം ജോസഫ് പുനർവിവാഹ ചെയ്തത് കുറവിലങ്ങാട്ടു പള്ളിയിടവക കളത്തനാപതി കുടുംബ ശഖയിൽപ്പെട്ട വെള്ളിലാംതടത്തിൽ അന്നക്കുട്ടിയെയാണ്. ഇവർക്ക് തോമസുകുട്ടി, ജോസ്, റോയിച്ചൻ എന്ന മൂന്നാൺ കുട്ടികളുമുണ്ട്.

c. തോമസുകുട്ടി – ജോസഫിന്റെയും അന്നക്കുട്ടിയുടെയും മൂത്ത മകനായ തോമസുകുട്ടി കടപ്ലാമറ്റത്തുനിന്ന് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. ഇപ്പോൾ കുറവിലങ്ങാട് ഖാദിവ്യവസായ സഹകരണസംഘത്തിന്റെ മാനേജരായി ജോലിനോക്കുന്നു.

d. ജോസുകുട്ടി – ജോസഫിന്റെയും അന്നക്കുട്ടിയുടെയും രണ്ടാമത്തെ മകനായ ജോസുകുട്ടി ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം കൃഷിപ്പണികൾ ചെയ്യുന്നു.

e. റോയിച്ചൻ – ജോസഫിന്റെയും അന്നക്കുട്ടിയുടെയും മൂന്നാമത്തെ മകനായ റോയിച്ചൻ കടപ്ലാമറ്റം സെന്റ് ആന്റണീസ് ഹൈസ്കൂളിൽനിന്ന് എസ്.എസ്.എൽ.സി. പാസ്സായി. ഇപ്പോൾ കൃഷിപ്പണികൾ ചെയ്യുന്നു.

ii. രണ്ടാമത്തെ മകൻ സ്കറിയാ

സാമാന്യവിദ്യാഭ്യാസത്തിനുശേഷം ആർപ്പൂക്കര വില്ലൂന്നി പള്ളിയിടവക കാഞ്ഞിരകോണത്ത് അബ്രാഹം മകൾ ബ്രിജിത്തായെ (പെണ്ണമ്മ) വിവാഹം കഴിച്ചു. അവർക്ക് ആനിയമ്മ, ത്രേസ്യാമ്മ, മറിയാമ്മ ബ്രിജിത്ത (ഇസാമ്മ), വത്സമ്മ, ക്ലാരമ്മ എന്ന ആറു പെൺമക്കളും ടോമിച്ചൻ എന്ന ഒരു മകനും ഉണ്ട്. സ്കറിയാ മഞ്ഞപ്പിത്തത്തിന് ആയുർവേദ ചികിത്സ നടത്തുന്നുണ്ട്.

a. ആനിയമ്മ

കടപ്ലാമറ്റത്തുനിന്നു ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം പാലായിലുള്ള ടെയ്ലറിംഗ് സ്കൂളിൽനിന്നു തയ്യലിന് ഡിപ്ലോമ എടുത്തു. ആനിയമ്മയെ ചീങ്കല്ലേൽ പള്ളിയിടവക നീറാമ്പുഴ ആഗസ്ത മാത്യു വിവാഹം കഴിച്ചു. ആനിയമ്മ സ്വന്തമായി തയ്യൽ ക്ലാസ് നടത്തുന്നു.

b. തെയ്യാമ്മ

കടപ്ലാമറ്റത്തുനിന്നു ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് ടൈപ്പ് റൈറ്റിങ്ങും ഷോർട്ടുഹാന്റും പാസ്സായി. കോതമംഗലം രൂപതയിൽ മാവടിപള്ളി ഇടവക പൊന്നമ്പേൽ പി.എ. ചാക്കോ (എം.എ.) വിവാഹ ചെയ്തു. ചാക്കോ പാരീഷ് കൗൺസിൽ അംഗവും മികച്ച അല്മായ പ്രേഷിതനുമാണ്.

c. മറിയമ്മ

ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കോതമംഗലം രൂപത യിൽപ്പെട്ട പഴയരിക്കണ്ടം കഞ്ഞിക്കുഴി പള്ളി ഇടവക പുതുപറമ്പിൽ മത്തായി മകൻ ആന്റണി (ജോസ്) വിവാഹം ചെയ്തു.

d. ബ്രിജിത്താ (ഇസാമ്മ)

കടപ്ലാമറ്റത്തുനിന്ന് എസ്.എസ്.എൽ.സി. പാസ്സായി. പാലാ അൽഫോൻസാ കോളജിൽനിന്ന് പി.ഡി.സി.യും പാസ്സായി. അതിനുശേഷം തയ്യൽ സംബന്ധമായ എല്ലാവിധ ജോലിയും ചെയ്യുന്നു.

e. വത്സമ്മ

കടപ്ലാമറ്റത്തുനിന്നും എസ്.എസ്.എൽ.സി.യും ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളജിൽ നിന്ന് പി.ഡി.സിയും പാസ്സായി. ഇപ്പോ സെക്കന്റ് ബി.കോമിന് പഠിക്കുന്നു.

f. ക്ലാരമ്മ

കടപ്ലാമറ്റത്തുനിന്ന് എസ്.എസ്.എൽ.സി.യും കുറവിലങ്ങാട് ദേവമാതാ കോളജിൽ നിന്ന് പി.ഡി.സി.യും പാസ്സായി.

g ടോമിച്ചൻ

ഏകമകനായ ടോമിച്ചൻ കടപ്ലാമറ്റത്തുനിന്ന് എസ്.എസ്. എൽ.സി. പാസ്സായശേഷം പാലാ സെന്റ് തോമസ് കോളജിൽനിന്ന് പി.ഡി.സി. പാസ്സായി.

**തൊമ്മന്റെ പെൺമക്കൾ**

1. അന്ന – അന്നയെ വിവാഹം ചെയ്തിരിക്കുന്നത് കുറിച്ചിത്താന പള്ളിയിടവക കണിയാറത്ത് ഔസേഫ് മകൻ ജോസഫാണ്.

2. ത്രേസ്യാമ്മ – രണ്ടാമത്തെ മകളായ ത്രേസ്യാമ്മയെ വിവാഹം കഴിച്ചിരിക്കുന്നത് കുടക്കച്ചിറ പള്ളിയിടവക വല്ലയിൽ പള്ളിക്കന്നേൽ മാത്യുവായിരുന്നു.

1951–ൽ കുടക്കച്ചിറ നിവാസികളെ ആകെ നടുക്കിയതും എല്ലാ പത്രങ്ങളും പ്രധാനവാർത്തയായി റിപ്പോർട്ടുചെയ്തതും 8 പേരുടെ അപമൃത്യുവിന് ഇടയാക്കിയതുമായ ചിരട്ടക്കരി ഗ്യാസ് മൂലമുണ്ടായ അപകടത്തിൽ ഈ മാത്യുവും അദ്ദേഹത്തിന്റെ ഏതാനും ബന്ധുക്കളും മൃതിപ്പെട്ടു. മാത്യുവിന്റെ അകാലചരമത്തിനുശേഷം ത്രേസ്യാമ്മ ഇപ്പോൾ മക്കളോടൊത്ത് ഭർതൃഗൃഹത്തിൽ കഴിയുന്നു.

കുട്ടപ്പൻ, സ്കറിയ, അന്ന, ത്രേസ്യാമ്മ എന്നിവരുടെ മാതാവായ അന്നമ്മയുടെ അകാലചരമത്തിനുശേഷം തൊമ്മൻ അയർക്കുന്നം കരയിൽ പാലോലിയിൽ മറിയത്തിനെ പുനർവിവാഹം ചെയ്തു. അതിൽ തൊമ്മി, ചാക്കോച്ചൻ, അവിരാച്ചൻ, ജോർജ്, മാത്യു എന്ന് അഞ്ച് ആൺമക്കളും മേരി, ബ്രിജിറ്റ്, ആഗ്നസ്സ്, ക്ലാരമ്മ, റോസ്, ഏലിയാമ്മ എന്ന ആറുപെൺമക്കളുമുണ്ട്.

**i. തോമസ് (തൊമ്മി)**

തൊമ്മൻ കാരണവരുടെ മൂന്നാമത്തെ മകനായ തോമസ് ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം അയർക്കുന്നം കരയിൽ മൂഴിക്കൽ ചാക്കോ മകൾ മേരിയെ വിവാഹം കഴിച്ചു. അവർക്ക് ബാബു (തോമസ്), ജയിംസ്, രാജു എന്ന മൂന്നാൺമക്കളും ജാൻസമ്മ, മിനി, ഷൈനി എന്നു മൂന്നുപെൺമക്കളുമുണ്ടായി.

2. ബാബു – തോമസിന്റെ മൂത്തമകനായ ബാബു കടപ്ലാമറ്റത്തുനിന്നും എസ്.എസ്.എൽ.സി പാസ്സായി.

b. ജയിംസ് – തോമസിന്റെ രണ്ടാമത്തെ മകനായ ജയിംസ് കടപ്ലാമറ്റത്തുനിന്ന് എസ്.എസ്.എൽ.സി. പാസ്സായി. സെന്റ്. തോമസ് കോളജിൽനിന്നും പി.ഡി.സി. ഫസ്റ്റ് ക്ലാസ്സിൽ പാസ്സായി. ഇപ്പോൾ കോട്ടയം സി.എം.എസ് കോളജിൽ ഡിഗ്രിക്ക് പഠിക്കുന്നു. കോളജ് കൗൺസിലറായ ജയിംസ് ഇപ്പോൾ കെ.സി.എസ്.എൽ.ന്റെ സംസ്ഥാന സെക്രട്ടറിയാണ്.

c. മൂന്നാമത്തെ മകനായ രാജു കടപ്ലാമറ്റം സെന്റ് ആന്റണീസ് ഹൈസ്കൂളിൽ എട്ടാം സ്റ്റാൻഡേർഡിൽ പഠിക്കുന്നു.

d. ജാൻസി – തോമസിന്റെ പെൺമക്കളിൽ മൂത്തവളായ ജാൻസി കടപ്ലാമറ്റത്തുനിന്ന് എസ്.എസ്.എൽ.സി. പാസ്സായി. പാലാ സി.റ്റി. കൊട്ടാരം കോളജിൽനിന്ന് പി.ഡി.സി. യും പാസ്സായി.

e. മിനി – രണ്ടാമത്തെ മകളായ മിനി കടപ്ലാമറ്റത്തുനിന്നും എസ്.എസ്.എൽ.സി പാസ്സായി. ഇപ്പോൾ പി.ഡി.സി. ക്കു പഠിക്കുന്നു.

f. ഷൈനി മൂന്നാമത്തെ മകളായ ഷൈനി കടപ്ലാമറ്റം ഹൈസ്കൂളിൽ പത്താംസ്റ്റാൻഡേർഡിൽ പഠിക്കുന്നു.

**ii ചാക്കോച്ചൻ**

തൊമ്മൻ കാരണവരുടെ നാലാമത്തെ മകനായ ചാക്കോച്ചൻ ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം കൂടല്ലൂർ കരയിൽ പാരിമലയിൽ മത്തായി മകൾ റോസയെ വിവാഹം ചെയ്തു. അവർക്ക് റെജി, മനോജ്, ജോജി എന്ന മൂന്നാൺമക്കളും ടെസ്സി എന്നൊരു പെൺകുട്ടിയുമുണ്ട്. മഞ്ഞപ്പിത്തത്തിനെതിരേയുള്ള ആയുർവേദചികിത്സ സ്വപിതാവിൽനിന്നും വേണ്ടവിധം ഗ്രഹിച്ച ചാക്കോച്ചൻ അത് വിദഗ്ദ്ധമായി നടത്തിപ്പോരുന്നു.

a. റെജി – ചാക്കോച്ചന്റെ മൂത്തമകനായ റെജി കടപ്ലാമറ്റം സെന്റ് ആന്റണീസ് ഹൈസ്കൂളിൽ പത്താം സ്റ്റാൻഡേർഡിൽ പഠിക്കുന്നു.

b. മനോജ് – ചാക്കോച്ചന്റെ രണ്ടാമത്തെ മകനായ മനോജ് ഏഴാം സ്റ്റാൻഡേർഡിൽ പഠിക്കുന്നു.

c. ജോജി – ചാക്കോച്ചന്റെ മൂന്നാമത്തെ മകനായ ജോജി കടപ്ലാമറ്റം എൽ.പി. സ്കൂളിൽ ഒന്നാം സ്റ്റാൻഡേർഡിൽ പഠിക്കുന്നു.

d. ടെസ്സി

ചാക്കോച്ചന്റെ ഏകമകളായ ടെസ്സി കടപ്ലാമറ്റത്തുനിന്ന് എസ്.എസ്.എൽ.സി. പാസ്സായി. ഇപ്പോൾ പാലാ അൽഫോൻസാ കോളജിൽ പി.ഡി.സി. ക്കു പഠിക്കുന്നു.

**iii. അവിരാച്ചൻ**

കടപ്ലാമറ്റം ഹൈസ്കൂളിൽ പഠിച്ചിരുന്ന കാലത്ത് 1963–ൽ മിലിട്ടറിയിൽ ചേർന്നു. ബാംഗ്ലൂരിൽ ട്രെയിനിങ്ങ് പൂർത്തിയാക്കിയതിനു ശേഷം പഞ്ചാബിലേക്കു സ്ഥലംമാറ്റം കിട്ടുകയും, അവിടെവച്ച് പഞ്ചാബ് യൂണിവേഴ്സിറ്റിയുടെ മെട്രിക്കുലേഷൻ പാസ്സാവുകയും മിലിട്ടിറിയിലെ സ്റ്റോർ കീപ്പറായി നിയമിതനാകുകയും ചെയ്തു. അദ്ദേഹം ആസ്സാം, ജമ്മുകാശ്മീർ, ഹൈദ്രാബാദ്, ഉത്തർപ്രദേശ് എന്നിവിടങ്ങളിലായി 15 വർഷക്കാലം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സർവ്വീസിൽ ഇരിക്കുമ്പോൾ 1973–ൽ കല്ലൂർക്കാട് ഇടവകയിൽ മറ്റത്തിൽ കുടുംബശാഖയിൽപ്പെട്ട മങ്കുത്തേൽ ജോസഫിന്റെ മകൾ ജോസഫൈൻ (ബീന) യെ വിവാഹം ചെയ്തു. അവർക്ക് ട്യൂങ്കിൾ (തോമസ്) റോണി (മാർട്ടിൻ ജോസഫ്) എന്ന രണ്ടാൺമക്കളുണ്ട്. 1978–ൽ സർവ്വീസിൽ നിന്നും വിരമിച്ച അദ്ദേഹം കടപ്ലാമറ്റത്ത് റബ്ബർ വ്യാപാരം നടത്തുന്നു.

a. ട്യുങ്കിൾ

കടപ്ലാമറ്റം എൽ.പി. സ്കൂളിൽ നാലാം സ്റ്റാൻഡേർഡിൽ പഠിക്കുന്നു.

b.റോണി

കടപ്ലാമറ്റം എൽ.പി. സ്കൂളിൽ മൂന്നാം സ്റ്റാൻഡേർഡിൽ പഠിക്കുന്നു.

**iv. ജോർജ്**

തൊമ്മൻ കാരണവരുടെ ആറാമത്തെ മകനായ ജോർജ് ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം മലബാറിൽ കണ്ണൂർ ജില്ലയിൽ കാഞ്ഞങ്ങാട്ട് സ്ഥലംവാങ്ങി മാറിതാമസിക്കുന്നു. വിവാഹം കഴിച്ചിരിക്കുന്നത് എണ്ണപ്പാറ പള്ളിയിടവക തുണ്ടുപറമ്പിൽ ഔസേപ്പ് മകൾ മറിയ (പെണ്ണമ്മ) ത്തിനെയാണ്. ഇവർക്ക് ജൂബി, കുഞ്ഞുമോൾ എന്ന രണ്ടു പെൺമക്കളുമുണ്ട്. ജൂബി നാലാംസ്റ്റാൻഡേർഡിലും കുഞ്ഞു മോൾ മൂന്നാം സ്റ്റാൻഡേർഡിലും പഠിക്കുന്നു.

**v. മാത്യു**

തൊമ്മൻ കാരണവരുടെ ഏറ്റവും ഇളയമകനായ മാത്യു ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം തറവാട്ടിലാണു താമസിച്ചിരുന്നത്. തൊണ്ടിക്കലെ സ്ഥലം സ്വസഹോദരനായ അവിരാച്ചനു വിറ്റ് മലബാ റിൽ ഭീമനടിയിൽ താമസിക്കുന്നു. മാത്യു കൈനകരി പുത്തൻ പറമ്പിൽ ചാക്കോച്ചന്റെ മകൾ സിസ്സിലി (ലിസമ്മ) യെ വിവാഹം ചെയ്തു. ഇവർക്ക് ടിന്റു എന്നൊരു പെൺകുട്ടിയുമുണ്ട്.

റോസ

തൊമ്മൻ കാരണവരുടെ പെൺമക്കളിൽ മൂന്നാമത്തെ മകളായ റോസ് കടപ്ലാമറ്റത്തുനിന്നും എസ്.എസ്.എൽ.സി പാസ്സായി. തുടർന്ന് കർമ്മലിത്താമഠത്തിൽ ചേരുകയും സിസ്റ്റർ മൈക്കിൾ എന്ന പേരു കേ സ്വീകരിക്കുകയും 1954 ൽ സഭാവസ്ത്രം സ്വീകരിക്കുകയും ചെയ്തു. ഞ പിന്നീട് ടീച്ചേഴ്സ് ട്രെയിനിങ്ങ് കഴിഞ്ഞതിനുശേഷം കടപ്ലാമറ്റം, ചേർപ്പുങ്കൽ, മുട്ടുചിറ, തുടങ്ങനാട്, പ്ലാശനാൽ എന്നീ സ്ഥലങ്ങളിൽ അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ഇലഞ്ഞി കർമ്മ സ ലീത്താ മഠത്തിലാണ്. സിസ്റ്റർ മൈക്കിൾ ഉമ്പുക്കാട്ട് കുടുംബത്തിലെ ആദ്യത്തെ കന്യാസ്ത്രീയാണ്.

ഏലിയാമ്മ

നാലാമത്തെ മകളായ ഏലിയാമ്മ കടപ്ലാമറ്റത്തുനിന്ന് എസ്. എസ്. എൽ.സി പാസ്സായശേഷം, ആനിക്കാട്ടുകരയിൽ പുഞ്ചാൽ മാത്യു വിവാഹം കഴിച്ചു. മാത്യു അമ്പൂരി സ്കൂൾ അദ്ധ്യാപകനാണ്. ഇപ്പോൾ നെയ്യാറ്റിൻകരയിൽ ആറുകാണി പള്ളിക്കു സമീപം താമസിക്കുന്നു.

മേരി

അഞ്ചാമത്തെ മകളായ മേരിയെ സാമാന്യവിദ്യാഭ്യാസത്തിനു ശേഷം ചേർപ്പുങ്കൽ പള്ളിയിടവക കെഴുവങ്കുളം കരയിൽ മനയ്ക്കൽ അയ്യാട്ട് അബ്രാഹം വിവാഹം കഴിച്ചു.

ബ്രിജീത്താ

തൊമ്മൻ കാരണവരുടെ ആറാമത്തെ മകളായ ബ്രിജിറ്റ് കടപ്ലാമറ്റത്തുനിന്ന് എസ്.എസ്.എൽ.സി പാസ്സായി. തുടർന്ന് മഹാരാഷ്ട്ര നേഴ്സിങ്ങ് കൗൺസിൽ, ബോംബെയിൽനിന്ന് ജനറൽ നേഴ്സിങ്ങും മിഡ്‌വൈഫറിയും പാസ്സായി. കോഴിക്കോട് മെഡി. കോളജ്, കോട്ടയം മെഡിക്കൽ കോളജ്, പാലാ ഗവ. ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ നേഴ്സായി ജോലിനോക്കിയിട്ടുണ്ട്. ഇപ്പോൾ കടപ്ലാമറ്റം ഗവ. ഹോസ്പിറ്റലിൽ ജോലിനോക്കുന്നു. ബ്രിജിത്തായെ വിവാഹം കഴിച്ചിരിക്കുന്നത് വിളക്കുമാടം പള്ളിയിടവക ഏറത്ത് തോമസ്സിന്റെ മകൻ ജേക്കബായിരുന്നു. ജേക്കബ് മിലിട്ടറിയിൽ സേവനമനുഷ്ഠിച്ചിരുന്നു. ജേക്കബിന്റെ അകാലചരമത്തിനുശേഷം വിധവയായ ബ്രിജിത്താ ഇപ്പോൾ കടപ്ലാമറ്റത്തു സ്ഥലം വാങ്ങി മാറിത്താമസിക്കുന്നു. അവൾക്ക് ജോബി എന്ന ഒരു മകനുണ്ട്. അഞ്ചാം സ്റ്റാൻഡേർഡിൽ പഠിക്കുന്നു.

ലില്ലി (ആഗ്നസ്)

തൊമ്മൻ കാരണവരുടെ ഏഴാമത്തെ മകളായ ലില്ലി കടപ്ലാമറ്റത്തുനിന്ന് എസ്.എസ്.എൽ.സി. ഫസ്റ്റ് ക്ലാസ്സിൽ പാസ്സായി. പിന്നീട് പാലാ അൽഫോൻസാ കോളജിൽനിന്ന് ബി.എസ്.സി ഫസ്റ്റ് ക്ലാസ്സിൽ പാസ്സായി. കോളജിൽ ഏറ്റവും കൂടുതൽ മാർക്കും സ്റ്റേറ്റിൽ നാലാം സ്ഥാനവും ലില്ലി കരസ്ഥമാക്കി. തുടർന്ന് പാലാ സെന്റ് തോമസ് കോളജിൽനിന്ന് എം.എസ്.സി ക്ലാസ്സോടുകൂടി പാസ്സാവുകയും ചെയ്തു. ബി.എഡ് കഴിഞ്ഞ ലില്ലി ഇപ്പോൾ കുറവിലങ്ങാട് ദേവമാതാ കോളജിൽ ലക്ചററായി സേവനം അനുഷ്ഠിക്കുന്നു. ലില്ലിയെ വിവാഹം കഴിച്ചിരിക്കുന്നത് ചീങ്കല്ലേൽ പള്ളിയിടവക കൈതമറ്റത്തിൽ സെബാസ്റ്റ്യൻ മകൻ ജോസാണ്. ബി.എസ്.സി., ബി.എഡ് ആയ ജോസ് ഇപ്പോൾ പെരുവ ഗവ. ഹൈസ്കൂളിൽ അദ്ധ്യാപകനായി ജോലി നോക്കുന്നു.

ക്ലാരമ്മ

തൊമ്മൻ കാരണവരുടെ എട്ടാമത്തെ മകളായ ക്ലാരമ്മ കടപ്ലാറ്റത്തുനിന്ന് എസ്.എസ്.എൽ.സി.യും ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളജിൽനിന്ന് പി.ഡി.സി.യും പാസ്സായി. ക്ലാരമ്മയെ ചക്കാമ്പു പള്ളിയിടവക വാവൽകുന്നേൽ ജോസഫ് വിവാഹം കഴിച്ചു.

ഔസേഫ് കാരണവരുടെ ഏക മകൾ റോസയെ കാഞ്ഞിരമറ്റം പള്ളിയിടവക മൂങ്ങാമാക്കൽ തൊമ്മി വിവാഹം ചെയ്തു.

## മൂന്നാംശാഖ രണ്ടാമൻ
## കിഴക്കേതൊണ്ടിക്കൽ തൊമ്മൻ തൊമ്മൻ

മൂന്നാംശാഖ രണ്ടാമൻ കിഴക്കേതൊണ്ടിക്കൽ തൊമ്മൻ തൊമ്മൻ കടപ്ലാമറ്റം പള്ളിക്കു സമീപം പാലാന്തട്ടേൽ അന്നയെ വിവാഹം കഴിച്ചു. അവർക്ക് തൊമ്മൻ, ഔസേപ്പെന്നു രണ്ടാൺമക്കളും റോസയെന്നൊരു മകളുമുണ്ട്.

1. ഒന്നാമൻ തൊമ്മൻ

വട്ടിഞ്ചയിൽ താമസിക്കുന്നു. തൊമ്മൻ വിവാഹം കഴിച്ചിരിക്കുന്നത് മണ്ണക്കനാട്ട് കരയിൽ ഇച്ചിപുഴയിൽ അന്നമ്മയെയെണ്. അവർക്ക് തൊമ്മൻ (പാപ്പച്ചൻ), ചാക്കോ, കുഞ്ഞപ്പ് (ജോസഫ്) എന്നു മൂന്നാൺ മക്കളും അന്നമ്മ (കുട്ടി), ത്രേസ്യാമ്മയെന്നു രണ്ടു പെൺമക്കളുമുണ്ട്.

i. മൂത്തമകൻ തോമ്മൻ (പാപ്പച്ചൻ) വിവാഹം കഴിച്ചത് ചെറുവാണ്ടൂർ പള്ളിയിടവക മണ്ണഞ്ചേരിക്കാലായിൽ വർക്കി മകൾ അന്നമ്മയെയാണ്. അവർക്കു തൊമ്മൻ (കുഞ്ഞ്) ജോർജ്, ജോസ് (ആന്റണി) എന്ന് മൂന്നാൺമക്കളും, ചിന്നമ്മ, മേരി എന്ന രണ്ടു പെൺമക്കളുമുണ്ട്.

a. കുഞ്ഞ് - പ്രൈമറി വിദ്യാഭ്യാസാനന്തരം കളത്തൂർ പള്ളിയിടവക വടക്കേക്കര ചേലങ്ങാട്ടുകുന്നേൽ വർക്കിയുടെ മകൾ അന്നമ്മയെ വിവാഹം കഴിച്ചു. അവർക്കു തൊമ്മൻ (ജോഷി), വർക്കി (ബിജു) എന്നീ രണ്ടാൺമക്കളും അന്ന (ജെസി), മറിയം (കുഞ്ഞുമോൾ) എന്ന രണ്ടു പെൺമക്കളും ഉണ്ട്. ജോഷി മരങ്ങാട്ടുപള്ളിയിൽനിന്ന് എസ്.എസ്.എൽ.സി. പാസ്സായി പി.ഡി.സി. ക്കു പഠിക്കുന്നു. മറ്റു കുട്ടികളും വിദ്യാഭ്യാസം ചെയ്യുന്നു.

b. ജോർജ് കടപ്ലാമറ്റം സെന്റ് ആന്റണീസിൽനിന്ന് - എസ്. എസ്.എൽ.സി പാസ്സായി. പാലാ സെന്റ് തോമസ് കോളജിൽനിന്ന് ബി.എസ്.സി.യും ബി.എഡ് ഉം പാസ്സായി മലബാറിൽ കാഞ്ഞാങ്ങാട്ടു ഹൈസ്കൂളിൽ അദ്ധ്യാപകനായി നിയമിതനായി. പുന്നത്തുറപ്പള്ളി ഇടവക പ്ലാക്കിതൊട്ടിയിൽ ചാക്കോ മകൾ ഫിലോമിനായെ വിവാഹം കഴിച്ചു. ഫിലോയും ബി.എ., ബി.എഡ് കാരിയാണ്. ജോലി സ്ഥലമായ കാഞ്ഞാങ്ങാട്ട് മാവുങ്കാൽ എന്ന ഭാഗത്ത് സ്ഥിരതാമസം. ഇവർക്ക് ബിജു, കുഞ്ഞുമോൾ എന്ന രണ്ടുകുട്ടികളുമുണ്ട്.

c. ജോസ് – കടപ്ലാമറ്റത്തുനിന്ന് എസ്.എസ്.എൽ.സി. പാസ്സായതിനുശേഷം മാറിടം കരയിൽ പാളയം പള്ളി ഇടവക മറ്റത്തിൻകര വർക്കി മകൾ ലീലാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ബിജു, ജോർജ് എന്നു രണ്ടാൺകുട്ടികളുണ്ട്. വേങ്ങക്കുറ്റിയിൽ തറവാട്ടിൽ മാതാപിതാക്കന്മാരുടെകൂടെ താമസം. തൊമ്മന്റെ പെൺമക്കളിൽ ചിന്നമ്മയെ മരങ്ങാട്ടുപള്ളി ഇടവക തെക്കേടത്തു ദേവസ്യാച്ചൻ വിവാഹം കഴിച്ചു. മേരിയെ കാഞ്ഞിരത്താനം ഇടവക ചക്കാലയ്ക്കൽ ജോയി വിവാഹം കഴിച്ചു.

കടപ്ലാമറ്റത്തെ ഇപ്പോഴത്തെ പുതിയപള്ളി വികാരി ബഹു. കുര്യാക്കോസ് മുരിക്കന്റെ നേതൃത്വത്തിൽ പുതുക്കിപ്പണി നടത്തിയ കാലത്ത് ശ്രീമാന്മാരായ വട്ടിഞ്ചയിൽ തൊമ്മനും പാലക്കീൽ കമ്പകത്തേൻ ഔസേപ്പും കൈപ്പള്ളിയേൽ തൊമ്മനും പണിതീരുവോളം സ്ഥിരം കൈക്കാരന്മാരായിരിക്കുകയും വളരെ പരിശ്രമിക്കയും ചെയ്തിട്ടുണ്ട്. ശ്രീമാൻ വട്ടിഞ്ചയിൽ തൊമ്മൻ അക്കാലത്തെ പള്ളിയോഗത്തിൽ ഒരു സജീവ പ്രവർത്തകനായിരുന്നു. അദ്ദേഹം 1963 ഒക്ടോബർ 9-ാം തീയതി നിര്യാതനായി. അദ്ദേഹത്തിന്റെ ഭാര്യ അന്നമ്മ 96 വയസ്സ്, ഇപ്പോഴും ആരോഗ്യവതിയായി ജീവിക്കുന്നു.

ii. വട്ടിഞ്ചയിൽ തൊമ്മന്റെ രണ്ടാമത്തെ മകൻ ചാക്കോ മരങ്ങാട്ടുപള്ളി ഇടവക കീരിപ്പടവിൽ വർക്കി മകൾ ഏലിയെ വിവാഹം കഴിച്ചു. അവർക്ക് തൊമ്മൻ (കുഞ്ഞ്) ജോർജ്, ജയിംസ് എന്നു മൂന്നാൺമക്കളും മേരി, ചിന്നമ്മ എന്ന രണ്ടു പെൺമക്കളുമുണ്ട്. കിഴക്കേതൊണ്ടിക്കൽ തറവാട്ടിൽ പാർത്തിരുന്ന ചാക്കോ വസ്തുക്കൾ പിതൃസഹോദര പുത്രനു വിറ്റ് മലബാറിൽ ചിറ്റാരിക്കാലിൽ കുടികയറി. ഇപ്പോൾ പാലക്കുന്നിൽ കുന്നംകൈ ഇവടവകയിൽ താമസിക്കുന്നു.

a മൂത്തമകൻ കുഞ്ഞ് എസ്.എസ്.എൽ.സി. പാസായിട്ടുണ്ട്. ചിറ്റാരിക്കാലിൽ, പുരക്കോട്ടിൽ വറുഗീസ് മകൾ മേരിയെ വിവാഹം കഴിച്ചു. അവർക്ക് ഒരാൺകുട്ടിയും മൂന്നു പെൺകുട്ടികളുമുണ്ട്. ബിജു, റജീന, സിജി, ഷിജി.

b. രണ്ടാമൻ ജോർജ് കൊളക്കോട്ടിൽ വറുഗീസ് മകൾ ചിന്നമ്മയെ വിവാഹം കഴിച്ചു. അവർക്ക് ജോമി, സോമി എന്നു രണ്ടു പെൺകുട്ടികൾ ഉണ്ട്.

c. മൂന്നാമൻ ജെയിംസ് വരക്കാട് ഹൈസ്കൂളിൽനിന്ന് എസ്. എസ്. എൽ. സി. പാസ്സായിട്ടുണ്ട്.

d. ചാക്കോയുടെ പെൺമക്കളിൽ മേരിയെ കളത്തൂർ പള്ളിയിടവകപനച്ചിക്കാതൊടുകയിൽ അബ്രാഹം വിവാഹം കഴിച്ചു. ചിന്നമ്മയെ പാലക്കുന്നിൽ കുന്നംകൈപള്ളിയിടവകയിൽ കിഴക്കേമുട്ടത്തു മാത്യു (അപ്പച്ചൻ) വിവാഹം കഴിച്ചിരിക്കുന്നു.

iii. വട്ടിഞ്ചയിൽ തൊമ്മന്റെ മൂന്നാമത്തെ മകൻ കുഞ്ഞേപ്പ് (റ്റി.റ്റി. ജോസഫ്) കിടങ്ങൂർ സെന്റ് മേരീസ് ഹൈസ്കൂളിൽനിന്ന് ഇ.എസ്.എസ്.എൽ.സി.യും പാലാ സെന്റ് തോമസ് ട്രെയിനിംഗ് സ്കൂളിൽനിന്നു റ്റി.റ്റി.സി.യും പാസ്സായ ശേഷം ആദ്യം കിടങ്ങൂർ ഹൈസ്കൂളിലും പിന്നീട് കടപ്ലാമറ്റം സെന്റ് ആന്റണീസ് ഹൈസ്കൂളിലും അദ്ധ്യാപകനായശേഷം ഗവൺമെന്റ് സർവ്വീസിൽ പ്രവേശിച്ചു.

ജോസഫ് വിവാഹം കഴിച്ചിരിക്കുന്നത് കുടക്കച്ചിറ ഇടവക വല്ലേൽ കുടുംബത്തിൽപ്പെട്ട ബ്രിജീത്തായെയാണ്. അവർക്ക് തോമസ് (അപ്പച്ചൻ), കുര്യാച്ചൻ (സിറിയക്ക്), ഔസേപ്പ് (ബേബി), മത്തായി (മാത്തുക്കുട്ടി) എന്നു നാലാൺമക്കളും, അന്നമ്മ (ജെസി), സിൽവി എന്നു രണ്ടു പെൺമക്കളുമുണ്ട്. റ്റി.റ്റി. ജോസഫ് ദീർഘകാലത്തെ അദ്ധ്യാപകവൃത്തിക്കുശേഷം വയലാ ഈസ്റ്റ് ഗവൺമെന്റ് സ്കൂളിൽ ഹെഡ്മാസ്റ്ററായി. കുറിച്ചിത്താനം ഗവൺമെന്റ് എൽ.പി.എസി.ൽ ഹെഡ്മാസ്റ്ററായിരിക്കുമ്പോൾ റിട്ടയർ ചെയ്തു.

മക്കളിൽ ഒന്നാമൻ തോമസ് (അപ്പച്ചൻ) മരങ്ങാട്ടുപള്ളിയിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും പാലാ സെന്റ് തോമസ് കോളജിൽ നിന്നു പി.ഡി.സി.യും മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്നു ബി.എ.യും എറണാകുളം തേവരകോളജിൽ നിന്ന് എം.എ. ബിരുദവും എടുത്തു.

കുര്യാച്ചൻ കുറവിലങ്ങാട് ദേവമാതാ കോളജിൽനിന്നും ബേബിയും മാത്തുക്കുട്ടിയും പാലാ സെന്റ് തോമസ് കോളജിൽ നിന്നും പി.ഡി.സി.യും പാസായിട്ടുണ്ട്. കുര്യാച്ചൻ ഗവൺമെന്റ് കോൺട്രാക്ടറുമാണ്.

ജോസഫിന്റെ പെൺമക്കളിൽ ജെസി, മരങ്ങാട്ടുപള്ളിൽനിന്നും എസ്.എസ്.എൽ.സി പാസ്സായശേഷം പാലാ അൽഫോൻസാ കോളജിൽനിന്നു പി.ഡി.സി. പാസ്സായി. പിന്നീട് എം.കോം സെക്കന്റ് ക്ലാസ്സിൽ പാസ്സായി.

സിൽവി മരങ്ങാട്ടുപള്ളിയിൽനിന്നും എസ്.എസ്.എൽ.സി. പാസ്സായി, കുറവിലങ്ങാട്ടു കോളജിൽ പി.ഡി.സി. ക്കു പഠിക്കുന്നു.

വട്ടിഞ്ചയിൽ തൊമ്മന്റെ മൂത്തമകൾ അന്നമ്മ (കുട്ടി) അവിവാഹിതയാണ്. സഹോദരൻ ജോസഫിന്റെ സംരക്ഷണയിൽ കഴിയുന്നു.

രണ്ടാമത്തവൾ ത്രേസ്യാമ്മ രാമപുരത്ത് എടക്കര കുടുംബത്തിൽ കുഞ്ഞാഗസ്തി വിവാഹം കഴിച്ചു. അവർ ഇപ്പോൾ കാസർകോട്ടു ജില്ലയിൽ ചിറ്റാരിക്കാലിൽ താമസിക്കുന്നു.

**2. രണ്ടാമൻ ഔസേപ്പ്**

രണ്ടാമൻ കിഴക്കേതൊണ്ടിക്കൽ തറവാട്ടിൽ താമസിച്ചിരുന്ന ഔസേപ്പ്, കുറിച്ചേൽ ഔസേപ്പിന്റെ മകൾ കൊച്ചേലിയെ വിവാഹം കഴിച്ചു. അവർക്ക് അന്നക്കുട്ടി എന്നൊരു മകൾമാത്രം ഉണ്ടായി.

അന്നക്കുട്ടിയെ അതിരമ്പുഴ പള്ളിയിടവകയിൽ ഓണംകുളത്തിൽ സെബാസ്റ്റ്യൻ വിവാഹം കഴിച്ചു ദത്തുനിന്നു. അതിൽ ജോസ്, മാണി, കുഞ്ഞ്, ഷാജി എന്നു നാലാൺമക്കളും ലിസമ്മ, കുഞ്ഞുമോൾ എന്ന രണ്ടു പെൺകുട്ടികളുമുണ്ട്. ഇവരിൽ മാണി ചെറുപ്പത്തിലെ മരിച്ചു പോയി.

മൂത്തമകൻ ജോസ് സാമാന്യവിദ്യാഭ്യാസാനന്തരം, പാലാ പള്ളി യിടവക ഇലഞ്ഞിക്കൽ മാണി മകൾ ചിന്നമ്മയെ വിവാഹം കഴിച്ചു. അവർക്ക് റെജി, ഷെറി, ബിന്ദു, ബൈജു എന്നു നാലു കുട്ടികൾ ഉണ്ട്. മൂത്തമകൻ റജി കടപ്ലാമറ്റത്തുനിന്ന് എസ്.എസ്.എൽ.സി. പാസ്സായ ശേഷം പാലാ സെന്റ് തോമസ് കോളജിൽനിന്ന് പി.ഡി.സി. പാസ്സായി. ഷെറി, പത്താം ക്ലാസിലും, ബിന്ദു അഞ്ചാം ക്ലാസിലും, കൊച്ചുമകൻ ബൈജു മൂന്നാം ക്ലാസിലും പഠിക്കുന്നു.

അന്നക്കുട്ടിയുടെ രണ്ടാമത്തെ മകൻ കുഞ്ഞ് കടപ്ലാമറ്റത്തുനിന്ന് എസ്.എസ്.എൽ.സി. പാസ്സായി. പാലാ സെന്റ് തോമസ് കോളജിൽ നിന്നു പി.ഡി.സി. പാസ്സായതിനുശേഷം ഐ.റ്റി.സി.യും പാസ്സായിട്ടുണ്ട്.

മൂന്നാമത്തെ മകൻ ഷാജി സെബാസ്റ്റ്യൻ കടപ്ലാമറ്റത്തുനിന്ന് എസ്.എസ്.എൽ.സി പാസ്സായതിനുശേഷം പാലാ സെന്റ് തോമസ് കോളജിൽ പി.ഡി.സി. ക്കു പഠിക്കുന്നു.

അന്നക്കുട്ടിയുടെ മകൾ ലിസമ്മയെ ആപ്പാംചിറ പാറത്താഴെ വിവാഹം കഴിപ്പിച്ചു. ഇളയ പെൺകുട്ടികൾ കടപ്ലാമറ്റം സെന്റ് ആന്റണീസിൽ പഠിക്കുന്നു.

കിഴക്കേതൊണ്ടിക്കൽ തൊമ്മൻ കാരണവരുടെ ഏകമകൾ കുഞ്ഞുപെണ്ണിനെ (റോസ) കുടക്കച്ചിറ പള്ളിയിടവക വല്ലേൽ കുടുംബത്തിൽ മത്തായി കല്യാണം കഴിച്ചു. അവർക്കു സന്താനം ഉണ്ടായില്ല. 1981-ൽ കുടക്കച്ചിറയുള്ള സ്ഥലം വിറ്റ് വയലാകരയിൽ നരിമറ്റത്തിൽക്കാരുടെ സ്ഥലം വാങ്ങി മാറിപ്പാർക്കുന്നു. ഈ മത്തായിയുടെ സഹോദ രിയാണ് വട്ടിഞ്ചിയിൽ റ്റി.റ്റി. ജോസഫിന്റെ ഭാര്യ ബ്രിജീത്ത.

## മൂന്നാംശാഖ മൂന്നാമൻ
## മരോട്ടിയിൽ തൊമ്മൻ മത്തായി

മൂന്നാംശാഖ മൂന്നാമൻ മരോട്ടിയിൽ തൊമ്മൻ മത്തായി വിവാഹം കഴിച്ചിരിക്കുന്നത് ചേർപ്പുങ്കൽ പള്ളി ഇടവക നരിപ്പാറ ഔസേപ്പിന്റെ മകൾ അന്നയെയാണ്. അവർക്ക് തൊമ്മൻ, ഔസേപ്പ് എന്ന് രണ്ട് ആൺമക്കളും റോസ എന്ന് ഒരു മകളും ഉണ്ടായിരുന്നു. ശ്രീമാൻ മത്തായി 1934 ജനുവരി 10-ാം തീയതി നിര്യാതനായി. എന്നാൽ ഭാര്യയായ അന്ന അതിനുശേഷം ഒരു വ്യാഴവട്ടത്തിൽ കൂടുതൽ ആരോഗ്യവതി യായിരിക്കുകയും 1957 ജൂലൈ ഒന്നാം തീയതി മരണം പ്രാപിക്കുകയും ചെയ്തു.

1. മൂത്തമകൻ തൊമ്മൻ - മരങ്ങാട്ടുപള്ളി ഇടവകയിൽ മഞ്ഞനാ ടിയിൽ ഏലിയെ വിവാഹം ചെയ്തു. സന്താനമില്ലാതെ 1920 ഏപ്രിൽ 27-ാം തീയതി തൊമ്മൻ നിര്യാതനായി.

2. ഔസേപ്പ് - ചേർപ്പുങ്കൽ പള്ളി ഇടവക തട്ടുങ്കൽ തോമസ് മകൾ അന്നമ്മയെ വിവാഹം ചെയ്തു. അവർക്ക് മത്തായി, തോമസ്, ആഗസ്തി, കുഞ്ഞുവർക്കി എന്ന് നാല് ആൺമക്കളും, അന്നക്കുട്ടി, ഏലിക്കുട്ടി എന്ന് രണ്ട് പെൺമക്കളും ഉണ്ടായി. അന്നമ്മ 1959 ജൂലൈ 29-ാം തീയതി മരണമടഞ്ഞു. ശ്രീമാൻ ഔസേപ്പ് അസാധാരണമായ വ്യക്തിസാമർത്ഥ്യവും നീതിനിഷ്ഠയും പ്രകടിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് കുടുംബത്തിന് വളരെ ശ്രേയസ്സ് ഉണ്ടാവുകയും ചെയ്തു. നാല് വ്യാഴവട്ടക്കാലത്തെ ഐശ്വര്യപൂർണ്ണമായ ജീവിതത്തിനു ശേഷം 1984 ഫെബ്രുവരി 9-ാം തീയതി അദ്ദേഹം നിര്യാതനായി.

i. മത്തായി - കടപ്ലാമറ്റത്തുനിന്ന് പ്രൈമറിയും കിടങ്ങൂർ സെന്റ് മേരീസ് ഹൈസ്കൂളിൽനിന്ന് ഇ.എസ്.എൽ.സി. പരീക്ഷയും പാസായി, കടപ്ലാമറ്റം സെന്റ് ആന്റണീസ് ഇംഗ്ലീഷ് സ്കൂളിൽ അദ്ധ്യാപകനായിരിക്കേ 1945 ആഗസ്റ്റ് 14-ാം തീയതി നിര്യാതനായി.

ii. തോമസ് - ആർപ്പുക്കര ചെറുപുഷ്പം പള്ളിയിടവക കൊച്ചു വീട്ടിൽ മത്തായി മകൾ അന്നമ്മയെ വിവാഹം കഴിച്ചു. അവർക്ക് കുഞ്ഞച്ചൻ (ജോസഫ്) മാത്യു, ബേബി (അഗസ്റ്റിൻ) എന്ന് മൂന്ന് ആൺമക്കളും ഷൈലമ്മ (അന്ന) എന്ന് ഒരു പെൺകുട്ടിയും ഉണ്ട്.

a. കുഞ്ഞച്ചൻ (ജോസഫ്) - കടപ്ലാമറ്റത്തുനിന്ന് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി, നീറന്താനം പള്ളി ഇടവക വടക്കേടത്ത്

..................ആലിസിനെ (അന്നമ്മ) വിവാഹം കഴിച്ചു. അവർക്ക് ആൽബിൻ (തോമസ്) എന്നൊരു ആൺകുട്ടിയുണ്ട്.

b. മാത്യു - കടപ്ലാമറ്റത്തുനിന്ന് പ്രൈമറിയും ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി, ആർപ്പൂക്കര പള്ളിയിടവക മുറിക്കൽ ഔസേപ്പ്, മകൾ പെണ്ണമ്മയെ (മറിയം) വിവാഹം ചെയ്തു.

c. ബേബി (അഗസ്റ്റിൻ) - കടപ്ലാമറ്റത്ത് പ്രൈമറിയും ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി, മുത്തോലി കർമ്മലീത്ത ആശ്രമത്തിൽ ചേരുകയും ബാംഗ്ലൂർ ധർമ്മാരാം കോളജിൽ വൈദികപഠനം നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

d. ഷൈലമ്മ (അന്ന) - കടപ്ലാമറ്റത്തുനിന്ന് എസ്.എസ്.എൽ.സി. പരീക്ഷ പാസായി, തുടർന്ന് കുറവിലങ്ങാട് ദേവമാതാകോളജിൽനിന്ന് പ്രീഡിഗ്രിയും മാന്നാനം കെ.ഇ. കോളജിൽനിന്ന് ബി.എസ്.സിയും പാസായി.

iii. കുഞ്ഞാഗസ്തി കടപ്ലാമറ്റത്തുനിന്ന് പ്രൈമറിയും ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി ചങ്ങനാശേരി സെന്റ് ബർക്കു മാൻസ് കോളജിൽ ചേരുകയും അവിടെനിന്ന് ബി.എ. ബിരുദം എടുക്കുകയും ചെയ്തു. തുടർന്ന് ബാംഗ്ലൂർ സർവ്വകലാശാലയിൽനിന്ന് ബി.എഡ്. ബിരുദവും സമ്പാദിച്ച് 1960-ൽ കൂട്ടിക്കൽ സെന്റ് ജോർജ് ഹൈസ്കൂളിൽ അദ്ധ്യാപകനായി പ്രവേശിക്കുകയും 1972-ൽ കുറവിലങ്ങാട് സെന്റ് മേരീസ് ഹൈസ്കൂളിലേക്കു സ്ഥലം മാറുകയും ചെയ്തു. അവിടെ ത്തന്നെ ജോലിയിൽ തുടരുന്നു. കുഞ്ഞാഗസ്തി കുടക്കച്ചിറ പള്ളി ഇടവക കൊല്ലാനിക്കൽ ലൂക്കാ മകൾ മേരിയെ ആണ് വിവാഹം ചെയ്തിരിക്കുന്നത്. മേരിയും കുറവിലങ്ങാട് സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിൽ അദ്ധ്യാപികയാണ്. കുഞ്ഞാഗസ്തി സകുടുംബം കുറവിലങ്ങാട് താമസിക്കുന്നു. കുഞ്ഞാഗസ്തിക്ക് സാബു (ജോസഫ്) സാജു (ലൂക്കാ) എന്ന് രണ്ട് ആൺകുട്ടികളും മിനി (അന്നമ്മ) ജസ്മോൾ (റോസ) എന്ന് രണ്ട് പെൺകുട്ടികളും ഉണ്ട്.

സാബു നസ്രത്ത്ഹിൽ ഇംഗ്ലീഷ് മീഡിയം സ്കൂളിൽനിന്ന് എസ്.എസ്.എൽ.സി.യും കുറവിലങ്ങാട് ദേവമാതാ കോളജിൽനിന്ന് പ്രീഡിഗ്രിയും പാസായി. ഇപ്പോൾ ബി.എസ്.സിയ്ക്കു പഠിച്ചുകൊണ്ടി രിക്കുന്നു. മിനിയും ജസ്മോളും ഹൈസ്കൂളിലും, സാജു അഞ്ചാം ക്ലാസിലും പഠിക്കുന്നു.

iv. കുഞ്ഞുവർക്കി - മൂന്ന് വയസ്സു മാത്രമുള്ളപ്പോൾ, 1944 മെയ് 21-ാം തീയതി മരിച്ചുപോയി.

ഔസേപ്പിന്റെ മൂത്തമകൾ അന്നക്കുട്ടിയെ കൂടല്ലൂർ ഇടവകയിൽ മുരിക്കിനിക്കുന്നേൽ ദേവസ്യാ വിവാഹം ചെയ്തു. ഒരു പെൺകുട്ടി (ഗ്രേയ്സി) ഉണ്ടായി കഴിഞ്ഞപ്പോൾ അന്നക്കുട്ടി മരിച്ചുപോയി. ഗ്രേയ്സിയെ പിതാമഹനായ ശ്രീമാൻ ഔസേപ്പ് തന്റെകൂടെ നിർത്തി വിദ്യാഭ്യാസം ചെയ്യിക്കുകയും അതിരമ്പുഴ പള്ളി ഇടവക കിടങ്ങയിൽ ദേവസ്യായെക്കൊണ്ടു വിവാഹം കഴിപ്പിക്കുകയും ചെയ്തു.

ഇളയ മകളായ ഏലിക്കുട്ടിയെ മീനച്ചിൽ പള്ളിയിടവക കുന്നപ്പള്ളിയേൽ വർക്കി വിവാഹം കഴിച്ചു. അവർ ഇപ്പോൾ മലബാറിൽ കുറ്റ്യാടി ഭാഗത്ത് കുടിയേറിപ്പാർക്കുന്നു.

മത്തായികാരണവരുടെ ഏകമകൾ റോസയെ വെട്ടിമുകൾ പള്ളിയിടവകയിൽ, മണ്ണൂകുളത്തിൽ ചാക്കോ വിവാഹം കഴിച്ചു. അവർക്ക് സന്താനങ്ങൾ ഉണ്ടായിരുന്നില്ല. റോസ 1969 ജൂൺ 18-ാം തീയതി സ്വന്തം സഹോദരനായ ഔസേപ്പിന്റെ കുടുംബത്തിൽ വച്ചു നിര്യാതയായി.

## III -ാം ശാഖ നാലാമൻ

## തെക്കേ കുളിരാനിയിൽ തൊമ്മൻ കുര്യാക്കോ

തൊന്നൻ കുര്യാക്കോ വിവാഹം കഴിച്ചിരുന്നത് കൊഴുവനാൽ കരയിൽ മേക്കാട്ടുകുന്നേൽ മറിയത്തിനെയാണ്. അവർക്കു തൊമ്മൻ, വർക്കി, കുര്യാക്കോസ്, ജോസഫ് എന്ന് നാലാൺമക്കളും റോസ, മറിയമ്മ, അന്നമ്മ എന്ന് മൂന്നു പെൺമക്കളുമുണ്ടായി. കുര്യാക്കോ 1930 നവംബർ 1- ന് (മലയാളമാസം 1105-മാണ്ട് ധനുമാസം 26-ന്) സകല വിശുദ്ധന്മാരുടെ തിരുനാൾ ദിവസം 56-ാം വയസ്സിൽ മരത്തിൽനിന്നു വീണു ചരമം പ്രാപിച്ചു. ഭാര്യയായ മറിയം 1942 ജൂലായ് 24-ാം തീയതി എഴുപതാമത്തെ വയസ്സിലും മരിച്ചുപോയി.

**1. കുര്യാക്കോ തൊമ്മൻ** - മരങ്ങാട്ടുപള്ളികരയിൽ പൂതക്കാട്ടിൽ അന്നമ്മയെ വിവാഹം കഴിച്ചു. അവർക്ക് ഏലിക്കുട്ടി, അന്നക്കുട്ടി എന്നു രണ്ടു പെൺകുട്ടികൾ മാത്രം ഉണ്ടായി.

ഏലിക്കുട്ടിയെ - കടപ്ലാമറ്റം പള്ളിയിടവക പാലക്കീൽ ആനപ്പാറ ജോസഫിന്റെ മകൻ സ്ക്കറിയാച്ചൻ വിവാഹം കഴിച്ച് ചാവനാത്തട ത്തിൽ ദത്തുനിന്നു. അവർക്ക് കുഞ്ഞ് (T.S. ജോസഫ്), അപ്പച്ചൻ (തോമസ്) എന്നു രണ്ടാൺമക്കളും തങ്കമ്മ, ചിന്നക്കുട്ടി, മേരി, ജാൻസമ്മ എന്ന് നാല് പെൺമക്കളും ഉണ്ട്. കുഞ്ഞ് (T.S. ജോസഫ്) കടപ്ലാമറ്റത്തുനിന്ന് എസ്.എസ്.എൽ.സി. പാസ്സായശേഷം പാലാ സെന്റ് തോമസ് കോളജിൽനിന്ന് ബി.എസ്.സി. (മാത്തമാറ്റിക്സ്) പാസായി. തുടർന്ന് ബി.എഡ് എടുത്ത് ഇലഞ്ഞി ഹൈസ്കൂളിൽ അദ്ധ്യാപക വൃത്തിയാരംഭിച്ചു.

ഇപ്പോൾ കടപ്ലാമറ്റത്തു സെന്റ് ആന്റണീസ് ഹൈസ്കൂളിൽ അദ്ധ്യാപകനായി ജോലി നോക്കുന്നു. കുഞ്ഞു വിവാഹം കഴിച്ചിരിക്കുന്നത് വലിയകുമാരമംഗലം പള്ളിയിടവക കൈപ്പള്ളിയേൽ ജോസഫ് മകൾ അച്ചാമ്മയെയാണ്. അവർക്കു ഷൈബു എന്നൊ രാൺകുട്ടിയും, ഷൈനോ, ഷൈജി. ഷോണോ എന്ന മൂന്നുപെൺകുട്ടി കളും ഉണ്ട്. കുട്ടികൾ എല്ലാവരും പഠിക്കുന്നു.

**അപ്പച്ചൻ** (തോമസ്)

കടപ്ലാമറ്റത്ത് എസ്.എസ്.എൽ.സി. പാസ്സായി, മരങ്ങാട്ടുപള്ളി ഇടവക കിളിയനാനി കുഞ്ഞൂഞ്ഞു മകൾ ഏലമ്മയെ വിവാഹം കഴിച്ചു. അവർക്ക് ഐസി, സോൺസി എന്നു രണ്ടു പെൺമക്കളും ഐൻസ് (സ്കറിയ) എന്നൊരു ആൺകുട്ടിയുമുണ്ട്.

സ്കറിയാ മകൾ തങ്കമ്മയെ കടുത്തുരുത്തി പള്ളിയിടവക വാലാച്ചിറ വഞ്ചിപ്പുരയ്ക്കൽ ജോസഫ് വിവാഹം കഴിച്ചു. ചിന്നക്കുട്ടിയെ മങ്കൊമ്പിൽ വാകക്കാട്ട് പള്ളിയിടവക തോട്ടക്കര മത്തായി ജോസഫ് വിവാഹം കഴിച്ചു. ഭർത്താവ് വലിയകുമാരമംഗലം ഹൈസ്കൂളിൽ അദ്ധ്യാപകനാണ്.

മേരിയെ മേലുകാവിൽ പയസ്മൗണ്ട് പള്ളിയിടവക പൈക്കാട്ട് സ്കറിയാ ജോസഫ് വിവാഹം കഴിച്ചു. ജാൻസമ്മ പാലാ അൽഫോൻസാ കോളജിൽനിന്നു ബി.എസ്.സി. ഫസ്റ്റ് ക്ലാസിൽ (മാത്സ്) പാസ്സായി മൈസൂറിൽ ബി.എഡിന് പഠിക്കുന്നു.

തൊമ്മന്റെ രണ്ടാമത്തെ മകൾ അന്നക്കുട്ടിയെ തുടങ്ങനാട് പള്ളിയിടവക കാവളക്കാട്ട് കെ.എം. തോമസ് വിവാഹം കഴിചച്ചു. എം.എം എൽ.എൽ.ബി. ഡിഗ്രിക്കാരനായ മി. തോമസ് ഒരഭിഭാഷ കനാണ്, അദ്ദേഹം മൂന്നാർ പഞ്ചായത്ത് പ്രസിഡന്റുമാണ്. അവർക്കു മാമ്മച്ചൻ, തോമാച്ചൻ എന്ന രണ്ടാൺകുട്ടികളും ഏലമ്മ എന്ന ഒരു പെൺകുട്ടിയുമുണ്ട്. തോമാച്ചൻ ബി.എ. എൽ.എൽ.ബി. ഡിഗ്രിയെടുത്തിട്ടുണ്ട്. ഏലമ്മ എം.എ. (ഇക്കണോമിക്സ്) പട്ടാമ്പി ഗവൺമെന്റ് കോളജ് അദ്ധ്യാപികയാണ്.

ഇവരുടെയെല്ലാം പിതാവായ തൊമ്മൻ 1980 ജൂലായ് മാസം 16–ാം തീയതി 90–ാമത്തെ വയസ്സിൽ അന്തരിച്ചു. മാതാവായ അന്നമ്മ 1975 ജൂലായ് 13–ാം തീയതി 87–ാമത്തെ വയസ്സിൽ മരിച്ചുപോയി.

**2. കുര്യാക്കോവർക്കി** മരങ്ങാട്ടുപള്ളി ഇടവക കിഴക്കേകരിപ്പാത്ത് ഏലിയെ വിവാഹം കഴിച്ചു. ഇവർക്കു കുര്യാച്ചൻ, പാപ്പ (വർക്കി) എന്നു രണ്ടാൺമക്കളും മറിയം (കുട്ടി) കുഞ്ഞന്നമ്മ, ഏലിയാമ്മ, ത്രേസ്യാമ്മ, മോനിക്ക എന്ന ഞ്ചുപെൺമക്കളുമുണ്ട്.

കുര്യാച്ചൻ കിടങ്ങൂർ സെന്റ് മേരീസ് ഹൈസ്കൂളിൽനിന്ന് എസ്.എസ്.എൽ.സി. പാസായി. തോടനാൽ പള്ളിയിടവക പായ്ക്കാട്ട് ത്രേസ്യാമ്മയെ വിവാഹം കഴിച്ചു. വിവാഹം കഴിഞ്ഞ് അധികം താമസിയാതെ മലബാറിൽ ചിറ്റാരിക്കാലിൽ കുടിയേറി താമസിച്ചു. ഇവർക്ക് ജോയി, ബെന്നി, ജോസുകുട്ടി എന്നു മൂന്നാൺകുട്ടികളും എത്സമ്മ, റോസമ്മ എന്ന രണ്ടു പെൺകുട്ടികളുമുണ്ട്.

പാപ്പ (വർക്കി) കടപ്ലാമറ്റത്തുനിന്ന് എസ്.എസ്.എൽ.സി. പാസ്സായി പൈങ്ങളം പള്ളി ഇടവക പാലാത്താനത്തുപടവിൽ ഏലിക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്കു സിറിൽ, സാജു, സുരേഷ് എന്നു മൂന്നാൺമക്കളും ഷൈലി, സുനിത എന്നു രണ്ടു പെൺ മക്കളുമുണ്ട്.

കുര്യാക്കോ വർക്കിയുടെ മകൾ മറിയത്തിനെ (കുട്ടി) അതിരമ്പുഴ തോട്ടനാനിക്കൽ മത്തായി കല്യാണം കഴിച്ചു. അവർ ക്രമേണ സ്ഥലം വിറ്റ് മലബാറിൽ ചിറ്റാരിക്കാലിൽ താമസിക്കുന്നു.

രണ്ടാമത്തവൾ അന്നമ്മയെ കൂടല്ലൂർ കരയിൽ തെക്കേത്തൊട്ടിയിൽ ജോസഫ് കല്യാണം കഴിച്ചു. മൂന്നാമത്തവൾ ഏലിയാമ്മയെ കുടക്കച്ചിറപള്ളിയിടവക ചെമ്പോട്ടിക്കൽ കുഞ്ഞൂഞ്ഞു (വർക്കി) വിവാഹം കഴിച്ചു. നാലാമത്തവൾ ത്രേസ്യാമ്മയെ മാറിടത്ത് പുതുപ്പള്ളിയേൽ കൊച്ചേപ്പ് (ജോസഫ്) വിവാഹം കഴിച്ചു. അവരും സ്ഥലംവിറ്റ് കാസർകോട് ചിറ്റാരിക്കാലിൽ കുടിയേറി. അഞ്ചാമത്തവൾ മോനിക്കാ കടപ്ലാമറ്റം സെന്റ് ആന്റണീസിൽനിന്ന് എസ്.എസ്.എൽ.സി. പാസായശേഷം പാറ്റ്നായിൽ സേക്രഡ് ഹാർട്ട് സിസ്റ്റേഴ്സിന്റെ സഭയിൽ ചേർന്നു സിസ്റ്റർ മേരി സ്ക്കോളാസ്റ്റിക്കാ എന്ന പേരിൽ സന്ന്യാസിനിയായി. പാറ്റ്നായിൽ അദ്ധ്യാപികയായി ജോലി ചെയ്യുന്നു. ഉമ്പുക്കാട്ടു കുടുംബത്തിലെ രണ്ടാമത്തെ കന്യാസ്ത്രീയാണ് സി. മേരി സ്ക്കോളാസ്റ്റിക്ക. ഇവരുടെ പിതാവായ വർക്കി 1980 ഫെബ്രുവരി 2–ാം തീയതി നിര്യാതനായി. ഭാര്യയായ ഏലി പന്ത്രണ്ടുവർഷത്തിനു മുൻപ് ചിറ്റാരിക്കാലിൽ താമസക്കാരനായ മകൻ കുര്യാച്ചന്റെ വീട്ടിൽവച്ചു നിര്യാതയായിരുന്നു. വർക്കിയുടെ കാലശേഷം മകൻ പാപ്പ (വർക്കി) വസ്തുക്കളും വീടും പേരപ്പന്റെ ദത്തുപുത്രനായ സ്കറിയായ്ക്കുതന്നെ വിറ്റ് മലബാറിൽ നീലിശ്വരത്തു (മണ്ഡപം) 1981 ഏപ്രിൽ 14–ന് കുടിയേറിപ്പാർത്തു.

**3. ഫാ. കെ.കെ. കുര്യാക്കോസ് ബി.എ. ബി.റ്റി** – വയലാ ഈസ്റ്റീൻ പ്രൈമറി വിദ്യാഭ്യാസത്തിനുശേഷം കിടങ്ങൂർ, പാലാ എന്നീ സ്കൂളുകളിൽ പഠിച്ച് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. സെന്റ് ബർക്കുമാൻസ് കോളജ് ചങ്ങനാശ്ശേരിയിൽനിന്ന് ഇന്റർമീഡിയറ്റും സെന്റ് ജോസഫ് കോളജ് തിരുച്ചിറപ്പള്ളിയിൽനിന്ന് ഫിസിക്സിൽ ബി.എ ഡിഗ്രിയും എടുത്തശേഷം, കോട്ടയം പെറ്റി സെമിനാരിയിൽ ചേർന്നു വൈദികപഠനം ആരംഭിച്ചു. ആലുവാ മംഗലപ്പുഴ സെമിനാരിയിൽ വൈദികപഠനം പൂർത്തിയാക്കി, 1941 ഡിസംബറിൽ കടപ്ലാമറ്റം പള്ളിയിൽ പ്രഥമദിവ്യബലി അർപ്പിച്ചു. താമസിയാതെ കോതനല്ലൂർ പള്ളി അസിസ്റ്റന്റ് വികാരിയായും അവിടുത്തെ സ്കൂളിൽ ഹെഡ്മാസ്റ്ററായും നിയമിതനായി. അതേത്തുടർന്ന് ഭരണങ്ങാനം, കുറവിലങ്ങാട്, ഇലഞ്ഞി, തുടങ്ങനാട്, പ്ലാശനാൽ, കടപ്ലാമറ്റം എന്നീ ഹൈസ്കൂളുകളിൽ ജോലി നോക്കി കടപ്ലാമറ്റത്തുനിന്നു റിട്ടയർ ചെയ്തു. ഇതിൽ ഇലഞ്ഞി, തുടങ്ങനാട്, പ്ലാശനാൽ

എന്നീ ഹൈസ്കൂളുകളിൽ ഹെഡ്മാസ്റ്ററായിരുന്നു. സ്കൂൾ അദ്ധ്യാപകനായിരുന്നെങ്കിലും അതതു പള്ളികളിലെ വൈദികകർമ്മ ങ്ങളിലും അദ്ദേഹം വളരെ താത്പര്യപൂർവ്വം സഹകരിച്ചിരുന്നു. ഒരു ബൈബിൾ പണ്ഡിതനായിരുന്ന അദ്ദേഹം നല്ലൊരു വാഗ്മിയും സുവിശേഷപ്രസംഗകനുമായിരുന്നു.

പൂർവ്വികനായ ബഹു. തോട്ടക്കര തര്യതു കത്തനാർക്കുശേഷം ഉമ്പുക്കാട്ടു കുടുംബത്തിലെ പ്രഥമവൈദികനായ കുര്യാക്കോസച്ചൻ 25 വർഷക്കാലത്തോളം നീണ്ട അദ്ദേഹത്തിന്റെ വൈദികജീവിതത്തിൽ നാനാവിധ രോഗങ്ങളാൽ പീഡിതനായിരുന്നു. എങ്കിലും വളരെ ക്ഷമ യോടും അർപ്പിതബോധത്തോടും തന്റെ കടമകളെയെല്ലാം നിറവേറ്റി ഏവരുടെയും സ്നേഹവും ബഹുമാനവും ആർജ്ജിച്ചിരുന്നു. തന്റെ വൈദികവൃത്തിയുടെ 25-ാം വർഷത്തിൽ 56-ാം വയസ്സിൽ, 1966 ജനുവരി 31-ന് കുര്യാക്കോസച്ചൻ നിര്യാതനായി. റൈറ്റ് റവ. ഡോ. സെബാസ്റ്റ്യൻ വയലിൽ തിരുമേനിയുടെയും അനേകം വൈദികരുടെയും കന്യാസ്ത്രീകളുടെയും ബഹുശതം വിശ്വാസികളുടെയും സാന്നിദ്ധ്യത്തിൽ കബറടക്കം നടന്നു. കടപ്ലാമറ്റം പഴയപള്ളിയിലുള്ള അദ്ദേഹത്തിന്റെ ശവക്കല്ലറയിൽ സ്മാരകശില സ്ഥാപിച്ചിട്ടുണ്ട്.

**4. കുര്യാക്കോ ജോസഫ്** - 1915 ൽ ജനിച്ചു. കടപ്ലാമറ്റം, വയല, മരങ്ങാട്ടുപിള്ളി എന്നീ സ്കൂളുകളിൽ 7-ാം ക്ലാസുവരെയുള്ള മലയാള വിദ്യാഭ്യാസവും, കിടങ്ങൂർ സെന്റ് മേരീസ്, പാലാ സെന്റ് തോമസ് എന്നീ സ്കൂളുകളിൽനിന്നു ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തി യാക്കി ഇ.എസ്.എൽ.സി. എടുത്ത് അടുത്തവർഷംതന്നെ കടപ്ലാമറ്റം സെന്റ് ജോസഫ്സ് എൽ.പി.എസി.ൽ ഒരു വർഷം അദ്ധ്യാപകനായി ജോലി നോക്കി. 1936-ൽ കടപ്ലാമറ്റത്ത് ഇംഗ്ലീഷ് മിഡിൽ സ്കൂൾ ആരംഭിച്ചപ്പോൾ പ്രാരംഭ അദ്ധ്യാപകരിൽ ഒരാളായി ജോലിയിൽ പ്രവേശിച്ചു. കോട്ടയം സി.എൻ.ഐ. ട്രെയിനിംഗ് സ്കൂളിൽനിന്നും റ്റി.റ്റി.സി യും പാസായി. ഏതാണ്ടു 12 വർഷം കടപ്ലാമറ്റം ഇംഗ്ലീഷ് മിഡിൽ സ്കൂളിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചു വരവേ ശ്വാസകോശസംബന്ധമായ രോഗം പിടിപെടുകയാൽ അകാലത്ത് ജോലി രാജിവെ ക്കേണ്ടതായിവന്നു.

ഇംഗ്ലീഷ് സ്കൂളിന്റെ പ്രാരംഭകാലത്ത് അദ്ധ്യാപകരായിരുന്ന Rev. Fr. Zacharias പൂവത്തുങ്കലിനോടും Mr. K. A. Lukose കൂവള്ളൂരിനോടുമൊപ്പം പ്രാരംഭദശയിലുള്ള ഒരു സ്കൂളിന്റെ ഭാരിച്ച ഉത്തരവാദിത്വ ങ്ങൾ പേറേണ്ടിവന്നിട്ടുണ്ട്. ആ കാലഘട്ടത്തിൽ തന്നെ

പുതുക്കിപ്പണിയാരംഭിച്ച കടപ്ലാമറ്റം പുതിയ പള്ളിയുടെ കെട്ടിടനിർമ്മാണത്തിൽ ഒരു യോഗക്കാരനെന്ന നിലയിൽ അന്നു വികാരിയായിരുന്ന റവ. ഫാ. കുര്യാക്കോസ് മുരിക്കന് ഗണ്യമായ സഹകരണം ചെയ്തിട്ടുണ്ട്. അതു പോലെ, ആ കാലഘട്ടത്തിൽ തന്നെ പണിയാരംഭിച്ച കടപ്ലാമറ്റം ഗവ ആശുപത്രിക്കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ നേതൃത്വം കൊടുത്തിരുന്നു. ഫാ. സക്കറിയാസ് പൂവത്തുങ്കലിനോടൊപ്പം സജീവ മായി സഹകരിച്ചു പ്രവർത്തിച്ചിട്ടുണ്ട്. സ്കൂളിൽ നിന്നും വിരമിക്കുന്നതിന്റെ തലേവർഷം മദ്ധ്യവയസ്കർക്കുവേണ്ടി ഇംഗ്ലീഷ് പഠനത്തിന് ഫാ. സക്കറിയാസ് പൂവത്തിങ്കലിന്റെ നേതൃത്വത്തിൽ ഒരു Night School ആരംഭിക്കുകയും അതിലെ ഏക അദ്ധ്യാപകനായി 6 മാസക്കാലത്തോളം Night Class നടത്തുകയും ചെയ്തിരുന്നു. സ്കൂളിൽ നിന്നു പിരിഞ്ഞശേഷം കടപ്ലാമറ്റും ഇടവകയിൽ പല ഭക്തസംഘടനയിലും പ്രവർത്തിക്കുകയും ഏതാണ്ട് 18 വർഷം ഇടമുറിയാതെ സ്ഥലത്തെ Vincent De Paul Society യിൽ പ്രസിഡന്റ്, സെക്രട്ടറി എന്നീ നിലകളിൽ സേവനമനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. ഉമ്പുക്കാട്ടു കുടുംബയോഗത്തിൽ ഒരു സജീവപ്രവർത്തകനുമായിരുന്നു മി. ജോസഫ്. ശ്രീ ജോസഫ് കാണേക്കാട്ടുകരയിൽ പേഴത്തിനാൽ മത്തായി മകൾ ത്രേസ്യാമ്മയെ (മാമ്മി) വിവാഹം കഴിച്ചു. ആ വിവാഹത്തിൽ സിറിയക്ക് എന്നൊരു മകനും മേരിയെന്നൊരു മകളുമുണ്ടായി. മേരി ശിശുവായിരുന്നപ്പോൾത്തന്നെ മരിച്ചുപോയി. മാമ്മി (ത്രേസ്യാമ്മ) ഉദരരോഗ സംബന്ധമായ രോഗം നിമിത്തം 20-ാം വയസ്സിൽ അകലാചരമം പ്രാപിച്ചു.

**ഫാ. സിറിയക്ക് കുളിരാനി എസ്.ജെ.**

1939-ൽ ജനിച്ച സിറിയക്ക് പ്രൈമറി, മിഡിൽ സ്കൂൾ വിദ്യാഭ്യാസം കടപ്ലാമറ്റത്തും. ഇലഞ്ഞി, പ്ലാശനാൽ എന്നീ സ്കൂളുകളിൽ നിന്നും ഹൈസ്കൂൾ വിദ്യാഭ്യാസവും Trichi St. Joseph's College ൽ നിന്ന് ഇന്റർമീഡിയറ്റും പാസ്സായശേഷം ഈശോസഭയിൽ ചേർന്ന് ഷെമ്പഗന്നൂർ പഠനമാരംഭിച്ചു. 15 വർഷത്തെ ദീർഘമായ സെമിനാരി വിദ്യാഭ്യാസത്തിനിടയ്ക്ക് മദ്രാസ്, ലയോളാ കോളജിൽനിന്ന് ബി.എ. ഡിഗ്രിയുമെടുത്തു. മാന്നാനം കോളജിൽനിന്ന് ബി.എഡ് പാസ്സായി. 1971-ൽ വൈദികപഠനം പൂർത്തിയാക്കി പാലാ ബിഷപ് മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയിൽനിന്ന് ളാലം പള്ളിയിൽ വച്ച് ഗുരുപ്പട്ടം സ്വീകരിക്കുകയും മാർച്ച് 26-ന് കടപ്ലാമറ്റം പള്ളിയിൽ നവപൂജ അർപ്പിക്കുകയും ചെയ്തു. അന്നുമുതൽ ഈശോസഭവക തിരുവനന്തപുരത്തുള്ള സെന്റ് ജോസഫ്സ് ഹൈസ്കൂൾ അദ്ധ്യാപകനായി ജോലി നോക്കി വരുന്നു.

ശ്രീ ജോസഫ് പുനർവിവാഹം കഴിച്ചത് കാഞ്ഞിരമറ്റം ഇടവക നെടുന്തകടിയേൽ വർക്കി, ത്രേസ്യാ മകൾ ത്രേസ്യാമ്മയെയാണ്. അതിൽ അവർക്ക് അഞ്ച് ആൺമക്കളും രണ്ടു പെൺകുട്ടികളും ഉണ്ടായി.

ഒന്നാമൻ ജോയി 1944-ൽ ജനിച്ചു. കടപ്ലാമറ്റത്ത് പ്രൈമറി, ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി പാലാ സെന്റ് തോമസ് കോളജിൽനിന്നു ബി.എസ്.സി ഫിസിക്സിൽ ഡിഗ്രിയെടുത്ത് മാന്നാനം ട്രെയിനിംഗ് കോളജിൽനിന്നു ബി. എഡും പാസ്സായി. 1965 ജൂണിൽ കടപ്ലാമറ്റം സെന്റ് ആന്റണീസ് ഹൈസ്കൂളിൽ റവ. ഫാ. കുര്യാക്കോസ് കുളിരാനിയുടെ ഒഴിവിൽ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. അവിടെ മൂന്നുവർഷക്കാലം ജോലി നോക്കിയശേഷം മരങ്ങാട്ടുപിള്ളി സെന്റ് തോമസ് ഹൈസ്കൂളിലേക്കു സ്ഥലം മാറുകയും ചെയ്തു. 15 കൊല്ലത്തോളമായി അവിടെ സേവനമനുഷ്ഠിക്കുന്നു. ജോയി വിവാഹം കഴിച്ചിരിക്കുന്നത് തീക്കോയി പള്ളി ഇടവക കുമ്മണ്ണുപ്പറമ്പിൽ തോമാച്ചന്റെ മകൾ (ഇപ്പോൾ ഈ വീട്ടുകാർ നിലമ്പൂരിൽ കുടിയേറി പാർക്കുന്നു) കാതറൈനെ (കുട്ടിയമ്മ) യാണ്. ജോയിക്ക് രാജേഷ് (ജോസഫ്), രമേശ് (തോമസ്) എന്നു രണ്ടാൺകുട്ടികളും, റിന്നി (ത്രേസ്യാമ്മ) എന്നൊരു പെൺകുട്ടിയുമുണ്ട്. രാജേഷ് മരങ്ങാട്ടുപിള്ളി സെന്റ് തോമസ് ഹൈസ്കൂളിൽ ഒമ്പതാം സ്റ്റാൻഡേർഡിലും മറ്റുള്ളവർ അടുത്ത ക്ലാസുകളിലും പഠിക്കുന്നു.

**രണ്ടാമൻ അൽഫോൻസ് ജോർജ്ജ് ജനനം - 1946**

പ്രൈമറിയും ഹൈസ്കൂളും വിദ്യാഭ്യാസം കടപ്ലാമറ്റത്തു പൂർത്തിയാക്കി. അരുവിത്തുറയ്ക്കു കിഴക്കുഭാഗം ഇടമറുകിൽ വലിയമംഗലത്ത് അബ്രാഹം മകൾ മേരിയെ വിവാഹം കഴിച്ചു. ഇവർക്ക് പ്രസാദ് (ജോസഫ് മാർട്ടിൻ) എന്നൊരാൺകുട്ടിയും സുമി (ത്രേസ്യാമ്മ) എന്നൊരുപെൺകുട്ടിയും ഉണ്ട്. പ്രസാദ് കടപ്ലാമറ്റം സെ. ആന്റണീസ് ഹൈസ്കൂളിൽ 6-ാം സ്റ്റാൻഡേർഡിലും, സുമി എൽ.പി. സ്കൂളിൽ നാലാം സ്റ്റാൻഡേർഡിലും പഠിക്കുന്നു.

1950-ൽ ജനിച്ച മൂന്നാമത്തെ കുട്ടി വത്സമ്മ ഏകദേശം ഒരു വയസ്സായപ്പോൾ മരിച്ചുപോയി.

നാലാമൻ ബേബി (ഫ്രാൻസിസ്) 1953-ൽ ജനിച്ചു. പ്രൈമറി. ഹൈസ്കൂൾ വിദ്യാഭ്യാസം കടപ്ലാമറ്റത്തുനിന്നും പൂർത്തിയാക്കിയ ശേഷം ഭരണങ്ങാനം അസീസ്സി ആശ്രമത്തിൽ താമസിച്ചുകൊണ്ട് അരുവിത്തുറ കോളജിൽനിന്നും പ്രീഡിഗ്രി പാസായി. അനന്തരം പാലാ സെന്റ് തോമസ് കോളജിൽനിന്നും ബി.എസ്.സി. (സുവോളജി) ഡിഗ്രിയെടുത്തു. പിന്നീട് പൂനാ യൂണിവേഴ്സിറ്റിയിൽനിന്നും Anthropology M.Sc Second Class ൽ പാസായി. 1978ൽ

Anthropological Survey of India, Southern Regional Office Mysore ൽ Senior Technical Assistant ആയി നിയമിതനായി. ബേബി വിവാഹം കഴിച്ചിരിക്കുന്നത് ഭരണങ്ങാനത്തിനു കിഴക്കു പൂവത്തോടു പള്ളി ഇടവക ചെലമ്പൻകുന്നേൽ ജോസഫ് മകൾ റോസിലി (ലൂസി) M.Sc (Statistics) യെയാണ്. ലൂസിയും 1981 ജൂണിൽ Mysore Regional Office ൽത്തന്നെ Statistical Assistant ആയി നിയമിതനായി. ഇവർ മൈസൂറിൽ താമസിച്ചുവരുന്നു. ഇവർക്കു മെൽവിൻ (ജോസഫ്) എന്നൊരാൺ കുട്ടിയുണ്ട്.

1955-ൽ ജനിച്ച അഞ്ചാമൻ കുഞ്ഞിത്തൊമ്മൻ ശിശുപ്രായത്തിൽ ടൈഫോയിഡുമൂലം മരിച്ചു.

1963-ൽ ജനിച്ച, ആറാമൻ ഇഗ്നേഷ്യസ് (കുഞ്ഞുമോൻ) കടപ്ലാമറ്റത്തു പ്രൈമറിയും ഹൈസ്കൂളും വിദ്യാഭ്യാസം പൂർത്തിയാക്കി ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളജിൽനിന്നു പ്രീഡിഗ്രി പാസ്സായി പാലാ സെന്റ് തോമസ് കോളജിൽനിന്നു ബി.കോം ഡിഗ്രിയും എടുത്തു.

മകൾ തെരേസാറാണി (കൊച്ചുറാണി) ജനനം 1958-ൽ കടപ്ലാമറ്റത്ത് എൽ.പി. സ്കൂൾ വിദ്യാഭ്യാസവും കടപ്ലാമറ്റത്തും മരങ്ങാട്ടു പള്ളിയിലുമായി ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. അതിനുശേഷം പാലാ അൽഫോൻസാകോളജിൽനിന്നു ഡിഗ്രിയും ഇക്കണോമിക്സിൽ ബി.എ. ഡിഗ്രിയുമെടുത്തു. അനന്തരം Trichi Holy Cross College ൽ ചേരുകയും അവിടെനിന്നും ഇക്കണോമിക്സിൽ എം.എ. ഫസ്റ്റ് ക്ലാസിൽ പാസ്സാവുകയും ചെയ്തു. Fr. C.T. Kottaram കോളജിൽ പഠിപ്പിച്ചുകൊണ്ടിരിക്കവേ 1981-ൽ കൊച്ചിൻ യൂണിവേഴ്സിറ്റി School of Management ലെ ലക്ചററായ മി. മാത്യു മണിമല എം.ബി.എ. വിവാഹം കഴിച്ചു. ഇപ്പോൾ കൊച്ചുറാണി കൊച്ചി യൂണിവേഴ്സിറ്റിയിൽ ഇക്കണോ മിക്സിൽ റിസേർച്ച് ചെയ്യുന്നു. ഭർത്താവ് മി. മാത്യു മണിമല Indian Institute of Management (I.I.M.) അഹമ്മദാബാദിലും റിസേർച്ച് ചെയ്യുന്നു.

കുര്യാക്കോസ് കാരണവരുടെ മൂത്തമകൾ റോസയെ, കൊഴുവനാൽ പള്ളി ഇടവക തലവയലിൽ തൊമ്മൻ വിവാഹം കഴിച്ചു.

രണ്ടാമത്തവൾ മറിയാമ്മയെ കടപ്ലാമറ്റം പള്ളിയിടവക കാരുവേലിൽ വെട്ടുകാട്ടേൽ ദേവസ്യാ വിവാഹം കഴിച്ചു. ഇപ്പോൾ ഇവർ മലബാറിൽ കാഞ്ഞാങ്ങാട്ട്, കോടോംഭാഗത്തു താമസമാണ്.

മൂന്നാമത്തവൾ അന്നമ്മയെ കൂടല്ലൂർ പള്ളി ഇടവക വയലാകരയിൽ പാണ്ടംപടത്തിൽ തടത്തിൽ തൊമ്മൻ വിവാഹം കഴിച്ചു.

## IIIാം ശാഖയിൽ അഞ്ചാമനായ
## വടക്കേനെല്ലിക്കുന്നേൽ തൊമ്മൻ വർക്കി

IIIാം ശാഖയിൽ അഞ്ചാമനായ വടക്കേനെല്ലിക്കുന്നേൽ തറവാട്ടിൽ താമസിച്ചിരുന്ന തൊമ്മൻ വർക്കി വിവാഹം കഴിച്ചിരുന്നത് കാഞ്ഞിരമറ്റം പള്ളി ഇടവക തുരുത്തിമറ്റത്തിൽ റോസയെയാണ്. അവർക്ക്, തൊമ്മൻ ചാക്കോ, കുഞ്ഞേപ്പ്, അഗസ്റ്റിൻ, വർക്കിച്ചൻ (കൊച്ച്) എന്ന് അഞ്ചാൺമക്കളും റോസ്, അന്നമ്മ എന്ന രണ്ടു പെൺ മക്കളുമുണ്ടായി. ശ്രീമാൻ വർക്കി ഉമ്പുക്കാട്ടു കുടുംബയോഗം സംഘടിപ്പിക്കുന്നതിനു നിർണ്ണായകമായ പങ്കുവഹിച്ചിട്ടുള്ളയാളാണ്. വർക്കിയും ഭാര്യ റോസയും എൺപതുവയസ്സുവരെ ജീവിച്ചതിനുശേഷം മരിച്ചു.

വർക്കിയുടെ മക്കളിൽ ഒന്നാമൻ തൊമ്മൻ മരങ്ങാട്ടുപള്ളി ഇടവക പൂതക്കാട്ടിൽ കത്രിയെ വിവാഹം കഴിച്ചു. ആണ്ടൂർക്കരയിൽ പുലക്കുന്നേൽ പുരയിടത്തിലേക്കു മാറി പാർത്തു. അവർക്ക് പാപ്പച്ചൻ (ജോസഫ്), കുഞ്ഞ്, (ജോർജ്) എന്നു രണ്ടാൺമക്കളും റോസ, ഏലിക്കുട്ടി, മാമ്മി, അന്നക്കുട്ടി എന്നു നാലു പെൺമക്കളും ഉണ്ട്. ഇളയവളായ അന്നക്കുട്ടി സന്ന്യാസിനിയാണ്. പേര് സി. ആഗ്നസ്. ഊട്ടിയിൽ നിർമ്മലാ നേഴ്സിംഗ് സ്കൂളിൽ ജോലി ചെയ്യുന്നു. പിതാവായ തൊമ്മൻ ഏകദേശം മദ്ധ്യപ്രായത്തിൽ കാൻസർ രോഗം മൂലം നിര്യാതനായി.

1. തൊമ്മന്റെ മക്കളിൽ മൂത്തവനായ പാപ്പച്ചൻ വിവാഹം കഴിച്ചിരുന്നത് വയലാകരയിൽ കല്യാടിക്കൽ ഏലിക്കുട്ടിയെയാണ്. അവർക്ക്, ജോയി, ജോർജ്, സണ്ണി, റ്റോമി, പ്രകാശ് എന്ന് അഞ്ചു പുത്രന്മാരും കാതറൈൻ, മേരിക്കുട്ടി, ജെസ്സി എന്നു മൂന്നു പുത്രിമാരുമുണ്ട്. ഇതിൽ രണ്ടാമനായ ജോർജ് എസ്.എസ്.എൽ.സി മരങ്ങാട്ടുപള്ളി ഹൈസ്കൂളിൽ പാസ്സായശേഷം സെന്റ് തോമസ് മിഷനറി സൊസൈറ്റിയിൽ ചേർന്നു. ഇപ്പോൾ വടവാതൂർ സെമിനാരിയിൽ വൈദികപഠനം നടത്തുന്നു. മറ്റു കുട്ടികൾ വിദ്യാഭ്യാസം ചെയ്യുന്നു. പെൺകുട്ടികളിൽ മൂത്തവളായ കാതറൈൻ മലബാറിൽ പട്ടുവത്തു മഠത്തിൽ സന്ന്യാസിനിയാണ്. പാപ്പച്ചൻ ഏതാണ്ടു മദ്ധ്യപ്രായത്തിൽ മരിച്ചുപോയി.

രണ്ടാമത്തെ മകൻ കുഞ്ഞ് വിവാഹം കഴിച്ചിരിക്കുന്നത് ചെമ്പിളാവുകരയിൽ പുതിയാലിൽ മേരിയെയാണ്. അവർക്ക് ടോമി, വിനോദ് എന്നു രണ്ടാൺമക്കളും ജോളി, ഷെർലി, ഡെയ്സി എന്നു മൂന്നു പെൺകുട്ടികളുമുണ്ട്. എല്ലാവരും മരങ്ങാട്ടുപള്ളി ഹൈസ്കൂളിൽ പഠിക്കുന്നു.

വർക്കി തൊമ്മന്റെ പെൺമക്കളിൽ റോസയെ ആനിക്കാട്ടു മുള്ളൻ മടക്കൽ ഏപ്പച്ചൻ വിവാഹം കഴിച്ചു. ഇപ്പോൾ ആലക്കോട്ടു താമസിക്കുന്നു. രണ്ടാമത്തവൾ ഏലിക്കുട്ടിയെ കാണക്കാരി മുണ്ടന്താനത്ത് കുഞ്ഞുവർക്കി വിവാഹം കഴിച്ചു. മൂന്നാമത്തവൾ മാമ്മിയെ മരങ്ങാട്ടുപള്ളി കോട്ടുചാലിൽ ഔസേപ്പച്ചൻ വിവാഹം കഴിച്ചു. ഇപ്പോൾ മലബാറിൽ ചെമ്പൻതൊട്ടിയിൽ താമസം.

2. രണ്ടാമൻ വർക്കി ചാക്കോ കൊഴുവനാൽ പള്ളി ഇടവക പൂവക്കുളത്തു മറിയാമ്മയെ വിവാഹം കഴിച്ചു. ഇവരും ആണ്ടൂരുകരയിൽ പുല്പക്കുന്നേൽ പുരയിടത്തിൽ താമസിച്ചിരുന്നു. ഇവർക്ക് കുഞ്ഞൂട്ടി (വർക്കി), പാപ്പച്ചൻ, അഗസ്റ്റിൻ എന്ന് മൂന്ന് ആൺമക്കളും, നാലു പെൺമക്കളുമുണ്ട്. ഇവർ വസ്തുക്കൾ തൊണ്ടിക്കൽ ഔസേപ്പ് കുര്യനു വിറ്റ് മലബാറിൽ വയനാട്ടിൽ നടവയലിൽ കുടികയറി പാർത്തു. പെൺമക്കളിൽ ഒരാൾ കന്യാസ്ത്രീയാണ്. ഗൂഡല്ലൂരിലുള്ള ഫാത്തിമാ കോൺവന്റിൽ സി. ഡൊറൈൻ എന്ന പേരിൽ അറിയപ്പെടുന്നു. പിതാവായ ചാക്കോ ഏകദേശം 70-ാം വയസ്സിൽ മരിച്ചുപോയി. മൂത്ത മകൻ കുഞ്ഞൂട്ടി 35-ാം വയസ്സിൽ മരിച്ചുപോയി കുഞ്ഞൂട്ടിക്ക് ജെയിംസ് എന്ന ഒരു ആൺകുട്ടിയും അഞ്ചു പെൺമക്കളുമുണ്ട്. പെൺമക്കളിൽ മൂന്നു പേർ കന്യാസ്ത്രീകളും രണ്ടുപേർ ബിരുദധാരികളുമാണ്. രണ്ടാമത്തെ മകൻ പാപ്പച്ചൻ (മാത്യു) വിവാഹം കഴിച്ചിരിക്കുന്നത് മണിമല മത്തായിയുടെ മകൾ അന്നയെയാണ്. ഇവർക്കു ജോയി, സണ്ണി, ജോർജ്, ടോമി, രാജു, ലില്ലി എന്നീ അഞ്ചു മക്കളുണ്ട്. ഇവരിൽ ജോയിയും സണ്ണിയും ജോർജും ടോമിയും വേറേ മാറിത്താമസിക്കുന്നു. മൂന്നാമത്തെ മകൻ കുഞ്ഞിന് (അഗസ്റ്റിൻ) സലോമി, തങ്കച്ചൻ, കുട്ടിയമ്മ എന്നീ മൂന്നു മക്കളുണ്ട്.

3. മൂന്നാമൻ വർക്കി ജോസഫ് (കുഞ്ഞേപ്പ്) ചേർപ്പുങ്കൽ പള്ളിയിടവക കല്യപുരയ്ക്കകത്ത് മാത്യു മകൾ റോസയെ വിവാഹം കഴിച്ചു. ഇവർക്ക് പാപ്പച്ചൻ (ജോർജ്), മാത്തൻ, തോമാച്ചൻ, ജോസഫ്. കുര്യൻ എന്ന് അഞ്ചാൺമക്കളും അഞ്ചുപെൺമക്കളുമുണ്ട്. കുഞ്ഞേപ്പ് വടക്കേനെല്ലിക്കുന്നു തറവാട്ടിൽ താമസിച്ചിരുന്നു. കാലക്രമേണ മെച്ചപ്പെട്ട ജീവിതസൗകര്യം മുൻനിർത്തി സ്ഥലം ആനിത്തോട്ടത്തിൽ ജോസഫിനു വിറ്റ് വയനാട്ടിൽ നടവയലിൽ സഹോദരൻ ചാക്കോയോടൊപ്പം കുടിയേറിപ്പാർത്തു. മക്കളിൽ ഒന്നാമൻ (എൻ.ജെ. ജോർജ്) പാപ്പച്ചൻ. കിടങ്ങൂർ സെന്റ് മേരീസ് ഹൈസ്കൂളിൽനിന്ന് എസ്.എ സ്. എൽ.സി. പാസ്സായി. തുടർന്ന് റ്റി.റ്റി.സി.യും പാസ്സായി. കടപ്ലാമറ്റം സെന്റ് ആന്റണീസ് ഹൈസ്കൂളിൽ അദ്ധ്യാപകനായി നിയമിതനായി.

ജോർജ് പ്രവിത്താനം പള്ളി ഇടവക പഞ്ഞിക്കുന്നേൽ മറിയക്കുട്ടിയെ വിവാഹം കഴിച്ചു. ഇരുപത്തിരണ്ടുവർഷത്തോളം സെന്റ് ആന്റണീസ് എച്ച്.എസ്.ൽ സ്തുത്യർഹമായ സേവനത്തിനുശേഷം കടപ്ലാമറ്റത്തു തന്നെ സെന്റ് ജോസഫ്സ് എൽ.പി. സ്കൂൾ ഹെഡ്മാസ്റ്ററായി നിയമിത നായി. അവിടെ ഏഴുവർഷത്തെ സേവനാനന്തരം 31-3-1984 ൽ പെൻഷനായി പിരിഞ്ഞു. എൻ.ജെ. ജോർജിനെ ഒരു Born Teacher എന്നു വിശേഷിപ്പിക്കാം. ജോർജ് വയലാകരയിൽ താമസിക്കുന്നു.

എൻ.ജെ. ജോർജിന് സണ്ണി, ബാബു എന്നു രണ്ടാൺകുട്ടികളും മൂന്നു പെൺകുട്ടികളുമുണ്ട്. ബാബു ചെറുപ്പത്തിലേ മരിച്ചുപോയി. സണ്ണി കടപ്ലാമറ്റത്തു സെന്റ് ആന്റണീസിൽനിന്ന് എസ്.എസ്. എൽ.സി പാസ്സായശേഷം ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളജിൽനിന്നും പി.ഡി.സി.യും പാസ്സായി. സണ്ണി നരിയങ്ങാനം പള്ളി ഇടവക പുത്തൻപുരയിൽ മോളിക്കുട്ടിയെ വിവാഹം കഴിച്ചു. രണ്ടാമൻ ജോസഫ് മാത്തൻ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം വിവാഹം കഴിച്ചത് ചേർപ്പുങ്കൽ പള്ളിയിടവക പുളിന്താനത്തു മേരിയെയാണ്. മാത്തൻ മലബാറിൽ നടവയലിൽ താമസിക്കുന്നു. അവർക്ക് ഷാജൻ എന്ന ഒരാൺകുട്ടിയും ജോളി, ഷൈലമ്മ, ബീന എന്ന മൂന്നു പെൺകുട്ടി കളുമുണ്ട്.

മൂന്നാമൻ തോമാച്ചൻ ഇരട്ടമുണ്ടക്കൽ അന്നയെ വിവാഹം കഴിച്ചു. തോമാച്ചൻ എസ്.എസ്.എൽ.സിയും റ്റി.റ്റി.സിയും പാസായി. നടവയലിൽ എൽ.പി. സ്കൂളിൽ അദ്ധ്യാപകനാണ്. ഇവർക്ക് സജി, സിജി, സിജു എന്ന മൂന്ന് ആൺകുട്ടികളും ജസ്സി എന്ന ഒരു പെൺകുട്ടിയുമുണ്ട്.

നാലാമൻ ജോസഫ് പുൽപ്പള്ളി മാർളാക്കുഴിയിൽ മറിയക്കുട്ടിയെ വിവാഹം കഴിച്ചു. അവർക്ക് ബിജു എന്ന ഒരു ആൺകുട്ടിയും ബിന്ദു, സിനോബി, മറിയം എന്ന മൂന്ന് പെൺകുട്ടികളും ഉണ്ട്.

അഞ്ചാമൻ ജോസഫ് കുര്യൻ പുൽപ്പള്ളിൽനിന്ന് കുന്നുംപു റത്ത് ലീലാമ്മയെ വിവാഹം കഴിച്ചു. D.H.M. പാസ്സായശേഷം നടവയലിൽ ഹോമിയോ ഡോക്ടറായി പ്രാക്റ്റീസ് ചെയ്യുന്നു. അവർക്ക് പ്രകാശ്, പ്രസാദ് എന്ന രണ്ടാൺകുട്ടികളുണ്ട്.

ജോസഫിന്റെ പെൺമക്കൾ അഞ്ചുപേരെയും വയനാടുഭാഗത്തു തന്നെയാണു വിവാഹം കഴിപ്പിച്ചിരിക്കുന്നത്. പെൺകുട്ടികളിൽ റോസയെ കാഞ്ഞിരമറ്റത്ത് മുത്തുമാക്കുഴിയിൽ കുഞ്ഞും രണ്ടാമത്തവൾ മേരിയെ പള്ളിക്കുന്ന് പള്ളിയിടവകയിൽ എടപ്പൊഴുത്തിൽ ദേവസ്യാ ച്ചനും മൂന്നാമത്തവൾ ഫിലോമിനായെ പേരാമ്പ്രകുളത്തുവയൽ ഇടവക

ചന്ദ്രൻകുന്നേൽ മത്തായിയും നാലാമത്തവൾ ഇത്തമ്മ (നേഴ്സ്) മുണ്ടക്കയത്ത് ചെറിയാനും അഞ്ചാമത്തവൾ ത്രേസ്യാമ്മയെ കോടഞ്ചേരി പനച്ചിക്കൽ ജോയിയും വിവാഹം കഴിച്ചിരിക്കുന്നു.

4. നാലാമൻ വർക്കി അഗസ്റ്റിൻ കടപ്ലാമറ്റത്തു പ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞ്, കിടങ്ങൂർ, പാലാ ഹൈസ്കൂളിൽ പഠിച്ച് ഇ.എസ്.എൽ.സി. പാസ്സായി. ചങ്ങനാശേരി സെന്റ് ബർക്ക്മാൻസ് കോളജിൽ നിന്നു ഇന്റർമീഡിയറ്റ് പരീക്ഷയും പാസ്സായി. താമസിയാതെ പാലാ സെട്രൽ ബാങ്കിൽ ജോലി കിട്ടി. പ്രസ്തുത ബാങ്ക് ഏതാനു വർഷങ്ങൾക്കുശേഷം ലിക്വിഡേറ്റു ചെയ്യപ്പെട്ടു. അപ്പോൾ അഗസ്റ്റിൻ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ ക്ലാർക്കായി പ്രവേശിച്ചു. അഗസ്റ്റിൻ വിവാഹം കഴിച്ചിരിക്കുന്നത് മറ്റക്കര പള്ളിയിടവക തേക്കനാടിയിൽ മത്തായി മകൾ ഏലിയാമ്മയെയാണ്. ഇവർക്ക് ഒമ്പത് ആൺമക്കളും നാലു പെൺമക്കളുമുണ്ട്. സ്റ്റേറ്റ് ബാങ്കിൽനിന്നു പിരിയുമ്പോൾ മാനേജരായിരുന്നു. 1974-ൽ ആഗസ്റ്റ് 1-ന് 60-ാം വയസ്സിൽ അഗസ്റ്റിൽ നിര്യാതനായി.

മക്കളിൽ 1-ാമൻ ബേബി (വറുഗീസ് അഗസ്റ്റിൻ) പാലാ സെന്റ് തോമസ് സ്കൂളിൽനിന്ന് എസ്.എസ്.എൽ.സി. ഫസ്റ്റ് ക്ലാസ്സിൽ പാസ്സായശേഷം പാലാ സെന്റ് തോമസ് കോളജിൽനിന്ന് Inter mediate ഉം പാസ്സായി. മർച്ചന്റ് നേവിയിൽ ജോലിയിൽ പ്രവേശിച്ചു. പടിപടിയായി ഉയർന്നു. കാലക്രമേണ ക്യാപ്റ്റൻ ആയി. ബേബി കല്യാണം കഴിച്ചിരിക്കുന്നത് കാഞ്ഞിരപ്പള്ളി ഇടവക പാലുമണ്ണേൽ മേരിയെയാണ്. അവർക്ക് ഒരു പുത്രനും ഒരു പുത്രിയുമുണ്ട്. ഇപ്പോൾ ബേബി ഇറാൻ ഗവൺമെന്റുവക കപ്പലിൽ ക്യാപ്റ്റനാണ്.

രണ്ടാമൻ മാത്തുക്കുട്ടി പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ നിന്ന് എസ്.എസ്.എൽ.സി. ഫാസ്റ്റ് ക്ലാസിൽ പാസായശേഷം സെന്റ് തോമസ് കോളജ് പാലായിൽനിന്നു പി.ഡി.സിയും പാസ്സായി ജ്യേഷ്ഠനെപ്പോലെ മർച്ചന്റ് നേവിയിൽ ജോലിയിൽ പ്രവേശിച്ചു. മാത്തുക്കുട്ടി വിവാഹം കഴിച്ചിരിക്കുന്നത് എറണാകുളത്ത് പൂവത്തുങ്കൽ വീട്ടിൽ ഡയമണ്ടിനെയാണ്. ഇവർക്കു രണ്ടാൺമക്കളുണ്ട്. മാത്തുക്കുട്ടി ഇപ്പോൾ ജപ്പാൻ വക കപ്പലിൽ ക്യാപ്റ്റനാണ്. മൂന്നാമൻ കുര്യൻ കടപ്ലാമറ്റം സെന്റ് ആന്റണീസ് ഹൈസ്കൂളിൽനിന്ന് എസ്.എസ്.എൽ.സി. പാസ്സായി. പാലാ സെന്റ് തോമസ് കോളജിൽനിന്നു സുവോളജിയിൽ ബി.എസ്.സി. ഡിഗ്രിയുമെടുത്തു. പിതാവിന്റെ സേവനരംഗമായ സ്റ്റേറ്റ് ബാങ്കിൽ ജോലിയിൽ പ്രവേശിച്ചു. ഇപ്പോൾ മൂന്നാർ ബ്രാഞ്ചിൽ മാനേജരാണ്. കുര്യാച്ചൻ വിവാഹം കഴിച്ചിരിക്കുന്നത്

തിരുവല്ലാ സ്വദേശം ആനിയമ്മയെയാണ്. ആനിയമ്മ നേഴ്സിംഗ് പാസ്സായിട്ടുണ്ട്. ഇവർക്ക് ഒരാൺകുട്ടിയുണ്ട്.

നാലാമൻ ബാബു കടപ്ലാമറ്റും സെന്റ് ആന്റണീസ് ഹൈസ്കൂളിൽ നിന്ന് എസ്.എസ്.എൽ.സി. പാസ്സായശേഷം മാന്നാനം കെ.ഇ. കോളജിൽനിന്ന് ഫിസിക്സിൽ ബി.എസ്.സി. ഡിഗ്രിയെടുത്തു. ഏറ്റുമാനൂർ വെട്ടൂർ കുടുംബത്തിൽനിന്ന് മേരിയെ വിവാഹം കഴിച്ചു.

അഞ്ചാമൻ ടോമി (ഡൊമനിക്ക്) കടപ്ലാമറ്റം സെന്റ് ആന്റണീസ് ഹൈസ്കൂളിൽനിന്ന് എസ്.എസ്.എൽ.സി. പാസ്സായശേഷം പാലാ സെന്റ് തോമസ് കോളജിൽനിന്ന് സുവോളജി ബി.എസ്.സി എടുത്തു. ടോമി, പാഴക്കിൽനിന്ന് പനച്ചിയാനിക്കൽ സെബാസ്റ്റ്യൻ മകൾ ലീലാമ്മയെ വിവാഹം കഴിച്ചു.

ആറാമൻ ഗിരി പാലാ സെന്റ് വിൻസന്റ്റിൽനിന്നും എസ്.എസ്. എൽ.സി പാസ്സായശേഷം പാലാ സെന്റ് തോമസിൽനിന്ന് കെമിസ്ട്രിയിൽ ബി.എസ്.സി എടുത്തു.

ബാബുവും ടോമിയും ഗിരിയുംകൂടി വൈക്കത്ത് ബാറ്ററി നിർമ്മാണവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നു. Triumph Battaries എന്ന പേരിൽ ഈ കമ്പനി അറിയപ്പെടുന്നു. ഇവർക്കു പാലായിലും ബ്രാഞ്ചുണ്ട്.

ഏഴാമൻ രാജു പാലാ സെന്റ് വിൻസന്റിൽനിന്ന് എസ്. എസ്.എൽ.സിയും പാലാ സെന്റ് തോമസ് കോളജിൽനിന്ന് ഫിസിക്സിൽ ബി.എസ്.സിയും പാസ്സായി. മർച്ചന്റ് നേവിയിൽ ജോലിയിൽ പ്രവേശിച്ച് ഇപ്പോൾ ബോംബയിൽ ട്രെയിനിംഗ് നടത്തുന്നു.

എട്ടാമൻ ജെയിംസ് പാലാ സെന്റ് വിൻസന്റിൽനിന്ന് എസ്. എസ്.എൽ.സി പാസ്സായശേഷം സെന്റ് തോമസ് കോളജ് പാലായിൽനിന്ന് ബി.കോം ഡിഗ്രി എടുത്തു. ജെയിംസും മർച്ചന്റ് നേവിയിൽ ജോലിയിൽ പ്രവേശിച്ചു. ഹോങ്കോങ്ങിൽ ട്രെയിനിംഗ് കഴിക്കുന്നു.

ഒമ്പതാമൻ ബിജു കോട്ടയം സി.എം.എസ്. ഹൈസ്കൂളിൽനിന്ന് എസ്.എസ്.എൽ.സി. പാസ്സായശേഷം പാലാ സെന്റ് തോമസിൽ പി.ഡി.സി. പഠിക്കുന്നു.

അഗസ്റ്റിന്റെ പെൺമക്കളിൽ മൂത്തവൾ ഗ്രേസിയെ പാണാറള്ളിൽ അമ്പലംവീട്ടിൽ കുര്യൻ (അപ്പച്ചൻ) വിവാഹം കഴിച്ചു. ഗ്രേസി ഫിസിക്സിൽ ഗ്രാജുവേറ്റാണ്. രണ്ടാമത്തവൾ ആനിയെ കൈനകരിയിൽ അപ്പച്ചൻ വിവാഹം കഴിച്ചു. ആനി ബോട്ടണിയിൽ ബി.എസ്.സി. ഡിഗ്രി എടുത്തു. മൂന്നാമത്തവൾ ലൂസിയെ കോട്ടയത്ത പട്ടാശേരി

തമ്പാൻ വിവാഹം കഴിച്ചു. ലൂസി ബി.എ ലിറ്ററേച്ചർ ആണ്. നാലാമത്തവൾ മോളിയെ അതിരമ്പുഴ പണ്ടാരക്കളത്തിൽ അവിരാച്ചൻ വിവാഹം കഴിച്ചു. മോളിയും ബി.എ ലിറ്ററേച്ചർ ആണ്.

**വർക്കി വർക്കി (കൊച്ച്).**

(ഫാ. ജോർജ് നെല്ലിക്കുന്നേൽ എം.എസ്.എഫ്.എസ്)

കൊച്ച് എന്നു വിളിച്ചിരുന്ന വർക്കി കടപ്ലാമറ്റത്തുനിന്ന് പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കി കിടങ്ങൂർ സെന്റ് മേരീസ് ഹൈസ്കൂളിൽനിന്ന് ഇ.എസ്.എൽ.സി. പാസ്സായി.

മിഷനറീസ് ഓഫ് സെന്റ് ഫ്രാൻസീസ് സാലസിന്റ സഭയിൽ ചേർന്ന് വിശാഖപട്ടണം രൂപതയ്ക്കുവേണ്ടി തിരുവല്ലായിൽ ഫാ. ജേക്കബ് വെള്ളരിങ്ങാടിന്റെ നേതൃത്വത്തിലുള്ള മിഷൻ ഹോമിൽ പെറ്റി സെമിനാരി വിദ്യാഭ്യാസം പൂർത്തിയാക്കി. അനന്തരം ആലുവായിലുള്ള അപ്പസ്തോലിക് സെമിനാരിയിൽ ചേർന്ന് വൈദിക പഠനം പൂർത്തിയാക്കി. 1952 മാർച്ച് 17 ന് ഗുരുപ്പട്ടം സ്വീകരിക്കയും സ്വന്തം ഇടവകയായ കടപ്ലാമറ്റം സെന്റ് മേരീസ് ദേവാലയത്തിൽ പ്രഥമബലി അർപ്പിക്കയും ചെയ്തു.

വിശാഖപട്ടണം രൂപതയിലെ രാജാംപള്ളിയിൽ അസിസ്റ്റന്റായി നിയമിതനായി. അവിടെ അദ്ദേഹം എട്ടുമാസം സേവനം ചെയ്തു. പിന്നീട് പാൽക്കൊണ്ട ഇടവകയിൽ ഏതാണ്ട് മൂന്നരവർഷ ക്കാലം അസിസ്റ്റന്റ വികാരിയായി സേവനമനുഷ്ഠിച്ചു. പിന്നീട് അദ്ദേഹത്തെ, പെഡാച്ചേഡേപ്പേട്ടയിലുള്ള പള്ളിയിൽ വികാരിയായി നിയമിച്ചു. അവിടെ അഞ്ചുവർഷം സേവനം ചെയ്തു. പിന്നീട് സാമൽക്കോട്ടയിൽ 11 മാസം വികാരിയായിരുന്നു. പിന്നീട് അദ്ദേഹത്തിനു ലഭിച്ചത് നൊവിഷ്യേറ്റിലുള്ള ശെമ്മാശന്മാരുടെ മേൽനോട്ടമായിരുന്നു. അവിടെ ഏതാണ്ടൊരു കൊല്ലം കഴിഞ്ഞപ്പോൾ, മണ്ഡപ്പേട്ടയിൽ വികാരിയായി നിയമിതനായി. സുദീർഘമായ പതിനേഴുവർഷത്തെ മിഷനറി പ്രവർത്തനമാണ് അദ്ദേഹം മണ്ഡപ്പേട്ടയിൽ നടത്തിയത്. അദ്ദേഹത്തിന്റെ മാതൃകാ പരമായ ക്രൈസ്തവജീവിതത്തിന്റെയും പ്രവർത്തനത്തിന്റെയും ഫലമായി നൂറ്റമ്പതിൽപ്പരം സവർണ്ണഹിന്ദുകുടുംബങ്ങൾ മതപരിവർത്തനം ചെയ്തു ക്രൈസ്തവരായിത്തീർന്നു എന്നുള്ളത് അദ്ദേഹത്തിനും കുടുംബക്കാർക്കും നാട്ടുകാർക്കും അഭിമാനകരമായ ഒരു വസ്തുത യാണ്. അവരുടെ അംഗസംഖ്യ മൂവായിരത്തിലേറെ വരും.

ഷഷ്ഠിപൂർത്തിയിലെത്തിയ ഫാ. ജോർജിനു വിശ്രമജീവിതം കഴിക്കാൻ ബിഷപ് അനുമതി നൽകിയെങ്കിലും അദ്ദേഹം ഇപ്പോഴും സാമൽകോട്ട, ആനപ്പാർട്ടി എന്നീ രണ്ടു ഇടവകകളുടെ ജോലിഭാരം വഹിച്ചുപോരുന്നുപോലും. ഫാ. ജോർജ് ഒരു സാഹിത്യകാരൻ കൂടിയാണ്.

An extract from a series of Articles written by Fr. George Nellikunnel to be published later on:

THAT CUP OF COFFEE

In one Parish, where I was in charge of many out stations I used to visit the new Christians of these villages as often as possible constant visit and contact with the people are the key to the success of a missionary. This is the only way to keep them interested in religion.

Though we have catechists each village they know practically nothing about Christian doctrines, or if at all they know they are not bothered about instructing the people. Being new Christen themselves the faith off the cat echists are not better than, that of those Christians.

One day as usual I was on curtsey visit to a small village. The head mans' was right at the entrance of the village and so I thought of visiting that family brief.

When I entered the house I found that only the mistress of the house was present, the children had gone to the school and her husband had just gone to the field.

After enquiring about the well being of the members, I wanted to take leave with in a few minutes but she pressed me to have a cup of coffee and go. The ordinary etiquette of a family required that a guest should be entertained and it is not polite on the part of the guest to refuse.

Hence I sat on a cot on the verandah while she was busy preparing the coffee down the verandah, just in front of me. The coffee was prepared in ten minutes she removed the vessel from the hearth and looked around for a cloth to filter it. Immediately she came and fetched a filthy cloth left on my cot. That was cloth for wiping all sorts of dirt in the house. It was looking abomuiable and you can't imagine how dirty it was. The cloth was put on the top of the glass and the coffee was filtered. In that no drop may be lost, she squeezed the cloth thoroughly well. Before I could stop her the process was over.

With a smiling face she lovingly stretched out the cup to me and I, forced by an unknown power, received it. I waited for ten minutes to see if she would go into the room so that could throw it off with out her knowledge, but she was not moving. Finally I closed my

eyes and with one stretch I swallowed the whole thing. Thanking her sincerely I left the place.

This incident took place twentyfive years ago. I was not sorry over the sacrifice I had to make on that day, because there is a strong feeling in me that it was that wonderful cup of coffee that keep me physically fit to work hard in the mission field all these years as that drink was definitely an antidote for all possible sicknesses in the world. I should be very thankful to that poor rustic woman who had blessed me with such a wonderful drug!

വർക്കി കാരണവരുടെ മൂത്തമകൾ റോസയെ വലവൂർ കരയിൽ വട്ടങ്കയിൽ കല്യാണം കഴിച്ചു. രണ്ടാമത്തവൾ അന്നമ്മയെ മൂഴൂർ വേങ്ങത്താനത്തു വിവാഹം കഴിപ്പിച്ചിരുന്നുവെങ്കിലും അന്നമ്മ ഇളം പ്രായത്തിൽ മരിച്ചുപോയി.

വടക്കേനെല്ലിക്കുന്നേൽ തൊമ്മന്റെ നാലു പെൺമക്കളിൽ മൂത്ത വളായ ഏലിയെ മാറിടത്തു പറതൂക്കിയേൽ കുര്യാക്കോ–കല്യാണം കഴിച്ചിരുന്നു. അവരുടെ രണ്ടാൺമക്കളിൽ ഇളയവനായ കൊച്ചൂട്ടി (ഉലഹന്നാൻ)യുടെ പുത്രനാണ് കേരളാ ഗവൺമെന്റിൽ കൃഷി മന്ത്രിയായിരുന്ന സിറിയക്ക് ജോൺ. ഇവർ ഇപ്പോൾ മലബാറിൽ തിരുവാമ്പാടിയിലുള്ള കട്ടിപ്പാറയിൽ താമസമാണ്.

രണ്ടാമത്തവളായ മറിയത്തിനെ മാറിടത്ത് ഓടിനിയേൽ അബ്രാഹം വിവാഹം കഴിച്ചു. ഇവരിൽ ചിലർ മാറിടത്തുനിന്നു സ്ഥലംവിറ്റ് നെയ്യാറ്റിൻകരയിലും താമസമുണ്ട്.

മൂന്നാമത്തവൾ റോസയെ നെട്ടമ്പുറത്ത് കുര്യാക്കോ വിവാഹം കഴിച്ചു. ഭർത്താവ് നേരത്തേ മരിച്ചുപോയതിനാൽ ഏകമകൾ റോസയോടുകൂടി സഹോദരന്മാരോടുകൂടെ വന്നു പാർക്കുകയും ചെയ്തു. മകൾ പ്രായപൂർത്തിയായപ്പോൾ അഞ്ചമ്മാവന്മാരുംകൂടി സഹകരിച്ച് നീലിയാടി കടിയങ്കുറ്റിയിൽ തൊമ്മനെക്കൊണ്ടു വിവാഹം കഴിപ്പിച്ച് അവരോടുകൂടി റോസയെ താമസപ്പിച്ചു.

നാലാമത്തവൾ അന്നിയ കാഞ്ഞിരമറ്റം പള്ളിയിടവക നെടുന്ത കടിയേൽ ചാക്കോ വിവാഹം കഴിച്ചു. ഫാ. കെ.സി. അബ്രാഹം ബി.എ. ബി.റ്റിയും സി. ഡെന്നീസ് സി.എം.ഐയും അലോഷ്യാ സി.എം.ഐ.യും അന്നയുടെ സന്ന്യസ്തരായ മക്കളാണ്.

(അഞ്ചു താവഴിയുള്ള 3–ാം ശാഖ സമാപ്തം)

അദ്ധ്യായം 6

## നാലാം ശാഖ
## കിഴക്കേനെല്ലിക്കുന്നേൽ
## കുര്യാള - റോസ

കുര്യാള - വിവാഹം കഴിച്ചിരിക്കുന്നത് കുമ്മണ്ണൂർ കരയിൽ ഉറുമ്പേൽ റോസയെയാണ്. അവർക്ക് ഒരു പുത്രനും നാല് പുത്രിമാരുമുണ്ടായി.

ഏകപുത്രനായ ജോസഫ് - (കുഞ്ഞുകൊച്ച്) വിവാഹം കഴിച്ചിരുന്നത് കുരുവിനാൽ പള്ളി ഇടവകയിൽപ്പെട്ട ജീരകത്ത് അന്നയെയാണ്. അവർക്ക് കുര്യാക്കോ, അഗസ്റ്റിൻ എന്ന് രണ്ട് ആൺമക്കളും റോസ്, ഏലി എന്ന് രണ്ട് പെൺമക്കളുമുണ്ടായി. മദ്ധ്യവയസ്സിൽത്തന്നെ, പെട്ടെന്നുണ്ടായ രോഗംമൂലം ജോസഫ് (കുഞ്ഞുകൊച്ച്) മരിച്ചു പോയി. പ്രാപ്തിയായ മക്കൾ ഇല്ലാതിരുന്നതുമൂലം, ജോസഫിന്റെ മരണശേഷം, ഭാര്യയായ അന്നയാണ് കുറേ നാളത്തേക്കു കുടുംബത്തിനു നേതൃത്വം നൽകിയിരുന്നത്.

ജോസഫിന്റെ മൂത്ത മകൻ കുര്യാക്കോ - വിവാഹം കഴിച്ചത് മാറിടത്ത് മരുതുക്കുന്നേൽ കുഞ്ഞേലിയെയാണ്. ഒരു ആൺകുട്ടി (ലൂക്കാ) ജനിച്ചതിനുശേഷം, 24 വയസുള്ളപ്പോൾ തന്നെ കുര്യാക്കോ പരേതനായി.

ഇളയ മകൻ അഗസ്റ്റിൻ ജോസഫ് - കടപ്ലാമറ്റത്ത് പ്രൈമറി വിദ്യാഭ്യാസാനന്തരം പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ നിന്ന് 1930-ൽ ഇ.എസ്.എൽ.സി. പരീക്ഷ പാസായി. അതിനുശേഷം തിരുവനന്തപുരം മഹാരാജാസ് കോളജിൽ (University College) ഇന്റർമീഡിയറ്റ് വരെ പഠിച്ചു. അഗസ്റ്റിൻ വിവാഹം കഴിച്ചിരിക്കുന്നത് ചങ്ങനാശേരിക്കടുത്ത് പായിപ്പാട് ഇടവകയിൽപ്പെട്ട വെട്ടിയാട്ട് കുഴിയടിയിൽ പോത്തൻ മത്തായിയുടെ മകൾ മറിയക്കുട്ടിയെയാണ്. ഇവർക്ക് ജോയി. മാത്തുക്കുട്ടി, ഫ്രാൻസീസ്, ബേബി, തോമസ്കുട്ടി, ബെന്നി എന്ന ആറ് ആൺകുട്ടികളും, ഗ്രെയിസ്, മേഴ്സി, റാണി, പുഷ്പ, നിർമ്മല, ജാനറ്റ്, സിൽവി എന്ന് ഏഴ് പെൺമക്കളുമുണ്ട്.

ജോയി - കടപ്ലാമറ്റത്ത് പ്രൈമറിയും ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി, പാലാ സെന്റ് തോമസ് കോളജിൽനിന്ന്

ബി.എസ്.സി. (കെമസ്ട്രി) ഡിഗ്രിയെടുത്ത് മലേഷ്യയിൽ ഏതാണ്ട് ആറു വർഷം അദ്ധ്യാപകവൃത്തിക്കുശേഷം നാട്ടിൽ വന്നു വിവാഹിതനായി. ഭാര്യ കോഴഞ്ചേരിക്കു സമീപം വയലത്തല ഇടവകയിൽപെട്ട കുഴിയമ്മണ്ണിൽ കോശിക്കത്തനാരുടെ മകൾ മേരിക്കുട്ടിയാണ്. മേരിക്കുട്ടിയും ബി.എസ്.സി (കെമസ്ട്രി) ഡിഗ്രിക്കാരിയാണ്. വിവാഹാനന്തരം ജോയി യു.എസ്.എ. യിൽ പോയി Clinical Chemistry M.Sc. കഴിഞ്ഞ്, അവിടെത്തന്നെ, St. Louis എന്ന സ്ഥലത്ത് ജോലിയും സ്ഥിരതാമസവുമാക്കിയിരിക്കുകയാണ്. അവർക്ക് സുരേഷ് (8 വയസ്) എന്നും സതീഷ് എന്നും പേരുള്ള രണ്ട് ആൺ കുട്ടികളുമുണ്ട്.

മാത്തുക്കുട്ടി - കടപ്ലാമറ്റത്ത് പ്രൈമറിയും ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി, പാലാ സെന്റ് തോമസ് കോളജിൽ നിന്ന് ബി.എസ്.സി. ബിരുദമെടുത്തതിനുശേഷം, അദ്ധ്യാപകനായി മൂന്ന് വർഷം മലേഷ്യയിൽ ജോലി ചെയ്തു. അനന്തരം നാട്ടിൽ വന്നു വിവാഹം ചെയ്തു. ഭാര്യ, തൊടുപുഴ പാലയ്ക്കൽ മത്തായി മകൾ തെരേസാ ബി.എസ്.സി, ബി.എഡ് ആണ്. വിവാഹത്തിനുശേഷം ഇരുവരും എത്യോപിയയിൽ പോയി ആറ് വർഷത്തോളം ജോലി ചെയ്യുകയും അത് കഴിഞ്ഞ് അമേരിക്കയ്ക്കു സമീപമുള്ള ബഹാമാസ് എന്ന രാജ്യത്ത് അദ്ധ്യാപകനായി കഴിയുന്നതിനിടക്ക് മാത്തുകുട്ടി അമേരിക്കയിലെ മിയാമി സർവ്വകലാശാലയിൽനിന്ന് എം.എസ്. (Ed.), എം.ബി.എ. എന്നീ ബിരുദങ്ങളും തെരേസാ എം.എഡ് ബിരുദവും സമ്പാദിക്കുകയും ചെയ്തു. 1983 മുതൽ മാത്തുക്കുട്ടിയും ഭാര്യയും യു.എസ്.എ യിലെ Miami എന്ന സ്ഥലത്ത് ജോലിചെയ്തു കൊണ്ടിരിക്കുന്നു. അവർക്ക് ജസ്റ്റിൻ (അഗസ്റ്റിൻ), ലീന (മേരി) എന്ന് രണ്ട് കുട്ടികളുണ്ട്.

ഫ്രാൻസിസ് - കടപ്ലാമറ്റത്തുനിന്ന് പ്രൈമറിയും ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി, പാലാ സെന്റ് തോമസ് കോളജിൽ നിന്ന് പ്രീഡിഗ്രി പരീക്ഷ ഫസ്റ്റ്ക്ലാസ്സിൽ പാസായി കോട്ടയം മെഡിക്കൽ കോളജിൽ ചേരുകയും, 1971-ൽ എം.ബി.ബി.എസ്. ഡിഗ്രിയെടുക്കുകയും ചെയ്തു. അതേ തുടർന്ന് രണ്ട് വർഷത്തോളം കോട്ടയം മെഡിക്കൽ കോളജിൽ തന്നെ ട്യൂട്ടർ ആയി ജോലി ചെയ്യുകയും പിന്നീട് മെഡിസിനിൽ ബിരുദാനന്തര പഠനത്തിനുവേണ്ടി അമേരിക്കയിൽ (യു.എസ്.എ) പോവുകയും അവിടെ നിന്ന് M.D., F.C.C.P എന്നീ ബിരുദങ്ങൾ സമ്പാദിക്കുകയും ചെയ്തു. ഫ്രാൻസിസ് 1977 മുതൽ അമേരിക്കയിൽ Buffalo എന്ന സ്ഥലത്ത് ഡോക്ടറായി സേവനമനുഷ്ഠി

ക്കുന്നു. അമേരിക്കയിലെ ഉപരിവിദ്യാഭ്യാസത്തിനിടയ്ക്ക് നാട്ടിൽ വന്ന് അങ്കമാലി മുണ്ടാടൽ കുടുംബത്തിൽപെട്ട പോൾ എം. ജോണിന്റെ മകൾ റൂബി B.Sc. (Hons.)നെ വിവാഹം ചെയ്തു. ഇവർക്ക് കവിത, പോൾ എന്ന് രണ്ട് കുട്ടികളുമുണ്ട്.

ബേബി - കടപ്ലാമറ്റത്ത് പ്രൈമറിയും ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി പാലാ സെന്റ് തോമസ് കോളജിൽനിന്ന് പ്രീഡിഗ്രിയും മാന്നാനം കെ.ഇ. കോളജിൽനിന്ന് ബി.എസ്.സിയും, മാന്നാനത്തുനിന്നുതന്നെ ബി.എഡ്. ഉം പാസായി, മോഡി റബർ കമ്പനിയിൽ Extension Officer ആയി ജോലി നോക്കി വരുന്നു. ബേബി വിവാഹം കഴിച്ചിരിക്കുന്നത് തുടങ്ങനാട് വെള്ളിമൂഴയിൽ പോളിന്റെ മകൾ ലൂസിയാമ്മ ബി.എസ്.സിയെ ആണ്. ഇവർക്ക് രഞ്ജിത്ത്, രശ്മി എന്ന് രണ്ട് കുട്ടികളുമുണ്ട്.

തോമസ്കുട്ടി - കടപ്ലാമറ്റത്തുനിന്ന് പ്രൈമറി, മിഡിൽ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം സലേഷ്യൻ സഭയിൽ ചേർന്ന് എറണാകുളം സെന്റ് ആൽബർട്ട്സ് കോളജിൽനിന്ന് ബി.എ. ഡിഗ്രിയും, Madras School of Social Work ൽ നിന്ന് M.S.W. ഡിഗ്രിയും എടുക്കുകയും യേർക്കാട് സെമിനാരിയിൽനിന്ന് തത്ത്വശാസ്ത്രവും ബാംഗ്ലൂർ ക്രിസ്തു ജ്യോതി കോളജിൽനിന്ന് ദൈവശാസ്ത്രവും പഠിച്ച് 1982 ഡിസംബർ 22-ന് ചങ്ങനാശേരി മെത്രാപ്പോലീത്താ മാർ ആന്റണി പടിയറയിൽ നിന്ന് കടപ്ലാമറ്റം പള്ളിയിൽ വച്ച് ഗുരുപ്പട്ടം സ്വീകരിക്കുകയും അന്നുതന്നെ നവപൂജ അർപ്പിക്കുകയും ചെയ്തു. ഫാ. തോമസ് ഇപ്പോൾ തിരുപ്പത്തൂർ സേക്രഡ് ഹാർട്ട് കോളജിൽ പ്രഫസർ ആയി സേവനം അനുഷ്ഠിക്കുന്നു.

ബെന്നി - കടപ്ലാമറ്റത്തുനിന്ന് പ്രൈമറിയും ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി, പാലാ സെന്റ് തോമസ് കോളജിൽനിന്ന് ബി.എസ്.സിയും ഇൻഡോർ സർവ്വകലാശാലയിൽനിന്ന് M.S.W. ബിരുദവും സമ്പാദിച്ച് എറണാകുളത്ത് കേരളാ ഇലക്ട്രിക്കൽസ് കമ്പനിയിൽ ജോലി ചെയ്യുന്നു.

ഗ്രെയിസ് - കടപ്ലാമറ്റത്ത് പ്രൈമറി ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി, ഇന്റർമീഡിയറ്റിന് ചങ്ങനാശേരി അസംപ്ഷൻ കോളജിൽ പഠിച്ചു. കാഞ്ഞിരപ്പള്ളി കല്ലറയ്ക്കൽ കുടുംബത്തിൽപെട്ട കെ.റ്റി. മാത്യു ബി.എസ്.സി. (കുട്ടപ്പൻ) ആണ് ഗ്രെയ്സിനെ വിവാഹം കഴിച്ചിരിക്കുന്നത്. അവർ ഇപ്പോൾ കോട്ടയം ബേക്കർ ഹില്ലിൽ താമസിക്കുന്നു.

മേഴ്സി – കടപ്ലാമറ്റത്ത് പ്രൈമറി ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി ചങ്ങനാശേരി അസംപ്ഷൻ കോളജിൽനിന്ന് ഇന്റർമീഡിയറ്റും കോട്ടയം ബി.സിഎം. കോളജിൽനിന്ന് ബി.എസ്.സി (കെമസ്ട്രി) യും മാംഗളൂർ സെന്റ് ആഗ്നസ് കോളജിൽനിന്ന് ബി.എ ഡും പാസായി, ഗോവായിലും, മൗണ്ട് ആബുവിലുമായി (രാജസ്ഥാൻ) മൂന്ന് വർഷത്തോളം അദ്ധ്യാപനം നടത്തിയതിനുശേഷം കാഞ്ഞിരപ്പള്ളി കൊടിമരത്തുംമൂട്ടിൽ കെ.ജെ. തോമസ് ബി.കോം നെ വിവാഹം ചെയ്ത്, ഇപ്പോൾ തിരുവനന്തപുരത്ത് ഗവൺമെന്റ് ഹൈസ്കൂൾ അദ്ധ്യാപികയായി ജോലി ചെയ്തുവരുന്നു. ഭർത്താവായ കെ.ജെ. തോമസ് കേരളാഗവൺമെന്റ് ജോയിന്റ് സെക്രട്ടറിയായി കഴിഞ്ഞ വർഷം റിട്ടയർ ചെയ്തു. അവർ തിരുവനന്തപുരത്ത് സ്ഥിരതാമസമാക്കിയിരിക്കുകയാണ്.

റാണി – കടപ്ലാമറ്റത്ത് പ്രൈമറിയും ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി, കോട്ടയം ബി.സി.എം. കോളജിൽനിന്ന് ബി.എ സ്.സി (കെമിസ്ട്രി) പാസായതിനുശേഷം തൃശൂർ കൊട്ടേക്കാട് ഇടവക, നീലങ്കാവിൽ Major N.D. Joy B.Sc (Engg.) നെ വിവാഹം കഴിച്ചു. ഈ വിവാഹത്തിനുശേഷം റാണി ബറോഡാ എം.എസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.എഡ്. എടുക്കുകയും 1983 മുതൽ വിശാഖപട്ടം സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ പഠിപ്പിക്കുകയും ചെയ്യുന്നു. 183 മുതൽ ഭർത്താവും വിശാഖപട്ടണത്തുതന്നെ Indian Army യിൽ Major ആയി ജോലി ചെയ്യുന്നു. പുഷ്പ കടപ്ലാമറ്റത്തുനിന്ന് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി, പാലാ അൽഫോൻസാ കോളജിൽ നിന്ന് ബി.എസ്. സിയും സെന്റ് തോമസ് കോളജിൽ നിന്ന് എം.എസ്.സി (ഫിസിക്സ്) ഉം ഫസ്റ്റ് ക്ലാസിൽ പാസായി തിരുവനന്തപുരം സെന്റ് സേവ്യേഴ്സ് കോളജിൽ പഠിപ്പിക്കുന്നു. മല്ലപ്പള്ളി പാടിക്കൽ കുടുംബത്തിൽപ്പെട്ട വി.ജെ. ജേക്കബ് എം.കോം.നെ വിവാഹം കഴിച്ച്, രണ്ടു പേരും തിരുവനന്തപുരത്തു താമസിക്കുന്നു. ജേക്കബ് ഗവൺമെന്റ് കോളജ് ലക്ചററാണ്. നിർമ്മല – കടപ്ലാമറ്റത്തുനിന്ന് സ്കൂൾ വിദ്യാഭ്യാസവും പാലാ അൽഫോൻസാ കോളജിൽ നിന്ന് ബി.എസ്.സിയും പാലാ സെന്റ് തോമസ് കോളജിൽനിന്ന് എം.എസ്.സി (ഫിസിക്സ്) ഉം ഫസ്റ്റ്ക്ലാസിൽ പൂർത്തിയാക്കി, തലശേരിക്കടുത്ത് കൂത്തുപറമ്പ് നിർമ്മലഗിരി കോളജിൽ ലക്ചറർ ആയി 1981 മുതൽ ജോലി ചെയ്തുവരുന്നു.

ജാനറ്റ് – കടപ്ലാമറ്റത്തുനിന്ന് എസ്.എസ്.എൽ.സി പരീക്ഷയും പാലാ അൽഫോൻസാ കോളജിൽനിന്ന് ബി.എസ്.സിയും തിരുവനന്തപുരം മാർ ഇവാനിയോസ് കോളജിൽനിന്ന് എം.എസ്.സി (കെമസ്ട്രി) യും ഫസ്റ്റ് ക്ലാസിൽ പാസായി.

സിൽവി – കടപ്ലാമറ്റത്തുനിന്ന് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം പാലാ അൽഫോൻസാ കോളജിൽനിന്ന് ബി.എസ്.സി. ഫസ്റ്റ് ക്ലാസിൽ പാസായി, ഇപ്പോൾ കൊല്ലം ഫാത്തിമാ കോളജിൽ എം.എസ്.സി (ഫിസിക്സ്) ന് പഠിച്ചുകൊണ്ടിരിക്കുന്നു.

കുര്യാക്കോയുടെ മകൻ ലൂക്കാ (കുഞ്ഞുകുട്ടി)

സാമാന്യവിദ്യാഭ്യാസത്തിനുശേഷം വടയാർ, കോളം മൂടോപുരയ്ക്കൽ വർക്കി മകൾ ഏലിക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്ക് കുര്യാച്ചൻ, ജോർജ്, ജോസ്, കുഞ്ഞച്ചൻ, തോമസ്, ഫ്രാൻസിസ്, മാത്തുക്കുട്ടി എന്നിങ്ങനെ ഏഴ് ആൺമക്കളും, ലൈസാമ്മ, ലിസിയമ്മ, സൂസമ്മ എന്ന് മൂന്ന് പെൺകുട്ടികളും ഉണ്ട്. 1982–ൽ കടപ്ലാമറ്റത്ത് കാഞ്ഞിരപ്പാറയുള്ള വീടും സ്ഥലവും കൂവള്ളൂർ ജോസിന് വിറ്റ് മല ബാറിൽ ഭീമനടിയിൽ താമസമാക്കി. ആൺമക്കൾ മലബാറിൽ വിവിധ സ്ഥലങ്ങളിൽ മാറി പാർക്കുന്നു.

നാലാംശാഖ, കുരുവിള കാരണവരുടെ പെൺമക്കളിൽ ഒന്നാമത്തെ മകൾ മറിയത്തെ മാറിടത്ത് മെഴുകനാലും, രണ്ടാമത്തെ മകൾ അന്നയെ രാമപുരത്ത് കട്ടക്കയത്തും മൂന്നാമത്തെ മകൾ റോസയെ വയലാ മങ്ങരയും നാലാമത്തവളായ ഏലിയെ മരങ്ങാട്ടുപള്ളി പുതുപ്പറമ്പിൽ തെക്കേലും വിവാഹം കഴിച്ചിരിക്കുന്നു.

ജോസഫിന്റെയും അന്നയുടെയും പെൺമക്കളിൽ മൂത്തവളായ റോസയെ അതിരമ്പുഴ ചക്കാലക്കൽ വിവാഹം കഴിച്ചിരുന്നു. ജോർജ് എന്നോരാൺകുട്ടി ഉണ്ടായിക്കഴിഞ്ഞ് ഭർത്താവ് മരിച്ചുപോകയാൽ, റോസ് കിഴക്കേനെല്ലിക്കുന്നേൽ കുടുംബത്തിലേക്കു തിരിച്ചുപോരുകയും ജോർജ്ജിനെ വളർത്തി ശിഷ്ടജീവിതം വിധവയായി കഴിയുകയും ചെയ്യുന്നു. ജോർജ്ജ് എം.എസ്.സി ബിരുദം എടുത്തയാളും അവിവാഹിതനുമാണ്.

രണ്ടാമത്തെ മകൾ കുഞ്ഞേലി അന്നത്തെ മലയാളം ഏഴാംക്ലാസ് വിദ്യാഭ്യാസത്തിനുശേഷം സന്ന്യാസാർത്ഥിനിയായി കഴിയുമ്പോൾ, യൗവ്വനത്തിൽത്തന്നെ മരിച്ചുപോയി. അവർ വേദപാഠ അദ്ധ്യാപികയായി സേവനമനുഷ്ഠിക്കുകയും മാതൃകാപരമായ ഭക്തജീവിതം നയിക്കുകയും ചെയ്തിരുന്നു.

(4–ാം ശാഖ സമാപ്തം)

അദ്ധ്യായം 7

## അഞ്ചാം ശാഖ
## വെടിക്കുന്നേൽ കുഞ്ഞുമത്തായി

ഉമ്പുക്കാട്ടു കുടുംബത്തിലെ ഈപ്പൻ കാരണവരുടെ അഞ്ചാമത്തെ മകനാണ് കുഞ്ഞുമത്തായി. കൊച്ചറക്കൽ ഏലിയെയാണ് അദ്ദേഹം വിവാഹം ചെയ്തത്. വിവാഹാനന്തരം അദ്ദേഹം കടപ്ലാമറ്റം പള്ളിക്കു സമീപമുള്ള വെടിക്കുന്നേൽ പുരയിടത്തിൽ താമസമാക്കി. ഇവർക്ക് ഔസേപ്പ് (കുഞ്ഞച്ചൻ) മത്തായി (കുഞ്ഞുകൊച്ച്) എന്ന് രണ്ടാൺമക്കളും മറിയം, അന്നമ്മ, റോസമ്മ, ത്രേസ്യാമ്മ എന്ന് നാലു പെൺമക്കളുമുണ്ടായിരുന്നു.

മൂത്തമകൻ ഔസേപ്പ് (കുഞ്ഞച്ചൻ) വിവാഹം കഴിച്ചിരുന്നത് അതിരമ്പുഴപള്ളി ഇടവക ചക്കാലക്കൽ മത്തായി മകൾ റോസയെയാണ്. അവർക്ക് മത്തായി, ഔസേപ്പ് (കുഞ്ഞൗസേപ്പ്), ജെ. തോമസ് (കുഞ്ഞമ്മൻ) എന്ന് മൂന്ന് ആൺമക്കളും ഏലി, റോസ, മറിയാമ്മ എന്ന് മൂന്ന് പെൺമക്കളുമുണ്ടായി.

ഔസേപ്പിന്റെ (കുഞ്ഞച്ചൻ) മൂത്തമകൻ മത്തായി കൂടല്ലൂർ പള്ളി ഇടവക കാരിക്കാട്ടിൽ വർക്കി മറിയം മകൾ അന്നമ്മയെ വിവാഹം ചെയ്തു. വിവാഹത്തിനുശേഷം അദ്ദേഹം പൊൻകുന്നത്തു സ്ഥലം വാങ്ങി മാറിത്താമസിച്ചു. അവർക്ക് ഔസേപ്പ് (കുഞ്ഞൗത), വർക്കി എന്ന രണ്ടാൺമക്കളും റോസ എന്ന ഒരു മകളുമുണ്ടായി. ഒന്നാമൻ ഔസേപ്പ് (കുഞ്ഞൗത) തമ്പലക്കാട് വടശേരി മാത്യു മകൾ മറിയക്കുട്ടിയെ വിവാഹം ചെയ്തു. തങ്കച്ചൻ എന്ന ഒരാൺകുട്ടി ഉണ്ടായതിനു ശേഷം ഭാര്യ മരിച്ചുപോയി. ഔസേപ്പ് (കുഞ്ഞൗത) വീണ്ടും വിവാഹിതനായി. അതിൽ നാലു കുട്ടികളുമുണ്ട്. ഔസേപ്പ് പൊൻകുന്നത്തുനിന്ന് സ്ഥലംവിറ്റ് മലബാറിൽ കുടിയേറി. രണ്ടാമൻ വർക്കി വിവാഹിതനായെങ്കിലും ഇളംപ്രായത്തിൽ മരിച്ചുപോയി. മത്തായി മക്കളോടൊപ്പം മലബാറിനുപോകാതെ തിരിച്ചു കടപ്ലാമറ്റത്തു വരുകയും സഹോദരനായ ജെ. തോമസിന്റെകൂടെ താമസിക്കുകയും ചെയ്തു. 28-01-1962 ൽ 76-ാം വയസ്സിൽ അദ്ദേഹം നിര്യാതനായി.

മത്തായിയുടെ ഏകമകൾ റോസയെ മലബാറിൽ പാലാക്കാരൻ ഡോക്ടർ മൂലയിൽ വിവാഹം കഴിച്ചു.

ഔസേപ്പിന്റെ (കുഞ്ഞച്ചൻ) രണ്ടാമത്തെ മകനായ ഔസേപ്പ് (കുഞ്ഞൗസേപ്പ്) വിവാഹം കഴിച്ചിരുന്നത് വയലാ പള്ളിയിടവക കുഴിവേലിൽ ഏലിയെയാണ്. അവർ ആണ്ടൂർകരയിൽ വലിയമരുതു ഭാഗത്ത് പന്നിക്കാട്ടു പുരയിടത്തിൽ സ്ഥലംവാങ്ങി മാറിത്താമസിച്ചു. ഇവർക്ക് ജോസഫ് (കൊച്ചേപ്പ്), മാത്യു, (മത്തക്കുട്ടി) എന്ന രണ്ടാൺമക്കളും റോസ്, ഏലി, അന്നമ്മ എന്ന് മൂന്ന് പെൺമക്കളും ഉണ്ട്.

ഒന്നാമൻ ജോസഫ് (കൊച്ചേപ്പ്) മുത്തോലപുരം പള്ളിയിടവക തെങ്ങുംപള്ളിൽ ആഗസ്തി മകൾ ഏലിക്കുട്ടിയെയാണു വിവാഹം കഴിച്ചിരിക്കുന്നത്. സഹോദരപുത്രനായ വെടിക്കുന്നേൽ ജോസഫിന് (കുഞ്ഞൗത) സ്ഥലംവിറ്റ് ഹൈറേഞ്ചിൽ പാറത്തോട് ഇടവകയിൽ താമസിക്കുന്നു. ഇവർക്ക് ജോസ്, അഗസ്റ്റ്യൻ (അപ്പച്ചൻ), മാത്യു (തങ്കച്ചൻ), ജോൺ (സജി) എന്ന് നാല് ആൺമക്കളും ഏലി (ആലീസ്), തങ്കമ്മ (മേരി), ലിസ്സി (കൊച്ചുത്രേസ്യാ) എന്ന് മൂന്നു പെൺമക്കളുമുണ്ടായി.

മൂത്തമകൻ ജോസ് മുത്തോലപുരം സെന്റ് പീറ്റേഴ്സ് ഹൈസ്കൂളിൽനിന്ന് പ്രൈമറിയും ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി അലഹബാദ് യൂണിവേഴ്സിറ്റിയിൽനിന്നും ബി.എ. (ഹിസ്റ്ററി) ബിരുദവും നേടി. ഗുജറാത്തിൽ ബി.എഡിന് പഠിച്ചുകൊണ്ടിരുന്നപ്പോൾ മഞ്ഞപ്പിത്തരോഗബാധിതനാവുകയും 1983 ആഗസ്റ്റ് മാസം 20-ാം തീയതി ചരമമടയുകയും ചെയ്തു. ഉജ്ജയിൻ രൂപതയുടെ മെത്രാൻ മാർ ജോൺ പെരുമറ്റം തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും ഫാ. തോമസ് വെടിക്കുന്നേൽ, ഫാ. ജോസഫ് വെടിക്കുന്നേൽ എന്നിവരുടെ സഹകാർമ്മികത്വത്തിലും ഉജ്ജയിൻ മെത്രാസന മന്ദിരത്തിനുസമീപമുള്ള സിമിത്തേരിയിൽ ശവസംസ്കാരം നടത്തി.

രണ്ടാമൻ അഗസ്റ്റ്യൻ (അപ്പച്ചൻ) മുത്തോലപുരത്തു നിന്നും പ്രൈമറിയും കരിമണ്ണൂരിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. കുറവിലങ്ങാടു ദേവമാതാ കോളജിൽനിന്ന് പ്രീഡിഗ്രിയും ബി.എയും പൂർത്തിയാക്കി. ഇപ്പോൾ കമ്പനിയുടെ ഏജന്റായി കുറവിലങ്ങാട്ടു ജോലി നോക്കുന്നു. വിവാഹം കഴിച്ചിരിക്കുന്നത് ചങ്ങനാശേരി ഇടവക കണ്ടങ്കരിയിൽ ഫിലിപ്പ് ഏലി മകൾ ഫിലോമിനയെയാണ്. ഫിലോമിന ബി.കോം. ബിരുദധാരിണിയാണ്. ഇവർക്ക് ഏലി (നിന്റോ) എന്ന ഒരു പെൺകുട്ടിയുണ്ട്. ഇപ്പോൾ കുറവിലങ്ങാട്ടു താമസിക്കുന്നു.

മൂന്നാമൻ മാത്യു (തങ്കച്ചൻ) മുത്തോലപുരത്തും പാറത്തോട്ടിലു

മായി പ്രൈമറിയും, ഹൈസ്കൂൾ വിദ്യാഭ്യാസവും, പ്രീഡിഗ്രിയും പൂർത്തിയാക്കി. ഇപ്പോൾ മൂവാറ്റുപുഴ കെ.എം. ജോർജ്ജ് മെമ്മോറിയൽ ഐ.റ്റി.സി.യിൽ പഠിക്കുന്നു.

നാലാമൻ ജോൺ (സജി) ഉടുമ്പന്നൂരും പാറത്തോട്ടിലുമായി പ്രൈമറിയും ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. പ്രീഡിഗ്രിയും പാസ്സായി. വിദ്യാഭ്യാസവും തുടരുന്നു.

പെൺമക്കളിൽ മൂത്തവളായ ആലീസ് മൂലമറ്റത്ത് പ്രൈമറിയും ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. ബാംഗ്ലൂർ ഫാത്തിമാ റ്റി.സി.എച്ചിൽനിന്ന് റ്റി.സി.എച്ച് പാസായി. വെള്ളിയാമറ്റത്ത് അദ്ധ്യാപികയായി സേവനമനുഷ്ഠിച്ചു. ഇപ്പോൾ കടപ്ലാമറ്റം സെന്റ് ആന്റണീസ് ഹൈസ്കൂളിൽ സേവനമനുഷ്ഠിച്ചുവരുന്നു. ആലീസിനെ വിവാഹം കഴിച്ചിരിക്കുന്നത് കടപ്ലാമറ്റം ഇടവകയിൽ കുറുവാച്ചിറ ജേക്കബ് ഏലി മകൻ കുര്യൻ ജേക്കബ് (കുഞ്ഞ്) ആണ്. റ്റി.റ്റി.സി. ക്കാരനായ കുര്യൻ ജേക്കബും കടപ്ലാമറ്റത്ത് സ്കൂൾ അദ്ധ്യാപകനാണ്.

രണ്ടാമത്തവൾ തങ്കമ്മ (മേരി) മൂലമറ്റത്ത് പ്രൈമറിയും മുത്തോലപുരത്ത് ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. കുറവിലങ്ങാട് ദേവമാതാ കോളജിൽനിന്ന് പ്രീഡിഗ്രിയും ബി.എസ്.സിബിരുദവും സമ്പാദിച്ചു. തങ്കമ്മയെ വിവാഹം കഴിച്ചിരിക്കുന്നത് കവളങ്ങാട് ഊന്നുകൽ ഇടവകയിൽ ആനിത്തോട്ടത്തിൽ ജോസാണ്.

മൂന്നാമത്തവൾ ലിസ്സി ഉടുമ്പന്നൂരും പാറത്തോട്ടിലുമായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി പ്രീഡിഗ്രിയും പൂർത്തിയാക്കി. വിദ്യാഭ്യാസം തുടരുന്നു.

ഔസേപ്പിന്റെ (കുഞ്ഞൗസേപ്പ്) രണ്ടാമത്തെ മകൻ മാത്യു (മത്തക്കുട്ടി) കിടങ്ങൂർ സെന്റ് മേരീസ് ഹൈസ്കൂളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. പാലാ കോളജിൽനിന്ന് ബി.എ. പാസായി. വിവാഹം കഴിച്ചിരിക്കുന്നത് കട്ടപ്പന ഓവലിൽ മത്തായി മകൾ മേരിയെയാണ്. ഇവർക്ക് ജോബി എന്ന ഒരാൺകുട്ടിയും മരിലിസ എന്ന ഒരു പെൺകുട്ടിയുമുണ്ട്. മാത്യുവും ഭാര്യയും ഫ്രാൻസിൽ ഒരു ആശുപത്രിയിൽ ജോലി നോക്കുന്നു.

ഔസേപ്പിന്റെ (കുഞ്ഞൗസേപ്പ്) പെൺമക്കളിൽ റോസയെ കടപ്ലാമറ്റം ഇടവക പാലാംതട്ടേൽ തൊമ്മൻ മകൻ ചാക്കോ വിവാഹം കഴിച്ചു. രണ്ടാമത്തവൾ ഏലിക്കുട്ടിയെ കൂരോപ്പട ഇടവക വടാനമലയിൽ മാത്യു വിവാഹം കഴിച്ചു. മൂന്നാമത്തവൾ അന്നമ്മയെ മരങ്ങാട്ടുപള്ളി ഇടവക മുതിരക്കാലായിൽ കുര്യാച്ചൻ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്നു പെൺമക്കളാണുള്ളത്. ഇവരിൽ രണ്ടുപേർ കന്യാസ്ത്രീകളാണ്. സി. സീലിയായും സി. സബീനും. അന്നമ്മ ചരമമടഞ്ഞു.

ഔസേപ്പ് (കുഞ്ഞൗസേപ്പ്) 1952 ജൂലൈ ഒന്നിനും ഭാര്യ 1976 സെപ്റ്റംബർ 11 നും നിര്യാതരായി.

ഔസേപ്പിന്റെ (കുഞ്ഞച്ചൻ) മൂന്നാമത്തെ മകനായ ജെ. തോമസ് (കുഞ്ഞമ്മൻ) ഉമ്പുക്കാട്ടു കുടുംബത്തിലെ ഇന്നു ജീവിച്ചിരിക്കുന്ന കുടുംബനാഥന്മാരിൽ ഏറ്റവും പ്രായം കൂടിയ ആളാണ്. ഇന്നത്തെ കുടുംബയോഗത്തിന്റെ സ്ഥിരാദ്ധ്യക്ഷനുമാണദ്ദേഹം. 1899 ഫെബ്രുവരി 1 അദ്ദേഹം ഭൂജാതനായി. 1915-ൽ പാലക്കീൽ കുറ്റിപ്ലാന്താനത്തു ചെറിയതു മകൾ മറിയാമ്മയെ വിവാഹം ചെയ്തു. 26-ാം മത്തെ വയസ്സിൽ ഒരു രോഗിയായി മാറി. നീണ്ട അഞ്ചുവർഷക്കാലം 5 പ്രശസ്ത വൈദ്യന്മാരുടെ ചികിത്സകൾ നടത്തി. 1930-ൽ അദ്ദേഹം പ്രകൃതിചികിത്സാരംഗത്തേക്കുവരുകയും അതിന്റെ ക്രമങ്ങളും വിധികളും പഠിക്കുകയും ചെയ്തു. ആരംഭത്തിൽത്തന്നെ കേരള പ്രകൃതിചികിത്സാ സമാജത്തിൽ അംഗത്വം സ്വീകരിച്ചു. (രജി. നമ്പർ 464) കരിങ്ങോഴയ്ക്കൽ തോമസ് മാണി (ശ്രീ. കെ.എം. മാണിയുടെ പിതാവ്) പൊടിമറ്റത്തിൽ ഉലഹന്നാൻ വർക്കി, പുല്ലാന്താനിക്കൽ തൊമ്മൻ ജോസഫ്, പുതിയിടത്തുപറമ്പിൽ ദേവസ്യ കുര്യാക്കോസ് എന്നിവർ ഇക്കാലത്ത് പ്രകൃതിചികിത്സാരംഗത്ത് കടന്നുവന്നവരാണ്. അന്നത്തെ കേരള സമാജം പ്രസിഡന്റും ആരോഗ്യം മാസികയും പത്രാധിപരുമായിരുന്ന എം.ആർ ...........വാര്യർ എം.എ.ബി.എൽ. കെ. ആർ വാര്യർ BA CSI കോഴിക്കോടു സാമൂതിരി കോളജ് പ്രൊഫസർ റ്റി.വി.ആർ. കുറുപ്പ് തുടങ്ങിയവരുമായി സജീവബന്ധത്തിലായിരുന്നു. 1942-ൽ ബി.എൻ. (Bachelor Naturopathy) എന്ന ബിരുദം സമ്പാദിച്ചു. തുടർന്ന് 1948-ൽ MN (Master of Naturopathy) ബിരുദം കരസ്ഥമാക്കി. 1936 മുതൽ 19 വരെയുള്ള കാലയളവിൽ 3000-ൽ പരം തീരാവ്യാധി ക്കാരെ സുഖപ്പെടുത്തി. പ്രമേഹരോഗിയായി മാറിയ അമ്മയ്ക്ക് ക്ഷീരപാന ചികിത്സ നടത്തി സുഖപ്പെടുത്തും തുടർന്നു പലർക്കും ക്ഷീരപാനചികിത്സ നടത്തി.

കൃഷികാര്യങ്ങളിലും ഒട്ടും പിന്നാക്കമായിരുന്നില്ല. കടപ്ലാമറ്റം പ്രദേശത്ത് ആദ്യമായി റബ്ബർ, തേയില എന്നീ കൃഷികൾ ആരംഭിക്കു കയും തെരുവു കൃഷി വിപുലമായ രീതിയിൽ നടത്തുകയും ചെയ്തിന്നു. പ്രായാധിക്യത്താൽ കൃഷികാര്യങ്ങൾ ഉപേക്ഷിക്കുകയും ചികിത്സകൾ തുടരുകയും ചെയ്യുന്നു. കടപ്ലാമറ്റം ഇടവകയിൽ ഫ്രാൻസിസ്കര മൂന്നാം സഭയുടെ പ്രാരംഭകാല പ്രവർത്തകനുമാണദ്ദേഹം. സാധുജന സേവനത്തെ മുൻനിർത്തി അദ്ദേഹം ഒരു ട്രസ്റ്റ് രൂപീകരിച്ചിട്ടുണ്ട്. ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്ന ഒരു തുകയുടെ പലിശ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു പദ്ധതിയാണിത്.

ജെ. തോമസിനും മറിയാമ്മയ്ക്കും ജോസഫ് (കുഞ്ഞൗവത) സ്കറിയ (കറിയാച്ചൻ) എന്ന് രണ്ടാൺമക്കളും റോസ, ത്രേസ്യ എന്നു രണ്ടു പെൺമക്കളുമുണ്ട്.

ഒന്നാമൻ ജോസഫ് (കുഞ്ഞൗത) 1921 ആഗസ്റ്റ് 24-ന് ജനിച്ചു. കിടങ്ങൂർ സെന്റ് മേരീസ് സ്കൂളിൽ വിദ്യാഭ്യാസം നടത്തി. മരങ്ങാട്ടു പള്ളി ഇടവക ചെട്ടിയാശ്ശേരിൽ പൂവത്തുങ്കൽ ജോസഫ് ഏലി മകൾ അന്നമ്മയെ 1938 ജൂൺ 20-ന് വിവാഹം ചെയ്തു. ഏതാനും വർഷങ്ങൾക്കുശേഷം ഇവർ വലിയമരുതു ഭാഗത്ത് പന്നിക്കാട്ടേൽ പുരയിടത്തിൽ സ്ഥലം വാങ്ങി മാറിത്താമസിച്ചു. ഇവർക്ക് തോമസ്, ജോസഫ്, ബോനിഫസ്, ഫ്രാൻസീസ് എന്ന് നാല് ആൺമക്കളും മേരി എന്ന ഒരു പെൺകുട്ടിയുമുണ്ട്. ജോസഫും (കുഞ്ഞൗത) ഭാര്യയും കടപ്ലാമറ്റം ഇടവക ഫ്രാൻസിസ്കൻ സഭയുടെ സജീവപ്രവർത്തകരാണ്.

മൂത്തമകൻ തോമസ് (ഫാ. തോമസ് വെടിക്കുന്നേൽ) 1943-ലെ ദുക്റാനത്തിരുനാൾ ദിവസം ഭൂജാതനായി. കടപ്ലാമറ്റത്ത് പ്രൈമറിയും ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി വൈദിക പഠനത്തിനായി പാലാ രൂപതാ മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ വൈദിക പഠനം പൂർത്തിയാക്കി. 1970 മാർച്ച് 13-ന് പാലാ മെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയിൽനിന്നും വൈദികപട്ടം സ്വീകരിച്ചു. അന്നു തന്നെ കടപ്ലാമറ്റം സെന്റ് മേരീസ് ദേവാലയത്തിൽ നവപൂജ അർപ്പിച്ചു. തുടർന്ന് മരങ്ങാട്ടുപള്ളി, കാഞ്ഞിരത്താനം, തുടങ്ങനാട് പള്ളികളിൽ അസി. വികാരിയായും അയ്യമ്പാറ, കൊണ്ടാട് എന്നീ പള്ളികളിൽ വികാരിയായും സേവനമനുഷ്ഠിച്ചു. ഇപ്പോൾ അദ്ദേഹം ഏന്തയാർ സെന്റ് മേരീസ് പള്ളിയുടെ വികാരിയാണ്.

രണ്ടാമൻ ജോസഫ് (ഫാ. ജോസഫ് വെടിക്കുന്നേൽ) 1954 മാർച്ച് 20-ന് ജനിച്ചു. കടപ്ലാമറ്റത്ത് പ്രൈമറിയും ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. അരുവിത്തുറ സെന്റ് ജോർജ്ജ് കോളജിൽ നിന്ന് പ്രീഡിഗ്രിയും പാസായി. വൈദിക പഠനത്തിനായി സീറോ മലബാർ സഭയുടെ മിഷനറി സമൂഹമായ സെന്റ് തോമസ് മിഷനറി സൊസൈറ്റി യിൽ ചേർന്നു. മേലമ്പാറയുള്ള മൈനർ സെമിനാരിയിൽ വൈദിക പഠനം ആരംഭിച്ചു. തുടർന്ന് ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ വൈദിക പഠനം പൂർത്തിയാക്കി 1979 ഡിസംബർ 26- ന് ഭരണങ്ങാനം ഫൊറോനാപള്ളിയിൽ വച്ച് പാലാ ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയിൽനിന്നും വൈദിക പട്ടം

സ്വീകരിക്കുകയും മറ്റു നവവൈദികരോടൊപ്പം അവിടെ വച്ച് പൂജയർപ്പിക്കുകയും ചെയ്തു. സെന്റ് തോമസ് മിഷനറി സൊസൈറ്റി പുതുതായി ഏറ്റെടുത്ത മിഷൻ കേന്ദ്രമായ മാണ്ഡ്യായിൽ (കർണ്ണാടക) രണ്ടുവർഷം സേവനമനുഷ്ഠിച്ചു. മാണ്ഡ്യായിൽ ഗുത്തൽ എന്ന സ്ഥലത്തു സേവനമനുഷ്ഠിച്ചുവരവെ സൊസൈറ്റി വക ഉജ്ജയിനിലുള്ള സെമിനാരിയിൽ റെക്ടറായി നിയമിതനായി. ഇപ്പോൾ അവിടെ സേവനമനുഷ്ഠിച്ചുവരുന്നു. മിഷൻ പ്രവർത്തനങ്ങൾക്കിടയിൽ അദ്ദേഹം ബി.എ. ബിരുദവും കരസ്ഥമാക്കുകയുണ്ടായി.

മൂന്നാമൻ ബോനിഫസ് 1958 ഏപ്രിൽ 17-നു ജനിച്ചു. കടപ്ലാമറ്റത്ത് പ്രൈമറിയും ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. തുടർന്ന് കുറവിലങ്ങാടു ദേവമാതാ കോളജിൽ നിന്ന് പ്രീഡിഗ്രിയും ബി.കോം. മും പാസായി. ഇപ്പോൾ അദ്ദേഹം എം.കോം വിദ്യാർത്ഥിയാണ്. വളരെക്കാലമായി അദ്ദേഹം കടപ്ലാമറ്റം സൺഡേസ്കൂളിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചുവരുന്നു. പാലാ രൂപതാ മതബോധനവിഭാഗം ഉപദേശകസമിതി അംഗം എന്ന നിലയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. കാക്കൊമ്പ് (മുട്ടം) സെന്റ് മേരീസ് പള്ളി ഇടവക ഓലിക്കൽ ഫ്രാൻസീസ് മറിയക്കുട്ടി മകൾ എത്സിയെ (മേരി) 1984 സെപ്റ്റംബർ 2-ന് വിഹാഹം ചെയ്തു.

നാലാമൻ ഫ്രാൻസീസ് 1964 സെപ്റ്റംബർ 21-നു ജനിച്ചു. കടപ്ലാമറ്റത്തുനിന്നും പ്രൈമറിയും ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. കുറവിലങ്ങാട് ദേവമാതാ കോളജിൽനിന്നും പ്രീഡിഗ്രിയും പാസ്സായി. തുടർന്ന് പാലാ സെന്റ് തോമസ് കോളജിൽ നിന്ന് ബി.എസ്.സി ബിരുദവും സമ്പാദിച്ചു. അദ്ദേഹവും കടപ്ലാമറ്റം സൺഡേ സ്കൂളിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചു വരുന്നു. ജോസഫിന്റെ (കുഞ്ഞവുത്) ഏകമകൾ മേരി (സി. മേരി ജോലന്റാ) 1947 ഒക്ടോബർ 3-ന് ജനിച്ചു. കടപ്ലാമറ്റത്ത് പ്രൈമറിയും ഹൈസ്കൂളും വിദ്യാഭ്യാസത്തിനുശേഷം കർമ്മലീത്താ സന്ന്യാസിനി സമൂഹത്തിൽ ചേർന്നു. സിസ്റ്ററായതിനുശേഷം പാലാ അൽഫോൻസാ കോളജിൽ നിന്ന് പ്രീഡിഗ്രിയും മൈസൂർ റീജിയണൽ കോളജ് ഓഫ് എഡ്യൂക്കേഷനിൽ നിന്ന് ബി.എസ്.സിയും തുടർന്ന് ബി.എഡും പാസായി. കുറെക്കാലം പാലാ രൂപതാ വൊക്കേഷൻ ബ്യൂറോയിൽ സേവനമനുഷ്ഠിച്ചു. തുടർന്ന് മുട്ടുചിറ, കുറവിലങ്ങാട് ഹൈസ്കൂളുകളിലും അതിനുശേഷം മുത്തോലി ട്രെയിനിംഗ് സ്കൂളിലും അദ്ധ്യാപികയായി ജോലിനോക്കി. ഇപ്പോൾ കുറവിലങ്ങാട് സെന്റ് മേരീസ് ഹൈസ്കൂളിൽ അദ്ധ്യാപികയായി സേവനമനുഷ്ഠിച്ചുവരുന്നു.

ജെ. തോമസിന്റെ (കുഞ്ഞാമ്മൻ) രണ്ടാമത്തെ മകൻ സ്കറിയ (കറിയാച്ചൻ) കടപ്ലാമറ്റത്ത് പ്രൈമറിയും ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. അന്തിനാട് കുമ്പളാങ്കൽ ആഗസ്തി മകൾ ത്രേസ്യാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് മേരി (മേഴ്സി) എന്ന ഒരു പെൺകുട്ടിയും തോമസ് (തോമ്മാച്ചൻ) എന്ന ഒരു ആൺകുട്ടിയുമുണ്ട്. മേഴ്സികടപ്ലാമറ്റത്ത് പ്രൈമറിയും ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. ഇപ്പോൾ ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളജിൽ പ്രീഡിഗ്രിക്കു പഠിച്ചുകൊണ്ടിരിക്കുന്നു. തോമസ് (തോമ്മാച്ചൻ) മാന്നാനം സെന്റ് എഫ്രേംസ് ഹൈസ്കൂളിൽ 9–ാം ക്ലാസ് വിദ്യാർത്ഥിയാണ്.

ജെ. തോമസിന്റെ മൂത്തമകൾ റോസയെ മുത്തോലി ചെരിയൻകുന്നേൽ എമ്മാനുവൽ (കുട്ടിയച്ചൻ) വിവാഹം കഴിച്ചു. അവർക്ക് രണ്ടാൺകുട്ടികളും ഒരു പെൺകുട്ടിയുമുണ്ട്. രണ്ടാമത്തവൾ ത്രേസ്യാ (സി. ലൂയി മരിയ) കടപ്ലാമറ്റത്ത് പ്രൈമറിയും ഹൈസ്കൂളും വിദ്യാ ഭ്യാസം നടത്തി. അതിനുശേഷം തയ്യൽപരീക്ഷയും പാസ്സായി. പിന്നീട് പാലാ തിരുഹൃദയ സന്ന്യാസിനിസമൂഹത്തിൽ ചേർന്നു. 1960 ഏപ്രിൽ 19–ന് സഭാവസ്ത്രം സ്വീകരിക്കുകയും 1963 മേയ് 21–ന് നിത്യവ്രതവാഗ്ദാനം നടത്തുകയും ചെയ്തു. സന്ന്യാസിനിയായ തിനുശേഷം വാഴക്കുളം സെന്റ് ജോർജ്ജ് ബി.റ്റി.എസിൽനിന്ന് റ്റി.റ്റി.സി. പാസ്സായി. തുടർന്ന് വെള്ളിയാമറ്റം, മൂലമറ്റം, മേലുകാവുമറ്റം, കുടക്കച്ചിറ, നീലൂർ എന്നീ സ്കൂളുകളിൽ അദ്ധ്യാപികയായി സേവനമനുഷ്ഠിച്ചു. ഇപ്പോൾ മേരിലാന്റ് മഠത്തിലെ അംഗമെന്നനിലയിൽ അവിടത്തെ സ്കൂളിൽ സേവനമനുഷ്ഠിച്ചുവരുന്നു. ജെ. തോമസിന്റെ ഭാര്യ മറിയാമ്മ 1985 മാർച്ച് 11–നു നിര്യാതയായി. ശവസംസ്കാരം 13–ാം തീയതി കടപ്ലാമറ്റം പള്ളിസിമിത്തേരിയിലെ കുടുംബക്കല്ലറയിൽ ഫാ. തോമസ് വെടിക്കുന്നേൽ ഫാ. ജോസഫ് വടയാറ്റുകുഴി എന്നിവ രുടെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

ഔസേപ്പിന്റെ (കുഞ്ഞച്ചൻ) പെൺമക്കളിൽ ഏലിയെ മരങ്ങാട്ടുപള്ളി ഇടവകയിൽ മുതിരക്കാലായിൽ ഔസേപ്പും രണ്ടാമത്തവൾ റോസയെ മറ്റക്കര ഇടവക തേക്കനാടിയിൽ ഔസേപ്പും മൂന്നാമത്തവൾ മറിയാമ്മയെ മരങ്ങോലി ഇടവക തേക്കുമല പൗലോസും വിവാഹം ചെയ്തു.

ഔസേപ്പ് (കുഞ്ഞച്ചൻ) 1946 ആഗസ്റ്റ് 14–നും ഭാര്യ റോസ 1960 മാർച്ച് 6–നും നിര്യാതരായി.

5–ാം ശാഖ വെടിക്കുന്നേൽ കുഞ്ഞുമത്തായിയുടെ രണ്ടാമത്തെ മകൻ മത്തായി (കുഞ്ഞുകൊച്ച്) വിവാഹം കഴിച്ചിരുന്നത് പാലക്കാട്ടു

മലകരയിൽ മേൽവെട്ടത്തു വെളിയംകുളത്തേൽ ഐപ്പിന്റെ മകൾ മറിയത്തിനെ ആയിരുന്നു.

അവർക്ക് കുഞ്ഞുമത്തായി, ജോസഫ് (കുഞ്ഞേപ്പ്) വർക്കി എന്നു മൂന്ന് ആൺമക്കളും, മറിയം, അന്ന കുഞ്ഞേലി എന്നു മൂന്നു പെൺമക്കളും ഉണ്ടായി.

കുഞ്ഞുമത്തായി - 1910 ഡിസംബർ 31-ാം തീയതി ഭൂജാതനായ കുഞ്ഞുമത്തായി പ്രാഥമികവിദ്യാഭ്യാസം കടപ്ലാമറ്റത്തു പൂർത്തിയാക്കിയശേഷം കാർഷികവൃത്തിയിൽ ഏർപ്പെടുകയും 1925-ൽ മരങ്ങാട്ടുപള്ളി ഇടവക പറത്താനത്തേൽ എലിയെ വിവാഹം കഴിക്കുകയും ചെയ്തു. വെട്ടുകാട്ടേൽ പുരയിടത്തിലേക്കു മാറിപ്പാർത്തു. പിന്നീട് 1945-ൽ സ്ഥലം വിറ്റ് കുറിച്ചിത്താനം പള്ളിക്കു കിഴക്കുഭാഗത്ത് സ്ഥലം വാങ്ങി മാറിത്താമസമാക്കി. മത്തായിക്ക് 1935 ജൂൺ 27-ന് ജനിച്ച മാത്യു ഏക മകനാണ്.

ഉഴവൂർ സെന്റ് സ്റ്റീഫൻസ് സ്കൂളിൽനിന്നു സാമാന്യവിദ്യാഭ്യാസാനന്തരം പിതാവിനെപ്പോലെ കർഷകവൃത്തിയിൽ ഏർപ്പെട്ടു. 1952 ഫെബ്രുവരി 20-ാം തീയതി തെക്കേടത്തു മൂന്നുമാക്കിൽ എബ്രാഹത്തിന്റെയും ത്രേസ്യാമ്മയുടെയും മകൾ ചിന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് 1955 ജൂലൈ 28-ന് ലിസി എന്നും 1960 ജൂൺ 9-ന് സിസ്സിയെന്നും പേരുള്ള രണ്ടു പെൺകുട്ടികൾ മാത്രമുണ്ടായി.

ലിസി കുറിച്ചിത്താനം ഹൈസ്കൂളിൽനിന്ന് എസ്.എ സ്.എൽ.സിയും പാലാ അൽഫോൻസാ കോളജിൽനിന്ന് ബി. എ. ഡിഗ്രിയും പാലാ സെന്റ് തോമസ് കോളജിൽനിന്ന് എം.എ. ഡിഗ്രിയും ട്രെയിനിംഗ് കോളജിൽനിന്ന് ബി.എഡ് ഡിഗ്രിയും കരസ്ഥമാക്കി. മുതലക്കോടം പള്ളിയിടവക പാറത്തലക്കൽ ജോസഫ് മറിയം മകൻ ബേബി എം.എ. 1979 ഏപ്രിൽ 28-ന് ലിസ്സിയെ വിവാഹം കഴിച്ചു. ബേബി കൊച്ചിൻ ബാങ്കിലും ലിസ്സി മിൽമൂട്ടിൽ ഹൈസ്കൂളിലും ജോലിക്കാരാണ്.

സിസ്സി കുറിച്ചിത്താനം ഹൈസ്കൂളിൽനിന്ന് എസ്.എസ്. എൽ.സി. പാസ്സായി. പാലാ സി.റ്റി. കൊട്ടാരം കോളജിൽനിന്ന് പി.ഡി.സി.യും പാസായി. കുറിച്ചിത്താനം പള്ളി ഇടവക ഇടയ്ക്കാട്ടുതാഴെ തോമസ് ഏലി മകൻ ബേബി 1981 ഡിസംബർ 31-ന് സിസ്സിയെ വിവാഹം കഴിച്ചു.

മത്തായി കാരണവരുടെ രണ്ടാമത്തെ മകൻ ജോസഫ് (കുഞ്ഞേപ്പ്) 1913 ഫെബ്രുവരി 18-നു ഭൂജാതനായി. പ്രൈമറി വിദ്യാ

ഭ്യാസം മരങ്ങാട്ടുപള്ളിയിലും പൂർത്തിയാക്കി. അനന്തരം കർഷകവൃത്തിയിൽ ഏർപ്പെട്ടു. തെങ്ങ്, റബ്ബർ, കാപ്പി ഇവ ശാസ്ത്രീയ കൃഷിരീതിയിൽ വളർത്തുന്നതിൽ ഉത്സുകനായിരുന്നു. മുത്തോലി യിലുള്ള ചേന്നാട്ടുമത്തായി മകൾ എലിയെ വിവാഹം കഴിച്ചു. എന്നാൽ, ഇളംപ്രായത്തിൽ തന്നെ ഏലി വാതസംബന്ധമായ രോഗത്താൽ പരേതയായി.

കുറെക്കാലം ജോസഫ് ഏകനായി ജീവിച്ചുവെങ്കിലും പിന്നീട് കുറവിലങ്ങാട്ടുപള്ളി ഇടവക ഇലയ്ക്കാട്ടിൽ ചമ്പുനോലിക്കൽ സ്കറിയാ മകൾ മറിയക്കുട്ടിയെ വിവാഹം കഴിച്ചു. ഈ വിവാഹത്തിൽ മേരി എന്നൊരു മകളും, ജോസ്, തോമസ്, സ്കറിയ, ബേബി, ജോയി എന്ന് അഞ്ച് ആൺമക്കളുമുണ്ട്.

**മേരി :** 1942 ആഗസ്റ്റ് 15-ന് ജനിച്ച മേരി കടപ്ലാമറ്റത്തു പ്രൈമറിയും ഹൈസ്കൂളും വിദ്യാഭ്യാസം പൂർത്തിയാക്കി. ചെറുപ്പത്തിലെ കളികളിലും കലാപ്രകടനങ്ങളിലും സമർത്ഥയായിരുന്നു. ഇരുട്ടിയിൽ ഉളിക്കൽ എന്ന സ്കൂളിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചറായി കുറേനാൾ ജോലിനോക്കി. 1964 ആഗസ്റ്റ് 24ന്, ചീങ്കല്ലേൽ പള്ളിയിടവക കിഴക്കേ നെടുമ്പാറപ്പുറത്ത് ദേവസ്യാ മകൻ ജോസ് ബി.എസ്.സി, ബി.എഡ് മേരിയെ വിവാഹം കഴിച്ചു. ജോസഫ് കാണക്കാരിൽ ഗവ. ഹൈസ്കൂൾ അദ്ധ്യാപകനാണ്. മേരി ജോലി രാജിവച്ചു. ജോസ് 1945 ജൂൺ മാസം 2-ാം തീയതി ഭൂജാതനായ ജോസ് കടപ്ലാമറ്റത്ത് പ്രൈമറിയും ഹൈസ്കൂളും വിദ്യാഭ്യാസം പൂർത്തിയാക്കി ആലപ്പുഴയിൽനിന്ന് റേഡിയോ ഇലക്ട്രിക്കൽ ഡിപ്ലോമാ കരസ്ഥമാക്കി. കുറവിലങ്ങാടു കേന്ദ്രമാക്കി ആൽഫാ റേഡിയോസ് എന്ന പേരിൽ ഒരു ഷോപ്പു തുറക്കുകയും ഏറെക്കാലം വിജയകരമായി പ്രവർത്തനം നടത്തുകയും ചെയ്തു. 1973 ഫെബ്രുവരി 25-ന് വെമ്പള്ളികരയിൽ തുറുവക്കൻ ജോസഫ് മകൾ ത്രേസ്യാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് 1974 മാർച്ച് 12-ന് ബിന്ദു എന്നും 1975 നവംബർ 22-ന് ബിനു എന്നും, 1977 ഏപ്രിൽ 3-ന് ബിന്ദു എന്നും 1980 ഒക്ടോബർ 29-ന് ബിനി എന്നും പേരുള്ള കുട്ടികൾ ഉണ്ടായി. ജോസ് കുറെക്കാലം ജോർദ്ദാനിൽ ഇലക്ട്രിക്കൽ എൻജിനീയറായും സേവനം ചെയ്യുകയുണ്ടായി. അക്കാലത്ത് അവിടെയുള്ള വിശുദ്ധസ്ഥലങ്ങൾ സന്ദർശിക്കുന്നതിനും ഭാഗ്യമുണ്ടായിട്ടുണ്ട്.

**തോമസ് :** 1948 ഡിസംബർ 5-നു ജനിച്ച തോമസ് കടപ്ലാമറ്റത്ത് പ്രൈമറിയും ഹൈസ്കൂളും വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം

ഏറ്റുമാനൂരുള്ള ഐ.റ്റി.ഐ. സ്കൂളിൽനിന്ന് മെഷീനിസ്റ്റ് കോഴ്സ് പാസ്സായി. 1971-ൽ ബോംബേയിലുള്ള നന്ദാം ഇൻഡസ്ട്രിയൻ ഫാക്ടറിയിൽ ജോലി ലഭിച്ചു. ആ ജോലിയിലിരിക്കേ 1979 ഡിസംബർ 31-ന് മൂവാറ്റുപുഴ പെരുമ്പല്ലൂർ ഇടവക വടുക്കാട്ടിൽ ആഗസ്തി മകൾ ആലീസ് (ആനി) ബി.എസ്.സി., ബി.എഡ്. നെ കടപ്ലാമറ്റം പള്ളിയിൽ വച്ച് വിവാഹം കഴിച്ചു. ആലീസ് ഇപ്പോൾ ബോംബെയിലുള്ള സർവ്വോദയ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിൽ അദ്ധ്യാപികയായി ജോലി ചെയ്യുന്നു.ആലീസ് ഇപ്പോൾ നന്ദാം ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ സൂപ്പർവൈസറാണ്. ഈ ദമ്പതികൾക്ക് 1980 ഒക്ടോബർ 10-ന് റൂബി എന്നൊരു പെൺകുട്ടി ജനിച്ചു. ബോംബെയിലെ പ്രശസ്തമായ ഡോൺബോസ്ക്കോ സ്കൂളിൽ റൂബി പ്രാരംഭവിദ്യാഭ്യാസം നടത്തുന്നു.

**സ്കറിയാ:** 1950 മാർച്ച് 3-ാം തീയതി ജനിച്ച സ്കറിയാ കടപ്ലാമറ്റത്തുനിന്ന് പ്രൈമറിയും ഹൈസ്കൂൾ വിദ്യാഭാസവും പൂർത്തിയാക്കി. 1971-ൽ സെൻട്രൽ റിസേർവ് പോലീസ് ഫോഴ്സിൽ (C.R.P.F.) സെലക്ഷൻ കിട്ടി. ബോംബെ, ആന്ധ്രാപ്രദേശ്, മദ്ധ്യപ്രദേശ്, ആസാം, നാഗാലാന്റ്, കേരളം, തമിഴ്നാട് എന്നീ സ്ഥലങ്ങളിൽ സേവനം ചെയ്തി ട്ടുണ്ട്. ഇതിനിടയിൽ 1974-ൽ ഫിസിക്കൽ ട്രെയിനിംഗ് ഇൻസ്ട്രക്ടർ (P.T.I) ബിരുദവും കരസ്ഥമാക്കുകയുണ്ടായി. ഫിസിക്കൽ ഇൻസ്ട്ര ക്ടറായി സേവനമനുഷ്ഠിച്ചുവരവേ 1981 ഏപ്രിൽ 20-ാം തീയതി ചീങ്കല്ലേൽ പള്ളിയിടവക മയിലാടുംകുന്നേൽ ജോസഫ് മറിയം മകൾ മേരി ബി.എ. എച്ച്.ഡി.സി. യെ കടപ്ലാമറ്റം സെന്റ് മേരീസ് ദേവാലയത്തിൽ വച്ചു വിവാഹം കഴിച്ചു. മേരി ഇപ്പോൾ മോനിപ്പിള്ളി മാർക്കറ്റിംഗ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ക്യാഷറായി ജോലി ചെയ്യുന്നു. ഇവർക്ക് 1982 ഡിസംബർ 11-ാം തീയതി ജനിച്ച പെൺകുട്ടിയാണ് മേരി (സിമി)

**മാത്യു (ബേബി):** 1954 ജനുവരി 10-നു ഭൂജാതനായ ബേബി കടപ്ലാമറ്റത്തുനിന്നു പ്രൈമറിയും ഹൈസ്കൂളും വിദ്യാഭ്യാസം പൂർത്തിയാക്കി. കുറവിലങ്ങാട്ടു ദേവമാതാ കോളജിൽനിന്നു ബി.എ. ഡിഗ്രി യുമെടുത്തു. പഠിച്ചിരുന്ന കാലത്തുതന്നെ സ്പോർട്ട്സിൽ നിരവധി സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കിയിട്ടുണ്ട്. കോളജിൽ വച്ച് വോളിബോൾ കളിയിൽ പ്രത്യേക പാടവം പ്രകടമാക്കി. കർണ്ണാടകാ സ്റ്റേറ്റിനുവേണ്ടി ബാംഗ്ലൂർ ഡിസ്ട്രിക്ട് വോളിബോൾ കളിയിൽ ബെസ്റ്റ് പ്ലെയർ എന്ന പദവിക്ക് അർഹനായിത്തീർന്നു.

വോളിബോൾ കളിയെപ്പറ്റി കൂടുതൽ പഠിക്കുവാനും പരിശീലനം നേടുവാനുമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്ട്സ് (N.I.S.) എന്ന സ്ഥാപനത്തിൽ ചേർന്നു പഠിക്കുകയും 1979- ൽ പ്രശസ്തമായി വിജയിച്ച് N.I.S. സർട്ടിഫിക്കേറ്റു കരസ്ഥമാക്കുകയുമുണ്ടായി. 1980-ൽ സെന്റ് വിൻസന്റ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ അദ്ധ്യാപകനായി സേവനം ചെയ്തുവരവെ ആഗസ്റ്റ് 11-ാം തീയതി കേരളാ സ്പോർട്ട്സ് കൗൺസിലിൽ ജോലി ലഭിക്കുകയും ലിറ്റിൽ ഫ്ളവർ കോളജ് ഗുരുവായൂരിൽ നിയമിതനാവുകയും ചെയ്തു. തുടർന്നു കൊല്ലം ഡിസ്ട്രിക്റ്റ് സ്പോർട്ട്സ് കൗൺസിലിലും കോഴഞ്ചേരി സെന്റ് തോമസ് കോളജിലും സേവനം ചെയ്തു. ഇപ്പോൾ ബി.സി.എം. കോളജ് കോട്ടയത്തു സ്പോർട്ട്സ് ഹോസ്റ്റലിൽ കോച്ചിംഗ് നൽകുന്നു. ഈ കാലഘട്ടത്തിൽ ബേബി കേരളായൂണിവേഴ്സിറ്റിയിൽനിന്ന് എം.എ. ഡിഗ്രിയും കരസ്ഥമാക്കി.

**ജോയി:** 1957 നവംബർ 9-ാം തീയതി ജനിച്ച ജോയി കടപ്ലാമറ്റത്തുനിന്നു പ്രൈമറിയും ഹൈസ്കൂളും വിദ്യാഭ്യാസം പൂർത്തിയാക്കി. അനന്തരം കോട്ടയത്തു നൈനാൻസ് ടെക്നിക്കൽ കോളജിൽ ചേർന്നു ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗും പാസ്സായി. ഇപ്പോൾ ബോംബെയിൽ M.P.I Ltd. കമ്പനിയിൽ ഇലക്ട്രീഷ്യനായി ജോലിനോക്കുന്നു.

**മത്തായി കാരണവരുടെ മൂന്നാമത്തെ മകൻ വർക്കി**

കടപ്ലാമറ്റത്തു സാമാന്യവിദ്യാഭ്യാസം പൂർത്തിയാക്കിയ വർക്കി കർഷകവൃത്തിയിലേർപ്പെട്ടു. കടപ്ലാമറ്റത്തുപള്ളി പുതുക്കിപ്പണി, ഇംഗ്ലീഷ് സ്കൂൾ കെട്ടിടംപണി മുതലായ സംരംഭങ്ങൾ നടക്കുന്ന ആ കാലഘട്ടത്തിൽ ആത്മാർത്ഥമായ സഹകരണം നൽകിയിട്ടുണ്ട്. വിവാഹം കഴിച്ചിരിക്കുന്നത് പാദുവാ പള്ളിയിടവക പുതുപ്പള്ളിയേൽ ജോസഫിന്റെ മകൾ മറിയത്തിനെയാണ്. കുറെക്കാലം കഴിഞ്ഞ് സ്ഥലവും വീടും സഹോദരൻ ജോസഫിനു വിറ്റ് മലബാറിൽ മണക്കടവിൽ കുടി കയറിപ്പാർത്തു. നല്ല കർഷകനായിരുന്ന വർക്കി അവിടെയും പള്ളി, സ്കൂൾ, പോസ്റ്റോഫീസ് മുതലായവ സ്ഥാപനങ്ങൾ ഉണ്ടാക്കാൻ ആത്മാർത്ഥമായി സഹകരിച്ചു. ഈ ദമ്പതികൾക്ക് മേരി, മാത്യു, ജോസ്, പെണ്ണമ്മ. തോമസ് എന്നീ പുത്രീപുത്രന്മാർ ഉണ്ട്.

മേരി 1937-ൽ ഭൂജാതയായ മേരി കടപ്ലാമറ്റത്തു സാമാന്യ വിദ്യാഭ്യാസം പൂർത്തിയാക്കിയിരുന്നു. വയലാകരയിൽനിന്ന് മണക്കടവിൽ കുടികയറിപ്പാർത്ത പാലാക്കുഴിയിൽ ദേവസ്യാ മകൻ വർഗ്ഗീസ് മേരിയെ വിവാഹം കഴിച്ചു.

**മാത്യു :** 1940 ജൂലായ് 13-ന് ജനിച്ചു. കടപ്ലാമറ്റം സെന്റ് ആന്റണീസ് ഹൈസ്കൂളിൽനിന്ന് എസ്.എസ്.എൽ.സി പാസ്സായി. കുടിയേറ്റസ്ഥലമായ മണക്കടവിൽ താമസംവിനാ, പോസ്റ്റ്മാസ്റ്ററായി ജോലി കിട്ടി. വയലാപ്പള്ളി ഇടവകയിൽനിന്നും കുടിയേറി മണക്കടവിൽ താമസമാക്കിയ തേക്കിൻകാട്ടിൽ മത്തായി മകൾ മേരിയെ 20- 05-1965 ൽ വിവാഹം കഴിച്ചു. ഇവർക്ക് സണ്ണി, ബാബു, ബിജു, ബിൻസി, സുനിൽ എന്നീ പുത്രീപുത്രന്മാരുണ്ട്.

ജോസ് 1943-ൽ ഭൂജാതനായി. കടപ്ലാമറ്റം സെന്റ് ആന്റണീസ് ഹൈസ്കൂളിൽനിന്ന് എസ്.എസ്.എൽ.സി. പാസ്സായി. ബി.എ. ഡിഗ്രിയും കരസ്ഥമാക്കിയ ജോസ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ നിയമിതനായി. എറണാകുളം ബ്രാഞ്ചിൽ ജോലി ചെയ്യുന്ന കാലത്ത് കടുത്തുരുത്തി പള്ളിയിടവക ജോസഫ് മകൾ റോസയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഷാജാ, ഷൈജു എന്നു രണ്ടുകുട്ടികൾ ഉണ്ട്. ജോസ് ഇപ്പോൾ കടുത്തുരുത്തി ബാങ്കിൽ ക്യാഷറായി ജോലി ചെയ്യുന്നു.

ജോർജ്ജ് 1946-ൽ ജനിച്ചു. കടപ്ലാമറ്റം സെന്റ ആന്റണീസ് ഹൈസ്കൂളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി. ഇപ്പോൾ മൈസൂറിൽ ബിസിനസ്സ് നടത്തുന്നു.

പെണ്ണമ്മ 1949-ൽ ജനിച്ചു. മണക്കടവു സ്കൂളിൽനിന്ന് എസ്.എസ്.എൽ.സി. പാസ്സായി. മഞ്ഞപ്പാറ പള്ളിയിടവക അറയ്ക്കൽ ജോസഫ് മകൻ ദേവസ്യാ വിവാഹം കഴിച്ചു.

തോമസ് 10-01-1957 ൽ ജനിച്ച തോമസ് മണക്കടവ് ഹൈസ്കൂളിൽനിന്ന് എസ്.എസ്.എൽ.സി. പാസ്സായശേഷം വട്ടിയാംതോട് പോസ്റ്റോഫീസിൽ E.D.D.A യായി ജോലി നോക്കുന്നു. തോമസ് വിവാഹം കഴിച്ചിരിക്കുന്നത് പേരാവൂർ പള്ളി ഇടവക മുല്ലൂർ പീടികയിൽ തോമസ് മകൾ മേരിയെയാണ്. മേരി നേഴ്സറി സ്കൂൾ അദ്ധ്യാപികയാണ്.

മത്തായി കാരണവരുടെ പെൺമക്കളിൽ മൂത്തവളായ മറിയത്തിനെ കടപ്ലാമറ്റം പള്ളിയിടവക ഓലിക്കമ്യാലിൽ ആഗസ്തിയെക്കൊണ്ടും (Very Rev. Fr. Thomas ഓലിക്കമ്യാലിയുടെ സഹോദരൻ) രണ്ടാമത്തവൾ അന്നമ്മയെ മുല്ലൂർപള്ളി ഇടവക തണ്ണീപ്പാറെ കുഞ്ഞിനെക്കൊണ്ടും മൂന്നാമത്തവൾ കുഞ്ഞേലിയെ ആ വീട്ടിലെതന്നെ, കുഞ്ഞൂ ട്ടിയെക്കൊണ്ടും വിവാഹം കഴിപ്പിച്ചു.

അദ്ധ്യായം 8

## ആറാം ശാഖ

## ഉമ്പുക്കാട്ട് (മണ്ടകത്തിൽ) ഉലഹന്നൻ

തറവാട്ടിൽ പാർത്തിരുന്നവനും ഏറ്റം ഇളയമകനുമായ ഉലഹന്നാൻ വിവാഹം കഴിച്ചിരുന്നത് മരങ്ങാട്ടുപള്ളി ഇടവക തേരടിയിൽ ത്രേസ്യാമ്മയെയാണ്. അവരുടെ ഏകമകൻ കുഞ്ഞിപ്പൻ വിവാഹം കഴിച്ചിരിക്കുന്നത് പ്രവിത്താനം കരയിൽ ചന്ദ്രൻകുന്നേൽ അന്നയെയാണ്. അവർക്ക് കുഞ്ഞ്, ജോസ് എന്ന് രണ്ട് ആൺമക്കളും ത്രേസ്യാമ്മ എന്നൊരു മകളുമുണ്ടായി. മദ്യപാനംമൂലം കാലക്രമേണ കുടുംബത്തിന്റെ സാമ്പത്തികഭദ്രത മോശമായി. ഈപ്പന്റെ കാലശേഷം മക്കൾ സ്ഥലംവിറ്റ് ആണ്ടൂർ കരയിൽ കുണുക്കംപാറയ്ക്കു സമീപം വട്ടമല കുടിയേറി പാർത്തു. മകൻ ഈപ്പൻ, കുഞ്ഞിന്റെയും ജോസിന്റെയും പരിശ്രമത്താലും സത്യസന്ധതയാലും പിന്നീട് സാമ്പത്തികമായി മുന്നേറി. കുഞ്ഞും ജോസും വിവാഹിതരായി. അവർ കുണുക്കംപാറയിലുള്ള സ്ഥലം വിറ്റ് മലബാറിൽ വഴിക്കടവ് ഭാഗത്തു കുടിയേറി താമസിക്കുന്നു. ജോസ് അവിടെ വച്ചു മരിച്ചുപോയി. ജോസിന് ഒരാൺകുട്ടിയുണ്ട്. ആ കുട്ടിയെ കുഞ്ഞിന്റെ മക്കളുടെ കൂട്ടത്തിൽ സംരക്ഷിച്ചുവരുന്നു.

കുഞ്ഞീപ്പന്റെ മകൾ ത്രേസ്യാമ്മയെ മാറിടത്ത് കാറമ്പേൽ ദേവസ്യാ കല്യാണം കഴിച്ചു. ത്രേസ്യാമ്മ മാറിടത്തു വച്ച് മരിച്ചു പോയതിനുശേഷം ദേവസ്യാ മലബാറിൽ ചെറുപുഴ ഭാഗത്തു കുടിയേറി പാർത്തു.

(ആറാം ശാഖ സമാപ്തം)

അദ്ധ്യായം 9

## ഉമ്പുക്കാട്ടു കുടുംബക്കാരുടെ ചില സവിശേഷതകൾ

ഈ കുടുംബക്കാർ ദൃഢമായ ഈശ്വരവിശ്വാസമുള്ളവരും ക്രൈസ്തവ കൂട്ടായ്മ പരിപാലിക്കുന്നവരും അദ്ധ്വാനികളായ കർഷകരുമാണ്. പരിശ്രമികളായ ഇവർ എല്ലാവരുംതന്നെ സാമ്പത്തികമായി മുന്നേറിക്കൊണ്ടിരിക്കുന്നു. കാലാനുസൃതമായ വിദ്യാഭ്യാസവും അവർക്കുണ്ട്.

1921–ാമാണ്ട് ഒക്ടോബർ മാസം മുതൽ 'ആത്മസംജീവിനി' എന്ന പേരിൽ ഒരു കൂട്ടം അഥവാ സമ്മേളനം അവർ മാസംതോറും നടത്തിപ്പോന്നു. പരേതർക്കുവേണ്ടി പ്രാർത്ഥിക്കുക. അവരുടെ ആത്മാനുകൂലാർത്ഥം പ്രതിമാസം ഒരു കുർബാന ചൊല്ലിക്കുക. കുടുംബാംഗങ്ങൾ തമ്മിൽ സ്നേഹവും സമാധാനവും നിലനിർത്തുക തുടങ്ങിയവയായിരുന്നു അതിന്റെ ലക്ഷ്യങ്ങൾ.

1936–ാമാണ്ട് ആയപ്പോഴേക്കും ഈ സംഘടന അഭിവൃദ്ധിപ്പെടുകയും അതിന്റെ പേര് ഉമ്പുക്കാട്ടു കുടുംബയോഗം എന്നു മാറ്റിക്കൊണ്ട് കാലാനുസൃതമായ പരിഷ്കാരങ്ങൾ നിയമാവലിയിൽ വരുത്തുകയും ചെയ്തു. കടപ്ലാമറ്റം പള്ളി ഇടവകയിൽ മരുതൂക്കുന്നു കുടുംബത്തിനും കാരിക്കാട്ടിൽ കുടുംബത്തിനും കൊറോമ്പള്ളി കുടുംബത്തിനും ഗോപുരത്ത് (കാരുവേലി) കുടുംബത്തിനും ഇതുപോലെ കുടുംബയോഗങ്ങൾ അക്കാലത്തുണ്ടായിരുന്നു.

എല്ലാ മാസാദ്യ ഞായറാഴ്ചകളിലും ഉച്ചയ്ക്ക് സമ്മേളിച്ചിരുന്ന യോഗത്തിന്റെ നടപടിക്രമം താഴെ വിവരിക്കും പ്രകാരമായിരുന്നു. കുടുംബയോഗംവക രജിസ്റ്ററിൽ പേരുള്ള ഓരോ കുടുംബത്തിൽനിന്ന് ഓരോ പ്രതിനിധി (പുരുഷനോ, സ്ത്രീയോ) വീതം യോഗത്തിൽ പങ്കെടുക്കണം. യോഗം നടത്തുന്നയാൾ അവർക്ക് ഉച്ചഭക്ഷണം കൊടുക്കണം. മത്സ്യമാംസാദി ഉൾപ്പെട്ട വിഭവസമൃദ്ധമായ സദ്യതന്നെ. അനന്തരം ഈശ്വരപ്രാർത്ഥന, അദ്ധ്യക്ഷന്റെ നേതൃത്വത്തിൽ സെക്രട്ടറി റിപ്പോർട്ടു വായന, കണക്കുവായന, ഹാജർ, ഉപന്യാസവായന, മാസവരിപ്പണം പിരിക്കൽ (പരേതർക്കുവേണ്ടി കുർബാനയ്ക്ക്) കാര്യാലോചന, ഇവയ്ക്കുശേഷം കുറിയെടുപ്പുമൂലം അടുത്ത യോഗത്തിൽ നിശ്ചയിക്കുക ഇവയെല്ലാമായിരുന്നു.

മുപ്പതിൽപ്പരം വീട്ടുകാർ രജിസ്റ്ററിൽ അക്കാലത്തുണ്ടായിരുന്നു. ഈയോഗത്തിന്റെ സ്ഥിരാദ്ധ്യക്ഷൻ കുടുംബത്തിലെ ഏറ്റവും പ്രായംകൂടിയ കാരണവരായിരുന്നു. അദ്ദേഹത്തിന്റെ അഭാവത്തിൽ ഒരു ഉപാ ദ്ധ്യക്ഷനുമുണ്ടായിരുന്നു. അവരെ കൂടാതെ തിരഞ്ഞെടുക്കപ്പെട്ട ഒരു സെക്രട്ടറിയും അഞ്ചോ ആറോ കമ്മറ്റിയംഗങ്ങളും ഭരണനിർവ്വഹണ ത്തിനുണ്ടായിരുന്നു. അവരുടെയെല്ലാം കാലാവധി (സ്ഥിരാദ്ധ്യക്ഷൻ ഒഴിച്ച്) മൂന്നുവർഷമെന്നു നിശ്ചയിച്ചിരുന്നു. മാസവരിസംഖ്യ ഒരു ചക്ര മായിരുന്നു. കുർബാനയ്ക്കുവേണ്ടിയിരുന്ന പതിന്നാലു ചക്രം (അരരൂപ) കഴിച്ചുവരുന്ന സംഖ്യ പെട്ടിയിൽ സൂക്ഷിച്ചു മുതൽകൂട്ടിയിരുന്നു. ഇങ്ങനെ സൊരുപിക്കുന്ന തുകയിൽനിന്ന് അപേക്ഷകരായ അംഗ ങ്ങൾക്കു സ്വർണ്ണപ്പണയത്തിൽ പലിശയില്ലാതെ വായ്പ കൊടുത്തു സഹായിച്ചിരുന്നു. പല കൊല്ലങ്ങളിലായി ഇപ്രകാരം കൂട്ടിവച്ച തുക ഉപയോഗിച്ച് 1931-ൽ കടപ്ലാമറ്റം പള്ളിക്ക് ഒരു പൊൻകുരിശുദാനം ചെയ്യാൻ ഉമ്പുക്കാട്ടു കുടുംബക്കാർക്കു കഴിഞ്ഞു. അന്നു പള്ളിക്കു പൊൻകുരിശില്ലായിരുന്നു. ഇപ്പോഴും പള്ളി ഉപയോഗിച്ചുവരുന്നതും ഈ കുരിശുതന്നെയാണ്. അക്കാലത്ത് പരേതരുടെ മരിച്ചടക്കിനും മറ്റും പൊൻകുരിശ് എഴുന്നെള്ളിക്കുന്നതിന് ഗണ്യമായ തുക കൂലിയായി പള്ളി ഈടാക്കിയിരുന്നു. എന്നാൽ, ഉമ്പുക്കാട്ടു കുടുംബക്കാർ അവർക്കു പ്രത്യേക ആനുകൂല്യമൊന്നും പള്ളിക്കാര്യത്തിൽനിന്ന് ആവശ്യപ്പെട്ടുകാണുന്നില്ലാത്തതിനാൽ സ്തുത്യർഹമായ ഒരു ദാനം എന്ന് ഇതിനെ വിശേഷിപ്പിക്കാം.

ഇതിനും പുറമേ 1941-ൽ പിന്നീടുണ്ടായ മിച്ചത്തിൽ നിന്നു നിത്യ കുർബാനക്കായി അറുപതുരൂപായും പള്ളിക്കാര്യത്തിൽ ഏല്പിപ്പിച്ചിട്ടുണ്ട്. കുടുംബാംഗങ്ങൾ തമ്മിൽ ഉണ്ടാകുന്ന തർക്കങ്ങളും പിണക്കങ്ങളും പറഞ്ഞുതീർക്കുന്നതിനും സ്നേഹവും സമാധാനവും നിലനിർത്തുന്നതിനും ഇതിന്റെ ഭരണത്തലവന്മാർ ശ്രമിച്ചുപോന്നു.

കുടുംബയോഗത്തിന്റെ വാർഷികം എല്ലാക്കൊല്ലവും വളരെ ഭംഗിയായും ആർഭാടമായും നടത്തിപ്പോന്നു. മാസയോഗങ്ങളിൽ ഓരോ പ്രതിനിധികളെ സംബന്ധിച്ചിരുന്നുള്ളുവെങ്കിലും വാർഷികത്തിന് സ്ത്രീകളും കുട്ടികളും ഉൾപ്പെടെ കുടുംബാംഗങ്ങൾ എല്ലാവരും പങ്കെടുത്തിരുന്നു. കുടുംബാംഗങ്ങളായ കുട്ടികളുടെ നാടകാഭിനയം, സംഗീതമത്സരം, ഉപന്യാസപാരായണം തുടങ്ങിയവയും ഉണ്ടായിരുന്നു. സാധാരണരീതിക്കു വ്യത്യാസമായി നാലുമണിക്ക് എല്ലാവർക്കും വിഭവസമൃദ്ധമായ കാപ്പിസൽക്കാരമായിരുന്നു പതിവ്. അദ്ധ്യക്ഷത വഹിക്കുന്നതിനും പ്രസംഗിക്കുന്നതിനും ഇടവകവികാരിയേയോ മറ്റു ബഹുമാന്യ വ്യക്തികളെയോ പുറത്തുനിന്ന് ക്ഷണിച്ചിരുന്നു.

കാലക്രമേണ മെച്ചപ്പെട്ട ജീവിതസൗകര്യം ലക്ഷ്യമാക്കി പല വീട്ടുകാരും വസ്തുക്കൾ വിറ്റ് മലബാർ പ്രദേശത്ത് പലയിടങ്ങളിലായി കുടിയേറിപ്പാർത്തു. കുടുംബയോഗത്തിൽ അംഗസംഖ്യ കുറഞ്ഞു കുറഞ്ഞു വന്നു. 1964 മാർച്ച് 8-ാം തീയതി കടപ്ലാമറ്റം പള്ളി വികാരിയായിരുന്ന റവ. ഫാ. ജോസഫ് തൂങ്കുഴിയുടെ അദ്ധ്യക്ഷതയിൽ വച്ചു നടന്ന യോഗത്തിൽ അംഗസംഖ്യ തീരെ കുറവായതിനാൽ കുടുംബ യോഗം തൽക്കാലത്തേക്കു നിർത്തിവയ്ക്കുന്നതിനു തീരുമാനിച്ചു. കുടുംബയോഗത്തിന്റെ വകയായ റിക്കാർഡുകൾ, റിപ്പോർട്ട് ബുക്കുകൾ, നാൾവഴി പേരേട് മുതലായവ സൂക്ഷിച്ചിരുന്ന പെട്ടി അന്നു സ്ഥിരാദ്ധ്യക്ഷനായിരുന്ന ശ്രീമാൻ കുളിരാനിയിൽ കുര്യാക്കോ തൊമ്മനെ സൂക്ഷിക്കാൻ ഏൽപ്പിക്കയും ചെയ്തു. നീക്കിയിരിപ്പു തുക കുർബാന ചൊല്ലിക്കാൻ ബഹു. അച്ചനെത്തന്നെ ഏൽപ്പിച്ചു.

മലബാറിൽ കാസർകോട്, ചെമ്പേരി, തൃശിലേരി, വയനാട്, പുല്പള്ളി, തിരുവമ്പാടി, ചിറ്റാരിക്കാൽ, മണ്ഡപം, ഭീമനടി, മലമ്പുഴ എന്നീ ഭാഗങ്ങളിൽ നെല്ലിക്കുന്നു (ഉമ്പുക്കാട്) കുടുംബക്കാർ കുടിയേറി പാർക്കുന്നുണ്ട്. അവരിൽ പലരും നല്ല സാമ്പത്തികനില കൈവരിച്ചിട്ടു മുണ്ട്. കുടുംബാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന ഏതാണ്ടു മുപ്പതോളം പ്രതിനിധികൾ അടങ്ങിയതാണ് കടപ്ലാമറ്റം പള്ളി പ്രതിനിധി യോഗം. അതിൽ ഉമ്പുക്കാട്ടു കുടുംബയോഗത്തിന് മൂന്ന് അംഗങ്ങളുടെ പ്രാതിനിധ്യം ഉണ്ടായിരുന്നു. മൂന്നുകൊല്ലം കൂടുമ്പോഴുണ്ടാകുന്ന തിരഞ്ഞെടുപ്പിൽ കുടുംബക്കാർ സമ്മേളിച്ച് അവരുടെ പ്രതിനിധികളെ തിരഞ്ഞെടുത്തിരുന്നു.

ഈ നൂറ്റാണ്ടിൽ കടപ്ലാമറ്റം എന്ന ചെറുതെങ്കിലും മനോഹരമാ യിരുന്ന ഈ ഗ്രാമത്തിന് അസൂയാർഹമായ പുരോഗതി ഉണ്ടായിട്ടുണ്ട്. ഗതാഗതസൗകര്യം വളരെ വർദ്ധിച്ചു. കടപ്ലാമറ്റം കവലയിൽ പ്രധാന പ്പെട്ട അഞ്ചു റോഡുകൾ സന്ധിക്കുന്നു. ബ്രഹ്മാണ്ഡമായ പുതിയ പള്ളിമേട, മനോഹരവും വിശാലവുമായ പുതിയപള്ളി, സെന്റ് ആന്റണീസ് ഇംഗ്ലീഷ് ഹൈസ്കൂൾ, ഗവൺമെന്റ് ആശുപത്രി, തപാൽ ആഫീസ്, ചന്ത, പഞ്ചായത്താഫീസ്, സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് മുതലായ സ്ഥാപനങ്ങളെല്ലാം ഈ ചുരുങ്ങിയ കാലഘട്ടത്തിൽ ജന്മംകൊണ്ടതാണ്. ഈ ഗ്രാമവാസികളുടെ ഐക്യത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകങ്ങളുമാണ്. ഇവയുടെ എല്ലാം നിർമ്മാ ണത്തിൽ ഉമ്പുക്കാട്ടു കുടുംബക്കാർ എല്ലാവരും നിർണ്ണായകമായ പങ്കുവഹിച്ചിട്ടുമുണ്ട്. ഇപ്പോൾ ഉമ്പുക്കാട്ടു കുടുംബത്തിൽ ഒമ്പതിൽ പരം വൈദികരും 12-ൽ പരം കന്യാസ്ത്രീകളും ഉണ്ട്. ഇവർ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവനത്തിൽ ഏർപ്പെട്ടിരിക്കുന്നു. കൂടാതെ,

അനേകം ബിരുദധാരിണികളും, അദ്ധ്യാപകർ, ലക്ചററന്മാർ, ഡോക്ടർമാർ, ക്യാപ്റ്റൻ തുടങ്ങി അനേകം ഉദ്യോഗസ്ഥന്മാരും ഈ കുടുംബത്തിലുണ്ട്. പക്ഷേ, പഴയ തലമുറക്കാരിൽ കണ്ടിരുന്ന നല്ല മനസ്സും പരസ്പര സ്നേഹവും കുറഞ്ഞുകുറഞ്ഞുവരുന്നതായി കാണുന്നു.

ഈ ചരിത്രമെഴുതിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽത്തന്നെ. 1984 മേയ് മാസം 6-ാം തീയതി, ഇരുപതുകൊല്ലത്തെ ഇടവേളയ്ക്കുശേഷം ഉമ്പുക്കാട്ടു കുടുംബയോഗം പുനരെടുക്കാൻ സാധിച്ചു എന്നുള്ളത് ഈ തലമുറയ്ക്ക് അഭിമാനിക്കാവുന്ന ഒരു വലിയ കാര്യമാണ്. കൂടാതെ, പൂർവ്വകുടുംബക്കാരായ പൂഞ്ഞാറ്റിൽ തോട്ടക്കര കുടുംബത്തോടു ബന്ധം പുലർത്താനും റവ. ഫാ. ജോൺ ബോസ്കോ തോട്ടുക്കര ഫാ. എമ്മാനുവേൽ തെള്ളി എന്നിവരെ ക്ഷണിച്ചുവരുത്താൻ ശ്രീമാന്മാരായ കെ.ഒ. അഗസ്റ്റ്യൻ കിഴക്കേനെല്ലിക്കുന്നേൽ, കെ.കെ. ജോസഫ് കുളിരാനി, വി.റ്റി. ജോസഫ് വെടിക്കുന്നേൽ എന്നിവരുടെ പരിശ്രമത്താൽ കഴിഞ്ഞു എന്നുള്ളതും അഭിമാനകരമാണ്. പുനരെടുത്ത കുടുംബയോഗത്തിന്റെ പ്രഥമ സമ്മേളനം ശ്രീമാൻ കിഴക്കേനെല്ലിക്കുന്നേൽ ജോസഫ് അഗസ്റ്റ്യന്റെ വസതിയിൽ നടന്നു. ഈ യോഗത്തിൽ കോട്ടയം ജില്ലയിൽ താമസക്കാരായ മുപ്പത് അംഗങ്ങൾ രജിസ്റ്ററിൽ ഒപ്പുവയ്ക്കുകയുണ്ടായി. പുതിയ നിയമാവലിയും അംഗീകരിച്ച യോഗം മുമ്പോട്ടു പോകുന്നു. പൂഞ്ഞാറ്റിലും മലബാറിന്റെ വിവിധ ഭാഗങ്ങളിലും താമസക്കാരായ അംഗങ്ങൾ ഇതിന്റെ ബഹുമാന്യാംഗങ്ങളായിരിക്കും.

ഈ ചരിത്രം അവസാനിപ്പിക്കുന്നതിനുമുമ്പ് 1982 മുതൽ കേരളത്തിന്റെ കാലാവസ്ഥയിൽ അനുഭവപ്പെട്ട വലിയ മാറ്റംകൂടി രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. 1982 നവംബർ 15-നു മഴ നിലച്ചു പോയിട്ട് 1983 ജൂൺ 15 നോടുകൂടിയാണ് മഴ പെയ്തത്. ആറേഴുമാസത്തിനിടയ്ക്ക് ഒരു മഴപോലും കിട്ടിയില്ല. സകല കിണറുകളും തോടുകളും പുഴകളും വറ്റിവരണ്ടു. കുളിക്കാനും കുടിക്കാനും നിവർത്തിയില്ലാതെ ജനം വിഷമിച്ചു. അവിടെയും ഇവിടെയുമുള്ള വറ്റാത്ത ചില സങ്കേതങ്ങളിൽ നിന്നു പഞ്ചായത്തധികൃതർ ലോറികളിൽ കുടിവെള്ളം സപ്ലൈ ചെയ്തിരുന്നിടത്ത് ആളുകൾ ഓടിക്കൂടിയിരുന്ന കാഴ്ച ദയനീയമായിരുന്നു. ഉണക്കുമൂലം കൊടി, കമുക്, തെങ്ങ്, റബ്ബർ ഇവയെല്ലാം വളരെ അധികം ഉണങ്ങി നശിച്ചുപോയി. ഒരു നാളികേരത്തിന് 5 രൂപാവരെ വിലവന്നു. ഒരു കി.ഗ്രാം ചുക്കിന് 40 രൂപയും.

എന്നാൽ, 1984-ൽ കേരളത്തിൽ കാലാവസ്ഥ നേരേ വിപരീതമായി. വേനൽ ഉണ്ടായില്ല. ജനുവരി ഫെബ്രുവരി മുതൽ മുടങ്ങാതെ മഴപെയ്തു. കപ്പ, ഇഞ്ചി, നെല്ല് ഇതൊന്നും ഉണക്കിയെടുക്കാൻപോലും പറ്റാതെ വന്നു. മഴയെ നിയന്ത്രിക്കുന്നത് മലകളോ മഹേശനോ?

## അദ്ധ്യായം 10

1921 ഒക്ടോബർ മുതൽ ഉമ്പുക്കാട്ടു കുടുംബക്കാരുടെ വകയായി ആരംഭിച്ചു നടത്തിവന്നിരുന്നതായ സംഘത്തിന്റെ മേൽനടത്തിപ്പിനായി 1936 മെയ് 31-ാം തീയതി തൊണ്ടിക്കൽ തൊമ്മൻ ഔസേപ്പ് അവറുകളുടെ വസതിയിൽ കൂടിയ പൊതുയോഗത്തിൽ വച്ച് സംഘാംഗങ്ങളെല്ലാവരും ചേർന്ന് സ്ഥിരീകരിക്കുന്ന പരിഷ്കരിച്ച യോഗനിബന്ധനകൾ

1. പേര്: ഈയോഗത്തിന്റെ പേര് ഉമ്പുക്കാട് കുടുംബയോഗം എന്നായിരിക്കുന്നതാണ്.
2. സാമാജികത്വം: ഉമ്പുക്കാട് കുടുംബത്തിൽപ്പെട്ടവർക്കുമാത്രം ഇതിൽ അംഗങ്ങളായി ചേരാവുന്നതാണ്.
3. ഉദ്ദേശം: ശുദ്ധീകരണാത്മാക്കളെ കുർബാന, പ്രാർത്ഥന മുതലായ സത്കർമ്മങ്ങൾകൊണ്ടു സഹായിക്കുക.
   സദാചാരപരമായും സാമ്പത്തികമായും കുടുംബാംഗങ്ങളുടെ ഉന്നമനത്തിനുവേണ്ട ഒത്താശകൾ ചെയ്യുക.

**യോഗങ്ങൾ**

4. എല്ലാ മാസാദ്യവെള്ളിയാഴ്ച കഴിഞ്ഞുവരുന്ന ഞായറാഴ്ചകളിലും സമാജാംഗങ്ങൾ ഏതെങ്കിലും ഒരംഗത്തിന്റെ വീട്ടിൽ സമ്മേളിക്കേണ്ടതാണ്. എന്നാൽ ആഗസ്റ്റ് 20, നവംബർ 20 ഈ തീയതികളിൽ യഥാക്രമം വലിയപ്പന്റെയും വലിയമ്മയുടെയും ശ്രാദ്ധം പ്രമാണിച്ചും നടത്തേണ്ട ശ്രാദ്ധയോഗങ്ങൾ സംബന്ധിച്ച് ആഗസ്റ്റ്, നവംബർ, ഡിസംബർ എന്നീ മാസങ്ങളിൽ മാസാദ്യവെള്ളിയാഴ്ച കഴിഞ്ഞുവരുന്ന ഞായറാഴ്ച യോഗം എന്ന പതിവ് വ്യത്യാസപ്പെടും.
5. യോഗങ്ങൾ നിശ്ചിതദിവസങ്ങളിൽ പകൽ പന്ത്രണ്ടുമണിക്കു നടത്തേണ്ടതും വല്ല കാരണവശാലും ദിവസമോ സമയമോ സ്ഥലമോ വ്യത്യാസപ്പെടുത്തേണ്ടതായി വന്നാൽ സെക്രട്ടറി കാലേകൂട്ടി സമാജാംഗങ്ങളെ അറിയിക്കേണ്ടതാകുന്നു.
6. യോഗം എവിടെവച്ചു നടക്കണമെന്നുള്ള കാര്യം കുറിയിട്ടു തീരുമാനിക്കണം.
7. കുടുംബാംഗങ്ങൾ എല്ലാവരും സംബന്ധിക്കത്തക്കവിധത്തിലും ഒരു വാർഷികയോഗം നടത്തേണ്ടതാണ്. ഇത് പൊതുയോഗ നിശ്ചയപ്രകാരം ഏതെങ്കിലുമൊരംഗത്തിന്റെ വീട്ടിൽ വച്ചു പൊതുചെലവിൽ നടത്തേണ്ടതാണ്.

8. ഭരണം സ്ഥലം പള്ളിയുടെ ബഹു. വികാരി യോഗത്തിന്റെ രക്ഷാധികാരിയായിരിക്കും.

9. കാരണവസ്ഥാനത്ത് ഏറ്റവും പ്രായം കൂടിയ കുടുംബ യോഗാംഗം സമാജത്തിന്റെ സ്ഥിരാദ്ധ്യക്ഷനായിരിക്കുന്നതാണ്.

10. യോഗനടത്തിപ്പിനായി ഒരു സെക്രട്ടറി, ഒരു ഖജാൻജി, നാലു കമ്മറ്റിയംഗങ്ങൾ എന്നിവരെ പൊതുയോഗം തിരഞ്ഞെടുക്കണം. ഇവരടങ്ങിയ ഭരണനിർവ്വഹണ കമ്മറ്റിയുടെ അദ്ധ്യക്ഷൻ സ്ഥിരാദ്ധ്യക്ഷനായിരിക്കും.

11. കമ്മറ്റിയുടെ കോറം നാലായിരിക്കും. യോഗസംബന്ധമായ ആവശ്യങ്ങൾക്ക് അദ്ധ്യക്ഷന് ഏതുസമയത്തും കമ്മറ്റിയെ വിളിച്ചുകൂട്ടാവുന്നതാണ്.

12. സെക്രട്ടറി, ഖജാൻജി, കമ്മറ്റിയംഗങ്ങൾ ഇവരുടെ ഉദ്യോഗക്കാലാവധി ഒരു വർഷമായിരിക്കും.

13. ഉദ്യോഗാംഗങ്ങളിൽ ആരെയെങ്കിലും കാലാവധിക്കുമുൻപ് മാറ്റുന്നതിന് 75% അംഗങ്ങളുടെ എങ്കിലും സമ്മതവുമുണ്ടായിരിക്കണം.

**അധികാരങ്ങളും ചുമതലകളും**

14. രക്ഷാധികാരി യോഗനയങ്ങളെ വേണ്ടിവന്നാൽ ക്രമീകരിക്കണം. രക്ഷാധികാരിയുടെ തീരുമാനങ്ങളനുസരിച്ചു പ്രവർത്തിക്കുവാൻ അംഗങ്ങൾ ബാദ്ധ്യസ്ഥരാവുന്നു.

15. അദ്ധ്യക്ഷൻ സമാജനേതാവാണ്. യോഗനടത്തിപ്പു സംബന്ധിച്ച മേൽനോട്ടം അദ്ധ്യക്ഷനായിരിക്കും.

16. ആവശ്യമെന്നു കണ്ടാൽ ഏതവസരത്തിലും പൊതുയോഗം വിളിച്ചുകൂട്ടുവാനുള്ള അധികാരം അദ്ധ്യക്ഷനുണ്ടായിരിക്കും.

17. **സെക്രട്ടറി:** അദ്ധ്യക്ഷന്റെ മേൽനോട്ടത്തിൽപ്പെട്ട യോഗസംബന്ധമായ സംഗതികൾ നടത്തുന്നതിനുള്ള ചുമതലകൾ സെക്രട്ടറിക്കാകുന്നു. സെക്രട്ടറി കണക്കനും കൂടിയാകുന്നു. ഓരോ യോഗത്തിന്റെയും ഒരു റിപ്പോർട്ടെഴുതി പിന്നീടുള്ള യോഗത്തിൽ വായിച്ച് അദ്ധ്യക്ഷനെ കൊണ്ട് ഒപ്പുവെയ്പിച്ചു സൂക്ഷിക്കുന്നതിനു പുറമെ അതതു യോഗങ്ങളിൽ യോഗാംഗങ്ങൾ വയ്ക്കുന്ന സംഖ്യക്കും ചിലവിനങ്ങൾക്കും പ്രത്യേകം നാൾവഴിയും പേരോടും എഴുതി സൂക്ഷിക്കണം.

18. വരിസംഖ്യ തുടങ്ങി യോഗത്തിലേക്കു വരുവാനുള്ള സകല ഇനങ്ങളും സെക്രട്ടറി അപ്പഴപ്പോൾ ഈടാക്കേണ്ടതാകുന്നു.

19. സമാജം വക റിക്കാർഡുകളും രേഖകളും സെക്രട്ടറിയുടെ സൂക്ഷത്തിലും ചുമതലയിലും ഇരിക്കേണ്ടതും കമ്മറ്റിയോ പൊതുയോഗമോ ആവശ്യപ്പെടുമ്പോൾ കാണിക്കേണ്ടതുമാകുന്നു.

20. ഏതെങ്കിലും നാലംഗങ്ങൾ ചേർന്ന് ഒരു പൊതുയോഗം വിളിച്ചുകൂട്ടണമെന്നാവശ്യപ്പെട്ടാൽ അപ്രകാരം ചെയ്യുന്നതിന് സെക്രട്ടറി ബാദ്ധ്യസ്ഥനാകുന്നു.

**ഖജാൻജി**

21. സമാജം വക പെട്ടി ഖജാൻസിയുടെ സൂക്ഷത്തിലായിരിക്കും. ഈ പെട്ടിയിൽ സമാജത്തിന്റെ പൊതുഫണ്ടും അതുസംബന്ധിച്ചുള്ള രേഖകളും ഉണ്ടായിരിക്കും.

22. കമ്മറ്റിയോ പൊതുയോഗമോ ആവശ്യപ്പെടുന്ന ഏതവസരത്തിലും പെട്ടിയും ഉള്ളടക്കവും ഖജാൻജി ഹാജരാക്കേണ്ടതാണ്.

23. സംഘം സംബന്ധിച്ച വരവുചെലവു കണക്കിന്റെ ഒരുപ്രതി ഖജാൻജിയുടെ കൈവശത്തിലും ഉണ്ടായിരിക്കണം.

**കമ്മറ്റി അംഗങ്ങൾ**

24. ഖജാൻജിയുടെ സൂക്ഷത്തിലിരിക്കുന്ന പെട്ടിയുടെ താക്കോൽ സൂക്ഷിപ്പുകാർ സമാജത്താൽ നിയുക്തരാകുന്ന കമ്മറ്റിയംഗങ്ങൾ ആയിരിക്കും.

25. യോഗത്തിന്റെ പ്രായോഗികനടത്തിപ്പിനെ സഹായിക്കുകയാകുന്നു കമ്മറ്റിയുടെ ജോലി. യോഗനടത്തിപ്പിനാവശ്യമായ ഏതു നിയമങ്ങളെയും സൃഷ്ടിച്ച് യോഗസമ്മതത്തോടുകൂടി നടപ്പിലാക്കേണ്ടത് പ്രധാനമായ ഇവരുടെ ചുമതലയാകുന്നു. പണവിനിമയം സംബന്ധിച്ച സകല കാര്യങ്ങളെയും നിയന്ത്രിക്കേണ്ടതും കമ്മറ്റിയാകുന്നു.

**വരിസംഖ്യ**

26. യോഗത്തിൽ എല്ലാവരും രണ്ടുചക്രം വീതം വരിസംഖ്യ മാസം തോറുമുള്ള യോഗാവസരത്തിൽ സെക്രട്ടറിയെ ഏല്പിച്ചു വരവു വയ്പിക്കണം. ശ്രാദ്ധയോഗദിവസങ്ങളിൽ ഒരു ചക്രം ദക്ഷിണയായി ഇടുന്നതുകൊണ്ട് ഒരു ചക്രം സെക്രട്ടറിയെ ഏല്പിച്ചു വരവു വയ്പിച്ചാൽ മതി.

27. മേൽവകുപ്പിൽ വിവരിക്കുന്നപ്രകാരം കിട്ടുന്ന സംഖ്യയിൽനിന്ന് യോഗത്തിന്റെ പിറ്റേ ദിവസം ഒരു കുർബാന ചൊല്ലിക്കണം. ബാക്കി വരുന്ന സംഖ്യ യോഗത്തിന്റെ പൊതുസ്ഥലത്തായി യോഗപ്പെട്ടിയിൽ വച്ചു സൂക്ഷിക്കണം. എന്നാൽ, ശ്രാദ്ധയോഗ ദിവസങ്ങളിൽ കുർബാനയ്ക്കു പുറമെയുള്ള വിശേഷാൽ ചിലവുകൾക്ക് – അച്ചന്റെ കസ്തൂരി കപ്യാർക്കു കഴിക്കുന്ന ആളിന് ഒരു രൂപ അന്നത്തെ ദക്ഷിണയും വരിസംഖ്യയും പോരാതെ വന്നാൽ പൊതുഫണ്ടിൽനിന്ന് എടുത്തു കൊടുക്കേണ്ടതാകുന്നു. മിച്ചമുണ്ടെങ്കിൽ പൊതുഫണ്ടിലേക്കു മുതൽ കൂട്ടുകയും വേണം.

28. ഏതെങ്കിലുമൊരംഗം തുടർച്ചയായി യോഗത്തിന് അനുവാദം കൂടാതെ ഹാജരാകാതിരിക്കുകയോ വരിസംഖ്യ അടയ്ക്കാതിരിക്കുകയൊ ചെയ്യുന്നതായാൽ ആ അംഗത്തെ സമാജത്തിൽനിന്നു നീക്കം ചെയ്യേണ്ടതാകുന്നു.

29. 28–ാം വകുപ്പനുസരിച്ച് നീക്കപ്പെട്ട ഒരംഗം പിന്നീടാവശ്യപ്പെടാത്ത പക്ഷം നാലുമാസത്തെ വരിസംഖ്യയും കാൽരൂപ പ്രവേശന ഫീസും വാങ്ങിക്കൊണ്ടു വീണ്ടും ചേർക്കുന്നതിനു കമ്മറ്റിക്കധികാരമുണ്ടായിരിക്കും.

**പൊതുഫണ്ട്**

30. സമാജത്തിന് ഒരു പൊതുഫണ്ടുണ്ടായിരിക്കണം. ഇതു പൊതുയോഗ ഹിതപ്രകാരം വിനിയോഗിക്കേണ്ടതാണ്.

31. അത്യാവശ്യസന്ദർഭങ്ങളിൽ സംഘത്തിനുവേണ്ടി ഒരു രൂപയിൽ കവിയാതെ ഒരു തുക പൊതുഫണ്ടിൽനിന്നു ചെലവുചെയ്യുന്നതിനു കമ്മറ്റിക്കധികാരമുണ്ടായിരിക്കും. എന്നാൽ, അങ്ങിനെ ചിലവാക്കുന്ന വിവരം അടുത്തുകൂടുന്ന പൊതുയോഗത്തിൽ അംഗീകരിപ്പിക്കേണ്ടതാണ്.

32. പണമിടപാടു സംബന്ധിച്ചു കമ്മറ്റിക്കാർ എന്തെങ്കിലും വിഷമം വരുത്തുന്നതായാൽ അതതു കമ്മറ്റിയോഗങ്ങളിൽ ഹാജരാകുന്ന മെമ്പർമാർ സ്വന്തനിലയിൽ ഉത്തരവാദികളായിരിക്കും.

**കടവായ്പ**

33. യോഗംവക പൊതുഫണ്ട് അംഗങ്ങൾക്കോ, അവർക്ക് ആവശ്യമില്ലാത്തപക്ഷം മറ്റുള്ളവർക്കോ ഒരു കൊല്ലത്തിൽ കൂടാത്ത കാലാവധിക്ക് ഒരു പലിശയ്ക്ക് ആണ്ടിൽ രണ്ടു ഗഡുക്കളായി പലിശ കിട്ടത്തക്ക ഏർപ്പാടോടുകൂടി സ്വർണ്ണപ്പണയ ചാർത്തുന്മേൽ കടം കൊടുക്കാവുന്നതാണ്. എന്നാൽ പത്തുരൂപയിൽ കുറയാത്ത ഒരു സംഖ്യ പെട്ടിയിൽ ഉണ്ടായിരിക്കണം.

34. പണം പലിശക്കാവശ്യക്കാരൻ സെക്രട്ടറിയെ വിവരം അറിയിക്കുകയും സെക്രട്ടറി കമ്മറ്റിക്കാരോടാലോചിച്ച് അവരുടെ സമ്മതത്തോടു കൂടി വേണ്ട വ്യവസ്ഥകൾ ചെയ്തു പണം കൊടുക്കണം.

**പലവക**

35. യോഗത്തിൽനിന്ന് എപ്പോഴെങ്കിലും എന്തെങ്കിലും കാരണവശാൽ നീക്കപ്പെടുകയോ സ്വമനസ്സാലേ പിന്മാറുകയോ ചെയ്യുന്ന ഒരംഗത്തിന് ഇതിന്റെ പൊതുഫണ്ടിൽ യാതൊരവകാശവും പറയാൻ പാടില്ലാത്തതാണ്.

36. സമാജാംഗങ്ങൾ എല്ലാവരും മാസത്തിലൊരിക്കലെങ്കിലും കുമ്പസാരിച്ച് കുർബാനകൈക്കൊണ്ട് ശുദ്ധീകരാത്മാക്കൾക്കു വേണ്ടി കാഴ്ചവയ്ക്കണം.

37. യോഗംവക കണക്കുകൾ ആണ്ടിലൊരിക്കൽ പൊതുയോഗമൊ പൊതുയോഗത്തിൽ ആരെങ്കിലുമൊ പരിശോധിക്കേണ്ടതാകുന്നു.

38. സമാജാംഗങ്ങൾ തമ്മിൽ യോഗസംബന്ധമായതോ അല്ലാത്തതോ ആയ ഏതെങ്കിലും തർക്കങ്ങൾ ഉണ്ടായാൽ ഭരണനിർവ്വഹണ കമ്മറ്റിയോ പൊതുയോഗം നിശ്ചയിക്കുന്ന സബ് കമ്മറ്റിയോ ഈ തർക്കത്തെപ്പറ്റി വേണ്ടവിധത്തിൽ ഒരു തീരുമാനം ചെയ്യേണ്ടതാകുന്നു.

39. കമ്മറ്റിയുടെ തീരുമാനങ്ങളെപ്പറ്റി ആർക്കെങ്കിലും ആക്ഷേപം ഉണ്ടായിരുന്നാൽ അതു പൊതുയോഗത്തിൽ കൊണ്ടുവരേണ്ടതും പൊതുയോഗം ചെയ്യുന്ന തീരുമാനം അവസാന തീരുമാനമായിരിക്കുന്നതുമാണ്.

## അദ്ധ്യായം 11

1984 മേയ്മാസം 6–ാം തീയതി പുനരെടുത്ത ഉമ്പുക്കാട്ടു കുടുംബത്തിന്റെ നിയമാവലി

### A. പ്രയോജനം അഥവാ ലക്ഷ്യം

1. ഏതാണ്ട് ഒരു നൂറ്റാണ്ടുകാലത്തോളം നടത്തിപ്പോന്നതും എന്നാൽ കുറെക്കാലമായി മുടങ്ങിക്കിടന്നതുമായ ഉമ്പുക്കാട്ടു കുടുംബയോഗത്തിന്റെ തുടർച്ചയായി ഈ യോഗത്തെ പരിഗണിക്കും.
2. കുടുംബാംഗങ്ങൾ തമ്മിൽ കൂട്ടായ്മയും സ്നേഹവും നിലനിർത്തുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം.
3. അംഗങ്ങൾ: കോട്ടയം ജില്ലയിൽ താമസക്കാരായ എല്ലാ കുടുംബാംഗങ്ങളും ഇതിന്റെ പ്രവർത്തകാംഗങ്ങളായിരിക്കും.
4. എന്നാൽ കോട്ടയം ജില്ലയ്ക്ക് വെളിയിലുള്ളവർ ഇതിന്റെ പ്രോത്സാഹനാംഗങ്ങളായിരിക്കുന്നതും അവർക്കും ഇതിനോട് സഹകരിക്കാവുന്നതുമാണ്.
5. സമ്മേളനങ്ങൾ: ഇതിന് ആണ്ടുവട്ടത്തിൽ നാലു സമ്മേളനങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ജനുവരി ആദ്യഞായർ (ആദ്യവെള്ളി കഴിഞ്ഞു വരുന്ന) ഏപ്രിൽ ആദ്യഞായർ, ജൂൺ ആദ്യഞായർ, ഒക്ടോബർ ആദ്യഞായർ എന്നീ തീയതികളിൽ നടത്തേണ്ടതാണ്.
6. സമ്മേളനം നടത്തുന്നതിന് അംഗങ്ങൾ അപേക്ഷകരായി വന്നിട്ടില്ലെങ്കിൽ കൂടിയാലോചിച്ച് നറുക്കിട്ട് ആളെ നിശ്ചയിക്കാം.
7. വരിസംഖ്യ ഈ സംഘടനയിലെ ഓരോ അംഗവും ആണ്ടിനാൽ 5 രൂപ വരിസംഖ്യയായി നൽകണം. ഇത് യോഗച്ചെലവുകൾക്ക് വിനിയോഗിക്കണം.
8. ഭാരവാഹികൾ സ്ഥിരാദ്ധ്യക്ഷൻ കുടുംബത്തിലെ ഏറ്റവും പ്രായം കൂടിയ ആൾ സ്ഥിരാദ്ധ്യക്ഷനായിരിക്കും. കുടുംബയോഗം വക പഴയ റിക്കാർഡുകൾ അടങ്ങിയ പെട്ടി സൂക്ഷിപ്പുകാരനും അദ്ദേഹമായിരിക്കും.
9. തിരഞ്ഞെടുക്കപ്പെടുന്ന ഉപാദ്ധ്യക്ഷനും, സെക്രട്ടറിക്കും ഖജാൻജിക്കും പുറമെ ഏഴു പുരുഷന്മാരും രണ്ടു വനിതകളും ഉൾപ്പടെ ഒൻപതു പേരടങ്ങുന്ന ഒരു ഭരണസമതി ഇതിനുണ്ടായിരിക്കും.

10. ഈ കമ്മറ്റിയുടെ കാലാവധി മൂന്നു വർഷമായിരിക്കും.

11. ഉപാദ്ധ്യക്ഷനായിരിക്കും സ്ഥിരാദ്ധ്യക്ഷന്റെ അഭാവത്തിൽ യോഗാദ്ധ്യക്ഷൻ.

12. ആവശ്യമെന്നു കണ്ടാൽ പൊതുയോഗം വിളിച്ചുകൂട്ടാൻ അദ്ധ്യക്ഷന്മാർക്ക് സെക്രട്ടറിയോട് നിർദ്ദേശിക്കാവുന്നതാണ്.

13. സെക്രട്ടറി റിപ്പോർട്ടു ബുക്ക്, ഹാജർ ബുക്ക് ഇവ എഴുതി സൂക്ഷിക്കണം. പൊതുയോഗം വിളിച്ചുകൂട്ടുന്നതും സെക്രട്ടറി ആയിരിക്കും.

14. ഖജാൻജി പണവും കണക്കും സൂക്ഷിക്കുകയും ആവശ്യാനുസരണം സെക്രട്ടറിയുമൊത്ത് യോഗാവശ്യങ്ങൾക്കു ചെലവിടുകയും വേണം.

15. 100 രൂപയിൽ കൂടുതൽ വന്നാൽ സെക്രട്ടറിയുടെയും ഖജാൻജിയുടെയും പേരിൽ Joint Act ൽ Cooperative ബാങ്കിൽ നിക്ഷേപിക്കണം.

16. കുടുംബയോഗത്തിന്റെ പുരോഗതിക്കാവശ്യമായ നിർദ്ദേശങ്ങൾ രൂപീകരിച്ച് പൊതുയോഗത്തിന്റെ പരിഗണനയ്ക്കു സമർപ്പിക്കുവാൻ കമ്മറ്റിക്കധികാരമുണ്ടായിരിക്കും. കമ്മറ്റിയുടെ കോറം 5 പേരായിരിക്കും.

17. പ്രവർത്തനങ്ങൾ കുടുംബാംഗങ്ങളുടെ മക്കളിൽ ഒരോ വർഷവും എസ്.എസ്.എൽ.സിക്ക് ഏറ്റവും കൂടുതൽ മാർക്കുവാങ്ങിയ കുട്ടിക്ക് 101 രൂപ പ്രോസാഹന സമ്മാനം കൊടുക്കണം. കോട്ടയംജില്ലാടിസ്ഥാനത്തിൽ സ്പോർട്സ്, കലാമത്സരരംഗത്ത് വിജയംവരിക്കുന്ന കുട്ടിക്കും പ്രോത്സാഹനസമ്മാനം കൊടുക്കണം. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരും എന്നാൽ പഠനരംഗത്തിൽ അധികം സാമർത്ഥ്യം കാണിക്കുന്നവരുമായ കുട്ടികൾക്ക് ഉപരിപഠനത്തിന് സാമ്പത്തികസഹായം നൽകുന്ന കാര്യവും പരിഗണിക്കണം.

18. മൂന്നുവർഷത്തിലൊരിക്കൽ സംഘടനയുടെ വാർഷികം നടത്തേണ്ടതും അതിൽ സ്ത്രീകളും കുട്ടികളുംകൂടി സമ്മേളിക്കേണ്ടതുമാണ്.

19. പ്രോത്സാഹനസമ്മാനം നൽകുവാനും വാർഷികയോഗത്തിന്റെ ചെലവിനുംവേണ്ടി കുടുംബാംഗങ്ങളിൽനിന്ന് ആവശ്യമുള്ളപ്പോൾ പൊതുപ്പിരിവ് എടുക്കാവുന്നതുമാണ്.

20. കുടുംബാംഗങ്ങൾ തമ്മിൽ എന്തെങ്കിലും കലഹമുണ്ടായാൽ സമാധാനപരമായി പറഞ്ഞുതീർക്കുവാൻ കമ്മറ്റി പരിശ്രമിക്കണം.

21. കുടുംബാടിസ്ഥാനത്തിലുള്ള പള്ളിയോഗ പ്രതിനിധികൾക്ക് മൂന്നു വർഷം കാലാവധിയാകുമ്പോൾ പൊതുയോഗം വിളിച്ച് ഭൂരിപക്ഷം കിട്ടുന്ന മൂന്നു പ്രതിനിധികളെ കടപ്ലാമറ്റം പള്ളിയോഗത്തിലേക്ക് കുടുംബപ്രതിനിധികളായി അയക്കേണ്ടതാണ്.

22. പള്ളി പ്രതിനിധി അംഗങ്ങളുടെയും, വർക്കിംഗ് കമ്മറ്റിയംഗങ്ങളുടെയും ചുമതലയിൽ നോയമ്പിന്റെ മൂന്നാം ഞായറാഴ്ച പള്ളിയിൽ നടത്തിവരുന്ന പാച്ചോറു നേർച്ച നടത്തണം. അതിന് ഓരോ വീട്ടുകാരും കഴിവുപോലെ അരിയും നാളികേരവും പള്ളിയിൽ എത്തിച്ചുകൊടുക്കണം.

23. കുടുംബയോഗങ്ങൾ രാഷ്ട്രീയ ചർച്ചാവേദിയാക്കാൻ പാടില്ല.

24. സമ്മേളന കാര്യപരിപാടി

ഈശ്വരപ്രാർത്ഥന

ബൈബിൾ പാരായണം

ഹാജർ: ഓരോരുത്തരും ഹാജർബുക്കിൽ പേരെഴുതി ഒപ്പിടണം.
കണക്കവതരണം

വരിസംഖ്യപിരിവ്

പ്രസംഗം – ഏതെങ്കിലും ഒരംഗമോക്ഷണിതാവോ

കാര്യാലോചന

അടുത്ത യോഗത്തിനുനാൾ നിശ്ചയിക്കൽ

ഉപസംഹാരം

ചായസൽക്കാരം

25. ബൈലോയിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ പൊതു യോഗത്തിനു മാത്രം അധികാരമുണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം 12

### എഴുത്തുകളും ചാർട്ടുകളും ശരിപ്പകർപ്പുകൾ

1921-ാമാണ്ട് തുലമാസം 2 മുതൽ കടപ്ലാമറ്റം പള്ളി ഇടവക തൊണ്ടിക്കൽ ഔസേപ്പ് മുതൽ പേർകൂടി കുടുംബക്കാരുടെ വകയായി നടത്തിവരുന്നതായ കടപ്ലാമറ്റം സെ. ജോസഫ്സ് ആത്മസംജീവിനി സംഘം.

**അംഗങ്ങളുടെ പേരുവിവരം**

1. തൊണ്ടിക്കൽ തൊമ്മൻ ഔസേപ്പ്
2. പനച്ചകത്തിൽ വർക്കി വറുഗീസ്
3. വെടിക്കുന്നേൽ മത്തായി ഔസേപ്പ്
4. കിഴക്കേതൊണ്ടിക്കൽ തൊമ്മൻ തൊമ്മൻ
5. കുളിരാനിയിൽ തൊമ്മൻ കുര്യാക്കോ
6. നെല്ലിക്കുന്നേൽ തൊമ്മൻ വർക്കി
7. മരോട്ടീൻ തൊമ്മൻ മത്തായി
8. മണ്ടപത്തിൽ (ഉമ്പുക്കാട്ട്) ഉലഹന്നാൻ ഔസേപ്പ്
9. കിഴക്കെനെല്ലിക്കുന്നേൽ ഔസേപ്പ് അന്ന
10. നടുക്കര ഔസേപ്പ് മത്തായി
11. ചാവനാത്തടത്തിൽ കുര്യാക്കോ തൊമ്മൻ
12. ചാവനാത്തടത്തിൽ കുര്യാക്കോ വർക്കി
13. വള്ളിപ്ലാവിൽ ഔസേപ്പ് കുര്യൻ
14. പുലക്കുന്നേൽ വർക്കി തൊമ്മൻ
15. വട്ടിഞ്ചയിൽ തൊമ്മൻ തൊമ്മൻ
16. പെരികലത്തിൽ അന്ന
17. നെല്ലിക്കുന്നേൽ വർക്കി ഉലഹന്നാൻ

ഏതാണ്ട് 13 കൊല്ലങ്ങൾക്കുശേഷം 1934 സെപ്റ്റംബർ 2-ാം തീയതി ശ്രീമാൻ വടക്കേനെല്ലിക്കുന്നേൽ തൊമ്മൻ വർക്കിയുടെ വസതിയിൽ വച്ചു നടന്ന യോഗത്തിൽ 'ആത്മസംജീവിനി' എന്ന പേരുമാറ്റി, 'ഉമ്പുക്കാട്ട് കുടുംബയോഗം' എന്നാക്കി പുതിയ നടപടിക്രമവും എഴുതി അംഗീകരിച്ചു.

ശരിപ്പകർപ്പ

1934 നവംബർ മാസം 2-മാം തീയതി പനച്ചകത്തിൽ (തോട്ടെറമ്പിൽ) ശ്രീമാൻ വർക്കി വറുഗീസ് അവർകളുടെ വസതിയിൽ വച്ചു നടന്ന ഉമ്പുക്കാട്ടു കുടുംബയോഗത്തിന്റെ ഒരു വിശേഷാൽ യോഗത്തിൽ എടുത്ത തീരുമാനം.

ഉമ്പുക്കാട്ടു കുടുംബത്തിന്റെ ഇതംപര്യന്തമുള്ള ഒരു ചരിത്രം തയ്യാറാക്കേണ്ടത് ആവശ്യമാണെന്നുള്ള ഒരു പ്രമേയം ശ്രീമാൻ കിഴക്കേനെല്ലിക്കുന്നേൽ ഔസേപ്പ് ആഗസ്തി അവതരിപ്പിച്ചു. യോഗം അതു പാസാക്കുകയും ചരിത്രാന്വേഷണത്തിനായി നാലംഗങ്ങളുള്ള ഒരു കമ്മറ്റിയെ താഴെപറയുന്ന പ്രകാരം നിശ്ചയിക്കയും ചെയ്തു.

അദ്ധ്യക്ഷൻ- ശ്രീമാൻ വടക്കേനെല്ലിക്കുന്നേൽ തൊമ്മൻ വർക്കി

കമ്മറ്റി അംഗങ്ങൾ

ശ്രീമാൻ കിഴക്കേനെല്ലിക്കുന്നേൽ ഔസേപ്പ് ആഗസ്തി

” വെടിക്കുന്നേൽ ഔസേപ്പ് തൊമ്മൻ

” കുളിരാനിയിൽ കുര്യാക്കോ ജോസഫ്

ചരിത്രാന്വേഷണ കമ്മറ്റിയുടെ ചെലവിലേക്കായി യോഗാംഗങ്ങൾ എല്ലാവരും സ്വമനസ്സാ ഓരോ തുക കാര്യദർശിയെ ഏൽപ്പിക്കയും ചെയ്തു.

**ഉമ്പുക്കാട്ടു കുടുംബയോഗത്തിന്റെ**
**ഒന്നാം വാർഷിക റിപ്പോർട്ട് (ശരിപകർപ്പ്)**

ഉമ്പുക്കാട്ട് കുടുംബാംഗങ്ങൾ ഏകോപിച്ചു നടത്തിപ്പോരുന്ന കുടുംബയോഗം സമാരംഭിച്ചിട്ട് ഇപ്പോൾ 12-ൽ പരം കൊല്ലങ്ങളായെങ്കിലും ഒരു വാർഷികദിനം കൊണ്ടാടുക എന്നുള്ളത് ഇദംപ്രഥമമായിട്ടാണ്. ഏതൊരു യോഗവും അതിന്റെ ആരംഭംമുതൽ കൂടുതൽ പരിഷ്കാരങ്ങൾക്കും നവീനാഭിപ്രായങ്ങൾക്കും വിധേയമായിക്കൊണ്ടിരുന്നാൽ മാത്രമേ അതിന്റെ അഭിവൃദ്ധി സുഗമമാകുകയും കാര്യപ്രാപ്തി എളുപ്പമായി പരിണമിക്കയുമുള്ളൂ എന്നുള്ളത് സുപ്രസിദ്ധ മായ ഒരു പരമാർത്ഥമാണല്ലോ. അതിനാൽ ഈ വിഷയത്തിൽ ഞങ്ങളുടെ പ്രസ്ഥാനം അധോഗതിക്കയല്ല പുരോഗമിക്കയാണ് ചെയ്തിട്ടുള്ളത് എന്നു പ്രസ്താവിക്കുന്നതിൽ അനല്പമായ സന്തോഷമുണ്ട്.

മുൻപ്രസ്താവിച്ചതുപോലെയുള്ള ഉമ്പുക്കാട്ടു കുടുംബാംഗങ്ങളുടെ ഈ യോഗം സമാരംഭിച്ചിട്ടു പന്ത്രണ്ടിൽപരം വർഷങ്ങളായല്ലോ

അതിന്റെ സംഘടന കുറച്ചുകൂടി ശക്തിപ്പെടുത്താനും കുടുംബത്തിന്റെ അഭിവൃദ്ധിക്കു നിദാനമായിട്ടുള്ള മാർഗ്ഗങ്ങളിൽ കൂടുതൽ പരിശ്രമിക്കാനും കഴിഞ്ഞകൊല്ലം മുതൽക്കേ ഞങ്ങൾക്കു കഴിഞ്ഞൊള്ളുവെന്നത് പ്രസ്താവിക്കേണ്ടിയിരിക്കുന്നു. എല്ലാ ആദ്യഞായറാഴ്ചയും ഓരോ സാധാരണ യോഗദിവസമായിരുന്നു. അന്നൊക്കെയും മരിച്ചുപോയ കുടുംബാംഗങ്ങൾക്കുവേണ്ടി ഓരോ കുർബാന പള്ളിയിൽ നടത്തുകയും സംഘാംഗങ്ങൾ കഴിയുന്നതും അതിൽ സംബന്ധിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. സാധാരണ യോഗങ്ങൾ എല്ലാംതന്നെ കഴിയുന്നതും മോടിയായിട്ടാണു നടന്നിട്ടുള്ളത്. പ്രാർത്ഥന, സദ്യ, റിപ്പോർട്ടുവായന, പല അഭിവൃദ്ധിമാർഗ്ഗങ്ങളെപ്പറ്റിയുള്ള പലരുടെയും പരാമർശം,പ്രമേയാവതരണങ്ങൾ മുതലായവയായിരുന്നു പ്രധാന ചടങ്ങുകൾ. ഈ കഴിഞ്ഞകൊല്ലത്തിന്റെ ആരംഭത്തിൽ ഈ യോഗത്തിന് ഒരു നടപടിക്രമം ശ്രീമാൻ കിഴക്കേനെല്ലിക്കുന്നേൽ കെ.ഒ. അഗസിൻ എഴുതി അവതരിപ്പിക്കുകയും അതു യോഗം സ്വീകരിച്ച് അതിനെ ഈ സംഘപ്രവർത്തനത്തിന്റെ അടിസ്ഥാനമാക്കുകയും ചെയ്തിട്ടുണ്ടന്നുള്ളതാണ് ഞങ്ങൾ ഈ കൊല്ലത്തിൽ സാധിച്ചിട്ടുള്ള ഒരു വലിയ കാര്യം. കൂടാതെ ഉമ്പുക്കാട്ടു കുടുംബത്തിന്റെ ഇതപര്യന്തമുള്ള ഒരു ചരിത്രം തയ്യാറാക്കുന്നതിനായി ഒരു കമ്മറ്റിയെ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. കമ്മറ്റി കാര്യക്ഷമമായ വിധത്തിൽ പ്രവർത്തനം നടത്തിപ്പോരുന്നു എന്നും താമസംവിനാ റിപ്പോർട്ടു പുറത്തുവരുമെന്നുമാണ് അറിയുന്നത്.

ഈ യോഗത്തിന്റെ ഇതുവരെയുള്ള മൂലധനംകൊണ്ട് സ്ഥലം പള്ളിക്ക് ഒരു പൊന്നിൻകുരിശ് സമ്മാനിക്കുന്നതിനായി ഉപയോഗിക്കയാണ് ചെയ്തിട്ടുള്ളത്. മാന്യരേ, കഴിഞ്ഞകൊല്ലത്തെ പ്രവർത്തനങ്ങളെപ്പറ്റി ഏകദേശമായിട്ടെങ്കിലും ഞങ്ങൾ ഒരവലോകനം ചെയ്തു കഴിഞ്ഞു. ഞങ്ങളുടെ ഈ ദൃശപരിശ്രമങ്ങളോട് അനുഭാവം പ്രദർശിപ്പിക്കുകയും അതിനുവേണ്ടത്ര സഹായസഹകരണങ്ങൾ ചെയ്യുകയും ചെയ്ത മഹാത്മരോടു ഞങ്ങൾക്കുള്ള അപാരമായ കൃതജ്ഞത രേഖ പ്പെടുത്തുക എന്നുള്ളതാണ് അടുത്ത കൃത്യം. ചില നാമങ്ങൾ എടുത്തു പറയാതിരിക്കാൻ നിവൃത്തിയില്ല. ഞങ്ങളുടെ ഈ യോഗത്തിന്റെ രക്ഷാധികാരിസ്ഥാനം സ്വീകരിച്ച് ഇതുവരെ ഞങ്ങളുടെ ഈ യോഗത്തെ സദാ കരുണാപുരസരം വീക്ഷിച്ചുകൊണ്ടുപോന്ന സ്ഥലം വികാരി ബഹു. മേലുവട്ടത്ത് ഔസേപ്പച്ചന്റെ നേർക്ക് ഞങ്ങൾക്കുള്ള കൃതജ്ഞതഅപാരമാണ്.

ഇതിന്റെ സ്ഥിരാദ്ധ്യക്ഷൻ ശ്രീമാൻ വെടിക്കുന്നേൽ മത്തായി ഔസേപ്പിന്റെയും ഉപാദ്ധ്യക്ഷൻ ശ്രീമാൻ നെല്ലിക്കുന്നേൽ തൊമ്മൻ വർക്കിയുടെയും നേരേ ഞങ്ങൾക്കുള്ള അത്യധികമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു. കൂടാതെ ഈ യോഗത്തിന്റെ സകല 'ഉദ്യോഗ സ്ഥാംഗങ്ങളോടും വേണ്ട സഹായസഹകരണങ്ങൾ ചെയ്തുതന്നിട്ടുള്ള എല്ലാ മാന്യന്മാരോടും ഞങ്ങൾക്കുള്ള കൃതജ്ഞത രേഖപ്പെടുത്തിക്കൊ ള്ളുന്നു.

ഇന്നത്തെ അദ്ധ്യക്ഷനായ ബഹു. കൊച്ചയ്യങ്കനാൽ തോമ്മാച്ചൻ ഞങ്ങളുടെ കുടുംബത്തിൽപ്പെട്ട ഏകവൈദികനാണ്. ബഹു. കുളിരാനിയിൽ കുര്യാക്കോസ് ശെമ്മാശൻ രണ്ടാമത്തെ സ്ഥാനം താമസംവിനാ അലങ്കരിക്കും. ഇവർ രണ്ടുപേരും ഞങ്ങളുടെ പ്രവർത്തനങ്ങളിൽ അധികം പങ്കുകൊള്ളാൻ സാധിച്ചിട്ടില്ല. അവരെ ഞങ്ങൾ വളരെ പ്രതീക്ഷയോടെയാണ് വീക്ഷിക്കുന്നത്. ഞങ്ങൾക്ക് അവരോടുള്ള നന്ദിയും രേഖപ്പെടുത്തിക്കൊള്ളുന്നു.

| | |
|---|---|
| കാര്യദർശി | അദ്ധ്യക്ഷൻ (ഒപ്പ്) |
| വടക്കേനെല്ലിക്കുന്നേൽ | ഫാ. തോമസ് കൊച്ചയ്യങ്കനാൽ |
| വർക്കി ചാക്കോ (ഒപ്പ്) | |
| 1935 മേയ് 17-ാം തീയതി | |

ശ്രീമാൻ കെ.കെ. ജോസഫ് കുളിരാനി 15-06-1984-ൽ എഴുതിയ കത്തിന് ഫാ. എമ്മാനുവേൽ തെള്ളി സി.എം.ഐ. അയച്ച മറുപടിക്കത്തിന്റെ ശരിപ്പകർപ്പ്

Palai
17-06-84

Dear Sir,

15 -06-1984 ലെ കത്തുകിട്ടി. നന്ദിപറയുന്നു. നാം തമ്മിൽ ആദ്യമായിട്ടാണ് ഇടപെടുന്നതെങ്കിലും അവിടെയുള്ള നമ്മുടെ കുടുംബക്കാരിൽ ഒന്നു രണ്ടുപേരുമായി സംസാരിക്കാനിടയായിട്ടുണ്ട്. അപ്പൻ പറഞ്ഞ് അവിടെയുള്ള കുടുംബക്കാരെപ്പറ്റി കേട്ടറിയാമായിരുന്നു.

ബഹു. ബോസ്കോച്ചനെ (തോട്ടക്കരെ) സാറു കണ്ടിട്ടുണ്ട്. തോട്ടക്കാരനിന്നാണ് തെള്ളിയിലേക്ക് ഒരാൾ മാറിപ്പാർത്തത്. അദ്ദേഹവും ഇവിടെ ഉണ്ട്. കുടുംബചരിത്രത്തിൽ ഉത്സുകനാണ്.

അടുത്ത വ്യാഴം, വെള്ളി ദിവസങ്ങളിൽ – അതിനു മുമ്പ് ഈ കത്തു കിട്ടുകയാണെങ്കിൽ – നമുക്കു കണ്ടു സംസാരിക്കാമെന്നു പ്രതീക്ഷിക്കുകയാണ്. ശനിയാഴ്ച കുമ്പസാരിപ്പിക്കാൻ പോകണം. ഞായറാഴ്ച ഉച്ചവരെ വേദപാഠമുണ്ട്. അതു കഴിഞ്ഞാൽ അസൗകര്യമൊന്നുമില്ല.

നമ്മുടെ പിതാക്കന്മാർ വടക്കംകൂറിന്റെ രാജ്യത്തുനിന്ന് മുതലക്കോടം തെക്കുംകൂറിന്റെ രാജ്യത്ത് അരുവിത്തുറ വന്നു പാർത്തശേഷമാണ് പൂഞ്ഞാറ്റിനുപോയതും പള്ളിവച്ചതും മറ്റും. പൂഞ്ഞാർ പള്ളിക്കടുത്തുനിന്നാണ് തോട്ടക്കരയ്ക്കു മാറിത്താമസിച്ചത്.

അറിയാവുന്ന വിവരങ്ങൾ പരസ്പരം കൈമാറാം. ക്ഷേമാശംസകളോടെ പ്രാർത്ഥനയുടെ ഐക്യത്തിൽ

സസ്നേഹം (ഒപ്പ്)

ശ്രീ. കെ.കെ. ജോസഫ് കുളിരാനിക്കെഴുതിയ കത്ത്.

Fr. Abraham Thondical BA LT

(ഈ കത്തെഴുതി ഏതാനും മണിക്കൂറുകൾക്കകം പെട്ടെന്നുണ്ടായഅസുഖത്താൽ മരിയൻ മെഡിക്കൽ സെന്റർ അരുണാപുരത്തുവച്ച് അദ്ദേഹം നിര്യാതനായി.)


Marangattupally

13051984


Dear Kunjupappa,

നമ്മുടെ കുടുംബചരിത്രം എഴുതുന്നുണ്ടെന്നു കേട്ടു. പോരെങ്കിൽ അത് അച്ചടിക്കുകയും ചെയ്യുന്നു. അതിനു മുമ്പ് ഒന്നു കൊണ്ടുപോയി വായിച്ചുനോക്കാൻ കണ്ടാൽ കൊള്ളാമെന്നുണ്ട്. അതിനുവേണ്ടി ഒന്നു കൊടുത്തയച്ചാൽ കൊള്ളാമായിരുന്നു. ശേഷം പിന്നാലെ.


(ഒപ്പ്)





പൂഞ്ഞാർ തോട്ടക്കര തറവാട്ടടിൽനിന്
ദത്തുപോയ ഔസേപ്പിന്റെ മകൻ ഈപ്പൻ മേവിട നി
ഈപ്പന്റെ സന്താനങ്ങളെ മൂപ്പുമു




നു മേവിട മണ്ണൂർ കുടുംബത്തിൽ
ന്നും മാറിടത്തേക്ക് (ഉമ്പുക്കാട്ട്) മാറിപാർത്തു.
റയ്ക്കു കാണിക്കുന്ന ചാർട്ട്


വലിയവീട്ടിൽ
പുത്തൻപുര
പടികര
കരിയത്തോട്
തോട്ടക്കര
തോട്ടക്കര
വാണിയപ്പുര
വെള്ളാപ്പാട്
മേവിട
തോട്ടക്കര
പടികരകരോട്ട്
തെള്ളി
പടികര
കാവേലിൽ
1
2
1
2
3
1
1
2


ൊടെ
ാർ
തറവാട്
വലി
തോട്ടക്കര
കണ്ടംപറമ്പിൽ
മാറിയിടം
കണ്ടംപറമ്പിൽ
കല്ലാറ്റ്
ഉമ്പുക്കാട്ട്
കണ്ടംപറമ്പിൽ
ആഴാത്ത്
പ്പൻ
തര്യൻ
തെള്ളി
നാത്തനാൽ
നാത്തനാൽ
കിഴക്കേലൽ
1
1
2
3
1
2